# ലീലാതിലകം.

## പരിഭാഷ.

ആററൂർ കൃഷ്ണ പിഷാരടി

ഭാഷാതിലകം പുസ്തകശാല
തിരുവനന്തപുരം

(പകൎപ്പവകാശം)

"Saraswatheevilasam" Press, Trivandrum.

1092

# പ്രസ്താവന

കേരളഭാഷാശാസ്ത്രവിഷയമായി സംസ്കൃതഭാഷയിൽ നിർമ്മിച്ചിട്ടുള്ള ഒരു പ്രാചീനഗ്രന്ഥമാണ് 'ലീലാതിലകം' എന്നുള്ളതു് അടുത്ത കാലത്തു മിക്ക ഭാഷാപണ്ഡിതന്മാരും അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. ഈ ഗ്രന്ഥത്തിൻെറ ആദ്യത്തെ ശില്പം 'മംഗളോദയം' മാസികയിൽ കുറേക്കാലം മുമ്പു പരിഭാഷപ്പെടുത്തി പ്രസിദ്ധംചെയ്തിരുന്നതും പലരും കണ്ടിട്ടുണ്ടാവാൻ വഴിയുണ്ടു്. ആ മാസികവഴിക്കാണ് ഈ ഗ്രന്ഥത്തെപ്പററിയുള്ള വിവരം എനിക്കറിവാൻ സംഗതിയായിട്ടുള്ളതു്. രണ്ടാംശില്പം മുതൽക്കുള്ള ഭാഗം മംഗളോദയത്തിൽ പ്രസിദ്ധംചെയ്തു കാണാഞ്ഞതുകൊണ്ടും മലയാളഭാഷാവിഷയമായി വിലയേറിയ പല കാര്യങ്ങളും പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടും ഗ്രന്ഥം മുഴുവനും പുസ്തകരൂപത്തിൽതന്നെ പ്രസിദ്ധംചെയ്യുന്നതു നന്നായിരിക്കുമെന്നു് അക്കാലത്തുതന്നെ ഞാൻ വിചാരിച്ചിരുന്നു. ഈ പരിഭാഷ നിർമ്മിച്ചിട്ടും ആറു സംവത്സരത്തിലധികം കാലമായിരിക്കുന്നു. സംഗതിവശാൽ ഇപ്പോഴേ മാത്രമേ അച്ചടിപ്പിക്കാൻ സാധിച്ചുള്ളൂ. ഈ പരിഭാഷാനിർമ്മാണത്തിൽ മൂലഗ്രന്ഥത്തിൻെറ രണ്ടു കയ്യെഴുത്തുപ്രതികളാണ് എനിക്കുപയോഗപ്പെട്ടിട്ടുള്ളതു്. അതിൽ ഒന്നു സമ്പൂർണ്ണവും ഒന്നു് അവിടെയവിടെ ദ്രവിച്ചുപോയിട്ടുള്ളതും അപൂർണ്ണവുമാണ്. എഴുത്തുകാരുടെ അനവധാനം നിമിത്തം അക്ഷരത്തെററുകൾക്കു പുറമെ പൂർവാപരഗ്രന്ഥങ്ങൾ ഒന്നുരണ്ടു സ്ഥലങ്ങളിൽ മാറി എഴുതുകപോലും രണ്ടു ഗ്രന്ഥങ്ങളിലും ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും രണ്ടുപ്രതികളും തെററു തീർത്തു ശരിപ്പെടുത്തുന്നതിൽ പരസ്പരം സഹായമായിത്തീർന്നിട്ടുണ്ടു്.

മലയാളഭാഷയെപ്പററി പ്രതിപാദിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥം സംസ്കൃതഭാഷയിൽ നിർമ്മിപ്പാനുണ്ടായ കാരണം എന്തായിരിക്കുമെന്നു ശങ്കിക്കുന്നവരുണ്ടെങ്കിൽ പല ഭാഷകളെപ്പററിയും ഇക്കാലത്തു നിർമ്മിക്കുന്ന പല ഗ്രന്ഥങ്ങളും അതാതു ഭാഷകളിലല്ലാതെ ഇംഗ്ലീഷ്ഭാഷയിലാക്കുന്നതിന്നുള്ള കാരണം എന്തായിരിക്കുമോ അതു തന്നെയാണ് ഇതിന്നും കാരണമെന്നറിഞ്ഞു് അവർ സമാധാനപ്പെടേണ്ടതാണ്. ലീലാതിലകം നിർമ്മിച്ച കാലത്തെ വിദ്യാഭ്യാസഭാഷയും ഭാരതഖണ്ഡത്തിലെ പൊതുഭാഷയും സംസ്കൃതമായിരുന്നതിനാൽ മററു ഭാഷക്കാർക്കും കൂടി ഉപയോഗപ്പെടണമെന്നു വിചാരിച്ചായിരിക്കണം ഈ ഗ്രന്ഥം സംസ്കൃതഭാഷയിലാക്കിയതെന്നു താൽപര്യം. ഈ മാതിരിയിൽതന്നെ കർണ്ണാടകഭാഷാശാസ്ത്രവിഷയമായി 'കർണ്ണാടകഭാഷാഭൂഷണം' എന്നൊരു ഗ്ര

ന്ഥം ഒരു പ്രാചീനപണ്ഡിതൻ സംസ്കൃതഭാഷയിൽ നിർമ്മിച്ചിട്ടുണ്ട്. അതുപോലെ തെലുങ്കുഭാഷയെപ്പററിയും സംസ്കൃതത്തിൽ ഒരു പ്രാചീനഗ്രന്ഥമുള്ളതായിക്കാണുന്നുണ്ട്. അതിനാൽ പ്രസ്തുതഗ്രന്ഥവും 'ഉണ്ണുനീലീസന്ദേശം' മുതലായ ചില ഗ്രന്ഥങ്ങളും കണ്ടുകിട്ടുന്നതിന്നു മുമ്പിൽ ഭാഷാഭിമാനികൾ കരുതിയിരുന്നതിനേക്കാൾ അധികം ഉൽകൃഷ്ടമായ ഒരു നില കേരളഭാഷയ്ക്കും ഇതിൻെറ നിർമ്മാണകാലത്തു ഭാഗ്യവശാൽ സിദ്ധിച്ചിരുന്നതുകൊണ്ടു നമ്മുടെ ഭാഷയെപ്പററിയും ഒരു ശാസ്ത്രഗ്രന്ഥം ഭാരതഖണ്ഡത്തിലെ പൊതുഭാഷയിലുണ്ടാവാൻ സംഗതി വന്നുപോയതാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിലെ ഓരോരോ പ്രസ്താവത്തിൽ കാണുന്ന ഉദാഹരണശ്ലോകങ്ങളിൽ പലതും ഇതുവരെ കണ്ടുകിട്ടാത്ത ഓരോ ഭാഷാഗ്രന്ഥങ്ങളിലുള്ളതാണെന്ന് അവയുടെ സ്വഭാവംകൊണ്ടുതന്നെ സ്പഷ്ടമാവുന്നതാണ്.

[1] 'നീരാടാമ്മ നിവസനമിദം ചാർത്തു ദേവാർച്ചനായാ-
മെപ്പോഴും നീ കൃതമതിരതും മുട്ടമാറായിതെല്ലോ
എന്നീവണ്ണം നിജപരിജനപ്രാർത്ഥനം കർത്തുകാമാ
കേഴന്തീ വാ രഹസി വിരഹവ്യാകുലാ വല്ലഭാ മേ.'

[2] 'അച്ചോനീലംനിറമടിതൊഴും കുന്തൽപൂന്തേമ്പൊരുഞ്ചൊ-
ല്ലത്യാഭാസം കൊടിയിടതുടദ്വന്ദ്വമത്യന്തരമ്യം
അസ്മദ്വാർത്താലവമപി സഖേ ചൊല്ലിനാലുല്ലസിക്കും
വക്ത്രം നേത്രേ ചില സലിലവും ചെങ്ങുമെൻവല്ലഭായാഃ'

[3] 'മന്നിൽത്തെളിഞ്ഞു പൊലിവുററു മലിഞ്ഞ കീർത്തേ-
രന്നാത്തെ വെന്നഗതമഞ്ചിതസൌകുമാര്യം
മിന്നൊത്തുലാവു മിട തന്വി മൃഗാങ്കവക്ത്രം
കന്യാമയം കിമപി രത്നമഭൂൽ കനീയഃ.'

ഇത്യാദികൾ നോക്കുക. ഈ സംഗതിയും 'അഭിമന്യുവധം' മുതലായ ചില ഗ്രന്ഥങ്ങളുടെ പേർ തന്നെ പ്രകൃതഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഗതിയും മേൽ കാണിച്ച അഭിപ്രായത്തെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. എന്നുമാത്രമല്ല പ്രഥമദൃഷ്ടിയിൽ മുക്തകങ്ങളാണെന്നു തോന്നുന്ന പല ശ്ലോകങ്ങളുംകൂടി ചില ഗ്രന്ഥങ്ങളിൽ പെട്ടിട്ടുള്ളതായിട്ടാണ് വാസ്തവസ്ഥിതിയിരിക്കുന്നത്. [4] 'തനംഗീകുലാഭരണമേ തരു

---

1. സംസ്കൃതീകൃതോദാഹരണം. പുറം ൧൫, 2. വിസന്ധിപരിഹാരോദാഹരണം. പുറം ൩൪ 3. സങ്കരാലങ്കാരോദാഹരണം. പുറം ൧൭. 4. ദീപകോദാഹരണം. പുറം ൬൨.

ഞാൻ കയറ്റും' [5]'തനയേതവ സമ്പദർത്ഥമുച്ചൈഃ' [6]'മേരോരന്യാഃ കൊടുമുടി കൊടുക്കാകിലോനൻറതിൻകീഴ്' [7]'കിളികളതെളിവാണിമന്ദമന്ദം' [8]'അമ്പന്യസ്സിൻ വരിക വഴിമേൽമുഖ്യർവൈമുഖ്യമാംനാൾ' [9]'ആപത്തിലിഷ്ടഗുണമയ് നവതുന്തുരുനേത്രും' ഇങ്ങനെതുടങ്ങിയുള്ള ശ്ലോകങ്ങൾ ആറും ഇതുവരെ പ്രസിദ്ധംചെയ്യിട്ടില്ലാത്ത 'വൈശികതന്ത്രം' എന്ന പ്രാചീനഗ്രന്ഥത്തിലുൾപ്പെട്ടിട്ടുള്ളതാണ്. അതുപോലെ 'ആട്ടപ്രകാരം' എന്ന പ്രാചീനഗ്രന്ഥത്തിൽ [10]'അംഗംതുംഗസ്തനഭരനതം' [11]'കണ്ണിൽ കോൽകൊണ്ടുകുത്തിൻറവരെയും' [12]'ഇനിഞാൻവിടകൊൾവൻ' എന്നു തുടങ്ങിയ ചില ശ്ലോകങ്ങളും കാണുന്നുണ്ട്. ഒന്നുരണ്ടുവാക്കുകൾ മാത്രം പ്രകൃതഗ്രന്ഥത്തിൽ പാഠഭേദമായി കാണുന്നുണ്ടെന്നു മാത്രമേ വ്യത്യാസമുള്ളൂ.

---

## കാലം.

ഇനി അങ്ങനെയുള്ള പ്രസ്തുതഗ്രന്ഥനിർമ്മാണകാലം ഏതാണെന്നുള്ള കാര്യവും എത്രത്തോളം കാണ്മാൻ കഴിയുമെന്നു നോക്കാം. 'ദ്രമിഡസംഘാതാക്ഷരനിബന്ധമേതുകാമോനവൃത്തവിശേഷയുക്തം പാട്ട്' എന്നിങ്ങനെ പാട്ടിൻെറ ലക്ഷണം പറഞ്ഞിട്ടുള്ളതിൽ പാട്ടിലെല്ലാം ദ്രമിഡഭാഷയിലെ മാതൃകാവർണ്ണങ്ങളല്ലാതെ മററു സംസ്കൃതമാതൃകാവർണ്ണങ്ങളുണ്ടായിരിക്കരുതെന്നു പ്രത്യേകിച്ചു കാണിച്ചിട്ടുള്ളതുകൊണ്ടും മണിപ്രവാളലക്ഷണത്തിൻെറ സാധുത്വനിരൂപണത്തിൽ അനേകം ശങ്കകളും സമാധാനങ്ങളും കാണിച്ചു് ആചാര്യൻ പാട്ടിൻെറ ലക്ഷണത്തിൽ പെട്ട ആ അംശത്തിൽ യാതൊരു വിപ്രതിപത്തിയും ഉണ്ടായിക്കാണാത്തതുകൊണ്ടും അക്കാലത്തെ പാട്ടുകളെല്ലാം ആ നിയമത്തിന്നു യോജിച്ച വിധത്തിലായിരുന്നുവെന്നു തീൎച്ചപ്പെടുത്താം. ആ വഴിക്കു കൃഷ്ണഗാഥ, കണ്ണശ്ശരാമായണം മുതലായി പ്രസ്തുതനിയമമനുസരിക്കാത്ത പാട്ടുകൾ ഉണ്ടാകുന്നതിന്നു മുമ്പായിരിക്കണം ഈ ഗ്രന്ഥത്തിൻെറ ഉൽപത്തിയെന്നൂഹിക്കുകയും ചെയ്യാം. നിരണവൃത്തം എന്നു പറഞ്ഞുവരുന്ന കണ്ണശ്ശരാമായണാദികളിലെ വൃത്തമോ കൃഷ്ണഗാഥയിലെ വൃത്തമോ പാട്ടിൽപെട്ട വൃത്തമായിട്ടല്ല പ്രകൃതഗ്രന്ഥകാരൻ ഗണിച്ചിരിക്കുന്നത്; വസന്തതിലകാദികളിൽപെട്ടതായിട്ടാണ് എന്നു

---

5. ദൃഷ്ടാന്തോദാഹരണം. ഐ. 6. അൎത്ഥാന്തരന്യാസോദാഹരണം. വ്വ. 7. പുനരുക്തോദാഹരണം. ൪ൗ. 8. അൎത്ഥാപത്യുദാഹരണം. വ്വ. 9. ഹേത്വലങ്കാരോദാഹരണം വ്വ. 10. മദ്ധ്യമകല്പോദാഹരണം. ൧൫. 11. പരുഷോദാഹരണം ൪ൗ. 12. അപ്രേമോദാഹരണം ൫൫.

വിചാരിക്കുന്നപക്ഷവും ചെന്തമിൾ ഭാഷയുടെ രൂപങ്ങളായ കാണായ്, വന്താൻ, ഇരുന്താൻ ഇത്യാദി ശബ്ദങ്ങളും ആ ഭാഷാലക്ഷണശാസ്ത്ര ത്തിൽ വിധിച്ചിട്ടുള്ള ഒമ്പതുവിധം വികാരങ്ങളിൽ മിക്കതും കേരളഭാ ഷയിൽ കാണുന്നതല്ലെന്ന് ഈ ഗ്രന്ഥത്തിൽ പലേടത്തും സിദ്ധാന്തി ച്ചു കാണുന്നതുകൊണ്ടും പാണ്ഡ്യഭാഷാസാജാത്യം പാട്ടിൽ മാത്രമാ ണെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടും ദേശഭേദം നിമിത്തമോ അഭ്യാസഭേ ദം നിമിത്തമോ നിരണം കവികളുടെ കൃതികളിൽ സാധാരണയായി വ ന്നുകാണുന്ന ആ മാതിരി പാണ്ഡ്യഭാഷാശബ്ദരൂപങ്ങളും വധചെയ്യാൻ, നരകുണ്ടാമോ ഇത്യാദി വികാരങ്ങളും ഈ ഗ്രന്ഥകാരൻ കണ്ടിട്ടില്ലെന്നു ള്ളതു തീർച്ചപ്പെടുത്താവുന്നതു തന്നെയാണ്. അതു കണ്ടിരുന്നുവെങ്കിൽ ആവക കൃതികളെ മണിപ്രവാളത്തിലും പാട്ടിലും യോജിപ്പിക്കാൻ സാ ധിക്കാത്തവിധത്തിൽ ലക്ഷണപരിഷ്കാരം ചെയ്യുന്നതല്ലായിരുന്നുവെ ന്നുള്ളതിൽ സംശയമില്ല. നിരണം കവികൾക്കു ശേഷമാണ് ഈ ഗ്രന്ഥ കാരൻ ജീവിച്ചിരുന്നതെന്നോ ആ കവികളുടെ ഗ്രന്ഥങ്ങൾ ഇദ്ദേഹം കണ്ടിട്ടില്ലെന്നു മാത്രമേയുള്ളു എന്നോ വിചാരിപ്പാൻ ഒരു വിധത്തിലും വഴികാണുന്നില്ല. ഒന്നാമതായി തിരുവനന്തപുരം മുതൽ ഭാരതപ്പുഴവ രെയുള്ള പ്രദേശങ്ങളിലുൾപ്പെട്ട പല ഭാഗങ്ങളും ഇതിലെ ഉദാഹരണ പദ്യങ്ങൾക്കും പലേടത്തും ശങ്കിച്ചിട്ടുള്ള പൂർവ്വപക്ഷങ്ങൾക്കും വിഷയ മായിക്കാണുന്ന സ്ഥിതിക്കു നിരണംകവികളുടെ ഗ്രന്ഥപരമ്പര ഇദ്ദേഹ ത്തിന്നറിവാൻ ഇടവന്നില്ലെന്നു കരുതുന്നതു യുക്തിയുക്തമാകുന്നതല്ല. രണ്ടാമതും പ്രധാനവുമായി ആ ഗ്രന്ഥപരമ്പരയിൽ ദേശഭേദം നിമി ത്തം വന്നുകൂടിട്ടുള്ള ചെന്തമിൾ രൂപങ്ങളൊഴിച്ചു പരിശോധിക്കുന്നതാ യാൽ പ്രസ്തുത ഗ്രന്ഥത്തിനേക്കാൾ അതു നവീനമാണെന്നു ഭാഷാസ്വ രൂപം തന്നെ പ്രത്യക്ഷപ്പെടുത്തുന്നതുമാണ്. ഇതെല്ലാം കൊണ്ടും നി രണം കവികളേക്കാൾ അല്പമെങ്കിലും മുമ്പാണ് ഈ ഗ്രന്ഥകാരൻ ജീ വിച്ചിരുന്നതെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. കണ്ണശ്ശരാമായ ണം, ഭാരതമാല, ഭഗവൽഗീത മുതലായ പല ഗ്രന്ഥങ്ങളുടേയും കർത്താ ക്കന്മാരായി കേൾവികേട്ട നിരണംകവികൾ കൊല്ലം ആറാം വർഷശത കത്തിലാണു ജീവിച്ചിരുന്നതെന്നു പ്രസിദ്ധഭാഷാപണ്ഡിതനും കവിയു മായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ., അവർ കൾ 'മദ്ധ്യകാല മലയാളമാതൃകകൾ' എന്ന പുസ്തകാവലിയുടെ രണ്ടാം ഭാഗത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ പ്ര സ്തുതഗ്രന്ഥകാരൻ ആറാം ശതകത്തിന്റെ ആരംഭത്തിലോ അതിനു മ്പോ ജീവിച്ചിരുന്നാളാണെന്നൂഹിക്കാം. ഉണ്ണുനീലിസന്ദേശത്തിലെ—

'യത്സത്യംതൽഭവതുപുണർതംനാൾപിറന്നൊങ്ങൾ കാന്തൻ
വൻറിട്ടിൻേറ മമ മനസിജച്ചൂടൊഴിക്കിൻറുതാകിൽ

> തോഴീ പൂച്ചൊല്ലെഴുവതിതു നൻറഷ്ടമേ ശുക്രചന്ദ്രൌ
> ഭാഗ്യേ ജീവസ്സ്വായമിതിനുവുങ്ങാശ്വസന്തീ സ്ഥിതാ വാ'

എന്ന പദ്യം പ്രസ്തുതഗ്രന്ഥത്തിൽ കാണുന്നതുകൊണ്ടു ഉണ്ണുനീലീസന്ദേശത്തിൻെറ നിർമ്മാണത്തിനു ശേഷമാണ് ഈ ഗ്രന്ഥമുണ്ടായതെന്നു തീർച്ചയാക്കാം. ഉണ്ണുനീലീസന്ദേശത്തിൻെറകാലം പല വാദങ്ങളും നടന്നതിനു ശേഷം കൊല്ലവർഷം ൪൰-നം ൫൦-നം മധ്യത്തിലാണെന്നു പരമേശ്വരയ്യരവർകൾ പല യുക്തികളും കാണിച്ചു ഇയ്യിടയിൽ 'ഭാഷാപോഷിണി' മാസികവഴിക്കു സ്ഥാപിച്ചിട്ടുണ്ട്.[13] അതിനാൽ ആ ഗ്രന്ഥവും കൊല്ലവർഷം ആറാം ശതകത്തിൻെറ മധ്യകാലത്താണുണ്ടായതെന്നു കാണുന്നു. ഇതെല്ലാംകൂടി എങ്ങനെയെങ്കിലും ഒരു വിധത്തിൽ യോജിപ്പിക്കേണ്ടതായുമിരിക്കുന്നു. നിരണംകവികൾ മാധവപ്പണിക്കർ ശങ്കരപ്പണിക്കർ, രാമപ്പണിക്കർ ഇങ്ങനെ മൂന്നാളുകളുള്ളതിൽ ശങ്കരപ്പണിക്കർ മാധവപ്പണിക്കരുടെ പുത്രനും രാമപ്പണിക്കർ ശങ്കരപ്പണിക്കരുടെ മരുമകനുമാണെന്നു കാണുന്നതിനാൽ[14] ആറാംശതകത്തിൻെറ അവസാനഭാഗം മാത്രം ആ മൂന്നു കവികളുടേയും ജീവിതകാലമാണെന്നു വരുവാൻ നിവൃത്തിയില്ല. എന്നു മാത്രമല്ല പ്രസ്തുതഗ്രന്ഥത്തിൽ കാണുന്ന ഭാഷക്ക് ഉണ്ണുനീലീസന്ദേശത്തിലെ ഭാഷയോടുള്ള അടുപ്പവും നിരണം കവികളുടെ കൃതികളിലെ ചെന്തമിഴ്രൂപങ്ങൾ ഒഴിച്ചു നോക്കിയാൽ തന്നെയും അതിലെ ഭാഷാരീതിയോടുള്ള വൈജാത്യവും ഈ ഗ്രന്ഥങ്ങളെല്ലാം അത്ര ചുരുങ്ങിയ കാലത്തിനുള്ളിലുണ്ടായതാണെന്നു വിശ്വസിപ്പാൻ നിവൃത്തിയില്ലാത്ത വിധത്തിലായിട്ടാണിരിക്കുന്നതും. എഴുത്തച്ഛൻെറയും നമ്പ്യാരുടേയും ഭാഷകൾക്കുള്ള അന്തരത്തിൽ കുറയാത്ത അന്തരം ഇവയിലെ ഭാഷകൾ തമ്മിലുണ്ടെന്നു നിസ്സംശയം അനുഭവപ്പെടുന്നുണ്ട്. ഈ സ്ഥിതിക്ക് ഇപ്പോൾ കാലവ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം എല്ലാംകൂടി യോജിച്ചുവരുവാൻ വഴികാണാത്തതിനാൽ ഉണ്ണുനീലീസന്ദേശത്തിൻെറ കാലമോ നിരണംകവികളുടെ കാലമോ ഏതെങ്കിലും ഒന്ന് ആറാംശതകത്തിൽ പെട്ടതല്ലെന്നു വിചാരിക്കേണ്ടതായിത്തീർന്നിരിക്കുന്നു. അതിൽ ആദ്യംതന്നെ ഉണ്ണുനീലീസന്ദേശത്തിൻെറ കാലത്തിൽ വല്ല വ്യത്യാസത്തിനും വകയുണ്ടോ എന്നു നോക്കാം. പരമേശ്വരയ്യരവർകൾ ഈ വിഷയത്തിൽ പല സംഗതികളും പരിശോധിച്ചു യുക്തിപൂർവ്വം പ്രസ്താവിച്ചിട്ടുള്ളതിൻെറ ചുരുക്കം ഇങ്ങനെയാണ്:—

ആ കാവ്യത്തിൽ സന്ദേശഹരനായി വർണ്ണിച്ചുകാണുന്ന ആദിത്യ

13. ഭാഷാപോഷിണി പുസ്തകം ൨൦, ലക്കം ൯, ൧൦. 14. മധ്യകാലമലയാളമാതൃകകൾ, വാ ൨.

വൎമ്മരാജാവ് കൊല്ലവൎഷം ൭൦൦-ാമാണ്ടിടയ്ക്ക് രാജ്യം വാണുതുടങ്ങിയിരുന്ന തിരുവിതാംകൂർ മഹാരാജാവാണ്. ആദിത്യവൎമ്മൻ എന്ന തിരുനാമമായി പല മഹാരാജാക്കന്മാരും തിരുവിതാംകൂറിലുണ്ടായിട്ടുണ്ടെങ്കിലും 'സൎവാംഗനാഥൻ' എന്ന ബിരുദം അവരിൽ രണ്ടാൾക്കു മാത്രമേ ഉള്ളൂ. അതിൽ ഒരാൾ ഈ കാവ്യത്തിൽ കാണുന്നാളും മറേറ ആൾ കൊല്ലം ൯൩൯-ാമാണ്ടിടയ്ക്കു രാജ്യം വാണിരുന്നാളുമാണ്. രണ്ടാമത്തെ സൎവാംഗനാഥനാണ് തിരുനൽവേലിയിൽ 'തിരുക്കുറുങ്കുടി' ക്ഷേത്രത്തിലേക്കു കൊല്ലം ൯൪൪-ൽ ഒരു വലിയ മണി വഴിപാടു ചെയ്തിട്ടുള്ളതു്. ഉണ്ണുനീലിസന്ദേശം രസികരഞ്ജിനിയിൽ അച്ചടിച്ചിട്ടുള്ളതിൽ പല അബദ്ധങ്ങളും വന്നുപോയിട്ടുണ്ട്. ൪൩-ാം ശ്ലോകത്തിൽ 'പാദാംഭോജേ തൊഴുകതരസാ വീണുസൎവ്വാംഗനാഥം' എന്നും, ൯൮-ാം ശ്ലോകത്തിൽ 'നാളൊൻറുക്കേ സമുദയവതീം കാൺക സൎവാംഗനാനാം' എന്നും കാണുന്നതു് അച്ചടിത്തെററിൽ പെട്ടുപോയതാണ്. രണ്ടിലേയും അവസാനഭാഗം 'സൎവാംഗനാഥ" എന്നു സംബോധനരൂപത്തിലാണു വേണ്ടതു്. ആദ്യത്തെ സൎവാംഗനാഥന്റെ കാലം നിൎണ്ണയിപ്പാൻ ആ മഹാരാജാവു സ്ഥാപിച്ചിട്ടുള്ള മൂന്നുശിലാശാസനങ്ങൾ തന്നെ ലക്ഷ്യങ്ങളായിട്ടുണ്ട്. അവയിൽ ഒന്ന് അഗസ്തീശ്വരത്തു വടശ്ശേരി കൃഷ്ണൻകോവിലിലുള്ളതും രണ്ടെണ്ണം തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിന്റെ മതില്ക്കകത്തുള്ള തിരുവമ്പാടിക്ഷേത്രത്തിലുള്ളതുമാണ്. തിരുവമ്പാടിക്ഷേത്രത്തിലെ ഒരു ശാസനത്തിൽ 'സിംഹസ്ഥേച ബൃഹസ്പതൌ സ മകരോദബ്ദേച ചോളപ്രിയേ' എന്നുകാണുന്നതുകൊണ്ടു ശകാബ്ദം ൲൨൭൯-ാം കൊല്ലവൎഷം ൭൪൯-ാം കാലത്തു് ആ മഹാരാജാവു രാജ്യഭാരം ചെയ്തുതുടങ്ങീട്ടുണ്ടെന്നു തീൎച്ചപ്പെടുത്താം. സന്ദേശകാലത്തു് അവിടത്തേക്കു യുവരാജസ്ഥാനവും തൃപ്പാപ്പൂർ മൂപ്പിൽസ്ഥാനവുമാണുള്ളതെന്നു കാവ്യത്താൽ തന്നെ സ്പഷ്ടമാകുന്നുണ്ട്. ആദിത്യവൎമ്മാവിനു തൃപ്പാപ്പൂർമൂപ്പു കിട്ടിയതു് കൊല്ലം ൭൪൲-ൽ ആണെന്നു ശ്രീപത്മനാഭക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നു. ഇക്കാലത്തു തിരുവിതാംകൂർ രാജവംശം അഞ്ചു ശാഖകളായി വേർതിരിഞ്ഞിരുന്നു. ആ ശാഖകളുടെ പേരുകൾ വേണാട്ട്, തിരുവിതാംകോട്ട്, തൃപ്പാപ്പൂർ, ചിറവായി, ജയസിംഹനാട്ട് ഇങ്ങനെയാണ്. എല്ലാ ശാഖകളിലുംവച്ചു വയസ്സേറിയ ആൾ നാടുവാണിരുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാൎക്കു ജയസിംഹന്റെ കാലംവരെ യദുവംശമായി യാതൊരു സംബന്ധവുമുണ്ടായിരുന്നില്ല. ക്രിസ്തുവൎഷം ൲൨൭൦-ാം കൊല്ലം ൪൨൭ നടുത്ത കാലത്തു കൂപകവംശത്തിൽ പുരുഷന്മാരുണ്ടായിരുന്നില്ല. 'ഉമാ' എന്നൊരു രാജ്ഞിമാത്രമേ ഉണ്ടായിരുന്നുള്ളൂ. യദുവംശജനായ ജയസിംഹൻ ക്രിസ്തുവൎഷം ൲൨൭൨-ൽ ആ രാജ്ഞിയുടെ ഭൎത്താ

വായിത്തീൎന്നു. കേരളപാണ്ഡ്യചോളരാജ്യങ്ങൾ മൂന്നും ജയിച്ച വീരരവിവൎമ്മൻ എന്ന കൊല്ലംരാജാവു് ഈ ജയസിംഹൻെറ പുത്രനാണെന്നു് അദ്ദേഹത്തിൻെറ ശാസനങ്ങൾ തന്നെ തെളിയിക്കുന്നുണ്ടു്. ജയസിംഹൻെറ വംശജാതനാകയാലാണു് ആദിത്യവൎമ്മാവിനെ സന്ദേശത്തിൽ യദുകുലാധീശപദംകൊണ്ടും മററും അഭിസംബോധനം ചെയ്തിട്ടുള്ളതു്. സന്ദേശത്തിൽ കൊല്ലംരാജാവായിപ്പറയുന്ന വേണാടർകോൻ ജയസിംഹപുത്രനും ദക്ഷിണാപഥചക്രവൎത്തിയുമായ രവിവൎമ്മരാജാവല്ല; അക്കാലത്തു നാടുവാണിരുന്ന മററൊരു രവിവൎമ്മരാജാവാണു്. ജയസിംഹപുത്രൻ രവിവൎമ്മരാജാവിൻെറ രാജ്യഭാരം ക്രിസ്തുവഷം ൧൩൧൩ വരെയാണുണ്ടായിട്ടുള്ളതു്. സന്ദേശത്തിൽ പറയുന്ന ആദിത്യവൎമ്മരാജാവു് തുരുക്കൻപടയോടു പൊരുതിയതായി കാണുന്നതുകൊണ്ടും ദക്ഷിണാപഥത്തിലേക്കു് ഒരു മഹമ്മദീയസൈന്യം ആദ്യമായി വന്നതു് അലാവുദ്ദീൻ കിലിജിയുടെ കാലത്തു ക്രിസ്തുവഷം ൧൩൧൦-ൽ മാലിക്കാഫരുടെ നേതൃത്വത്തിൻകീഴിലായതുകൊണ്ടും ക്രിസ്തുവർഷം ൧൩൧൦-നുശേഷമാണു് ആ രാജാവു ജീവിച്ചിരുന്നതെന്നു തീൎച്ചപ്പെടുത്താം. ഈ ആദിത്യവൎമ്മരാജാവുതന്നെയാണു വടശ്ശേരിയിൽ 'ആദിത്യവൎമ്മചതുർവേദിമംഗലം' എന്നൊരു ഗ്രാമം നിൎമ്മിച്ചു് അനേകം വൈഷ്ണവബ്രാഹ്മണരെ അവിടെ പാൎപ്പിച്ചതു്. തിരുവിതാംകൂർ സ്റ്റേററുമാനുവൽ പുസ്തകം ഒന്നാംഭാഗം ൨൯൫-ാം വശത്തിൽ വടശ്ശേരി കൃഷ്ണൻകോവിലിലുള്ള ശാസനമനുസരിച്ചു് ഇതിനുകൊടുത്ത തീയതി അബ്ദം ൧൩൩൩-ആണു്. വയ്ക്കം ക്ഷേത്രത്തിലെ ഒരു ഗ്രന്ഥവരികൊണ്ടു് ആ ക്ഷേത്രത്തിലെ സമുദായത്തിനു കൊല്ലം ൫൧൯-ൽ ഈ ആദിത്യവൎമ്മരാജാവിൻെറ പ്രതിനിധിയുടെ നിലയിൽ മാമ്പള്ളിപ്പണ്ടാരത്തിലെ അവരോധിച്ചതായിക്കാണുന്നതിനാൽ ക്രിസ്തുവഷം ൧൩൪൪ വരെ ഈ മഹാരാജാവു രാജ്യഭാരം ചെയ്തിരുന്നുവെന്നും തീരുമാനിക്കാം. ഇങ്ങനെ ഈ രാജാവു തൃപ്പാപ്പൂർമൂപ്പുസ്ഥാനം വഹിച്ച ൫൧൯ നുശേഷവും രാജ്യംവാണുതുടങ്ങിയ ൫൨൦ നുമുമ്പുമാണു് ഉണ്ണുനീലിസന്ദേശം ഉണ്ടായതെന്നു തീൎച്ചപ്പെടുത്തുകയും ചെയ്യാം. ഇതാണു് പരമേശ്വരയ്യരവർകൾ ഉണ്ണുനീലിസന്ദേശത്തിൻെറ കാലം നിൎണ്ണയിപ്പാൻ കാണിച്ച യുക്തികളുടെ സംക്ഷേപം.

നല്ല നിഷ്കൃഷ്ടതോടുകൂടി പരിശോധിച്ചു തീൎച്ചപ്പെടുത്തീട്ടുള്ള ഈ സംഗതിയിൽ വലിയ വ്യത്യാസമുണ്ടാവാൻ വഴിയുള്ളതല്ലെങ്കിലും അല്പം ചില അംശങ്ങളും കൂടി നിരൂപണം ചെയ്യേണ്ടതായിക്കാണുന്നുണ്ടു്. തിരുവിതാംകൂർ രാജവംശം സന്ദേശകാലത്തു് അഞ്ചു ശാഖകളായിപ്പിരിഞ്ഞിരുന്നുവെന്നും ജയസിംഹൻെറ കാലം മുതൽക്കു മാത്രമാണു് ഈ രാജവംശത്തിനു യദുവംശവുമായി ബന്ധമുണ്ടായിട്ടുള്ളതെ

ന്നും ഉള്ള സംഗതി തന്നെ ഒന്നാമതായി നോക്കാം. ജയസിംഹൻ കൊല്ലത്തു രാജ്യംഭരിച്ചിരുന്ന രാജാവായിത്തന്നെയാണു വാണിരുന്നതെന്നു രവിവൎമ്മചക്രവൎത്തിയുടെ ശിലാശാസനങ്ങളും കൊല്ലത്തു ഗണപതിക്ഷേത്രത്തിൽ കാണുന്ന ഒരു ശിലാശാസനത്തിലെ—

'സ്വസ്ത്യസ്തു ജയസിംഹസ്യ വീരകേരളവൎമ്മണഃ
തഥാ തദ്വംശജാനാം ച രാജ്യസ്യ നഗരസ്യ ച'

എന്ന ഭാഗത്തിൽ പറഞ്ഞിട്ടുള്ള ജയസിംഹൻ ആദ്യത്തെ ജയസിംഹനാണെങ്കിൽ[15] അതും കൊല്ലംരാജ്യത്തിന്നു 'ജയസിംഹനാട്' എന്നു പേരുണ്ടായതു തന്നെയും തെളിയിക്കുന്നുണ്ടു്. തിരുവിതാംകൂർ രാജവംശം ജയസിംഹന്റെ കാലത്തിന്നു മുമ്പു തന്നെ അഞ്ചു ശാഖകളായിപ്പിരിഞ്ഞിരുന്നുവെങ്കിൽ കൊല്ലമല്ലാത്ത മററു നാലുശാഖകളിലും ജയസിംഹന്റെ കാലത്തു പുരുഷന്മാരില്ലാതിരുന്നിരിക്കണം. എന്നാൽ മാത്രമേ ജയസിംഹൻ രാജാവായി വാഴുവാൻ ഇനാ പരമേശ്വരയ്യരവർകളുടെ അഭിപ്രായപ്രകാരം ഉമാരാജ്ഞി രാജ്യം ഭരിപ്പാനെങ്കിലുമോ സംഗതിവരികയുള്ളുവല്ലൊ. രവിവൎമ്മ ചക്രവൎത്തിയുടെ കാലത്തിനു ശേഷമാണു് അഞ്ചുശാഖകളായിപ്പിരിഞ്ഞതെന്നു വിചാരിക്കുന്നതു് ആ ചക്രവൎത്തിയുടെ കാലത്തിനും സന്ദേശകാലത്തിനും തമ്മിലുള്ള അന്തരം അയ്മ്പത്തഞ്ചോളം വത്സരം മാത്രമായതുകൊണ്ടും അത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ രാജ്യഭാരം ചെയ്യുന്ന ഒരു രാജകുടുംബം വൎദ്ധിച്ചു് അഞ്ചുശാഖകളായിപ്പിരിഞ്ഞു ഓരോരോ സ്ഥലങ്ങളും താവഴിമൂപ്പു മുതലായ ഏൎപ്പാടുകളും വിശേഷിച്ചും സ്വരൂപനാമങ്ങളും എല്ലാം ഉറച്ചുകഴിഞ്ഞുവെന്നു കരുതുന്നതു് കുറെയധികം ക്ലിഷ്ടമായതുകൊണ്ടും സംഗതമായി തോന്നുന്നില്ല. തൃപ്പാപ്പൂർസ്വരൂപം ജയസിംഹന്റെ കാലത്തിനു മുമ്പു തന്നെയുണ്ടെന്നു മവേലിക്കരയ്ക്കടുത്തുള്ള 'കണ്ടിയൂർ' ക്ഷേത്രത്തിൽ കാണുന്നതും കൊല്ലവൎഷം ൩൯൨-ൽ ഉണ്ടായതുമായ ഒരു ശിലാശാസനത്തിൽ അന്നത്തെ തൃപ്പാപ്പൂർ മൂപ്പായ 'രവികേരളവൎമ്മ' തിരുവടിയെപ്പററി പ്രസ്താവിച്ചിട്ടുള്ളതിനാൽ തീൎച്ചപ്പെടുത്താവുന്നതുമാണു്.[16] നിഷ്കൎഷിച്ചുനോക്കുമ്പോൾ ലന്തക്കാർ കേരളത്തിൽ വന്ന കാലത്തു കൊല്ലം മുതൽ തെക്കോട്ടേയ്ക്കുള്ള മലയാളഭൂഭാഗം അഞ്ചുഖണ്ഡങ്ങളായി അഞ്ചുരാജവംശക്കാർ ഭരിച്ചിരുന്നുവെന്ന സംഗതി ആ ലന്തക്കാരുടെ രേഖകളിൽ പ്രസ്താവിച്ചിട്ടുള്ളതിനെയാണു തിരുവിതാംകൂർ രാജവംശം മുൻകാലങ്ങളിൽ അഞ്ചു ശാഖകളായിരുന്നുവെന്ന നിലയിൽ ചിലർ

---

15. ഗോപീനാഥറാവു അവർകളുടെ അഭിപ്രായം മറെറാരു ജയസിംഹനാണെന്നാണു്. തിരു- ശാസ- വാ- ൨. ഭാ- ൨൩. പരമേശ്വരയ്യരവർകളുടെ അഭിപ്രായം, ആദ്യത്തെ ജയസിംഹൻ തന്നെയാണെന്നുമാണു്. ഭാഷാപോഷിണി. പുസ്തകം ൨൦. ലക്കം ൯, ൧൦. 16 തിരു- ശാസ-൩ ൧൩.

വ്യാഖ്യാനിച്ചുതുടങ്ങിയതും ആ നിലയ്ക്കു് അവസാനം നിശ്ചയിക്കാതെ കാലപ്പഴക്കം കൊണ്ടു വന്നതും ആ ശാഖകൾക്കു് ഓരോ തരത്തിൽ പ്രസിദ്ധിയുള്ള ചില സ്വരൂപനാമങ്ങൾ മനോധർമ്മംപോലെ സങ്കല്പിച്ചുവന്നതും എന്നൊരു സ്ഥിതിയാണോ ഇതിനെല്ലാം അടിസ്ഥാനമെന്നു സംശയം തോന്നുന്നുണ്ടു്. ക്രിസ്തുവർഷം ൧൬൬൩-ലെ ലന്തരേഖകളിൽ കാണുന്നതു വേണാട്ടുപ്രദേശം അഞ്ചുരാജ്യമായി വിഭജിച്ചിരിക്കുന്നുവെന്നും തിരുവിതാംകൂർ, ആററിങ്ങൽ, എളേടത്തു്, പേരൂത്തല, (നെടുമങ്ങാട്ടു്), ചിങ്ങനാട്, (ദേശിങ്ങനാട്ടു്) ഇങ്ങനെ അഞ്ചു രാജകുടുംബക്കാർ ഓരോന്നും ഭരിച്ചുവരുന്നുവെന്നുമാണു്.[17] ഇതിൽ ചില രാജ്യത്തിന്റെ അതിരുകൾ തന്നെയും ആവക രേഖകളിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇങ്ങനെ ലന്തക്കാരുടെ കാലത്തു പ്രത്യേകരാജ്യങ്ങളായിരുന്നതുപോലെ അതിനു മുമ്പും പ്രത്യേകരാജ്യങ്ങൾ തന്നെയായിരുന്നുവെന്നും അതുകൊണ്ടാണു് ഒരു രാജ്ഞി മാത്രമായി ശേഷിച്ച കൊല്ലം രാജ്യത്തു ജയസിംഹൻ രാജാവായി വാഴുവാൻ ഇടവന്നതെന്നും വിചാരിക്കുന്നതാണു യുക്തമെന്നും കാണുന്നതുമുണ്ടു്. ഈ രാജകുടുംബങ്ങളിൽ ചിലതു തമ്മിൽ ദത്തുവഴിക്കും ചാർച്ചവഴിക്കും കാലക്രമത്തിൽ പുലബന്ധവും ബന്ധുതയും ഉണ്ടായിത്തീർന്നിട്ടുണ്ടെന്നു പല രേഖകൾ കൊണ്ടും ഊഹിക്കാവുന്ന സംഗതി അടിസ്ഥാനമായിട്ടായിരിക്കണം ഒരു കുടുംബത്തിന്റെ അഞ്ചു ശാഖകളാണെന്നുള്ള ധാരണ വന്നതെന്നും കരുതേണ്ടിയിരിക്കുന്നു. ഈ അഞ്ചു രാജാക്കന്മാരും വേണാടിന്റെ ഉടയവരായിരുന്നതല്ലാതെ വേണാട്ടു് എന്നു കുടുംബപ്പേരായ ഒരു പ്രത്യേക രാജവംശം ഉണ്ടായിരുന്നുവോ എന്നും ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഉണ്ണുനീലിസന്ദേശത്തിലെ ൯൪-ാം ശ്ലോകത്തിൽ 'വേണാടർകോനും നീയും പാലിച്ചു്' എന്നു കാണുന്നതു നാടുവാഴുന്ന രാജാവു വേണാട്ടു് എന്ന പേരായ ഒരു ശാഖയിൽ പെട്ടാളായതുകൊണ്ടാവണമെന്നില്ല. അങ്ങനെ വിചാരിക്കുന്നപക്ഷം ൫൪-ാം ശ്ലോകത്തിൽ 'വീരവേണാടർകോനെ' എന്നു് ആദിത്യവർമ്മരാജാവിനെപ്പററിയും പറഞ്ഞുകാണുന്നതിനാൽ ആ യുവരാജാവും ആ ശാഖക്കാരൻ തന്നെയാണെന്നു വിചാരിക്കേണ്ടിവരും. അദ്ദേഹം തൃപ്പാപ്പൂർശാഖക്കാരനാണെന്നാണല്ലോ വെച്ചിട്ടുള്ളതു്. അതുപോലെതന്നെ ചിറവായ്സ്വരൂപമെന്നതു തിരുവിതാംകോട്ടു രാജകുടുംബത്തിനു് ആദ്യംമുതൽക്കേയുള്ള സ്ഥാനപ്പേരായിട്ടാണു കാണുന്നതു്. അതെങ്ങനെയാണെന്നു വഴിയേ തെളിയിക്കാം. മഹാപ്രതാപവാനായ 'മാർത്താണ്ഡവർമ്മ' മഹാരാജാവു ദിഗ്ജയത്തിനു മുമ്പിൽ ധരിച്ചിരുന്ന സ്ഥാനപ്പേർ 'ചിറവായ്മൂത്തപണ്ടാരത്തിൽനിന്നു്' എന്നാണെന്നു് ആ തിരുമേ

17. 'മലബാറിൽ ഡച്ചുകാർ' എന്ന പുസ്തകം നോക്കുക.

നിയുടെ കാലത്തുള്ള ലക്ഷ്യങ്ങളാൽ തന്നെ കാണുന്നതാണ്.[18] ആററിങ്ങൽ രാജകുടുംബത്തിന്റെ ആദികാലത്തെമുഖ്യസ്ഥാനം 'ആററിങ്ങൽ' നിന്ന് ഏകദേശം എട്ടു നാഴിക വടക്കുകിഴക്കുള്ള കീഴ്പ്പേരൂരായിരുന്നു. തൃപ്പാപ്പൂർമൂപ്പിന്ന് എന്ന സ്ഥാനവും സ്ഥാനസ്വത്തുക്കളും ആ രാജകുടുംബത്തിലെ മൂത്ത പുരുഷനുള്ളതുമായിരുന്നു. ഈ സംഗതി അനേകം ശിലാശാസനങ്ങൾകൊണ്ടും പ്രത്യക്ഷമാകുന്നതാണ്.

കൊല്ലവർഷം ൬൪൮-ൽ തൃപ്പാപ്പൂർമൂപ്പിൽ സ്ഥാനം വഹിച്ചുവെന്ന പത്മനാഭക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നതായിപ്പറയുന്നാളും ൬൪൯-൦-ൽ തിരുവമ്പാടിക്ഷേത്രം നന്നാക്കിപ്പണിയിച്ചാളുമായ ആദിത്യവർമ്മരാജാവു കൊല്ലം ൬൬൪-വരെ നാടുവാണിരുന്നു എന്നു പരമേശ്വരയ്യരവർകൾ പറഞ്ഞിട്ടുള്ളതുതന്നെ നാടുവാഴ്ചയുടെ ക്രമം അദ്ദേഹം പറയുന്ന വിധത്തിലായിരുന്നുവെങ്കിൽ ശരിയാകുന്നതല്ലെന്നുള്ളതിലേക്കു പ്രത്യക്ഷമായ ഒരു സംഗതികൂടി കാണിക്കാം. ൬൦-മുതൽ ൬൬൪-വരെയാണല്ലോ ഈ രാജാവു നാടുവാണിരുന്നുവെന്നു പറയുന്നതു്. പത്മനാഭപുരത്തുനിന്നുമൂന്നുനാഴികയോളം തെക്കുള്ള ആൾവാർക്ഷേത്രത്തിൽ കാണുന്നതും ൬൬൬ ചിങ്ങത്തിലും ൬൬൬ മേടത്തിലും ഉണ്ടായിട്ടുള്ളതുമായ ശിലാശാസനങ്ങളാൽ[19] ൬൬൬-ൽ 'വീരകേരളമാർത്താണ്ഡവർമ്മൻ' എന്ന രാജാവാണു നാടുവാണിരുന്നതെന്നുസ്പഷ്ടമായിത്തെളിയുന്നുണ്ടു്. ഒരാൾ എല്ലാശാഖകളിലുംവെച്ചു മൂത്ത പുരുഷനായി നാടുവാണുകൊണ്ടിരിക്കുന്നതിനിടയിൽ കുറച്ചുകാലം മററൊരാൾക്കു് ആ സ്ഥാനം കിട്ടിയെന്നു വരുന്നതല്ലല്ലൊ. അതുകൊണ്ടു തിരുവമ്പാടിക്ഷേത്രത്തിലെ ശാസനത്തിൽ കാണുന്ന ആദിത്യവർമ്മരാജാവു് ഒന്നുകിൽ വയ്ക്കം ക്ഷേത്രത്തിലെ സമുദായത്തിന്നു കൊല്ലം ൬൬൪-ലോമററോ മാമ്പള്ളിപ്പണ്ടാരത്തിലെ അവരോധിച്ചുവച്ചതായി ആ ക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ കാണുന്നുവെന്നു പറയുന്ന ആദിത്യവർമ്മരാജാവിന്റെ പൂർവികനായിരിക്കണം. അല്ലെങ്കിൽ രണ്ടാളും രണ്ടു രാജ്യങ്ങളിലെ രാജാക്കന്മാരായിരിക്കണം എന്നു തീർച്ചതന്നെ.

ഇനി ജയസിംഹപുത്രനായ രവിവർമ്മ ചക്രവർത്തിയുടെ രാജ്യഭാരകാലം ക്രിസ്തുവർഷം ൧൩൧൩-വരെയാണെന്നും മാലിക്കാഫരുടെ നേതൃത്വത്തിൽ ആദ്യമായി ഒരു മഹമ്മദീയ സൈന്യം ദക്ഷിണാപഥത്തിലേക്കു വന്നാക്രമിച്ചതു് ൧൩൧൦-ലാണെന്നും പറഞ്ഞിട്ടുള്ള സംഗതികളെക്കുറിച്ചാണു കുറച്ചു വിപ്രതിപത്തിയുള്ളതു്. രവിവർമ്മചക്രവർത്തിയുടെ ജനനം ആ ചക്രവർത്തിയുടെ ശാസനങ്ങളിൽ 'ദേഹവ്യാപ്യശകാ

18 തിരുവിതാംകൂർ റവന്യൂമാനുവൽ വാ- ൬. 19 ഇൻഡ്യൻ ആൻറികൂറി വാ- ൨൬

ണ്വഭാജി സമയേ' എന്നുള്ളതുകൊണ്ടു ശകവത്സരം ൧൨൩൪-ൽ ക്രിസ്തു വർഷം൧൩൧൩- (കലി ൪൪൧൩) ലാണെന്നു കാണിച്ചിട്ടുണ്ട്.[20] ൩൩-ാം വയസ്സിൽ ആ രാജാവു പാണ്ഡ്യചോളകേരളരാജ്യങ്ങളെല്ലാം ജയിച്ചു പാണ്ഡ്യരാജാവിൻെറ മകളെ വിവാഹംചെയ്തു മടങ്ങിവന്നുവെന്നും ആ ചക്രവർത്തിയുടെ ശാസനത്തിൽ തന്നെ—

'ക്ഷയം നീത്വാ സോയം കലിബലമിവാരാതിനിവഹാൻ
ജയശ്രീവൽ കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം
ത്രയസ്ത്രിംശദ്വർഷോ യശ ഇവ യയൌ കേരളപദം
രരക്ഷ സ്വം രാഷ്ട്രം നഗരമിവ കോളംബമധിപഃ'

എന്നഭാഗം കൊണ്ടു പറഞ്ഞിട്ടുണ്ട്. ഈ സംഗതിതന്നെയാണ് ഈ ലീലാതിലകത്തിലും 'ദ്രോണായ ഭൂപദം' ഇത്യാദിയായ വീരരസോദാഹരണശ്ലോകത്തിലും പ്രതിപാദിച്ചിട്ടുള്ളതു്. ൪൩-ാം വയസ്സിൽ കൊല്ലത്തെ വേഗവതീനദീതീരത്തിൽ വെച്ചാണ് ആ രാജാവിൻെറ പട്ടാഭിഷേകോത്സവം നടത്തിയതെന്നു ൪൬-ാം വയസ്സിൽ (കലിവർഷം ൪൪൧൪ മകരമാസത്തിനു ക്രിസ്തുവർഷം ൧൩൧൩ൽ) സ്ഥാപിച്ച കാഞ്ചീപുരത്തെ ശാസനത്തിൽ കാണുന്ന—

'ഷട്ചത്വാരിംശദബ്ദസ്തടഭുവി മകുടം ധാരയൻ വേഗവത്യാഃ
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃത മഹീകീർത്തിവാണീരമാഭിഃ'

ഇത്യാദി ഭാഗംകൊണ്ടു തെളിയുന്നു.[21] വടക്കുള്ള കൊങ്കണരാജ്യം ജയിപ്പാൻ പോയതുതന്നെ അഭിഷേകത്തിനുശേഷമാണെന്നു

'കൃത്വാകേരളചോളപാണ്ഡ്യവിജയം ക്ലൃപ്താഭിഷേകോത്സവ-
സ്സംഗ്രാമാപജയനകൊങ്കണഗതംതംവീരപാണ്ഡ്യംദ്രുതം
നീത്വാസ്ഥീതബലം തതോപിവിപിനം ജിത്വാദിശാമുത്തരാം
കാഞ്ച്യാമത്ര ചതുർത്ഥമബ്ദമഖിലത്സംഗ്രാമധീരോനൃപഃ'

എന്നിങ്ങനെസ്പഷ്ടമായിപ്പറഞ്ഞിട്ടുമുണ്ട്.[22] ആ സ്ഥിതിക്കു ൧൩൧൩-ലെക്ക് ആ ചക്രവർത്തിയുടെരാജ്യഭാരകാലം അവസാനിച്ചിട്ടില്ലെന്നുള്ളതുനിസ്സംശയമാണ്. എന്നുമാത്രമല്ലഅദ്ദേഹത്തിൻെറവിദ്വത്സദസ്സിലുണ്ടായിരുന്ന സമുദ്രബന്ധൻമുതലായവരുടെ ഗ്രന്ഥങ്ങളിൽനിന്നു പിന്നെയുംകുറെക്കാലംആ ചക്രവർത്തി രാജ്യംഭരിച്ചു വാണിട്ടുണ്ടെന്നു വിശ്വസിപ്പാൻ ധാരാളം വഴി കാണുന്നതുമുണ്ട്.[23] മാലിക്കാഫർ ദക്ഷിണാപഥത്തെ ആക്രമിച്ചതു ക്രിസ്തുവർഷം ൧൩൧൦ മുതൽ ൧൩൧൧ വരെയാണെന്നുള്ളതിനു രേഖാമൂലമായ തെളിവുകളുള്ള സ്ഥിതിക്കും ആ സംഗതി ചരിത്രകാരന്മാ

---

20 എപ്പിഗ്രാഫിയാ ഇന്തികാ വാ- ൪, വ്യ. 21 ഇൻഡ്യൻ ആൻറിക്വറി വാ ൩. 22 എപ്പിഗ്രാഫിയാ ഇന്തികാ വാ- ൪, വ്യ. 23 തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവലി, ന ൪൦.

രെല്ലാം നിർവിവാദം പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്കും ആ കാലം ൧൩൨൦ ആണെന്നു വരുവാൻ ഒരുവിധത്തിലും നിവൃത്തികാണുന്നില്ല. ൧൩൧൩-൧൪ കാലത്തോടുകൂടി ആ മഹമ്മദീയന്റെ സൈന്യവും അലാവുദീന്റെ കല്പനപ്രകാരം തിരിയെ പോവുകതന്നെ കഴിഞ്ഞിരിക്കുന്നു. ൧൩൧൬-ൽ അലാവുദീന്റെ മരണവും കഴിഞ്ഞുപോയിരിക്കുന്നു. ഈ സംഗതികളെല്ലാം ചരിത്രവ്യവസ്ഥിതവും പ്രസിദ്ധവുമാണ്.[24] ഈ സംഭവങ്ങളുടെ സപത്രാഗതികൊണ്ടുതന്നെ രവിവൎമ്മചക്രവത്തി അക്കാലത്തു കാഞ്ചീപുരത്തും മററും പോയതു മുമ്പു താൻ ജയിച്ചുകീഴടക്കീട്ടുള്ള ചോളപാണ്ഡ്യരാജാക്കന്മാരെ മാലിക്കാഫരുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടുത്തിസ്സഹായിപ്പാനാണെന്നൂഹിക്കുന്നതും യുക്തിയുക്തമായിത്തോന്നുന്നുണ്ട്. സഹ്യപംക്തിയുടെ ബലംനിമിത്തം ഈ വിദേശീയാക്രമം ബാധിക്കാതിരിപ്പാൻ സൌകൎയ്യം സിദ്ധിച്ച കേരളത്തിലെ രാജാക്കന്മാർ പാലക്കാട്ടുകാന്നം, തോവാള മുതലായ സ്ഥലങ്ങളിൽ അക്കാലത്ത് അന്തപാലനസൈന്യം ഏൎപ്പെടുത്തി എന്നസംഗതിയും അതു കുറെക്കാലത്തേക്കു വളരെ നിഷ്കൎഷയോടുകൂടി നടത്തിവന്നിരുന്നതിനാൽ മലയാളത്തിലേക്കും പരദേശത്തിലേക്കുമുള്ള പൊതുജനങ്ങളുടെ പോക്കുവരവും പെരുമാററവും ആവക കാലങ്ങളിൽ വളരെ ചുരുങ്ങിപ്പോയിരുന്നുവെന്ന സംഗതിയും പ്രസിദ്ധമായിട്ടുള്ളതാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല.

വടശ്ശേരി കൃഷ്ണൻകോവിലിൽ കാണുന്ന ആദിത്യവൎമ്മശിലാശാസനം കൊല്ലവൎഷം ൫൦൨ (ക്രി- ൧൩൩൩) ലുള്ളതാണെന്നും അതും തിരുവനന്തപുരത്തു മതിൽക്കകത്തുള്ള തിരുവമ്പാടി ക്ഷേത്രത്തിലെ ആദിത്യവൎമ്മശാസനങ്ങളും ഒരാളുടെയല്ലെന്നും പ്രൊഫസർ സുന്ദരംപിള്ള മുതലായവർ പരിശോധിച്ചു നോക്കി തിട്ടപ്പെടുത്തിക്കാണുന്നുണ്ട്.[25] വയ്ക്കം ക്ഷേത്രത്തിലെ കണക്കിൽ തൃപ്പാപ്പൂർമൂപ്പ് ആദിത്യവൎമ്മരാജാവ് കൊല്ലം ൫൫-ൽ ആ ക്ഷേത്രകാൎയ്യങ്ങളിൽ പ്രമാപകനായിട്ടുണ്ടെന്നു രേഖപ്പെടുത്തിയിരിക്കുന്ന സംഗതിയും[26] വാസ്തവമായിവരുവാനേ വഴി കാണുന്നുള്ളു. അതിനാൽ രണ്ടു ലക്ഷ്യങ്ങളിലും കാണുന്ന ആദിത്യവൎമ്മരാജാവ് ഒരാളായിരിക്കണമെന്നു തീൎച്ചപ്പെടുത്താം. ഈ വഴിക്ക് ആ രാജാവിനും സൎവ്വാംഗനാഥബിരുദം ഉണ്ടായിരുന്നുവെന്നു സ്പഷ്ടമായിക്കാണുന്നതു ശരിയാണെന്നു വിചാരിക്കുന്നതാണു യുക്തം. അല്ലാതെ സൎവ്വാംഗനാഥബിരുദം രണ്ടു രാജാക്കന്മാൎക്കു മാത്രമാണുണ്ടായിരുന്നതെന്നു കല്പിച്ച് ആ ബിരുദനാമം കാണുന്ന ശാസനങ്ങളെല്ലാം ഒരാളുടെയാണെ

24 എൽഫിൻസ്റ്റന്റെ ഇന്ത്യാചരിത്രം പു- ൩൮൬--൮൭. 25 തിരു- സ്റ്റേററമാനുവൽ പുറം ൨൬൩-൨൬൫. 26 തിരുവിതാംകൂർ ചരിത്രം പുറം ൮൩,

ന്നു വിചാരിക്കുന്നതല്ല. നേരേമറിച്ച് ആദ്യത്തിൽ ആ ബിരുദം സ്വീകരിച്ചതു വടശ്ശേരി ശാസനത്തിൽ കാണുന്ന രാജാവാണെന്നും അതു കൊണ്ടാണ് അദ്ദേഹത്തിന്റെ ശാസനത്തിൽ മാത്രം ആ ബിരുദനാമത്തിന്റെ വിവരണവുംകൂടി കൊടുത്തിട്ടുള്ളതെന്നും കരുതുന്നതു് അധികം സംഗതമായിരിക്കുമെന്നും തോന്നുന്നുണ്ട്. ഇങ്ങനെ പല സംഗതികളും ഉണ്ണുനീലീസന്ദേശത്തിൽ കാണുന്ന സംഗതികളും എല്ലാം കൂടി നോക്കുമ്പോൾ ആ കാവ്യത്തിൽ പറയുന്ന ആദിത്യവൎമ്മരാജാവു് രവിവൎമ്മചക്രവൎത്തിയുടെ സമകാലീനനും മേൽപറഞ്ഞ ആദ്യത്തെ സൎവാംഗനാഥനുമാണെന്നു വിശ്വസിപ്പാനാണു യുക്തിയും അധികം കാണുന്നതു്. ആവക യുക്തികളുടെ സ്വരൂപം വിവരിക്കുന്നതിന്നു മുമ്പായി അതിന്നുപയോഗപ്പെടുന്നതും തൃപ്പാപ്പൂർ മൂപ്പായിരുന്ന ആദിത്യവൎമ്മരാജാവിനെ കാവ്യത്തിൽ യദുവംശക്കാരനാണെന്നു പറഞ്ഞിട്ടുള്ളതെങ്ങനെ എന്നുള്ള സംശയം തീൎക്കുന്നതുമായ ചില സംഗതികൾ കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കേരളത്തിന്റെ പശ്ചിമഭാഗങ്ങളിൽവെച്ചു 'വിഴിഞ്ഞം'[27] എന്ന പ്രദേശത്താണു യദുവംശരാജാക്കന്മാർ ആദ്യമായി സ്ഥാനം ഉറപ്പിച്ചതു്. പെരുമാക്കന്മാരുടെ കാലങ്ങളിൽ അവരുടെ കീഴിൽ സഹ്യപൎവ്വതത്തോടു ചേൎന്ന പൊതിമല, ആയക്കുടി മുതലായ ദേശങ്ങൾ ഭരിച്ചിരുന്നവരും പ്രബലന്മാരും പഴയ തമിഴ്സാഹിത്യങ്ങളിൽ ആയർകുലക്കാരെന്നും വേളായർകുലക്കാരെന്നും പ്രസിദ്ധന്മാരുമായ സാമന്തരാജാക്കന്മാരായിരുന്നു യദുവംശക്കാർ.[28] കൊല്ലവൎഷാരംഭത്തിന്നു മുമ്പു ക്രിസ്തുവൎഷം ൯-ാം ശതകത്തിൽ 'മാരൻചടയൻ' എന്ന പാണ്ഡ്യരാജാവു അക്കാലത്തെ യദുവംശരാജാവായ 'കരുനന്ത'നെ തോല്പിച്ചു് ആ പ്രദേശം കയ്യേറിയതിനാൽ ആ കരുനന്ദൻ വിഴിഞ്ഞത്തു വന്നു സ്ഥാനമുറപ്പിച്ചു.[29] കരുനന്ദപുത്രൻ ശ്രീവല്ലഭൻ വിഴിഞ്ഞം തലസ്ഥാനമാക്കി അവിടെ ചെറുതായൊരു രാജ്യം സ്ഥാപിക്കയും ചെയ്തു. ഈ രാജാവാണു വിളവംകോട്ടുതാലൂക്കിൽപെട്ട പാൎത്ഥിവപുരം എന്ന വലിയ വിഷ്ണുക്ഷേത്രം ആദ്യമായി കലി ൩൯൭൧-ൽ (ക്രി-൮൭൦) പണിയിച്ചിട്ടുള്ളതു്.[30] ശ്രീവല്ലഭന്റെ പുത്രൻ വരഗുണവിക്രമാദിത്യൻ മുമ്പു പാണ്ഡ്യരാജാവു കൈവശപ്പെടുത്തിയ പ്രദേശങ്ങളെല്ലാം വീണ്ടെടുത്തു രാജ്യത്തിന്നു വിസ്താരം വൎദ്ധിപ്പിച്ചു വലിയ പേർ സമ്പാദിച്ചു.[31] വരഗുണവിക്രമാദിത്യന്റെ പുത്രൻ 'വീരകോതൻ' എന്ന രാജാവായിരുന്നു. ആ രാജാ

27 തിരുവനന്തപുരത്തുനിന്നു ൧൦ നാഴികയോളം കിഴക്കുതെക്കു് സമുദ്രതീരത്തുള്ള ഒരു സ്ഥലം 28 പുറനാനൂർ-ഗാഥ ൧൨൭—൧൩൬ 29 തിരു-ശാ-ന-൧൨൭ 30 തിരു-ശാ-ന-൧ 31 തിരു-ശാ-ന-൧, ൨

വിന്റെ പുത്രനായ 'രായിര'രാജാവിന്റെ കാലമായ കലി ൪൦൭൦-൪൧൦൦ (ക്രി. ൧൦-ാംശതകത്തിന്റെ അവസാനം) കാലങ്ങളിൽ 'രണ്ടാം പരാന്തകച്ചെടയൻ' എന്ന പാണ്ഡ്യരാജാവു തെക്കൻതിരുവിതാംകൂർ മുഴുവനും ആക്രമിച്ചു കൈവശപ്പെടുത്തുകയും യദുവംശരാജാവിനെ വിഴിഞ്ഞത്തുനിന്നോടിക്കയും ചെയ്തു. അന്നത്തെ കൊല്ലംരാജാവു പരാന്തകപാണ്ഡ്യനു മകളെക്കൊടുത്തു ബന്ധുത സമ്പാദിച്ചിരുന്നു.[32] രാജ്യംപോയ യദുവംശരാജാവു കൊല്ലത്തുനിന്നും വടക്കോട്ടു പോയി കായങ്കുളം രാജ്യത്തു കായങ്കുളത്തിനും തിരുവല്ലായ്ക്കും മദ്ധ്യത്തിൽ പമ്പാനദിയുടെ കരയിലാണു പിന്നെ സ്ഥാനമുറപ്പിച്ചത്. കാലക്രമത്തിൽ അവിടെയും ഒരു നാടുവാഴിസ്ഥാനം ആ രാജവംശക്കാർ സമ്പാദിച്ചു. ചിറവായ് സ്വരൂപം എന്ന സ്ഥാനപ്പേരും ഉണ്ടായി. രണ്ടു ശതവർഷത്തോളംകാലം കഴിഞ്ഞപ്പോഴേക്കും കായങ്കുളം രാജാക്കന്മാരായ ഓടനാട്ടുരാജവംശവും ഈ യദുവംശത്തിൽനിന്നു ദത്തെടുത്ത വഴിക്കു യദുവംശത്തിൽ ചേർന്നവരായിത്തീർന്നു. ഈ സംഗതി കണ്ടിയൂർ ക്ഷേത്രത്തിലെ ഒരു ശിലാശാസനത്താൽ തെളിയുന്നതാണ്. ഏകദേശം ക്രിസ്തുവർഷം ൧൨൦൦-ന്നാം കാലത്തിനിടയിൽ കൊല്ലത്തുണ്ടായിരുന്ന പഴയ രാജകുടുംബം 'ഉമാ' എന്നു പേരായ ഒരു കന്യക മാത്രമായി ശേഷിച്ചു. ചിറവായ് സ്വരൂപത്തിൽ ജനിച്ച ജയസിംഹരാജാവ് ആ കന്യകയെ വിവാഹം ചെയ്തു കൊല്ലം രാജാവായിത്തീരുകയും ചെയ്തു. ഈ സംഗതിയെപ്പററി ഈ പ്രദേശങ്ങളിലുള്ള തെളിവുകൾക്കു പുറമെ അക്കാലത്തു കൊല്ലത്തു വന്നിട്ടുള്ള 'മിസാർബിൻ മുഹൽഹിൻ' എന്ന വിദേശീയയാത്രക്കാരനും "ഇവിടത്തെ രാജാവു മരിച്ചപ്പോൾ ജനങ്ങൾ ചിവ്വായിൽനിന്ന് ഒരു രാജാവിനെ സ്വീകരിച്ചു" ഇങ്ങനെ രേഖപ്പെടുത്തീട്ടുണ്ട്.[33] യദുവംശരാജാക്കന്മാർ മക്കത്തായവഴിക്കാരായിരുന്നുവെന്ന് ഇതുവരെ പറഞ്ഞ സംഗതികളാൽതന്നെ സ്പഷ്ടമാകുന്നതാണല്ലൊ. ജയസിംഹരാജാവിനു രണ്ടു പുത്രന്മാരുണ്ടായി. അതിൽ മൂത്ത പുത്രനാണു രവിവർമ്മചക്രവർത്തി. രണ്ടാമത്തെ പുത്രൻ ആദിത്യവർമ്മൻ. രവിവർമ്മചക്രവർത്തി കേരളീയരാജാക്കന്മാരെയെല്ലാം കീഴടക്കി ഭരിച്ചിരുന്നുവെന്ന് ആ ചക്രവർത്തിയുടെ ശാസനങ്ങൾതന്നെ തെളിയിക്കുന്നുണ്ട്. കീഴ്പ്പേരൂർ രാജവംശം മരുമക്കത്തായവഴിയും ഭരണാധികാരം രാജ്ഞിമാർവഴിക്കുള്ളതുമായിരുന്നു. ചക്രവർത്തിയുടെ കാലത്ത് ആ വംശത്തിൽ പ്രാപ്തിയായ പുരുഷന്മാരില്ലാതിരുന്നതിനാൽ ചക്രവർത്തിയുടെ അനുജനും പട

---

32 തിരു-ശാ-ന-൩ 33 മലബാർ മാനുവൽ എന്ന പുസ്തകത്തിൽ 'ചിവ്ക്കു' പകരം 'ചീന' എന്നാക്കിയതും മററു ചിലർ സീബ എന്നാക്കിയതും അക്ഷരത്തെററുവഴിക്കുവന്നതാവാനേ വഴിയുള്ളു എന്നു സ്പഷ്ടം. മ-മാനുവൽ പുസ്തകം൧ പു. ൨൭൮

നായകനമായിരുന്ന ആദിത്യവമ്മരാജാവ് ആ വംശത്തിലെ മൂത്തപുരുഷൻെറ സ്ഥാനമായ തൃപ്പാപ്പൂർ മൂപ്പുസ്ഥാനം സ്വീകരിച്ചു. എന്നു മാത്രമല്ല അന്യം നിൽക്കാറായിരുന്ന ആ രാജവംശത്തിലേക്ക് ഈ ആദിത്യവമ്മരാജാവു രണ്ടു കന്യകമാരെ ദത്തെടുത്തതായും ആ രാജ്യത്തിൻെറ തലസ്ഥാനം ആററിങ്ങലേക്കു മാററിയതായും ശങ്കുണ്ണിമേനവൻെറ 'തിരുവിതാങ്കൂർ ചരിത്രത്തിൽ'[34] പറഞ്ഞിരിക്കുന്നതും ശരിയാണെന്നു വിശ്വസിപ്പാൻ ധാരാളം വഴി കാണുന്നുണ്ട്. അതിന്നും പുറമെ യദുവംശത്തിൻെറ പൂവ്വസ്ഥാനമായ ചിറവായ്സ്വരൂപത്തിൻെറ ഭരണവും ഈ ആദിത്യവമ്മരാജാവുതന്നെ നിവ്വഹിക്കേണ്ടതായി വന്നിരുന്നു. ആ ചിറവായ്‌രാജകുടുംബത്തിൻെറ സ്ഥാനം തിരുവിതാംകോട്ടേക്കു മാററി അവിടെ ഒരു രാജ്യം സ്ഥാപിച്ചതും ഈ ആദിത്യവമ്മരാജാവു തന്നെയുമായിരുന്നു.

ഇനി ഈവക സംഗതികൾക്ക് ഉണ്ണുനീലീസന്ദേശത്തിലും മററും കാണുന്ന തെളിവുകൾ പരിശോധിക്കാം. സന്ദേശം ൧൦൩-ാംശ്ലോകത്തിൽ,—

'എണ്ണിക്കൊള്ളാമ്പടയിലെഴുനള്ളത്തു കൊല്ലത്തുനിന്നോ
കണ്ണിൽക്കൂടാതടയരുടൽക്കൂറാളി തോവാളനിന്നോ'

എന്നിങ്ങനെ കാണുന്നതു് ആദിത്യവമ്മരാജാവു് രവിവമ്മചക്രവത്തിയുടെ പടനായകസ്ഥാനം വഹിച്ചിരുന്നതുകൊണ്ടും തലസ്ഥാനമായ കൊല്ലത്തും അന്തപാലനത്തിനായി തോവാളയും പ്രധാനമായി പടകളെ സ്ഥാപിച്ചിരുന്നതുകൊണ്ടുമാണ്. അതാണു പടയിലെഴുനള്ളത്തു് എന്നു പറവാനും കാരണം. പടകളെ സ്ഥാപിച്ചിരുന്ന കൊല്ലത്തും തോവാളയും ആ രാജാവു് ഇടയ്ക്കിടയ്ക്കു് പോയിക്കൊണ്ടിരുന്നുവെന്ന സംഗതി ഈ ചോദ്യത്തിലെ സ്ഥലവികല്പംകൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലൊ. ഇങ്ങനെയല്ലാതെ അക്കാലത്തെ തിരുവിതാങ്കൂർരാജ്യം കൊല്ലം മുതൽ തോവാളവരെയായിരുന്നുവെന്നു പൊതുവായി ഒരൂഹം കൊണ്ടുമാത്രം ഈ ഭാഗം സംഗതാൎത്ഥമാകുമെന്നു തോന്നുന്നില്ല.

'വ്യായാമംകൊണ്ടഴകിലുദിതാമോദമുച്ചൈസ്തുരാവി-
ന്നായാസം ചെയ്യുമലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലിക്കൻപടക്കോപ്പിന്നെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാൎത്തുചെൻറു്'

എന്ന ൧൧൨-ാംശ്ലോകത്താൽ തുലിക്കൻപടയോടു പൊരുതിയതായി പറഞ്ഞിട്ടുള്ളതും മാലിക്കാഫരുടെ ആക്രമത്തിൽ പാണ്ഡ്യചോളരാജാക്കന്മാരെ സഹായിപ്പാൻ രവിവമ്മചക്രവത്തി അയച്ചുകൊടുത്ത

[34] തിരു- ചരിത്രം ഭാ- ൪൩.

സൈന്യത്തിൻെറ നായകനു ഈ ആദിത്യവമ്മരാജാവായിരുന്നതിനാൽ തന്നെയാണെന്നു കരുതുന്നതാണു യുക്തം. അതിന്നു മററൊരുതുലിക്കൻ പടയെക്കല്പിക്കേണ്ട ആവശ്യമില്ല. രവിവമ്മ ചക്രവത്തിയുടെ കാലത്തു തന്നെയാണു മാലിക്കാഫർ ആക്രമിച്ചിട്ടുള്ളതെന്നുള്ള സംഗതിക്കു വേണ്ടേടത്തോളം തെളിവു ഇതിന്നു മുമ്പു തന്നെ കാണിച്ചിട്ടുണ്ട്. പോരെങ്കിൽ ലീലാതിലകം ഏട്ടാംശില്പത്തിൽ ഉള്ളതും താഴെ കാണിക്കുന്നതുമായ ഭാഗങ്ങൾ കൂടി നോക്കുക.

'ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ ക്ഷ്മാപാലബാലാം ബലീ
വേണാട്ടിന്നുടയോരുവീരരവിവമ്മാഖ്യോ യദൂനാം പതിഃ
പാണ്ഡ്യം വിക്രമപൂവ്വകം പടയിൽവെച്ചാട്ടിപ്പിടിച്ചങ്ങനേ
പാണ്ഡ്യേശായ കൊടുത്തുതസ്യതനയാം പത്മോദനാമഗ്രഹീൽ'

ഈ ശ്ലോകത്താൽ വിക്രമപാണ്ഡ്യനെ വീരരവിവമ്മ ചക്രവത്തി ജയിച്ചതായും ആ പാണ്ഡ്യൻെറ മകളെ വേട്ടതായും പറഞ്ഞിട്ടുണ്ടല്ലൊ. ഈ സംഗതി അദ്ദേഹത്തിൻെറ ൩൩-ാം വയസ്സിന്നു മുമ്പു നടന്നതാണെന്ന് ആ വീരരവിവമ്മരാജാവിൻെറ ശാസനത്താൽ തെളിഞ്ഞിരിക്കുന്നു.

'പരമുടനേ പരപ്പതനാം പാണ്ഡ്യനൃപഃ ഖണ്ഡയാഞ്ചകാര ഗളേ
തുരഗാരൂഢാസ്സപരയാ തുരുതുരെ മണ്ടീ തുരുക്കരെല്ലാരും'

എന്ന ഭയാനകോദാഹരണശ്ലോകത്തിൻെറ വൃത്തിയിൽ 'തുരുഷ്കാണാം വിക്രമപാണ്ഡ്യാദ്ഉൽപന്നം ഭയം പലായനാനുഭാവേന പ്രതീയമാനഗ്ലാനിദൈന്യാദിഭിശ്ചപ്രകഷിതം ഭയാനകതാം പ്രാപ്തം' എന്നു പറഞ്ഞിരിക്കുന്നു. വീരരവിവമ്മൻെറ ൩൩-ാം വയസ്സിന്നു മുമ്പിൽ വിവാഹയോഗ്യമായപ്രായം വന്നിട്ടുള്ള ഒരു കന്യകയുടെ പിതാവായിത്തീന്നിട്ടുള്ള വിക്രമപാണ്ഡ്യൻ തുലിക്കന്മാരുടെ ആക്രമകാലത്തു ജീവിച്ചിരുന്നുവെന്ന് ഇതിനാൽ സ്പഷ്ടമാകയും ശത്രുരനെ സഹായിപ്പാൻ അനുജനായ പടനായകൻെറ കീഴിൽ ആ ചക്രവത്തി സൈന്യങ്ങളെ അയച്ചുകൊടുത്തുവെന്നുള്ളതു നല്ലവണ്ണം സംഗതമാകയും ചെയ്യുന്നു.

'ഏററം തിമത്തു തിറമുററണയും നൃപാൻ താൻ
കാററത്തു സംവലിതതൂലസമാൻ വിതേനേ
ചീററത്തിനാൽ മതിമറന്ന മഹാനുഭാവാൻ
ക്രൂറത്തിലും കൊടിയ വിക്രമപാണ്ഡ്യസിംഹഃ'

എന്ന രൌദ്രോദാഹരണവും ഇതുതന്നെയാണു പ്രതിപാദിച്ചിരിക്കുന്നതു്. ഇവയ്ക്കെല്ലാം പുറമെ മാലിക്കാഫർ തന്നെ കൊല്ലത്തെ വീരരവിവമ്മരാജാവു് അന്നു ദക്ഷിണേന്ത്യയിലുള്ള രാജാക്കന്മാരിൽ വെച്ചു് ഏററവും പരാക്രമിയായ ഒരു യോദ്ധാവാണെന്നു രേഖപ്പെടുത്തിട്ടുമുണ്ട

ത്തെ. ഇതിലധികം ഒരു തെളിവു പ്രസ്തുത സംഗതിയിൽ വേണ്ടതായിട്ടില്ലെന്നു നിശ്ചയംതന്നെ. സന്ദേശത്തിലെ ൱൮-ാം ശ്ലോകത്തിൽ 'കോളംബാഖ്യാം നിജകുലപുരീം ക്ഷ്മാപകാധീശ്വരാണാം' എന്നതുകൊണ്ടു കൊല്ലം ആദിത്യവർമ്മരാജാവിൻെറ സ്വന്തം കുലപുരിയാണെന്നും അദ്ദേഹവും ക്ഷ്മാപകേശ്വരൻ (കൊല്ലംരാജാവ്) ആണെന്നും പറഞ്ഞിട്ടുള്ളതും—

'ഏഷാ ഭൂഷാമണിരിവ ഭുവോ ഹന്ത വേണാടർകോനും
നീയും പാലിച്ചപഗതഭയം വർദ്ധിതാ നാളിൽനാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാമത്ര മന്യേ
നാണിക്കിൻേറാളമരനഗരീം നാമമാത്രാവശേഷാം'

എന്ന ൱൯-ാം ശ്ലോകത്തിൽ വേണാടർകോനെയും ആദിത്യവർമ്മരാജാവിനെയും കൊല്ലം പട്ടണത്തിൻെറ രക്ഷകന്മാരായും ഇന്ദ്രോപേന്ദ്രന്മാരോടു സാമ്യപ്പെടുത്തിയും പറഞ്ഞിട്ടുള്ളതും ൨-൱൨-ാംശ്ലോകത്തിലെ 'പാരേറീടും പുകളിരവിവർമ്മന്നു രണ്ടാമവൻ ഞാൻ' എന്ന ഭാഗവും രവിവർമ്മ ചക്രവർത്തിയും ആദിത്യവർമ്മരാജാവും ഒരേ രാജകുടുംബത്തിൽ തന്നെ ജനിച്ചിട്ടുള്ളവരും നേരേ ജ്യേഷ്ഠാനുജന്മാരുമാണെന്നു നല്ലവണ്ണം വ്യക്തമാക്കുന്നുണ്ടു്. അല്ലാത്തപക്ഷം 'നിജകുലപുരീം' എന്നതും 'ഇന്ദ്രോപേന്ദ്ര'സാമ്യവും ക്ലിഷ്ടകല്പനകൾ കീഴടങ്ങേണ്ടിവരികയുംചെയ്യും.

'അർത്ഥിശ്രേണിക്കഭിമതഫലം നൽകുവാൻ പാരിജാതം
വിദ്വൽപത്മാകരദിനകരം വിശ്വലോകൈകദീപം
മുററിക്കൂടും പെരിയ പരചക്രേഷു ചക്രായമാണം
കററക്കാർമൽപുരികുഴലിമാർമാരനെക്കാൺക പിന്നെ.
വേലപ്പെണ്ണിന്നഴകു പൊഴിയും കണ്ണനെപ്പോരിൽ മാററാർ-
മൂലത്തിന്നോ മുടിവിനൊരു മുക്കണ്ണനെപ്പുണ്യകീർത്തി[35]
വേരിച്ചൊല്ലാർ മനസിജകയൽക്കണ്ണനെച്ചെൻറുനേരേ
കോരിക്കൈക്കൊള്ളുടനിരവിവർമ്മാഖ്യവേണാടർകോനെ.
അസ്മദ്വാർത്താം മുഴവനറിയിപ്പിച്ചു മാമ്പള്ളിയെക്കൊ-
ണ്ടല്പസ്മേരാനമിതവദനാം വീര നില്ലൊരുനേരം
മുന്നേനമ്മിൽ കനിവുകനമുണ്ടാകയാൽപോകപോകെ-
ൻറന്നോ നിന്നോടവനവനിപാലൈകവീരോ വിരഞ്ഞും.'

---

35. പ്രസംഗവശാൽ ഒരു സംഗതികൂടി ഇവിടെ പറഞ്ഞുകൊള്ളുന്നു. 'മനസിജകയൽക്കണ്ണൻ' എന്ന പദത്തിന്നു് അർത്ഥമില്ലെന്നും 'വേരിച്ചൊല്ലാർമനസിജനിനക്കണ്ണനെ' എന്നാണു് പാഠമെന്നും പരമേശ്വരയ്യരവർകൾ പറഞ്ഞുകാണുന്നു. 'വേരിച്ചൊല്ലാർ മനസിജ' എന്നും 'കയൽക്കണ്ണനെ' എന്നുമാണു് പദങ്ങൾ എന്നു വരുവാൻ വിരോധം തോന്നുന്നില്ല. ശേഷം സ്പഷ്ടം.

ഇങ്ങനെ ൬൯, ൬൭, ൬൮ ശ്ലോകങ്ങളാൽ അസാമാന്യപ്രഭാവത്തോടു കൂടി കൊല്ലംരാജാവിനെ വൎണ്ണിച്ചിട്ടുള്ളതും പ്രകൃതവൎത്തമാനം നേരിട്ടു പറയുന്നതു് ഉപചാരവിരുദ്ധമാകയാൽ മാമ്പള്ളിയെക്കൊണ്ടറിയിപ്പാൻ ആവശ്യപ്പെട്ടിട്ടുള്ളതും ആ 'ഇരവിവൎമ്മാഖ്യവേണാടർകോൻ' സാക്ഷാൽ രവിവൎമ്മചക്രവൎത്തിയാണെന്നുള്ളതിലേക്കു് ഒട്ടും പ്രതികൂലമായിത്തോന്നുന്നില്ല. ൧൧൩, ൧൧൪ ശ്ലോകങ്ങളാൽ അക്കാലത്തു് ചിറവായ്സ്വരൂപത്തിന്റെ വാസസ്ഥലം പമ്പാനദിക്കരെക്കൂട്ടത്തു 'തെൻതുരുത്തി' എന്നൊരു പ്രദേശമാണെന്നും അതാണ യദുവംശത്തിന്റെ പഴയ കുടുംബമെന്നും സ്പഷ്ടമാകുന്നുണ്ടു്. എന്നു മാത്രമല്ല—

'എപ്പോഴും നിന്നുടമകരുതും രായിരക്ഷോണിപാലം
കെല്പാൎന്നീടും മഹിത ചിറവാവീരനെക്കണ്ടുപോക'

എന്ന ഭാഗത്താൽ രായിരംവംശക്കാരനായ അന്നത്തെ ചിറവായ്രാജാവും ആദിത്യവൎമ്മരാജാവിനെത്തന്നെ തന്റെ സ്ഥാനത്തിന് അടുത്ത ഉടമസ്ഥനായിക്കരുതിയിരിക്കുന്നുവെന്നു കാണുന്നു. ൧൩൯-ാംശ്ലോകത്താൽ വടക്കുങ്കൂർ രാജാവിനെ കാണ്മാൻ പറഞ്ഞതിനുശേഷം—

'നിന്നെക്കാണുമ്പൊഴുതു നിഴലില്ലാതലോകപ്രദീപം
കുന്നൽക്കണ്ണാർകുസുമശരനാം രായിരക്ഷോണിപാലം
എന്നാച്ചാപോയ് മുകൾമുടിയുമപ്പക്ഷപാതാതിരേകാൽ
തന്നെപ്പോലും കുറവറമറന്നൊന്നു ചെയ്യാതതൊൻവ്'

എന്ന ൧൪൦-ാംശ്ലോകത്തിൽ ആദിത്യവൎമ്മരാജാവിനെ രായിരവംശരാജാവായി നിർദ്ദേശിച്ചിട്ടുള്ളതു് ആ സംഗതി നല്ലവണ്ണം ദൃഢപ്പെടുത്തുകയും ചെയ്യുന്നു. അതിനും പുറമെ ഈ കാവ്യത്തിൽ കണ്ടിയൂർ എന്ന പ്രദേശം മുതൽ തെൻതുരുത്തി എന്ന ദിക്കുവരെയുള്ള ഭാഗം വൎണ്ണിച്ചിട്ടുള്ളതിൽ നിന്നു് ആദിത്യവൎമ്മരാജാവു് ആ വക പ്രദേശങ്ങളിൽ കുറെയധികം പരിചയിച്ചിട്ടുള്ള ആളാണെന്നും നല്ലവണ്ണം തെളിയുന്നു. ഇതെല്ലാം കാണുമ്പോൾ ചിറവായ്സ്വരൂപത്തിന്റെ വാസസ്ഥാനം തിരുവാങ്കോട്ടയ്ക്കു മാററി അവിടെ ചെറിയ ഒരു രാജ്യം സ്ഥാപിച്ച ആദിത്യവൎമ്മരാജാവുതന്നെയാണ് ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശഹരനായിരിക്കുന്നതെന്നു വിചാരിക്കേണ്ടതായുമിരിക്കുന്നു. 'ആദിത്യവൎമ്മചതുൎവ്വേദിമംഗലം' എന്ന ഗ്രാമത്തിന്റെ സ്ഥാപകനും ഈ രാജാവാണെന്നു തന്നെ അനുമിക്കുന്നതിൽ യാതൊരസംഗതിയും കാണുന്നതുമില്ല.

ക്രിസ്തുവൎഷം ൧൫൧൪-നു കൊല്ലവൎഷം ൬൮൯-൯൦ കാലങ്ങളിൽ പറങ്കിക്കപ്പിത്താൻ 'ബാർബോസ' മുതലായവർ രേഖപ്പെടുത്തീട്ടുള്ള വിവരണങ്ങളാൽ അക്കാലത്തെ തിരുവാങ്കോട്ടുരാജാവു കൊല്ലം രാജാവുമായി ചാൎച്ചയുള്ള ആളും ആ രാജ്യത്തിന്റെ അധീനത്തിൽ ഏതാനും

രാജ്യം ഭരിക്കുന്നാളുമാണെന്നും കൊല്ലം രാജാവ് തിരുനൽവേലിവരെയുള്ള രാജ്യങ്ങളുടെ പ്രധാനനായകനാണെന്നും തെളിയുന്നുണ്ട്. തിരുക്കുരുകുടി ക്ഷേത്രത്തിലേയ്ക്കു മണി വഴിപാടു ചെയ്തു 'ചിറവായ്മണ്ഡലേന്ദ്രൻ' ആദിത്യവർമ്മരാജാവും ഒരു തിരുവാങ്കോട്ടു രാജാവുതന്നെയായിരിക്കാം. അതിനെപ്പററി ഇവിടെ നിരൂപിക്കേണ്ടതില്ല.

ഇങ്ങനെ എല്ലാ വിധത്തിൽ നോക്കിയാലും ഉണ്ണുനീലീസന്ദേശത്തിൻെറ കാലം രവിവർമ്മ ചക്രവർത്തി രാജ്യം ഭരിച്ചിരുന്ന കാലംതന്നെയാണെന്ന് ആകപ്പാടെ തീർച്ചപ്പെട്ടുത്തേണ്ടിയിരിക്കുന്നു. തുലിക്കൻപടയെപ്പററി പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ക്രിസ്തുവർഷം ൧൩൧൪-ന ശേഷമാണ് അതുണ്ടായതെന്നും നിശ്ചയിക്കാം. ആദിത്യവർമ്മരാജാവു ക്രിസ്തുവർഷം ൧൩൩൦-ൽ വയ്ക്കം ക്ഷേത്രത്തിലെ പ്രമാപകസ്ഥാനം വഹിച്ചതു സ്വരച്ചേർച്ചയില്ലാതായിത്തീർന്ന ക്ഷേത്രം ഊരാണ്മക്കാരുടെ ആവലാതി അക്കാലത്തു കേരളത്തിൽ സർവ്വപ്രാധാന്യംവഹിച്ചിരുന്ന രവിവർമ്മചക്രവർത്തിയുടെ സന്നിധാനത്തിൽ എത്തിയതനുസരിച്ചു ചക്രവർത്തിയുടെ കല്പനപ്രകാരമായിരിക്കണമെന്നൂഹിക്കുന്നതു യുക്തിയുക്തമായിത്തോന്നുന്നുണ്ട്. അതിനാൽ ൧൩൩൦ വരെയെങ്കിലും രവിവർമ്മചക്രവർത്തി ജീവിച്ചിരുന്നിരിക്കണമെന്നും വിശ്വസിക്കാം. അദ്ദേഹം കുറെക്കാലം രാജ്യം ഭരിച്ചു വാണിട്ടുണ്ടെന്നും അഭിഷേകം കഴിഞ്ഞതു ക്രിസ്തുവർഷം ൧൩൧൨-ലാണെന്നും ഉള്ളതിനു മുമ്പുതന്നെ തെളിവു കാണിച്ചിട്ടുണ്ടല്ലൊ. ഈ വഴിയ്ക്കു് ഉണ്ണുനീലീസന്ദേശത്തിൻെറ നിർമ്മാണകാലം ക്രിസ്തുവർഷം ൧൩൧൪-നും ൧൩൩൦-നും മദ്ധ്യമായ കൊല്ലം ൪൯൦-നും ൫൦൫-നും ഇടയ്ക്കാണെന്നുതന്നെ കരുതുന്നതാണ് സംഗതമായിരിക്കുന്നതെന്നും വന്നുകൂടുന്നു. പിന്നെ—

'അഞ്ചാംപക്കം വരമിതു തുലോം വാരവും വീരമൌലേ
നാളുംനന്േറ നളിനവനിതക്കിമ്പനേ മുമ്പിലേതു്
മേടം വേണാടരിൽ മകുടമേ രാശിയും വാഗധീശൻ
നാലാമേടത്തയമുപഗതോ ഭൂതികാമാഖ്യയോഗഃ'

എന്ന പദ്യത്താൽ സന്ദേശം പറഞ്ഞയയ്ക്കുന്നതു പഞ്ചമിതിഥിയും ഉത്രാടം[36] നക്ഷത്രവും മേടം രാശിയും കൂടിച്ചേർന്ന സമയത്തിലാണെന്നും

---

36. നളിനവനിതക്കിമ്പന്-വിഷ്ണുവിനു്. 'വസ്വപാംബുനാഥാനിലശ്രീനാഥാദിതയഃ' പഞ്ചമ്യാം സാച്യുതായാം' ഇത്യാദിപ്രയോഗശതങ്ങളിലെപ്പോലെ വിഷ്ണുദേവതാകമായ തിരുവോണത്തിനു് എന്നർത്ഥം. ആ നാളിനു മുമ്പിലേതു് ഉത്രാടം. നളിനവനിതക്കിമ്പനേ എന്നതു സംബോധനവും നാളുംമുമ്പിലേതു് എന്നുള്ള യോജനകൊണ്ടു് അശ്വതിനക്ഷത്രം എന്നർത്ഥവുമാണെന്നു ശങ്കിക്കേണ്ടതില്ല. മീനമേടമാസങ്ങളിൽ അശ്വതിയും പഞ്ചമിയുംകൂടി ഒരിക്കലും യോജിക്കില്ല. ആ കാലമല്ലെങ്കിൽ സന്ദേശത്തിലെ കാലവ്യവസ്ഥകളെല്ലാം അസംഗതവുമാകും.

അപ്പോൾ വ്യാഴം കർക്കടകരാശിയിലാണെന്നും കാണിച്ചിരിക്കുന്നു. ൬ മുതൽ ൧൧ വരെ ശ്ലോകങ്ങളാലും മററും സന്ദേശം പറഞ്ഞയക്കുന്നതു പുലച്ച നേരത്താണെന്നും അപ്പോഴത്തെക്കാലം വസന്തത്തുവാണെന്നും സിദ്ധിക്കുന്നതിനാൽ അതു മീനമാസമോ മേടമാസമോ ആണെന്നും വന്നുകൂടുന്നു. മീനമാസത്തിൽ ശുക്ലപഞ്ചമിയോ കൃഷ്ണപഞ്ചമിയോ ഒന്നും തന്നെ ഉത്രാടത്തോടു യോജിച്ചുവരുവാൻ പ്രയാസമാണെന്നുള്ളതു് ആ മാസം ചൈത്രമാസാരംഭകാലമായതുകൊണ്ടുതന്നെ അറിയാവുന്നതാണ്. ശുക്ലപഞ്ചമിക്ക് ആ കാലങ്ങളിൽ ഉത്രാടത്തോടു യോജിപ്പാൻ സ്വരൂപയോഗ്യതതന്നെ ശങ്കിക്കേണ്ടതില്ലെന്നും ആ സംഗതികൊണ്ടു തന്നെ അറിയാം. അതിനാൽ മേടമാസവും കൃഷ്ണപഞ്ചമിയും തന്നെയായിരിക്കണം. കർക്കടകവ്യാഴകാലത്തിലെ മേടമാസത്തിൽ ഉത്രാടംനക്ഷത്രവും കൃഷ്ണപഞ്ചമിയും കൂടി യോജിച്ചുവരുന്നതു കൊല്ലവർഷം ൪൯൦-മുതൽ ൫൪൯-വരെയുള്ള ൬൦ വത്സരങ്ങൾക്കിടയിൽ ൪൯൦-ൽ മാത്രമേ ഉള്ളൂ എന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാരെക്കൊണ്ടു പരിശോധിപ്പിച്ചതിൽ കണ്ടെത്തുകയും ചെയ്തിരിക്കുന്നു. ൫൪൧-നും ൫൮൦-നും ഇടയ്ക്കുള്ള കർക്കടകവ്യാഴകാലം ൫൪൯-ാം വത്സരമാണ്. അക്കൊല്ലത്തെ മേടത്തിൽ പഞ്ചമിയും ഉത്രാടവും തമ്മിൽ രണ്ടുദിവസംകൊണ്ടുള്ള അന്തരമുണ്ട്. എന്തിനധികംപറയുന്നു. ഇതിൽ പറഞ്ഞതെല്ലാംകൂടി ഒത്തുവരുന്നസമയം കൊല്ലവർഷം ൪൯൦-മേടമാസം ൨൦-ാംനു- വെള്ളിയാഴ്ച പുലച്ചനേരമാണ്. അതിനാൽ സന്ദേശകാലം കൊല്ലവർഷം ൪൯൦-നു ക്രിസ്തുവർഷം ൧൩൧൫-ലായിട്ടാണു കവി നിർദ്ദേശിച്ചിട്ടുള്ളതെന്നും കാവ്യനിർമ്മാണകാലവും അതിനടുത്തകാലത്തായിരിക്കണമെന്നും തീർച്ചപ്പെടുത്താവുന്നതാണ്. കാവ്യത്തിന്റെ പ്രസ്താവനയായിക്കാണുന്ന ഭാഗത്തിലെ—

‘കണ്ടിക്കാർകൂന്തൽകാലിൽതടവിനമടവാർനായികാം വാഴ്ത്തുവാനായ്
മുണ്ടയ്ക്കൽക്കെൻറുമാക്കാ കരുതിന മറിമാൻകണ്ണിയാമുണ്ണുനീലീം’
‘പൂവമ്പൻ കുലദേവതാപുകൾമികും മുണ്ടെക്കലെന്നുറെറഴും
പൂമാലക്കുഴലുണ്ണുനീലി തിരുനാൾ നീണാൾ വിളങ്ങീടുക’

എന്നീ അംശങ്ങൾ കാവ്യനിർമ്മാണകാലത്തു നായിക യൌവനയുക്തയായിത്തന്നെയാണിരിക്കുന്നതെന്നു നല്ലവണ്ണം തെളിയിക്കുന്നുണ്ട്. അതിനാലും കാവ്യത്തിൽ സന്ദേശം പറഞ്ഞയക്കുന്നതായി നിർദ്ദേശിച്ചിട്ടുള്ള സമയം കാവ്യനിർമ്മാണകാലത്തോടു വളരെ അടുത്തുള്ളതായിരിക്കണമെന്നുതന്നെ വിചാരിപ്പാനേ വഴിയുള്ളൂ. അതുകൊണ്ടു പരമേശ്വരയ്യരവർകൾ പ്രസ്താവിച്ചിട്ടുള്ളതിനേക്കാൾ ൬൦ വത്സരത്തോളം മുമ്പാണ് ആ കാവ്യത്തിന്റെ ഉൽപത്തി എന്നു സിദ്ധമായിത്തീരുകയും ചെയ്യുന്നു.

ഇനി നിരണം പണിക്കന്മാരുടെ കാലത്തിന്നും ഉണ്ണുനീലിസന്ദേശകത്താവിന്റെ കാലത്തിന്നും തമ്മിലുള്ള അന്തരത്തെക്കുറിച്ചാണു കുറച്ചൊന്നു വിചാരിക്കേണ്ടതായിട്ടുള്ളതു്. നിരണം കവികൾ കൊല്ലവർഷം ൬-ാംശതകത്തിലാണു ജീവിച്ചിരുന്നതെന്നുള്ളതിലേക്ക് ആ കവികളുടെ കവിതകളിൽ പാണ്ഡ്യഭാഷാരൂപങ്ങൾ ധാരാളമായിക്കാണുന്ന സംഗതിയാണു പരമേശ്വരയ്യരവർകൾ പ്രധാനമായി അടിസ്ഥാനപ്പെടുത്തിപ്പറഞ്ഞിരിക്കുന്നതു്. അവരുടെ കൃതികൾ അന്നു നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷയിലാണ് എഴുതീട്ടുള്ളതെന്നും മലയാളവും തമിഴുംതമ്മിലുള്ള വ്യത്യാസം അക്കാലത്തു് ഒരുവിധം പ്രചുരമായിരുന്നെങ്കിലും മലയാളം തമിഴിൽനിന്നു ഭിന്നമാണെന്നുള്ള ബോധം അക്കാലത്തെ ജനങ്ങളിൽ അങ്കുരിച്ചിരുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. അതിന്നു തെളിവായി രാമപ്പണിക്കരുടെ ബ്രഹ്മാണ്ഡപുരാണം ഗദ്യഗ്രന്ഥത്തിൽ 'ശ്രീ വേദവ്യാസമഹർഷി അരുളിച്ചെയ്ത ബ്രഹ്മാണ്ഡപുരാണത്തിൽ മദ്ധ്യമഭാഗത്തെ ഇതാ ഞാൻ തമിഴായിക്കൊണ്ടറിയിക്കിന്നേൻ' എന്നുള്ള ഉപക്രമഭാഗം എടുത്തുകാണിക്കയും ഏകദേശം അക്കാലത്തുതന്നെ ഉണ്ടായ ലീലാതിലകത്തിലാണു മലയാളത്തെ ആദ്യമായി ഒരു പ്രത്യേകഭാഷയുടെ നിലയിൽ വ്യവഹരിക്കുന്നതെന്നു പ്രസ്താവിക്കയും ചെയ്തിരിക്കുന്നു. ലീലാതിലകമായ പ്രകൃതഗ്രന്ഥത്തിൽ തമിൾശബ്ദം ദ്രമിഡപദത്തിന്റെ അപഭ്രംശമാകയാൽ ദ്രമിഡരായ കേരളീയരുടെ ഭാഷയ്ക്കുള്ള പേരോ ദ്രമിഡഭാഷകൾക്കെല്ലാം പൊതുവായ പേരോ ആണെന്നാണു പറഞ്ഞിട്ടുള്ളതു്. അല്ലാതെ ഇക്കാലത്തെ വ്യവഹാരംപോലെ പാണ്ഡ്യചോളഭാഷകളുടെ പ്രത്യേക പര്യായമായിട്ടല്ല. അതിനാൽ ബ്രഹ്മാണ്ഡപുരാണത്തിൽ കാണുന്ന തമിൾ പദത്തിന്ന് ഇക്കാലത്തു് ആ പദത്തിനു സിദ്ധിച്ചിട്ടുള്ള പ്രത്യേകാൎത്ഥം കൊടുത്തുകൊണ്ടു ഭാഷകൾ തമ്മിലുള്ള ഭേദം അക്കാലത്തെ ജനങ്ങൾ ഗ്രഹിച്ചിരുന്നില്ലെന്നു വിചാരിക്കുന്നതു യുക്തമായിത്തോന്നുന്നില്ല. ഭാഷ എന്ന പദംകൊണ്ടെന്നപോലെ തമിൾ എന്ന പദംകൊണ്ടും വിഭിന്നങ്ങളായ എല്ലാ ദ്രമിഡഭാഷകളേയും മുൻകാലങ്ങളിൽ അതാതുഭാഷക്കാർ വ്യവഹരിച്ചുവന്നിരുന്നുവെന്നുമാത്രമാണു പ്രകൃതഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൊണ്ടു വന്നുകൂടുന്നതെന്നു വ്യക്തമാണല്ലോ. പണിക്കരുടെ 'തമിഴായിക്കൊണ്ടറിയിക്കിന്നേൻ' എന്ന ഭാഗത്തിന്നു ഭാഷയായിക്കൊണ്ടറിയിക്കുന്നേൻ എന്നേ അൎത്ഥമുള്ളു എന്നും അതിനാൽതന്നെ സിദ്ധിക്കുന്നതുമാണല്ലോ. 'നമ്പ്യാന്മാരുടെ തമിൾ' എന്ന് ഇക്കാലത്തും പറഞ്ഞുവരുന്ന പ്രാചീനഗ്രന്ഥത്തിന്റെ കുറച്ചു ഭാഗവും ഇതിന്നു തെളിവായിക്കാണിക്കാം—

"അരുളിച്ചെയ്യാനമൃതകിരണശേഖരപ്രിയനത്ഭുതാനഭാവനഞ്ജനാനന്ദനൻ ശ്രീഹനമാൻ അംഭോജസംഭവോദ്ഭവനാൽ സംഭാവിതനായി അവാങ്മനസഗോചരങ്ങളാകിന ഗുണഗണങ്ങളുടെ ഉടയോനായി മൃഗേന്ദ്രബലമാകിന മഹേന്ദ്രത്തേൽ നിലകൊണ്ടു മൈനാകാവലംഘനം ചെയ്ത് അമർത്ത്യനിയുക്തയാകിയ സുരസയെ ജയിച്ച് അംബരചാരികൾക്കഹിതമാകാംക്ഷിച്ച സിംഹികയെ കൊന്ന സായംകാലത്തു സാഗരതീരസ്ഥനായി ത്രികൂടമഹീദ്ധ്രാന്തർബദ്ധമാകിന ലംബശിഖരത്തെ പ്രാപിച്ച് ആശ്ചര്യോപേതനായി അരുളിച്ചെയ്യുന്നോൻ."

തമിഴ്പദം ഭാഷ എന്നതിൻെറ പൎയ്യായമായിട്ടാണ് അക്കാലത്തു പ്രയോഗിച്ചിരുന്നതെന്ന് ഇതുകൊണ്ടു സ്പഷ്ടമായല്ലൊ. ഓരോ ഭാഷകളേയും പ്രത്യേകിച്ചു കാണിക്കേണ്ട സന്ദർഭങ്ങളിൽ കരിനാട്ടുതമിഴ്, മലനാട്ടുതമിഴ്, ചോളത്തമിഴ്, പാണ്ടിത്തമിഴ് എന്നിങ്ങനെ പൂൎവ്വകാലങ്ങളിൽ പറഞ്ഞിരുന്നതിൽ കരിനാട്ടുതമിഴ് ചുരുങ്ങി കൎണ്ണാടവും മലനാട്ടുതമിഴ് മലയാളവും മാത്രമായി വ്യവഹാരത്താൽ പ്രസിദ്ധപ്പെട്ടതോടുകൂടി 'തമിഴ്' എന്ന പദത്തിൻെറ അൎത്ഥവ്യാപ്തി ചുരുങ്ങി ചോളപാണ്ഡ്യഭാഷകൾ മാത്രമായിത്തീരുകയാണുണ്ടായിട്ടുള്ളതെന്നും പ്രകൃതഗ്രന്ഥത്തിലെ വിവരണത്താൽ തന്നെ ഗ്രഹിക്കാവുന്നതുമാണ്. ഈ സംഗതി തൽക്കാലം നിൽക്കട്ടെ. നിരണംകവികളുടെ കൃതികളിൽ പാണ്ഡ്യഭാഷാരൂപങ്ങൾ ധാരാളം കാണുന്നതു കാലപ്പഴക്കം കൊണ്ടല്ല ദേശഭേദംകൊണ്ടു മാത്രമാണു വന്നിട്ടുള്ളതെന്ന് അവയിലേയും ഉണ്ണുനീലീസന്ദേശത്തിലേയും ഭാഷാരീതികൾ സൂക്ഷിച്ചു പരിശോധിച്ചു താരതമ്യപ്പെടുത്തിനോക്കിയാൽ തന്നെ തെളിയുന്നതാണ്. ഒന്നുരണ്ടുദാഹരണങ്ങളാൽ ഇതു വിശദമാക്കാം.

'ഞാനിയൊടഴകിയ കൎമ്മിയുമായവർ നാടരുതാകിയ ധീരതയോടേ
യൂനം വാരാതേയിന്തിരിയമതുള്ളിലടക്കീടിന്നവരെന്നറി
മാനുഷരാരുമതറിയാരകമേ മയലൊടു സംശയമെയ്തുവതല്ലാൽ
ഞാനത്താൽ സംശയമറററിയാംനാടകിൽ മററൊന്നാലറിയാമോ'

മാധവപ്പണിക്കരുടെ ഭഗവൽഗീത.

'കണ്ടംവണ്ടിനിറമുടയനെക്കങ്കനീരോടു തിങ്കൾ-
ത്തുണ്ടം ചാത്തുംപരനെ വരമാതിന്നു മെയ്യാതിയോനേ
മണ്ടും മാനേൽക്കരനെയരനെക്കമ്പി പാമ്പാക്കിയോനെ-
ക്കണ്ടേ പോവാൻ തരമവിടെ നീ കണ്ടിയൂർ തമ്പിരാനെ'

ഉണ്ണുനീലീസന്ദേശം.

ഇതിൽ ആദ്യത്തേതിലെ ഞാനി, നാടരുതു്, ഇന്തിരിയം, അറി, അറിയാർ, മയൽ, ഞാനം, നാടകിൽ ഈ പാണ്ഡ്യഭാഷാരൂപങ്ങൾ ജ്ഞാ

നി. ഓൎക്കരുതു്, ഇന്ദ്രിയം, അറിക, അറിയില്ല, ഭ്രമം, ജ്ഞാനം, ഓൎക്കിൽ എന്നെല്ലാമാക്കിയാൽ ആ ഭാഷാരീതി എഴുത്തച്ഛന്റെ ഭാഷാരീതിയിൽ നിന്നു വളരെ വ്യത്യാസമില്ലാത്തതാണെന്നു നല്ലവണ്ണം സ്പഷ്ടമാകും[37]. രണ്ടാമത്തേതിലാകട്ടെ പദങ്ങൾക്കു ഭാഷകൊണ്ടുള്ള മാററമല്ല പ്രധാനമായി ആവശ്യപ്പെടുന്നതു്. രീതികൊണ്ടുള്ള മാററമാണു്. കണ്ടം എന്നതു കണ്ഠമാക്കി 'കണ്ഠംവണ്ടിൻനിറമുടയോൻ' എന്നു പഠിച്ചാലും എഴുത്തച്ഛൻ മുതൽക്കുള്ളവരുടെ രീതിയോടു് അതടുക്കുനില്ല. അതിന്നു കണ്ഠത്തിൽ എന്നോ കണ്ഠേ എന്നോ വിഭക്തി മാററിത്തന്നെ ചേൎക്കേണ്ടി വരുന്നു. 'വരമാതിന്നുമെയ്യാതിയോൻ' 'മണ്ടുംമാനേൽക്കരൻ' ഇവയിലെ പദയോജനങ്ങളുടെ രീതിയും 'കണ്ടേ പോവാൻ തരം' എന്ന മാതിരിയിലുള്ള പൂൎണ്ണവാക്യപ്രയോഗങ്ങളും നിരണംകവികളുടെ കൃതികളിലാകട്ടെ അതിന്നു ശേഷമുള്ളവയിലാകട്ടെ തീരെക്കാണുന്നതുമല്ല. അതുപോലെതന്നെ ലീലാതിലകത്തിൽ കാണുന്ന—

'ആമ്പൽപ്രിയാഭരണനമുങ്കിനകാളകൂടം
കൂമ്പുംകരാൽമിഴിതുളുമ്പിനകങ്കവെള്ളം
ചാമ്പോഴുമെന്മനസിചാമ്പലണിഞ്ഞകോലം
കാമ്പോടുകൂടി മരുവീടുക മന്മഥാരേഃ'

ഇത്യാദികളിലെ ഉങ്കിന, കൂമ്പും, തുളുമ്പിന എന്നീവക പദങ്ങൾ കാളകൂടം, കരാൽമിഴി മുതലായ നാമങ്ങളോടു ബഹുവ്രീഹിയായിസ്സമാസിച്ചിട്ടുള്ള പ്രയോഗവിശേഷങ്ങളും അവയിൽ സുലഭമായി കാണ്മാൻ കിട്ടുന്നതല്ല. അതുകൊണ്ടു തീൎച്ചയായും ആ വക പദബന്ധക്രമങ്ങൾ നിന്നുപോയതിന്നു ശേഷമാണു നിരണംകവികൾ ജീവിച്ചിരുന്നതെന്നു വരണം. ഒരു ഭാഷയിൽ അന്യഭാഷയിലെ പദങ്ങളും രൂപഭേദങ്ങളും ആ അന്യഭാഷയോടടുത്ത ദേശങ്ങളിൽ അധികമുണ്ടായിരിക്കുന്നതാണു്. ഓരോ ഭാഷയുടേയും ബലവും വ്യാപ്തിയും വൎദ്ധിപ്പാനുണ്ടാകുന്ന കാരണങ്ങളുടെ താരതമ്യവും സ്വഭാവവുമനുസരിച്ചു് ആ വക അന്യഭാഷാസംസൎഗ്ഗത്തിന്നും കാലക്രമംകൊണ്ടു കുറെ വ്യത്യാസം വന്നുകൂടുന്നതുമാണു്. അതിനാൽ പദങ്ങളും രൂപഭേദങ്ങളും നോക്കി കാലവും മൂലവും ഊഹിക്കുന്നതു നല്ല ശരിയായെന്നുവരില്ലെന്നും പ്രയോഗവൈചിത്ര്യമെന്നോ ബന്ധക്രമമെന്നോ പറയാവുന്ന ഭാഷാരീതി അടിസ്ഥാനമാക്കി കാലം നിൎണ്ണയിക്കുന്നതാണു് അധികം യുക്തമായിട്ടുള്ളതെന്നും തോന്നുന്നു. അല്ലാത്തപക്ഷം ക്രിസ്തുവൎഷം ൰൩-ാം ശതകത്തിന്നു കൊല്ലവൎഷം ൪-ാംശതകത്തിലുണ്ടായതാണെന്നു തീൎച്ചപ്പെടുത്തിയിട്ടുള്ള 'കണിയാർകുളത്തിൽപോര്' അല്ലെങ്കിൽ 'ഇരവിക്കുട്ടിപ്പിള്ള

37. അതിലെ അല്ലു് എന്ന പദത്തിന്നു് അന്ധത (അജ്ഞാനം) എന്ന അൎത്ഥത്തിൽ സ്വാരസികലക്ഷണ മാത്രമാണു്,

പ്പോർ' മുതലായ ഗ്രന്ഥങ്ങൾക്കും 'അയ്യപ്പിള്ള' ആശാന്റെ 'രാമകഥപ്പാട്ടിനും നിരണം കവിതകളെക്കാൾ കുറെയധികം ശതവർഷങ്ങൾ തന്നെ പഴക്കമുണ്ടെന്നു കല്പിക്കേണ്ടതായിവരും. ആ സംഗതി പരമേശ്വരയ്യരവർകൾക്കും സമ്മതമല്ലെന്നു് അദ്ദേഹത്തിന്റെ 'പ്രാചീനമലയാളമാതൃകകൾ' എന്ന പുസ്തകത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. നിരണംകവിതകൾ അന്നത്തെ നാട്ടുഭാഷയിലും രാമകഥ, കണ്ണിയാർകുളത്തിൽപോർ മുതലായി പാണ്ഡ്യഭാഷാരൂപങ്ങൾ നിറഞ്ഞ കവിതകൾ നാടോടിഭാഷയിലും നിർമ്മിച്ചിട്ടുള്ളതുകൊണ്ടാണു് അവയിലെ ഭാഷാരൂപങ്ങൾ വിഭിന്നങ്ങളായിരിക്കുന്നതെന്നുള്ള സമാധാനം തീരെ സംഗതമായിത്തോന്നുന്നില്ല. ഒരു ദിക്കിലെ നാട്ടുഭാഷയ്ക്കും നാടോടിഭാഷയ്ക്കും തമ്മിലുള്ള വ്യത്യാസം പദങ്ങളുടെ അന്യഭാഷാരൂപം കൊണ്ടല്ല; ഒരേ ഭാഷയിൽതന്നെ ഉച്ചാരണഭേദം നിമിത്തം ദുർല്ലഭമായി മാത്രം ഉണ്ടായിത്തീരുന്ന ചില വികൃതരൂപങ്ങൾകൊണ്ടും അതിലും ദുർല്ലഭമായ ചില ഗ്രാമ്യപദങ്ങൾകൊണ്ടും മാത്രമാണു്. എഴുതിക്കാണിക്കുമ്പോൾ അതുകൊണ്ടുവരുന്ന വൈജാത്യം മനഃപൂർവ്വം പ്രവൃത്തിക്കുന്നില്ലെങ്കിൽ ഉച്ചാരണത്തിൽ വരുന്നതിനേക്കാൾ ചുരുങ്ങിയിരിക്കും. അതിന്റെ സ്വരൂപം ഒരിക്കലും അന്യഭാഷാരൂപങ്ങളുടെ ആധിക്യമായിരിക്കുകയുമില്ല. അതുകൊണ്ടു് അഭിജ്ഞന്മാരായ ഓരോ കവികളും അവരവരുടെ സ്വദേശഭാഷയ്ക്കുള്ള സാമാന്യരീതി അനുസരിച്ചു കവിതകൾ നിർമ്മിച്ചുവെന്നും പാണ്ഡ്യഭാഷയുടെ കലപ്പു് അധികമുള്ള പ്രദേശങ്ങളിൽ ജീവിച്ചിരുന്നവരുടെ കൃതികളിൽ ആവക ഭാഷാരൂപങ്ങളും അധികമായിത്തീർന്നുവെന്നും ആ വക രൂപഭേദങ്ങളാൽ കാലം നിശ്ചയിക്കാവുന്നതല്ലെന്നും കരുതുവാനേ വഴി കാണുന്നുള്ളു. ഈ വഴിക്കു് ഇപ്പോഴത്തെ മദ്ധ്യതിരുവിതാംകൂറിൽ പെട്ട 'തിരുവല്ലാ' ദേശത്തു ജനിച്ചും തെക്കൻതിരുവിതാംകൂറോടു ചേർന്ന 'തിരുവല്ലം' 'മലയിൻകീഴ്' എന്നീ പ്രദേശങ്ങളിൽ അധികകാലം താമസിച്ചും ഇരുന്ന നിരണംകവികൾ അവർക്കു പരിചയസിദ്ധമായതും സാമാന്യം പാണ്ഡ്യഭാഷാരൂപങ്ങൾ കലർന്നതും ലീലാതിലകകാരൻ കണ്ടിട്ടില്ലെന്നു സ്പഷ്ടമായി പറഞ്ഞിട്ടുള്ളതും മിശ്രമായിത്തീരുമെന്നു് അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളതുമായ മിശ്രഭാഷയിൽ പിൽക്കാലത്തു കവിതകൾ നിർമ്മിച്ചുവെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. മുൻകാണിച്ച യുക്തികളാൽ ആ കവികളുടെ ജീവകാലം കൊല്ലവർഷം ൬-ാംശതകത്തിന്റെ അവസാനത്തിനു മുമ്പല്ലെന്നു തീർച്ചപ്പെടുത്തേണ്ടതായുമിരിക്കുന്നു. ആകപ്പാടെ 'മദ്ധ്യകാലമലയാളമാതൃകകളുടെ' അവതാരികയിൽ മൂന്നു കവികളും ൬-ാംശതകത്തിൽ ജീവിച്ചിരുന്നുവെന്നും 'പ്രാചീനമലയാളമാതൃകകളുടെ' അവതാരികയിൽ

മാധവപ്പണിക്കർ അഞ്ചാംശതകത്തിന്റെ ഉത്തരാൎദ്ധത്തിലും രാമപ്പണിക്കർ ൯-ാംശതകാരംഭത്തിലും ജീവിച്ചിരുന്നുവെന്നും കാണുന്നതു ശരിയാകാൻ വഴികാണുന്നില്ല. എന്നുതന്നെയല്ല, നിരണം കവികളിൽ രാമപ്പണിക്കർ രാമായണം യുദ്ധകാണ്ഡത്തിന്റെയും ഉത്തരകാണ്ഡത്തിന്റെയും അവസാനത്തിൽ തന്റെ മാതാമഹനായി പ്രസ്താവിച്ചിട്ടുള്ള 'കരുണേശൻ' എന്നാൾ തന്നെയായിരിക്കണം കണ്ണശ്ശപ്പണിക്കർ; മാധവപ്പണിക്കരും ശങ്കരപ്പണിക്കരും കണ്ണശ്ശപ്പണിക്കരുടെ മക്കളും രാമപ്പണിക്കർ അവരുടെ മരുമകനുമായിരിക്കണം; കണ്ണശ്ശപ്പണിക്കർ രാമായണം യുദ്ധകാണ്ഡംവരെ മാത്രം ഉണ്ടാക്കിയതു രാമപ്പണിക്കർ പൂൎത്തിയാക്കുകയാണുണ്ടായതു്; ഇങ്ങനെയെല്ലാം ഊഹിപ്പാൻ ചില സംഗതികൾ ആ വക ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടെന്നും പ്രസംഗവശാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മേൽ കാണിച്ച നിലയിൽ നോക്കുമ്പോൾ 'രാമചരിതം' എന്നു പ്രസിദ്ധമായ ഗ്രന്ഥമാണു് മലയാളഭാഷയിൽ ഏററവും പ്രാചീനമായിട്ടുള്ളതു് എന്നു സിദ്ധാന്തിച്ചുവരുന്ന സംഗതിക്കു പക്ഷെ കുറെയൊരിളക്കം വന്നേയ്ക്കാം. എന്നു മാത്രമല്ല മലയാളഭാഷ തമിഴിന്റെ പുത്രിയാണെന്നു് ഇപ്പോൾ പരക്കെസ്സമ്മതമായിട്ടുണ്ടെന്നു വെച്ചിട്ടുള്ള സിദ്ധാന്തത്തിനും അതു സ്ഥാപിപ്പാൻ ആ വക ഗ്രന്ഥങ്ങളുടെ സ്വരൂപം ഉദാഹരണമായി സ്വീകരിക്കുന്ന കാൎയ്യത്തിനും കുറച്ചൊരു കുഴപ്പം നേരിട്ടുവാൻ വകയും കണ്ടേക്കാം. വാസ്തവത്തിൽ ആ രണ്ടു വിഷയങ്ങളും കൂടെക്കൂടി ആലോചിക്കേണ്ടതായിത്തന്നെയാണിരിക്കുന്നതെന്നു തന്നെ തോന്നുന്നു. ഒന്നാമതായി രണ്ടു വിഭിന്നഭാഷകളെക്കണ്ടുവരുന്നതിന്റെ സമ്പ്രദായം തന്നെ നോക്കുക; ഒരു ഭാഷ മറെറാരു ഭാഷയോടടുക്കുമ്പോൾ അങ്ങനെ അടുപ്പാനുള്ള ക്രമത്തെ അനുസരിച്ചു് ആ അന്യഭാഷയിലെ ശബ്ദരൂപങ്ങളെ കുറേശ്ശകുറേശ്ശയായി സ്വീകരിക്കയും സ്വന്തം ശബ്ദരൂപങ്ങളെ അതിനനുസരിച്ചുപേക്ഷിക്കയും ചെയ്തുകൊണ്ടു വ്യവഹാരം നിൎവ്വഹിച്ചുപോരുന്നു. അങ്ങനെ അടുപ്പം അധികമാകുംതോറും ആ അന്യഭാഷയുടെ അംശങ്ങൾ അധികമായും സ്വന്തം അംശങ്ങൾ ചുരുങ്ങിയും വരുന്ന വിധത്തിൽ കലൎന്നു് ഒടുവിൽ ലയിക്കുകയും അവിടുന്നങ്ങോട്ടു് അന്യഭാഷ മാത്രമായിത്തീരുകയും ചെയ്യുന്നു. ഈ വിധത്തിൽ ദേശഭേദം വഴിയായി ഒന്നോടൊന്നു കലൎന്നു ചേൎന്നു, വന്നുകൂട്ടുന്ന ഭാഷാഭേദത്തിൽ ഒരുഭാഷയുടെ അംശങ്ങളധികമായും മററതിന്റെ അംശങ്ങൾ ചുരുങ്ങിയും ഇരിക്കുന്ന പ്രദേശത്തിലെ കവിതകളും പ്രായേണ അതിനനുസരിച്ചേ വരുവാൻ തരമുള്ളു. 'ചീരാമകവി'യുടെ രാമചരിതം തമിഴാണെന്നു തമിൾപണ്ഡിതന്മാരും ദുൎല്ലഭം ചില മലയാള

രൂപങ്ങൾ കാണുന്നതുകൊണ്ടു മലയാളമാണെന്നു മലയാളപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതിൻെറ കാരണം ആ ഗ്രന്ഥം മലയാളഭാഷ അല്പമായും പാണ്ഡ്യഭാഷ പ്രചുരമായും ഇരിക്കുന്ന ദിക്കിലുണ്ടായതുതന്നെയാണെന്നു വരുവാൻ യാതൊരു വിരോധവും കാണുന്നില്ലെന്നു മാത്രമല്ല സൂക്ഷ്മത്തിൽ അങ്ങനെ വരുവാനേ തരം കാണുന്നതുമുള്ളു. കവി പാണ്ഡ്യഭാഷയോടടുത്ത നാട്ടുകാരനാണെന്നുള്ളതു നിർവിവാദവുമാണല്ലൊ. അതിനാൽ ആ ഗ്രന്ഥത്തിൻെറ കാലപ്പഴക്കം അതൊരു തമിഴ് ഗ്രന്ഥമാണെന്നു തമിഴ് പണ്ഡിതന്മാർ വ്യവഹരിക്കത്തക്കവിധം പദങ്ങളുടെ രൂപഭേദം കാണുന്നതുകൊണ്ടു മാത്രം തീർച്ചപ്പെടുത്താവുന്നതല്ല.

ഇനി മലയാളഭാഷയ്ക്കു തമിഴിൻെറ പുത്രീസ്ഥാനമാണെന്നു വെച്ചിട്ടുള്ള സിദ്ധാന്തത്തെപ്പററിയും രണ്ടു വാക്കു പറയാം. തമിഴ് എന്നതിനു മുമ്പുകാണിച്ച വ്യാപകാർത്ഥത്തിൽ മലയാളം തമിഴിൻെറ പുത്രിയല്ല തമിഴുതന്നെയാണെന്നു പറയേണ്ടതില്ലല്ലൊ. ചോളപാണ്ഡ്യഭാഷകൾ എന്ന വ്യാപ്യാർത്ഥമാണെങ്കിൽ ആ ഭാഷകളുടെ സോദരീസ്ഥാനമല്ലാതെ പുത്രീസ്ഥാനം ഒരുകാലത്തും മലയാളത്തിനുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ജ്യേഷ്ഠസഹോദരിയോ കനിഷ്ഠസഹോദരിയോ എന്നുള്ള കാര്യം പ്രാചീനദ്രമിഡ ഭാഷയായ മൂലത്തമിഴിൻെറ അനേകം പിരിവുകളിൽ ഒന്നായ ചോളപാണ്ഡ്യത്തമിഴ് ചെന്തമിഴായി (ചൊവ്വാക്കിയ തമിഴ്=സംസ്കരിച്ചതമിഴ്) പരിഷ്കാരപ്പെടുന്നതിനു മുമ്പിൽ ആ മൂലദ്രമിഡഭാഷയ്ക്കുണ്ടായിരുന്ന രൂപഭേദം ഇവയിലേതിലാണ് അധികമുള്ളതെന്നു യുക്തിപൂർവം പരിശോധിച്ചും കൊണ്ടുമാത്രം പ്രസ്താവിക്കേണ്ടതാണ്. വിസ്താരഭയത്താൽ ഇപ്പോൾ ഞാനതിനു മുതിരുന്നില്ല. അങ്ങനെയാണെങ്കിൽ ആ പരന്ന വിഷയത്തിലേയ്ക്കു കടക്കാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. തമിഴ്സാഹിത്യങ്ങളിൽ വെച്ചു കുറെയധികം പ്രാചീനങ്ങളായ പതിററുപ്പത്ത്, പുറനാനൂർ തുടങ്ങിയ ഗ്രന്ഥങ്ങൾ ചെന്തമിഴ് പരിഷ്കാരമനുസരിച്ച് എഴുതിയതാണെങ്കിലും അവ മലയാളഭാഷയിലേയും പ്രാചീനഗ്രന്ഥങ്ങളാണെന്നൊരു മതം പുറപ്പെടുന്നതായാൽ രാമചരിതം തമിഴ്ഗ്രന്ഥമാണെന്നു വ്യവഹരിക്കുന്ന തമിഴ്പണ്ഡിതന്മാർക്കും ആ മതത്തിൽ രാമചരിതത്തിലുണ്ടായേടത്തോളം വിപ്രതിപത്തിയുണ്ടാകില്ലെന്നു തോന്നുന്നുണ്ടെന്നു മാത്രം ചുരുക്കത്തിൽ പറയാം. രാമചരിതകാലത്തേയ്ക്കു ചോളപാണ്ഡ്യഭാഷയായ ചെന്തമിഴിന്നു പോലും പ്രയോഗവൈജാത്യംകൊണ്ടും മററും അത്രത്തോളം ഭേദം വന്നിട്ടുണ്ട്. തോൽകാപ്പിയകാരൻകൂടി—

‘ചെന്തമിഴ് നിലത്തു വഴക്കൊടു ചിവണി-
ത്തനൈച്ചൊൽലും വഴാമൈ യിചൈക്കും ചൊല്ലേ’

'ചെന്തമിഴ്ചേർന്ത പന്നിരു നിലത്തു-
ന്തൻകുറിപ്പിനവേ തിശൈച്ചൊൽ കിളവി'

ഇത്യാദി സൂത്രങ്ങളാൽ ചോളപാണ്ഡ്യനാട്ടുകൾ ചെന്തമിഴ്നാട്ടും മലനാട് കൊടുന്തമിഴ്നാട്ടുകളിലൊന്നുമാണെന്നു ദേശഭേദവും ഒന്നു ചെന്തമിഴ് ഭാഷയും മറ്റേതു കൊടുന്തമിഴ് ഭാഷകളിലൊന്നുമാണെന്നു ഭാഷാഭേദവും അക്കാലത്തു തന്നെ ഉണ്ടെന്നു കാണിച്ചിട്ടുള്ള സ്ഥിതിയ്ക്കും മലനാട്ടുഭാഷാപദങ്ങളെ ചെന്തമിഴിൽ തത്സമനിലയിൽഗണിച്ചിരിക്കുന്നസ്ഥിതിക്കും ഭാഷകളുടെ പിരിവു് അത്ര അടുത്ത കാലത്തൊന്നുമല്ലെന്നുതന്നെ വിചാരിക്കുന്നതാണല്ലൊ യുക്തം. അതുകൊണ്ടു തന്നെയാണു പ്രകൃതഗ്രന്ഥകാരനായ ആചാര്യൻ ഭാഷാഭേദവിചാരപ്രസ്താവത്തിൽ 'പാണ്ഡ്യഭാഷാലക്ഷണേത്തു ദിഗ്ഭാഷേതി ദിഗ്ഭാഷാ സദൃശഭാഷോച്യ[38]തേ ന തു സ്വയം ദിഗ്ഭാഷാ' എന്നു പറഞ്ഞിട്ടുള്ളതു്. അതിന്നും പറഞ്ഞ പരിഷ്കൃതകേരളപാണിനീയം ൩൪-ാംപുറത്തു് 'അതിനാൽ തമിഴിൽ വ്യാകരണം സ്ഥിരപ്പെട്ടുംമുമ്പുതന്നെ മലയാളം അതിൽനിന്നുഭിന്നിച്ചു്' ഇത്യാദിയായി പ്രസ്താവിച്ചിട്ടുള്ളതുംഈ സംഗതിക്കു സാധകമായിട്ടുണ്ടു്. പല അംശങ്ങളും തെളിവുകൊണ്ടും യുക്തികൊണ്ടും വെളിപ്പെടുത്തി വ്യവസ്ഥാപിക്കേണ്ടതാകയാൽ ഈ വിഷയവും ഇപ്പോൾ ഇത്രമാത്രം പറഞ്ഞവസാനിപ്പിക്കാനേ നിവൃത്തിയുള്ളു. ഇത്രയും പ്രസ്താവിച്ചതുകൊണ്ടു രാമചരിതം ഈ ലീലാതിലകഗ്രന്ഥത്തിനുശേഷമുണ്ടായതാണെന്നോ അതു മലയാളഭാഷ ലേശം പോലും കലരാത്ത ഒരു പാണ്ഡ്യഭാഷാഗ്രന്ഥമാണെന്നോ എനിക്കഭിപ്രായമുണ്ടെന്നു കരുതേണ്ടതില്ല. ലീലാതിലകകാരൻെറ മതപ്രകാരം പാട്ടിൽ ദ്രമിഡമാതൃകാവർണ്ണങ്ങളേ പാടുള്ളു എന്ന നിർബ്ബന്ധവും 'പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ' എന്നിങ്ങനെ ബഹുലമായി ആ ഗ്രന്ഥകാരൻ അനുവദിച്ചിട്ടുള്ള പാണ്ഡ്യഭാഷാസാരൂപ്യത്തിൻെറ അതിബാഹുല്യവും രാമചരിതത്തിൽ കാണുന്നുണ്ടെങ്കിലും പ്രകൃതഗ്രന്ഥത്തിനു മുമ്പോ പിമ്പോ അതുണ്ടായ കാലമെന്നു നിർണ്ണയിപ്പാൻ വേറെത്തന്നെ തെളിവു നോക്കേണ്ടതാണെന്നു മാത്രമേ ഉള്ളു. ഈ പ്രസക്താനുപ്രസക്തിയും തൽക്കാലം അങ്ങനെ നിൽക്കട്ടെ.

ഉണ്ണുനീലിസന്ദേശത്തിനു പിമ്പും നിരണം കവികൾക്കു മുമ്പുമാണെന്നു തീർച്ചപ്പെടുത്താവുന്ന പ്രകൃതഗ്രന്ഥത്തിൻെറ ഉൽപത്തികാലം കൊല്ലവർഷം ആറാംശതകത്തിലായിരിക്കണമെന്നു മുമ്പു കാണിച്ച സംഗതികളാൽ സിദ്ധമായിട്ടുണ്ടല്ലൊ. ആറാംശതകത്തിൽ തന്നെ മദ്ധ്യകാലത്തിനുശേഷമാണെന്നൂഹിപ്പാനും ചില സംഗതികൾ പ്രസ്തുത

38. തഞ്ജിമയിൽ ൯-ാംപുറം ൨൧, ൨൨, ൨൩ വരികൾ.

ഗ്രന്ഥത്തിൽ കാണുന്നുണ്ടു്. കേരളീയബ്രാഹ്മണരായ നമ്പൂതിരിമാരിൽ പന്നിയൂർ ഗ്രാമക്കാർ മുൻകാലങ്ങളിൽ വലിയ ആഭിജാത്യമുള്ളവരായിരുന്നുവെന്നു പ്രസിദ്ധമായിട്ടുള്ളതും വീരരാഘവചക്രവർത്തിയുടെ താമ്രശാസനം മുതലായ രേഖകളാൽ തെളിഞ്ഞിട്ടുള്ളതുമാണു്. ഗ്രാമജനങ്ങളുടെ ഇടയിലുണ്ടായ അന്തശ്ഛിദ്രം നിമിത്തം അവരിൽ ചിലരെല്ലാം കൂടി ഗ്രാമക്ഷേത്രം നശിപ്പിക്കയും ഗ്രാമപരദേവതയായ വരാഹമൂർത്തിയുടെ ബിംബം ചുട്ടുപൊട്ടിക്കയും ചെയ്തു. അതോടുകൂടി ആ കഠിനകർമ്മം ചെയ്തവരെ മററുള്ളവർ പതിതന്മാരാക്കിത്തള്ളി. ശേഷമുള്ളവർ ശുകപുരം മുതലായ മററു ഗ്രാമത്തോടു ചേർന്നു. യോഗഭ്രഷ്ടന്മാരായവർ പിന്നെ പല വിധത്തിലും ശ്രമിച്ചിട്ടും മററുള്ളവർ അവരെ സ്വീകരിച്ചില്ല. ഈ സംഗതി മദ്ധ്യകേരളത്തിലെല്ലാം വളരെ പ്രസിദ്ധമായിട്ടുള്ളതാണു്. പ്രസ്തുതഗ്രന്ഥത്തിൽ സംസ്കൃതീകൃതോദാഹരണമായിച്ചേർത്തിട്ടുള്ള—

'പൂപൂകിരേ പന്തലകത്തു ചൂകരാശ്ശു ചൂടിരേ മാല പറിച്ചൊരോത്തരേ
തതല്ലിരേ തമ്മിലതീവ ഘോരമായ് മമണ്ടിരേ കൊണ്ടുമണാട്ടിതന്നെയും'

എന്ന പദ്യം തങ്ങൾക്കു ഭ്രഷ്ടു കല്പിച്ചതിനെ വകവെക്കാതെ ആ പന്നിയൂർ ഗ്രാമക്കാർ മററുള്ളവരുടെ വൈദികകർമ്മങ്ങളിലും മററും കടന്നു പ്രവേശിച്ചതുനിമിത്തം ഉണ്ടായിത്തീർന്ന കോലാഹലങ്ങളെയാണു പ്രതിപാദിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. ഒരു സംഗതിയുംകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായിക്കാണുന്നു. മാലിക്കാഫരുടെ ആക്രമകാലം മുതൽ കേരളത്തിന്റെ അന്തഃപാലനത്തിനായി പാലക്കാട്ടു കാനത്തിലും മററും രക്ഷാസൈന്യം ഏർപ്പെടുത്തിയിരുന്ന സമ്പ്രദായം കുറെക്കാലത്തേയ്ക്കു വലിയ ഊർജ്ജിതത്തോടുകൂടി നടന്നിരുന്നതു് ഉദാസീനനിലയെ പ്രാപിച്ചതും പരദേശികൾ വീണ്ടും കേരളത്തിലേക്കു ധാരാളം പ്രവേശിച്ചു തുടങ്ങിയതും പന്നിയൂർ ഗ്രാമക്കാർ വരാഹമൂർത്തിയുടെ ബിംബം ചുട്ടുപൊട്ടിച്ചതും ഏകദേശം ഒരുകാലത്തായിരുന്നു. ആ വഴിക്കു കേരളത്തിലേക്കു പരദേശികളെ കൊണ്ടുവരണമെന്നുദ്ദേശിച്ചാണു മേൽപറഞ്ഞ ക്രൂരകർമ്മം അവർ ചെയ്തതെന്നു് ഒരു പ്രവാദവുമുണ്ടായിട്ടുണ്ടു്. അങ്ങനെയൊരു പ്രവാദമുണ്ടാകണമെങ്കിൽ ചുരുങ്ങിയതു രണ്ടു തലമുറകാലമെങ്കിലും[39] കേരളത്തിലേക്കു പരദേശികളുടെ വരവു് ഇല്ലാതെ കഴിഞ്ഞിരിക്കണം. ഇതെല്ലാംകൂടി നോക്കുമ്പോൾ ൬൱ാം ന ശേഷമായിരിക്കണം പ്രസ്തുതഗ്രന്ഥമുണ്ടായതെന്നു കരുതാവുന്നതാണു്. നാലാം ശില്പത്തിൽ വികാരാനുപ്രാസത്തിന്റെ ഉദാഹരണമായി—

39. ഒരു തലമുറക്കു ശരാശരി 30 വത്സരം വീതം.

'ഏതേനമൊന്നിന്നൊഴനെല്ലിനാൾപോൽ
മാതമ്മയിനാൾ വലിയമ്മ വീട്ടിൽ
ഇതോഴവന്നോരവമാന കൎമ്മം
നാമങ്ങളെല്ലാ മറിയാഞ്ഞവാറു് '

എന്നൊരു പദ്യം കാണിച്ചിട്ടുള്ളതിലെ 'മാതമ്മ' പദത്തിനു പ്രഭ്വി എന്നു മാത്രമേ അൎത്ഥമുള്ളൂ. ആദികാലങ്ങളിൽ മഹമ്മദീയപ്രഭു എന്ന അൎത്ഥത്തെ നിൎദ്ദേശിച്ചിരുന്നതും സാഹിബ്ബ് എന്ന പദത്തിന്റെ തത്ഭവമായ സായിപ്പ് എന്ന പദം പിൽക്കാലത്തു യൂറോപ്യന്മാരെക്കുറിക്കുന്നതായിത്തീൎന്നതുപോലെയാണു പ്രഭ്വി എന്നൎത്ഥമായിരുന്ന മാതമ്മ പദവും പിൽക്കാലത്തു യൂറോപ്യവനിതകളെ പ്രതിപാദിക്കുന്നതായിപ്പൎയ്യവസിച്ചിട്ടുള്ളതു്. അതിനാൽ ആ മാതമ്മ പദത്തിനു നവീനാൎത്ഥം കൊടുത്തു് അതടിസ്ഥാനമാക്കി ഇതിന്റെ കാലനിൎണ്ണയവിഷയത്തിൽ ക്ലേശിക്കേണ്ടതില്ല.

---

## ഗ്രന്ഥകാരൻ

ഈ വിശിഷ്ടഗ്രന്ഥം നിൎമ്മിച്ചു കേരളഭാഷയെ അനുഗ്രഹിച്ച ആ പ്രാചീനാചാൎയ്യന്റെ പേരോ മററു വിവരങ്ങളോ അറിവാൻ ഈ ഗ്രന്ഥംകൊണ്ടാകട്ടെ ഇതുവരെ കണ്ടുകിട്ടിയിട്ടുള്ള മററു ഗ്രന്ഥങ്ങൾകൊണ്ടാകട്ടെ യാതൊരു മാൎഗ്ഗവും കാണുന്നില്ല. തിരുവനന്തപുരം മുതൽ ഭാരതപ്പുഴവരെയുള്ള പ്രദേശങ്ങളിൽ പല ഭാഗങ്ങളും വിഷയങ്ങളായിട്ടുള്ള ഉദാഹരണപദ്യങ്ങളും പ്രസ്താവങ്ങളും ഇതിൽകാണുന്നുണ്ടു്. അവയിൽ അധികവും മദ്ധ്യകേരളത്തിൽ പെട്ടതായിട്ടാണിരിക്കുന്നതെന്നും മദ്ധ്യകേരളത്തിലെ ചില അപ്രധാനദേശങ്ങളെപ്പററിയും പ്രസ്താവിച്ചിട്ടുണ്ടെന്നും ഉള്ള സംഗതികളാൽ ഗ്രന്ഥകാരനായ ആചാൎയ്യൻ പക്ഷേ ആ വക പ്രദേശങ്ങളിലെങ്ങാനും ജീവിച്ചിരുന്നാളായിരിക്കാമെന്നു മാത്രം ഏകദേശമൊന്നൂഹിക്കാം. ഏതു നാട്ടിലുണ്ടായ പദ്യത്തിലും മററു നാട്ടുകാരനു പരിചയം സിദ്ധിക്കാവുന്നതുകൊണ്ടു് ആ ഊഹം തെററാണെന്നു് വരുവാനും വഴിയില്ലായ്കയില്ല. അതിന്നും പുറമെ പ്രഫസർ രാജരാജവൎമ്മകോയിത്തമ്പുരാൻ, എം. ഏ., തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈ ഗ്രന്ഥത്തിലെ സൂത്രകാരനും വൃത്തികാരനും രണ്ടാളായിരിപ്പാനേ തരമുള്ളൂ. പാട്ടിന്റെ ലക്ഷണം കാണിക്കുന്ന സൂത്രത്തെ 'അഥപാട്ടപി ഭാഷാസംസ്കൃതയോഗോഭവതീത്യാശങ്കായാം സൂത്രം' എന്നാണു മൂലത്തിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഈ അവതാരികയുടെ സമ്പ്രദായം തന്നെ സൂത്രകാരൻ മറെറാരാചാൎയ്യനാണെന്നു ധാ-

രാളം കാണിക്കുന്നുണ്ട്. എന്നാൽ ആ സൂത്രകാരനെപ്പററിയും ഒരു വിവരവും അറിവാൻ വഴി കാണുന്നില്ല.

---

വിഷയങ്ങൾ

ഇനി ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെക്കുറിച്ചാണു അല്പം പ്രസ്താവിക്കാനുള്ളതു്. ഒന്നാം ശില്പത്തിലെ പ്രധാനവിഷയം മണിപ്രവാളത്തിൻെറ ലക്ഷണവും വിഭാഗവുമാണെങ്കിലും പ്രസംഗവശാൽ മലയാളത്തിനു ചോളാദിഭാഷകളിൽ നിന്നുള്ള വൈജാത്യം യുക്തിയുക്തമായി പല വിധത്തിലും വ്യവസ്ഥാപിച്ചിട്ടുണ്ട്. ആവക സംഗതികളാണു് അതിലെ അധികഭാഗവും വ്യാപിച്ചിരിക്കുന്നതും. മണിപ്രവാളപദാൎത്ഥവിചാരത്തിൽ മണി എന്നതു സംസ്കൃതവും പ്രവാളമെന്നതു ഭാഷയുമാണെന്നുള്ള നവീനാശയപ്രകാരമല്ല പ്രാചീനമതമെന്നുള്ളതു വിശദമായി കാണിച്ചിരിക്കുന്നു. മണിപദം മാണിക്യാധ്യവസായം വഴിക്കു ഭാഷയെയും പ്രവാളപദം പ്രവാളാധ്യവസായം വഴിക്കു സംസ്കൃതത്തെയും ലക്ഷ്യപ്പെടുത്തിക്കൊണ്ടു മാണിക്യവും പവഴവും കലൎന്നു കോൎത്തിട്ടുള്ള മാലയിൽ വാസ്തവത്തിൽ രണ്ടു ജാതി രത്നങ്ങളാണുള്ളതെങ്കിലും വൎണ്ണസാമ്യം തുടങ്ങിയ ഗുണങ്ങളാൽ പ്രഥമദൃഷ്ടിയിൽ ആ ജാതിഭേദം തിരിച്ചറിയാത്തവിധം യോജിച്ചിരിക്കുന്നതുപോലെ ഭംഗിയിൽ ഇണങ്ങിച്ചേൎന്ന ഭാഷാസംസ്കൃതപദപരമ്പരയെയാണു മണിപ്രവാളശബ്ദം ഗ്രഹിപ്പിക്കുന്നതു്. ഭാഷാപദങ്ങളെപ്പോലെ മലയാളികളുടെയിടയിൽ അത്രത്തോളം പ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളായിരിക്കണം മണിപ്രവാളത്തിൽ യോജിച്ചിരിക്കുന്നതു്. ആ യോഗം സഹൃദയഹൃദയാവൎജ്ജകവുമായിരിക്കണം. ഇവയാണു ലക്ഷണാംശത്തിൽ പ്രധാനമായി നിഷ്കൎഷിച്ചിട്ടുള്ള വിഷയങ്ങൾ. ഭാഷയുടേയും രസത്തിൻേറയും പ്രാധാന്യാപ്രാധാന്യങ്ങളെ അടിസ്ഥാനമാക്കി ഉത്തമം, ഉത്തമകല്പം, മധ്യമം, മധ്യമകല്പം, അധമം എന്നിങ്ങനെ അഞ്ചുതരത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണു മണിപ്രവാളങ്ങളെ വിഭജിച്ചിട്ടുള്ളതു്. അതിൽ പ്രാധാന്യാംശത്തിൽ ഭാഷയേയും രസത്തേയും പ്രത്യേകം വികല്പിച്ചു് ഉത്തമകല്പത്തിനു രണ്ടും മധ്യമകല്പത്തിനു നാലും വക ഭേദങ്ങൾ വരുമെന്നും കൂടി കാണിച്ചു് എല്ലാംകൂടി ഒമ്പതുതരത്തിൽ വിഭജിച്ചിരിക്കുന്നുവെന്നേ ഉള്ളു. ഈ വിഭാഗരീതികൊണ്ടുതന്നെ മണിപ്രവാളമാൎഗ്ഗത്തിൽ രസശുദ്ധിയെക്കുറിച്ചും ഭാഷാശുദ്ധിയെക്കുറിച്ചും പ്രാചീനന്മാൎക്കു പ്രത്യേകം നിഷ്കൎഷയുണ്ടായിരുന്നുവെന്നു തെളിയുന്നുണ്ട്. മൂന്നു പാദങ്ങളും ഭാഷയാണെങ്കിലും നാലാം പാദം മുഴുവൻ സംസ്കൃതമായാൽ ആ പദ്യം ഭാഷാംശത്തിൽ ന്യൂനമായിത്തന്നെയിരിക്കുമെന്നു നാലാംപാദത്തിനു പ്ര

ത്യേകം ഒരു വിശേഷവുംകൂടി കാണിച്ചിട്ടുള്ളതു വിശേഷിച്ചും ഗ്രഹിക്കേണ്ട സൂക്ഷ്മവിഷയമാണ്. വിരാമത്തിൽ ഭാഷാപ്രതീതിക്കു കോട്ടം തട്ടിയാൽ അതുസൎവ്വത്ര വ്യാപിച്ചിരിക്കുന്നതായി തോന്നും. പടിക്കലെത്തിയപ്പോൾ കുടം ഉടഞ്ഞതുപോലെയുമിരിക്കും. ലക്ഷണസ്വഭാവമനുസരിച്ചുവരേണ്ടയോഗവും ചീത്തയായിപ്പോകും. ഇവയെല്ലാം ചുരുക്കത്തിൽ അതുകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. പാട്ടിന്റെ ലക്ഷണം അവതരിപ്പിച്ച രീതികൊണ്ട് അക്കാലത്തു സംസ്കൃതവൃത്തങ്ങളിൽ ഉണ്ടായിരുന്ന പദ്യങ്ങൾക്കു മാത്രമേ മണിപ്രവാളമെന്നു പറഞ്ഞിരുന്നുള്ളുവെന്നുള്ള ഒരു തത്വവും കാണാവുന്നതാണ്.

രണ്ടാം ശില്പത്തിൽ ഭാഷയുടെ നിരുക്തവും വകഭേദങ്ങളും വിവരിച്ചിട്ടുള്ളതു വളരെ ചുരുക്കത്തിലാണ്. എങ്കിലും ഭാഷീകൃതസംസ്കൃതം പോലെതന്നെ സംസ്കൃതീകൃതഭാഷയും അക്കാലത്തു സാധാരണമാണെന്നൂഹിക്കാൻ ആ പ്രകൃതം ധാരാളം മതിയാകുന്നുണ്ട്. ഇക്കാലത്ത് ആ വക പദങ്ങൾ കേവലം ഹാസ്യരസത്തിൽ മാത്രമായിട്ടാണല്ലൊ കണ്ടുവരുന്നത്. എന്നാൽ ചാക്കിയാന്മാരുടെ കൂടിയാട്ടത്തിന്റെ അഭിനയച്ചട്ടങ്ങൾ വിവരിക്കുന്ന 'ആട്ടപ്രകാരം' എന്ന അതിപ്രാചീനഗ്രന്ഥത്തിൽ ഈ വക പദങ്ങളുടെ പ്രയോഗം അധികവും ഹാസ്യത്തിൽ മാത്രമായിത്തന്നെയാണു കാണുന്നത്. അതുകൊണ്ട് ഇടക്കാലത്തായിരിക്കാം അതു സൎവ്വസാധാരണമായി പ്രയോഗിച്ചുതുടങ്ങിയതെന്നൂഹിപ്പാനും വഴിയില്ലെന്നില്ല. വ്യാകരണഭാഗത്തിൽ ലിംഗവചനവിഭക്തികളെപ്പററിപ്പറഞ്ഞിട്ടുള്ളതെല്ലാം കേവലം മാൎഗ്ഗദൎശകങ്ങളെന്ന നിലയിലേ വിചാരിക്കേണ്ടതുള്ളൂ. അതിനാൽ ആവക ഭാഗങ്ങളിൽ ഇനിയും ചില വിഷയങ്ങൾ പ്രസ്താവിക്കേണ്ടതായിക്കാണാവുന്നതാണ്. ക്രിയാപദങ്ങളുടെ കാൎയ്യമെല്ലാം അതിലും ചുരുക്കമായി ഒരു സൂത്രത്തിൽ കഴിച്ചുതീരെപ്പോരായ്മയായിയെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വൃത്തികൊണ്ടും വേണ്ടേടത്തോളം വിവരം ചുരുക്കത്തിൽപോലും ആ ഭാഗത്തു വിശദമായിട്ടില്ല.

മൂന്നാംശില്പത്തിലെ വിഷയമായ സന്ധിപ്രകരണം പ്രാചീനഭാഷാഗ്രന്ഥങ്ങളുമായി നമ്മെ പരിചയപ്പെടുത്തി എടപാടു നടത്തുന്നതിന് ഏററവും ഉപയുക്തമായ എളുപ്പവഴിയായിട്ടുള്ളതാണ്. കാററാളും, നീണാൾ മുതലായ പ്രാചീനപദങ്ങളിലടങ്ങിയ സന്ധികാൎയ്യങ്ങൾ അറിഞ്ഞാൽ ആ പദങ്ങളുടെ അൎത്ഥവും അറിഞ്ഞുകഴിഞ്ഞുവെന്നു നിശ്ചയമാണല്ലൊ. ഈ ഭാഗം വളരെ ചുരുക്കീട്ടില്ലെങ്കിലും പലകാൎയ്യങ്ങളും പ്രയോഗംനോക്കി അറിയേണ്ടതാണെന്ന് ഒടുവിൽ പ്രസ്താവിച്ച് ഉദാഹരിച്ചിട്ടുള്ളതിനാൽ അതും ഒരു മാൎഗ്ഗദൎശകമാണെന്നോ ആചാൎയ്യന് അഭിപ്രായമുള്ളു എന്നു തീൎച്ചപ്പെടുത്താം. എന്നുമാത്രമല്ല ചിററാ

ളും, നെട്ടക്കമുക തുടങ്ങിയ പദങ്ങളിൽ അടങ്ങിയ വാക്കുകൾ ചെറിയ, നെടിയ എന്നിവയാണെന്നും മററും കാണിച്ചിട്ടുള്ളതു പ്രഥമദൃഷ്ടിയിൽ മാത്രം ശരിയാണെന്നുള്ള ഒരു തോന്നലനുസരിച്ചാവാനേ വഴിയുള്ളൂ. വാസ്തവത്തിൽ ചിററ, നെട്ട എന്നവാക്കുകൾതന്നെയായിരിക്കണം അവയിലടങ്ങിട്ടുള്ളതു്. അതുപോലെതന്നേ സംവൃതസ്വരത്തിന്നു് അരമാത്രയാണെന്നും വ്യഞ്ജനത്തോടുചേരുമ്പോൾ രണ്ടുംകൂടി ഒരു മാത്രയായി ലഘുവായിത്തീരുമെന്നും മററും പറഞ്ഞിട്ടുള്ളതും പാണ്ഡ്യഭാഷാവ്യാകരണത്തിൽ കാണുന്നതനുസരിച്ചു് അങ്ങനെയൊന്നു പ്രസ്താവിച്ചതുമാത്രമായിരിക്കണം. അരമാത്രമാത്രമായ ഒരുച്ചാരണം വസ്തുസ്ഥിതി നോക്കുമ്പോൾ സംഭവിക്കുമോ എന്നോ വ്യഞ്ജനത്തോടു വിവൃതസ്വരം ചേരുമ്പോൾ ഒന്നരമാത്രയുണ്ടെന്നും സ്വീകരിക്കേണ്ടിവരുമെന്നോ ഉള്ള സംഗതികളിൽ അത്ര ശ്രദ്ധവെച്ചു നോക്കീട്ടുണ്ടായിരിക്കയില്ല. അതിനാലും മററുഭാഗങ്ങളിൽ നിഷ്കൃഷിച്ചിട്ടുള്ളതുപോലെ വ്യാകരണഭാഗത്തിൽ ആചാര്യൻ നിഷ്കൃഷിച്ചിട്ടില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഭാഷയുടെ ഗതി മാറിപ്പോകുംതോറും വ്യാകരണനിയമങ്ങളും മാറിമാറി വരുന്നതുകൊണ്ടു് എത്ര നിഷ്കൃഷിച്ചാലും പിൽകാലത്തു പിന്നെയും ഭേദപ്പെടുത്തേണ്ടിവരുമെന്നു കരുതിയായിരിക്കാം മാർഗ്ഗദർശനം മാത്രം മതിയെന്നുവെച്ചു ചുരുക്കത്തിൽകഴിച്ചിട്ടുള്ളതെന്നും വേണമെങ്കിൽ വിചാരിക്കാം.

നാലാം ശില്പമായ ദോഷപ്രകരണത്തിന്റെ രീതി മിക്കതും കാവ്യപ്രകാശം തുടങ്ങിയ സംസ്കൃതഗ്രന്ഥങ്ങളെ അനുസരിച്ചാണെങ്കിലും ഭാഷാസാഹിത്യത്തെപ്പററിയേടത്തോളം ആ അംശത്തിൽ വരുത്തേണ്ട ഭേദഗതികളും പരിഷ്കാരങ്ങളും നല്ലവണ്ണം നിഷ്കൃഷിച്ചു ചെയ്തിട്ടുണ്ടു്. ഭാഷാസാഹിത്യമാർഗ്ഗത്തിൽ പ്രവേശിക്കുന്നവർ ഈ ശില്പം പ്രത്യേകം മനസ്സിരുത്തി ഗ്രഹിക്കേണ്ടതാണെന്നു നിസ്സംശയം പറയാം.

൫-ം, ൬-ം, ൭-ം ശില്പങ്ങളിൽ ഗുണാലങ്കാരങ്ങൾ നിരൂപണം ചെയ്തിട്ടുള്ളതും മണിപ്രവാളത്തിന്നു വേണ്ടടത്തോളം ഭേദഗതി ചെയ്യാതെ കേവലം സംസ്കൃതന്യായങ്ങൾ മുഴുവനും ഭാഷയിൽ സ്വീകരിക്കുന്നതു ശരിയാകയില്ലെന്നു നല്ലവണ്ണം വ്യക്തമാക്കീട്ടുണ്ടു്. ഗുണങ്ങൾ പത്തുണ്ടെന്നുള്ള വാമനമതം ശരിയല്ലെന്നു യുക്തിപൂർവ്വം വ്യവസ്ഥാപിച്ച കാവ്യപ്രകാശകാരൻ മാധുര്യം, ഓജസ്സ്, പ്രസാദം ഇങ്ങനെ മൂന്നു ഗുണങ്ങളെ മാത്രമാണു സംസ്കൃതസാഹിത്യത്തിൽ സ്വീകരിച്ചിട്ടുള്ളതെങ്കിലും നമ്മുടെ ആചാര്യൻ അതിനെ അങ്ങനെതന്നെ അനുകരിക്കുകയല്ല ചെയ്തിട്ടുള്ളതു്. ഭാഷാസ്വഭാവമനുസരിച്ചു് ഓജസ്സിൽപെട്ട ശ്ലേഷത്തെ പ്രത്യേകം ഒരു ഗുണമായിത്തന്നെ ഗണിച്ചിരിക്കുന്നു. ശ്ലേഷഗുണത്തിന്റെ വിപരീതമായ ശൈഥില്യം വരുത്തുന്ന വർണ്ണങ്ങൾക്കുപോലും ഭാഷയിൽ കുറെ വ്യത്യാസമുണ്ടെന്നുള്ള സൂക്ഷ്മം വെളിപ്പെടുത്തിയിരിക്കുന്നു. അതു

പോലെതന്നെ മാത്രാഭേദമാണു സമത എന്നുള്ള വാമനമതം ഭാഷക്കും യോജിക്കില്ലെങ്കിലും സമതയെന്നു പേരിടാവുന്ന മറെറാരുഗുണം ഭാഷയിലുണ്ടെന്നു മനസ്സിലാക്കിത്തരികയും ചെയ്തിരിക്കുന്നു. മണിപ്രവാളമാർഗ്ഗത്തിൽ പാദാനുപ്രാസത്തെ നിയതങ്ങളായ ഗുണങ്ങളുടെ കൂട്ടത്തിലും പാദാനുപ്രാസത്തെ അനിയതാലങ്കാരകോടിയിലുമാണു ഗണിക്കേണ്ടതെന്നുള്ള ആചാര്യന്റെ അഭിപ്രായം ഭാഷാസാഹിത്യവിമർശകന്മാർ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ശബ്ദാർത്ഥാലങ്കാരങ്ങളിലും ചുരുക്കമായി ചില വിശേഷങ്ങൾ ഇതുപോലെ കാണിച്ചിട്ടില്ലായ്കയില്ല.

മണിപ്രവാളത്തിന്റെ സ്വരൂപവും ശരീരവും ദോഷഗുണങ്ങളും അലങ്കാരങ്ങളും വിവരിച്ചതിന്നുശേഷം ജീവനെപ്പററിപ്പറയുന്ന എട്ടാം ശില്പം വളരെച്ചുരുക്കത്തിൽ കഴിച്ചുകൂട്ടുകയാണു ചെയ്തിരിക്കുന്നതു്. ജീവിതമായ വ്യംഗ്യത്തിൽ വസ്ത്വലങ്കാരങ്ങളെ പേരിനുമാത്രം വിഭാഗത്തിലുൾപ്പെടുത്തി ഒരുദാഹരണത്താൽ അതിന്റെ വഴിയും ചൂണ്ടിക്കാണിച്ചു രസനിരൂപണത്തിലേക്കു കടന്നിരിക്കുന്നു. അതിവിസ്തൃതമായ ആ രസസമുദ്രത്തിലും പ്രധാനപ്പെട്ട സ്ഥലങ്ങൾ മാത്രം ഓരോന്നു നോക്കിക്കഴിയുന്നതോടുകൂടി ഗ്രന്ഥം അവസാനിപ്പിക്കയും ചെയ്തിരിക്കുന്നു.

തമിൾ, തെലുങ്ക്, കർണ്ണാടകം ഈ ഭാഷകൾക്ക് തോൽകാപ്പിയം, ആന്ധ്രചിന്താമണി, കർണ്ണാടകഭാഷാഭൂഷണം എന്നീഗ്രന്ഥങ്ങൾ ലഭിച്ചിട്ടുള്ളതുപോലെ കേരളഭാഷയ്ക്കും അതേരീതിയിൽ ലഭിച്ചിട്ടുള്ള പ്രസ്തുതഗ്രന്ഥത്തിൽ വിഷയങ്ങളെല്ലാം ആകപ്പാടെ ചുരുക്കമായിട്ടാണു പ്രസ്താവിച്ചിട്ടുള്ളതെങ്കിലും ഭാഷാസംബന്ധമായും സാഹിത്യസംബന്ധമായും ഗ്രന്ഥകാരൻ ഇതിലടക്കീട്ടുള്ള തത്വങ്ങളും ഗൂഢാശയങ്ങളും ചുരുക്കത്തിൽ വിവരിച്ചു കാണിപ്പാൻ സാധിക്കാത്തവിധത്തിലായിട്ടാണിരിക്കുന്നതു്. അനുവാദം എന്ന മട്ടിൽ ഒരു പരിഭാഷ ഉണ്ടാക്കുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ.

സൂത്രങ്ങളെ ഭാഷപ്പെടുത്തിയാൽ വൃത്തിക്കു പല കുഴപ്പങ്ങളും നേരിട്ടേക്കാമെന്നും ചുരുക്കുന്തോറും ക്ലിഷ്ടത കൂടിയേക്കുമെന്നും കരുതിയും മണിപ്രവാളശാസ്ത്രമാണല്ലോ എന്നു സമാധാനപ്പെട്ടും അതിന്നു തുനിയാഞ്ഞതാണ്. ഇതിലെ ഓരോ വിഷയങ്ങളെപ്പററിയും പല സംഗതികളും വിശദപ്പെടുത്തി ആശയം കുറെക്കൂടി വ്യക്തമാക്കേണ്ടതായിട്ടാണു ഗ്രന്ഥസ്വഭാവമിരിക്കുന്നതു്. അതുകൊണ്ടു് ഒരു പ്രാചീനഗ്രന്ഥത്തെ വേഷം മാത്രം ഒന്നു പകർത്തിക്കൊണ്ടു മഹാജനങ്ങളെ കാണിക്കുകയേ ഇപ്പോൾ ചെയ്യുന്നുള്ളു എന്നുള്ള സംഗതിയുംകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
20—6—92

എ. കൃഷ്ണപിഷാരടി.

# വിഷയക്രമം


| | ഭാഗം. |
|---|---|
| **1-ാംശില്പം.** | |
| മണിപ്രവാളലക്ഷണം | 1 |
| ലക്ഷണദോഷവിചാരം | 2 |
| ബഹുതരം മണിപ്രവാളങ്ങൾ | 13 |
| പാട്ടിന്റെ ലക്ഷണം | 16 |
| **2-ാംശില്പം** | |
| ഭാഷാവിഭാഗങ്ങൾ | 18 |
| ഭാഷയിലെ വർണ്ണാധിക്യം | 22 |
| ഭാഷീകരണപ്രകാരം | 25 |
| പ്രത്യയവിഭാഗങ്ങൾ | 26 |
| വിഭക്തിപ്രകരണം | ,, |
| ലിംഗപ്രകരണം | 28 |
| വചനപ്രകരണം | 29 |
| ക്രിയാപ്രകരണം | ,, |
| **3-ാംശില്പം.** | |
| സ്വരസന്ധി | 30 |
| സ്വരവ്യഞ്ജനസന്ധി | 33 |
| വ്യഞ്ജനസന്ധി | 34 |
| വിവിധസന്ധികൾ | 37 |
| **4-ാംശില്പം.** | |
| കാവ്യദോഷവിഭാഗം | 38 |
| അപശബ്ദനിരൂപണം | 39 |
| അവാചകം | 43 |
| കഷ്ടം | ,, |
| വ്യർത്ഥം | 44 |
| അനിഷ്ടം | ,, |
| ഗ്രാമ്യം | ,, |
| പുനരുക്തം | 45 |
| പരുഷം | ,, |
| വിസന്ധി | ,, |
| രീതിച്യുതം | 47 |
| ന്യൂനപദം | ,, |
| അസ്ഥാനപദം | 48 |
| ക്രമഭംഗം | ,, |
| യതിഭംഗം | ,, |
| വൃത്തഭംഗം | 49 |
| ദുർവ്വൃത്തം | ,, |
| സാമാന്യം | ,, |
| ദുഷ്ടാർത്ഥം | 50 |
| അസംഗതം | ,, |
| വികാരാന്തപ്രാസം | ,, |
| ദോഷങ്ങൾക്ക് ഗുണഭാവം | 52 |
| രസദോഷങ്ങൾ | 54 |
| മററു രസഭംഗനിമിത്തങ്ങൾ | 58 |
| **5-ാംശില്പം.** | |
| ഗുണനിരൂപണം | 60 |
| ശ്ലേഷലക്ഷണം | 61 |
| മാധുര്യലക്ഷണം | 62 |
| പ്രസാദലക്ഷണം | 63 |
| സമതാലക്ഷണം | 64 |
| പരിമളനിരാസം | ,, |
| **6-ാംശില്പം** | |
| അലങ്കാരസ്വരൂപം | 65 |
| അന്തപ്രാസം | ,, |
| മുഖാന്തപ്രാസങ്ങൾ | 66 |
| പാദാന്തപ്രാസം | ,, |
| വർണ്ണാന്തപ്രാസം | ,, |
| ലാടാന്തപ്രാസം | ,, |
| യമകം | 67 |
| ശ്ലേഷം | ,, |
| **7-ാംശില്പം.** | |
| ഉപമാപ്രകരണം | 68 |
| ഉപമേയോപമ | 72 |
| സ്മരണം | ,, |
| രൂപകം | ,, |
| സംശയം | 73 |
| ഭ്രാന്തി | ,, |
| അപഹ്നുതി | 74 |
| വ്യതിരേകം | 75 |
| ദീപകം | ,, |
| പ്രതിവസ്തൂപമ | 76 |
| ദൃഷ്ടാന്തം | 77 |
| ഉൽപ്രേക്ഷ | ,, |
| അതിശയോക്തി | 79 |
| അന്യാപദേശം | ,, |
| ക്രമം | ,, |

ആക്ഷേപം 80
പരിവൃത്തി ,,
ശ്ലേഷം ,,
സ്വഭാവോക്തി 81
ഹേതു ,,
അത്ഥാന്തരന്യാസം ,,
വിരോധം 82
വിഭാവന ,,
വിശേഷോക്തി ,,
അസംഗതി ,,
ഉദാത്തം 83
പരിസംഖ്യ ,,
അത്ഥാപത്തി ,,
മററലങ്കാരങ്ങളറിയേണ്ടവഴികൾ ,,
സങ്കരം 85


8-ാംശില്പം.


വ്യംഗ്യസ്വരൂപം 86
വ്യംഗ്യവിഭാഗം ,,
രസസ്വരൂപം ,,
രസവിഭാഗം ,,
വിഭാവാദിസ്വരൂപം 87
ശൃംഗാരലക്ഷണം ,,
ശൃംഗാരവിഭാഗം 88
സംഭോഗശൃംഗാരം ,,
വിപ്രലംഭം ,,
ഹാസ്യലക്ഷണം 90
വീരലക്ഷണം 91
അത്ഭുതലക്ഷണം ,,
ബീഭത്സലക്ഷണം ,,
ഭയാനകലക്ഷണം 92
രൌദ്രലക്ഷണം ,,
കരുണലക്ഷണം 93
ശാന്തലക്ഷണം ,,
രസങ്ങളുടെ പ്രാധാന്യതാരതമ്യം ,,

# ലീലാതിലകം

## പരിഭാഷ

ശ്രീ

വിണ്ണോരെണ്ണും കമരികൾ കണാ യെൻറു തിക്കിൻറവാറേ
മന്ദം വൃന്ദാവനതടതലേ നട്ടമാടിൻറ കോലം
മിന്നച്ചാർത്തിന്നിടയിലൊളി പൂണിൻറ വാർകൊണ്ടലായർ-
പ്പെണ്ണാൾ പുണ്യപ്പെരിമ പരമം ധാമമേ വെൽവുതാക.

### ഒന്നാംശില്പം

പാലോടു തുല്യരുചി മൌലിയിലുല്ലസിക്കും
ബാലേന്ദു മന്ദമൃദുലസ്മിതവെണ്ണിലാവു്
കോലിൻറ പൂർണ്ണകരുണാകലുദൃഷ്ടിവാചാ-
മൂലം തെളിഞ്ഞു മമ ചേതസി തോൻറവേണ്ടും.

സൂത്രം *ഭാഷാസംസ്കൃതയോഗോ മണിപ്രവാളം*

വൃത്തി — മണിപ്രവാളമെന്നാൽ ഭാഷാസംസ്കൃതയോഗം. സംസ്കൃത കാവ്യത്തിന്നെന്നപോലെ മണിപ്രവാളകാവ്യത്തിന്നും ശക്തിനിപുണതാഭ്യാസങ്ങളാണു നിമിത്തം. യശസ്സുമുതലായതു തന്നെയാണു പ്രയോജനം. സംസ്കൃതവും ഒരു ഭാഷയാകകൊണ്ടാണു ഭാഷായോഗം എന്നുമാത്രം ലക്ഷണം പറയാഞ്ഞതു്. ഭാഷകളുടെ യോഗം എന്നു പിരിച്ചു പറഞ്ഞാലും ഇന്ന ഭാഷകൾ എന്നു സിദ്ധിക്കുന്നില്ല. അതിനാൽ സംസ്കൃതപദം തന്നെ ചേർത്തുപറഞ്ഞു. ഭാഷ എന്നതിന്നു പ്രകൃതംകൊണ്ടു കേരളഭാഷയെന്നത്ഥം. 'ഭാഷാമിശ്രം പൊഴുതു് കഥയാമി' എന്നു മുതലായി ഈ അത്ഥത്തിൽ കേവലം ഭാഷാപദം പ്രയോഗിച്ചിട്ടുമുണ്ടു്. യോഗമെന്നാൽ സഹൃദയന്മാക്കു രുചിക്കത്തക്കവിധത്തിലുള്ള ചേച്ച്. നിയമേന ദോഷമില്ലാതെയും ഗുണമുണ്ടായും പ്രായേണ അലങ്കാരത്തോടുകൂടിയുമിരുന്നാലാണു് ആ വിധത്തിലുള്ള ചേച്ച്വരുന്നതു്. പദ്യത്തിൽ പാദങ്ങൾ തമ്മിലുള്ള ബന്ധവും നന്നായിരിക്കണം. ചെറിയ വാക്യങ്ങളിൽ ഈ ചേച്ച് സാഹചയ്യം കൊണ്ടറിയേണ്ടതാണു്. എങ്ങനെയെന്നാൽ—രസികജനങ്ങളുടെ മുമ്പിൽ

വെച്ച് ഗദ്യമായോ പദ്യമായോ രണ്ടും ഇടകലൎന്നോ വാക്ചാതുൎയ്യം പ്രകടിപ്പിക്കുന്ന കൂട്ടത്തിൽ 'ചന്ദനംകൊണ്ടോ' എന്നൊരു ചെറിയ വാക്യം പറഞ്ഞുവെന്നുവെക്കുക; എന്നാൽ പൂൎവ്വോത്തരവാക്യങ്ങളുടെ സാഹചൎയ്യം നിമിത്തം ആ ചെറിയ വാക്യവും സഹൃദയരഞ്ജകമായിത്തീരും. അതിനാൽ അതും മണിപ്രവാളമാകുന്നു. ഹാസ്യപ്രധാനങ്ങളായ വാക്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ട 'ആകിലാകർണ്യതാം, കിഞ്ചിൽ പുളികുരുമപ്പ്യയതി' എന്നും മററുമുള്ള വാക്യങ്ങളും ഇതുപോലെതന്നെ. ഈ വക ചെറിയ വാക്യങ്ങൾ ആദ്യമോ ഒടുവോ ആയി വരുന്നേടത്തു സഹൃദയരഞ്ജകമായ ഉത്തരവാക്യത്തിൻെറയോ പൂൎവ്വവാക്യത്തിൻെറയോ സാഹചൎയ്യം കൊണ്ട് അവ മണിപ്രവാളങ്ങളായിത്തീരുന്നു. മേൽപ്പറഞ്ഞ സാഹചൎയ്യം കൂടാതെ 'ചന്ദനം കൊണ്ടോ' എന്നു പറയുന്നതു കാൎയ്യം പറകയോ വൎത്തമാനം പറകയോ മറെറാരാൾ പറഞ്ഞതിനെ അനുകരിക്കയോ ആയിരിക്കും. അല്ലാതെ സഹൃദയരഞ്ജനം ഉദ്ദേശിച്ചാവില്ല. അവിടെ പുനരുക്തം, ഗ്രാമ്യം, ഇടക്കിടക്ക ചില ആംഗ്യം, മറെറാരാളോടു സംഭാഷണം മുതലായ ദോഷങ്ങളുണ്ടായിരിക്കയും ചെയ്യും. അതിനാൽ അവിടെയുള്ള ചേൎച്ച സഹൃദയരഞ്ജകമാകയില്ല; അതു മണിപ്രവാളവുമല്ല. ഇതുപോലെ ജനങ്ങൾ സാമാന്യമായി വ്യവഹരിക്കുന്ന (സാധാരണ സംസാരിക്കുന്ന) വാക്യങ്ങളും മണിപ്രവാളമായിത്തീരില്ല. അതുകൊണ്ട് ഈ ലക്ഷണം ശരിയായിട്ടുള്ളതാകുന്നു. വരട്ടേ! നമ്പ്യാന്മാർ കൂത്തിലും മററും 'തമിഴ്' എന്നു ചില കഥാപ്രബന്ധങ്ങൾ പറയാറുണ്ട്. അതിൽ ഭാഷാസംസ്കൃതയോഗം കാണുന്നു. ദോഷമില്ലാത്തതുകൊണ്ടും ഗുണാലങ്കാരങ്ങളുള്ളതുകൊണ്ടും മേൽപ്പറഞ്ഞവിധത്തിലുള്ള ചേൎച്ചയില്ലെന്നു പറവാനും തരമില്ല. ആ കഥാപ്രബന്ധങ്ങൾക്കു 'തമിഴ്' എന്നല്ലാതെ മണിപ്രവാളമെന്നു പറയാറില്ലല്ലോ. ശരിതന്നെ. ആവക പ്രബന്ധങ്ങളിൽ സംസ്കൃതവിഭക്ത്യന്തമായ സംസ്കൃതപദമില്ല. പ്രാതിപദികം മാത്രം സംസ്കൃതമായിട്ടുള്ള പദമേ ഉള്ളു. വിഭക്തി ഭാഷതന്നെയാണ്. സംസ്കൃതവിഭക്ത്യന്തമായ സംസ്കൃതപദത്തിൻെറ യോഗമാണ് മണിപ്രവാളലക്ഷണത്തിൽ ഉൾപ്പെട്ടിട്ടുള്ളതു്. വിഭക്തി ഭാഷയായാൽ ആ പദത്തെ ഭാഷാപദമായിത്തന്നെ വിചാരിക്കണം. കേൾക്കുമ്പോൾ തോന്നുന്നതും അങ്ങനെതന്നെയാണ്. അതുകൊണ്ടു തന്നെയാണു 'തമിഴ്' എന്നു പറഞ്ഞുവരുന്നതും. 'അഭിമന്യുവധം' മുതലായ ഭാഷാപ്രബന്ധങ്ങളെ മണിപ്രവാളമെന്നു പറയാറില്ലാത്തതിൻെറ കാരണവും ഇതുതന്നെയാണെന്നറിഞ്ഞുകൊൾക. നിൽക്കൂ! ആലത്തൂർമണിപ്രവാളം മുതലാ

യതിൽ രസികരഞ്ജകമായ ഭാഷാസംസ്കൃതയോഗമില്ലല്ലൊ. വ്യാധിചികിത്സകൻ പറയുന്നതിൽ ഏതൊരു രസമാണുള്ളതു്. മണിപ്രവാളമാകേണമെങ്കിൽ രസമുണ്ടായിരിക്കയും വേണമല്ലൊ. പറയാം—അങ്ങനെയില്ല. രസവും അലങ്കാരവും നിയമേന വേണമെന്നില്ല. 'ന്യൂനതോ ധമം' എന്ന ഉത്തരഗ്രന്ഥത്തിൽ അല്പമായിട്ടെങ്കിലും രസമുണ്ടായിരിക്കുമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു മണിപ്രവാളത്തിൽ രസം നിയതമാണെന്നു തോന്നുമെങ്കിലും അല്പമായ രസസ്പർശം ശ്രോതാക്കളെ രസിപ്പിക്കാൻ മതിയാകാത്തതുകൊണ്ടു രസമില്ലാത്തതിനേക്കാൾ അതിന്നു യാതൊരു വിശേഷവുമില്ല. അതുകൊണ്ടു രസാലങ്കാരങ്ങൾ മണിപ്രവാളത്തിൽ നിയതങ്ങളല്ല എന്നു തന്നെയാണു് സിദ്ധാന്തം. രസമുണ്ടായാലേ സഹൃദയന്മാൎക്കു രുചിക്കയുള്ളു എന്നില്ല. ദോഷമില്ലാതെയും ഗുണമുണ്ടായിട്ടും വന്നാൽ മതി. രസികന്മാൎക്കു രസമുണ്ടായാലേ രുചിക്കയുള്ളുവല്ലൊ. സഹൃദയനും രസികനും തമ്മിൽ എന്തു വ്യത്യാസമാണുള്ളതു്? എന്നുചോദിക്കുന്നുവെങ്കിൽ അതു പറയാം. രസികനു രസമുണ്ടായാലെന്നപോലെ സഹൃദയനു ദോഷമില്ലാതെയും ഗുണമുണ്ടായും ഇരുന്നാലും മനസ്സന്തോഷമുണ്ടാകും. അതു തന്നെ ഭേദം. ഈ സംഗതി ഇങ്ങനെ ഇരിക്കട്ടെ. ഭാഷാസംസ്കൃതയോഗത്തിന്നു രണ്ടുതരം പദങ്ങളും ഉണ്ടായിരിക്കണം. അങ്ങനെയുള്ള വാക്യത്തിന്നു മണിപ്രവാളമെന്ന പേർ സാദ്ധ്യവസാനലക്ഷണകൊണ്ടാണു്. മണി എന്നു ഭാഷയേയും പ്രവാളമെന്നു സംസ്കൃതത്തേയും അധ്യവസാനം ചെയ്യുന്നു. "തമിൾ മണി സംസ്കൃതം പവഴം കോക്കിൻറ വൃത്തമാനചെന്തൃമ്മേൽ" എന്നു് അതിന്നു പ്രമാണവും ഉണ്ടു്.

'തമിൾ സംസ്കൃതമെൻവുള്ള സുമനസ്സുകൾ കൊണ്ടൊരു
ഇണ്ടമാലതൊടുക്കുന്നോൻ പുണ്ഡരീകാക്ഷ പൂജയാ'
'സംസ്കൃതമായിന ചെങ്ങഴിനീരും നററമിഴായിന പിച്ചകമലരും
ഏകകലന്നു കരമ്പകമാലാം വൃത്തമനോജ്ഞാം ഗ്രഥയിഷ്യേതഃ'

എന്നു തുടങ്ങിയ പദ്യങ്ങൾ മണിപ്രവാളമെന്ന പേരിന്നു ചേന്നതല്ല. മണിപ്രവാളത്തിന്നു മാലയെന്നു കൂടി പേരില്ല. സാദൃശ്യമൂലകമായ ലക്ഷണകൊണ്ടു കല്പിക്കുക മാത്രമാണു് ഈ പദ്യങ്ങളിൽ ചെയ്തിട്ടുള്ളതു്. മണിപ്രവാളമെന്ന പേരാകട്ടെ സാദൃശ്യമൂലകലക്ഷണയും രൂഢിശക്തിയും ചേന്നിട്ടുള്ളതാണു്. 'തമിൾമണി' എന്ന പ്രമാണത്തിലേ തമിൾ എന്നതിന്നു കേരളഭാഷ മാത്രമാണൎത്ഥം. ചോളാദിഭാഷകളെ ഗ്രഹിക്കേണ്ടതില്ല. കേരളന്മാർ ദ്രമിഡന്മാരിൽ പെട്ട

വരാകയാൽ ദ്രമിഡശബ്ദത്തിൻെറ അപഭ്രംശമായി തമിഠം എന്നു കേരളഭാഷയ്ക്കു പറഞ്ഞുവരാറുണ്ട്. ചോളന്മാർ, കേരളന്മാർ, പാണ്ടിക്കാർ ഇവരെല്ലാം ദ്രമിഡന്മാരാകയാൽ എല്ലാ ഭാഷകഠംക്കും പൊതുവായിട്ടുള്ള പേരാണു തമിഴെന്നും പറയാം. ആ പക്ഷത്തിൽ സാമാന്യവാചകമായ തമിഠം പദത്തിനു പ്രകൃതത്തിൽ കേരളഭാഷ എന്ന വിശേഷാത്ഥത്തിൽ ലക്ഷണയാണ്. കണ്ണാടകരും തെലുങ്കരും കൂടി ദ്രമിഡരാണെന്നു ചിലർ പറയുന്നുണ്ട്. കണ്ണാടവും തെലുങ്കും ദ്രമിഡവേദത്തിൽ നിന്നു വ്യത്യാസപ്പെട്ട ഭാഷയാകയാൽ അവർ ദ്രമിഡരല്ലെന്നാണെൻെറ പക്ഷം. ദ്രമിഡവേദമെന്നതു ചോളന്മാർ കേമമായി പുകഠത്തിവരുന്ന ഒരു ഭാഷാപ്രബന്ധമാണ്.

'സഹസ്രശാഖാം യോദ്രാക്ഷീൽ ദ്രാമിഡീംബ്രഹ്മസമ്മിതാം
ശഠകോപമുനിം വന്ദേ ശഠാനാം ബുദ്ധിദൂഷകം'

എന്നൊക്കെ പുകഠത്തുന്നതു് അതിനെത്തന്നെയാണ്. അതിനു പുറമെ ദ്രമിഡസംഘാതമല്ല കണ്ണാടരും തെലുങ്കരും പഠിച്ചുവരുന്നതെന്നും ഒരു യുക്തി പറയാം. ദ്രമിഡസംഘാതമെന്നാൽ ദ്രമിഡഭാഷയിലെ മാതൃകാവണ്ണങ്ങളാണല്ലൊ. ആ മാതൃകാവണ്ണങ്ങഠം സംസ്കൃതത്തിലെ വണ്ണങ്ങളിൽ വഗ്ഗമദ്ധ്യങ്ങളിലുള്ള മുമ്മൂന്നും ശഷസഹങ്ങളും ളൂ, ഞ വണ്ണങ്ങളും വിസഗ്ഗവും ഒഴികെ ശേഷമുള്ളവയും ഹ്രസ്വങ്ങളായ എ, ഒ ഇതുകളും റകാരവും ഴകാരവുമാണ്. ഏതായാലും ഭാഷയും സംസ്കൃതവും കൂട്ടിക്കലത്തിപ്പറയുന്നതായ ഈ മണിപ്രവാളസമ്പ്രദായം കൊള്ളരുതാത്ത ഒന്നാണെന്നു വിചാരിക്കേണ്ട.

'നാത്യന്തം സംസ്കൃതേനൈവ നാത്യന്തം ദേശഭാഷയാ
കഥാഃഗോഷ്ഠീഷു കഥയൻ ലോകേ ബഹുമതോ ഭവേൽ'

എന്നും മററും പ്രസിദ്ധവും അനുഭവപ്പെട്ടതുമാണ്. മണിപ്രവാളത്തിലെ സംസ്കൃതം ഭാഷപോലെ തന്നെ പ്രസിദ്ധവും സുകുമാരവുമായിരിക്കണം. ഭാഷാപദവും പ്രായേണ പാമരന്മാരിൽ കൂടി സാധാരണമായിട്ടുള്ളതാവണം. എന്നാലേ മേൽപ്പറഞ്ഞ ചേച്ച്യുണ്ടാകയുള്ളു. അങ്ങനെ ചേന്നാലുള്ള സൌഷ്ഠവം കാണിക്കുന്നതിന്നാണ് മണിപ്രവാളമെന്നു പേരിട്ടിരിക്കുന്നതു്. മാണിക്യവും പവഴവും ശരിയായ ചരടിൽ ഇടകലന്നു കോത്താൽ രണ്ടിനും ഒരേ ജാതി നിറമാകകൊണ്ടു വേർതിരിച്ചറിവാൻ കഴിയാത്ത വിധം ഒന്നായിത്തന്നെ തോന്നുന്നു. മാണിക്യവും മുത്തുമോ പവഴവും നീലവുമോ ഇടകലന്നു കോത്താൽ അപ്രകാരം തോന്നുന്നില്ല. ഭാഷാസംസ്കൃതങ്ങളുടെ ചേച്ചും മാണിക്യപവഴങ്ങഠം ചേന്നതുപോലെ ഒരു വ്യത്യാസവും തോ

ന്നാത്ത മട്ടായിരിക്കണം. അങ്ങനെ ഒരേ മാതിരിയിലുള്ള പദങ്ങൾ ചേൎന്നുണ്ടായ ഗ്രന്ഥം സംസ്കൃതഗ്രന്ഥമായിട്ടല്ല, ഭാഷാഗ്രന്ഥമായിട്ടാണു തോന്നുന്നതും യുക്തിക്കു യോജിക്കുന്നതും.

ഈ സംഗതി അങ്ങനെ ഇരിക്കട്ടെ; പദബന്ധത്തിന്റെ ഗുണം വൎണ്ണിക്കുമ്പോൾ പറയാം. ലക്ഷണത്തെപ്പററിത്തന്നെ ചിലതുംകൂടി ആലോചിപ്പാനുണ്ട്. 'ഭാഷാ' എന്നതിന്നു കേരളഭാഷ മാത്രമാണു് അൎത്ഥം; മറെറാരു ഭാഷയുമല്ല. ആ കേരളഭാഷ തന്നെ സംസ്കൃതം ഒഴിച്ചു മറെറാരു ഭാഷയോടു യോജിക്കുന്നതുമല്ല. അപ്പോൾ മണിപ്രവാളമെന്നാൽ കേരളഭാഷാസംസ്കൃതയോഗം എന്നാണല്ലോ വന്നുകൂടിയതു്. ഈ ലക്ഷണം ശരിയാണെന്നു തോന്നുന്നില്ല. മണിപ്രവാളത്തിൽ ചോളഭാഷയും ഉണ്ടു്. കൂന്തൽ, കുഴൽ, കൊങ്ക മുതലായ പദങ്ങൾ അതിൽ കാണുന്നു. അതെല്ലാം ചോളഭാഷാപദങ്ങളാണല്ലോ. കൊള്ളാം. എന്തിനാണിത്ര ചുരുക്കമായി പറഞ്ഞതു്? മല, തല, കാല്, കല്ല്, പൊൻ, തേൻ, വിള, തള, തിന, പന മുതലായി എത്രയോ ചോളഭാഷാപദങ്ങൾ കാണുന്നുവെന്നു പറയാമല്ലോ. കാണുന്നുണ്ടു്; അതുകൊണ്ടു വലിയ അസംഗതിതന്നെ വന്നുകൂടുന്നു എന്നാണെങ്കിൽ കൎണ്ണാടകഭാഷയും കാണുന്നുണ്ടെന്നും പറഞ്ഞുകൊള്ളൂ. ആന, ആള്, അല്ല, ഇല്ല, ആട്, എലി മുതലായതു കൎണ്ണാടവാക്കുകളല്ലേ ? ഉടല് തുടങ്ങിയ തെലുങ്കുഭാഷയും ഉണ്ടെന്നു് എന്തുകൊണ്ടു പറഞ്ഞില്ല. അതുകൊണ്ടു വലിയ അസംഗതിയാണെന്നും പറയാമല്ലോ. നേരേ മറിച്ചു് ചോളഭാഷയിലും കൎണ്ണാടത്തിലും തെലുങ്കിലും കേരളഭാഷാശബ്ദങ്ങളാണുള്ളതെന്നു് എന്തുകൊണ്ടു പറഞ്ഞുകൂടാ. അതുപോലെ കൎണ്ണാടഭാഷയിലും ആ ഭാഷയിലെ ഗ്രന്ഥങ്ങളിലും ചോളഭാഷയുണ്ടെന്നു് എന്തേ പറയാഞ്ഞതു്? ചോളഭാഷയിലും കൎണ്ണാടത്തിലും കേരളഭാഷയുണ്ടെന്നും പറയൂ. പോരാ, സംസ്കൃതത്തിൽ പ്രാകൃതമുണ്ടെന്നും, മണി, രാമ, വിരഹ, മോഹാദി സംസ്കൃതശബ്ദങ്ങൾ പ്രാകൃതത്തിലുണ്ടെന്നും പറയാവുന്നതാണു്. സംസ്കൃതകാവ്യമായ രഘുവംശം മുതലായതിൽ ചോളഭാഷയുണ്ടെന്നും പറയാതിരിക്കേണ്ട. കല്പന, കാമ, കനക, കള, വനിതാദിയായ ചോളശബ്ദങ്ങൾ ആ കാവ്യത്തിലുണ്ടല്ലോ. പ്രാകൃതകാവ്യത്തിലും അരവിന്ദ, മകരന്ദ, തരംഗ, കങ്കാദി ചോളപദങ്ങളില്ലായ്കയില്ല. ഈ മട്ടിനു ക്ണപ്തമായ ഒരു നാട്ടുഭാഷയും ക്ണപ്തമായ ഒരു ഭാഷാഗ്രന്ഥവും എന്നല്ല ക്ണപ്തമായൊരു നാട്ടുതന്നെയും ഇല്ലെന്നു വരും. സംസ്കൃതം അപശബ്ദമായിട്ടും അപശബ്ദം സംസ്കൃതമായിട്ടും വരും. നല്ല ശരിയായ ന്യായം തന്നെ; എയ് പണ്ഡിതരെ! മണിപ്രവാളമാൎഗ്ഗത്തിൽ തന്റെ ഈ

പുറപ്പാട് അത്ര ശരിയായി തോന്നുന്നില്ല. മനസ്സിലാക്കു! ഈ ഭാഷാശബ്ദങ്ങൾക്കൊക്കെയും ക്ഌപ്തതയുണ്ട്. സംസ്കൃതാദി ശബ്ദങ്ങൾക്കുമുണ്ട്. ഒരു നാട്ടുകാരിൽപെട്ട ചില ആളുകൾ മററു നാട്ടുകാരോടു തുല്യന്മാരാകുന്നതുപോലെ ഒരു ഭാഷയിലെ ചില പദങ്ങൾ മററു ഭാഷയിലെ പദങ്ങളോടു തുല്യങ്ങളായിത്തീരുന്നുവെന്നേ ഉള്ളൂ. ആ പദങ്ങൾ വാസ്തവത്തിൽ മററു ഭാഷയിലെ പദങ്ങൾ തന്നെയാണെന്നു വിചാരിക്കരുത്. തത്തുല്യങ്ങളാണെന്നേ വിചാരിക്കാവൂ. അതാണു ശരിയായിട്ടുള്ളത്. മറിച്ചാണെങ്കിൽ പശുവിൻെറ സാദൃശ്യം മാത്രമുള്ള ഗവയമൃഗത്തെയോ ദേവദത്തനെയോ കണ്ടാൽ കറപ്പാനും മററും തുടങ്ങേണ്ടിവരും. അതിനാൽ ക്രന്തൽ മുതലായ വാക്കുകൾ ചോളഭാഷാതുല്യങ്ങളെന്നല്ലാതെ ചോളഭാഷകളല്ല. അതുപോലെ ഉടൽ മുതലായതു തെലുങ്കുഭാഷയോടും നാളെ, ഇല്ല മുതലായതു കർണ്ണാടഭാഷയോടും തുല്യങ്ങൾ മാത്രമാണ്. ഇവിടെ വേറെയും ചിലതു പറയാനുണ്ട്. ഈ വിധം സാദൃശ്യമുള്ളതുകൊണ്ടു ചോളഭാഷയാണോ എന്നു സംശയിക്കുകയല്ലാതെ അതു തന്നെയാണെന്നു തീർച്ചയാക്കിയതെന്തുകൊണ്ടാണ്? കേരളന്മാർ സാധാരണ വ്യവഹരിക്കാറില്ലാത്തതുകൊണ്ടാണെങ്കിൽ അതുകൊണ്ടു ചോളഭാഷയാവണമെന്നുണ്ടോ? കർണ്ണാടഭാഷയായിക്കൂടേ? തെലുങ്കാവാനെന്തു വിരോധം? ഏതായാലും മണിപ്രവാളത്തിൽ കേരളഭാഷയല്ലാത്തൊരു ഭാഷയുണ്ടല്ലോ എന്നു മാത്രമാണ് അതിൻെറ സാരം എന്നു പറയുന്നതു നിസ്സാരമാണ്. ഇന്ന ഭാഷയുണ്ടെന്നു പറഞ്ഞാലെ വിലവെക്കുള്ളൂ. അതുമാത്രമല്ല കേരളന്മാർ സാധാരണ വ്യവഹരിക്കാറില്ലെന്നല്ലേ പറഞ്ഞത്. വിശേഷവ്യവഹാരത്തിലുണ്ടായാൽ പോരേ? വിശേഷവ്യവഹാരം വ്യവഹാരമല്ലെന്നുണ്ടോ? മണിപ്രവാളം കേരളന്മാരുടെ വ്യവഹാരമാണ്. അതിൽ ക്രന്തൽ മുതലായ വാക്കുകൾ കാണുന്നതുമുണ്ട്. സാധാരണ വ്യവഹാരത്തിൽ കാണാത്തതുകൊണ്ട് എന്നു പറഞ്ഞതിന്നു വിശേഷവ്യവഹാരത്തിൽ കാണുന്നതെല്ലാം ചോളവാക്കാണെന്നോ താൽപര്യം, അതോ ക്രന്തൽ മുതലായ ചിലതുമാത്രം ചോളവാക്കാണെന്നോ? ആദ്യം പറഞ്ഞ വിധമാണെങ്കിൽ അതു ശരിയല്ല. മണിപ്രവാളത്തിൽ ചോളഭാഷയും ഉണ്ട് എന്നല്ലേ പറഞ്ഞത്. അതുകൊണ്ടു മററു ഭാഷകളുമുണ്ടെന്നായല്ലോ. രണ്ടാമത്തെ പക്ഷത്തിൽ മുമ്പു പറഞ്ഞതു തന്നെ സമാധാനം. മണിപ്രവാളത്തിൽ ക്രന്തൽ മുതലായ ചോളഭാഷയുണ്ടെന്നു പറഞ്ഞുവല്ലോ. ചോളന്മാരുടെ സാധാരണ വ്യവഹാരത്തിൽ ക്രന്തൽ മുതലായ വാക്കുകൾ കാണുകകൊണ്ടാണോ അവയെല്ലാം ചോളഭാഷയാണെന്നു തീർച്ചയാക്കിയത്? കേ

ളന്മാരുടെ വിശേഷ വ്യവഹാരത്തിൽ കാണുന്നതുകൊണ്ട് കേരളഭാഷയാണെന്നു തീൎച്ചയാക്കരുതേ? വിശേഷവ്യവഹാരം സാരമില്ല എന്നാണെങ്കിൽ ആട്, മകൾ, നാൾ മുതലായ ചോളവാക്കുകൾ ചോളഭാഷയല്ലെന്നുവരും; കേരളാദിഭാഷകളുമാവില്ല. ചോളരുടേയും പാണ്ഡ്യരുടേയുംമററും വിശേഷവ്യവഹാരമായ'പത്തുപ്പാട്ട്, എട്ടുത്തൊകൈ' മുതലായ ഗ്രന്ഥങ്ങളിലേ ആവക വാക്കുകൾ കാണുന്നുള്ളു. സാധാരണ വ്യവഹാരങ്ങളിലില്ല. ആട് മുതലായ വാക്കുകൾ ചോളരുടേയും പാണ്ഡ്യരുടേയും ഭാഷാനിഘണ്ഡുക്കളിൽ കാണുന്നുണ്ട്; അതുകൊണ്ടാണ് ആവക ഭാഷകളാണെന്നു തീൎച്ചയാക്കിയത് എന്നാണെങ്കിൽ നില്ക്കൂ! വാസ്തവം പറയാം. പാണ്ഡ്യർ മുതലായവരുടെ സാധാരണ വ്യവഹാരങ്ങളിൽ ഇല്ലാതെ വിശേഷ വ്യവഹാരത്തിൽ മാത്രം കാണുന്ന വാക്കുകൾ ആ ഭാഷയാണെന്നു നിശ്ചയിക്കാം. അതിലേക്കു നിഘണ്ഡുക്കളും മററും ഉണ്ടായാലും വേണ്ടില്ല ഇല്ലെങ്കിലും വേണ്ടില്ല. അതുകൊണ്ടൊരു കാൎയ്യവുമില്ല. പ്രയോഗം അനുസരിച്ചാണു നിഘണ്ഡു ഉണ്ടാക്കുന്നത്. വിശേഷവ്യവഹാരത്തിൽ പ്രയോഗിക്കകൊണ്ട് ആ ഭാഷയെന്നു നിശ്ചയിക്കാവുന്നതിനാൽ ആ വ്യവഹാരം സാരമില്ലാത്തതായിത്തീരുന്നതല്ല. ആട് മുതലായ വാക്കുകൾ പ്രബന്ധത്തിൽ മാത്രമേ കാണുന്നുള്ളു എങ്കിലും അവ ചോളാദിഭാഷകളാണെന്നതിലേക്ക് ആ ഭാഷാനിഘണ്ഡുക്കൾ പ്രമാണമാകുന്നു. മണിപ്രവാളത്തിൽ കാണുന്ന ക്രുന്തൽ മുതലായതു കേരളഭാഷയാണെന്നതിലേക്കു കേരളഭാഷയിൽ ഒരു നിഘണ്ഡുവും ഇല്ലല്ലോ എന്നാണെങ്കിൽ കാല്, കല്ല്, പുലി, മല മുതലായ പദങ്ങൾക്കും കേരളഭാഷയിൽ ഒരു നിഘണ്ഡുവുമില്ല. പാണ്ഡ്യഭാഷാനിഘണ്ഡുവിൽ ഈ വാക്കുകൾ കാണുന്നതുമുണ്ട്. അതുകൊണ്ട് അവയും കേരളഭാഷയല്ലെന്നാവും. എന്നാൽ അതും പാണ്ഡ്യചോളഭാഷകൾതന്നെയായിക്കോട്ടേ. കേരളഭാഷയാണെന്നു തോന്നുന്നതു സാധാരണ വ്യവഹാരത്തിൽ കാണുന്നതുകൊണ്ടാണ് എന്നാണെങ്കിൽ സാധാരണ വ്യവഹാരമെന്നോ വിശേഷവ്യവഹാരമെന്നോ വ്യവഹാരത്തിന്നൊരു വിശേഷണം ഉള്ളതുകൊണ്ടു കാൎയ്യമില്ലെന്നു പറഞ്ഞില്ലേ? അതിനാൽ വ്യവഹാരത്തിൽ കാണുന്നതുകൊണ്ടു ക്രുന്തൽ മുതലായതും കേരളഭാഷയാണെന്നുതന്നെ തോന്നുന്നതാണ്. എന്നുതന്നെയല്ല വ്യവഹാരമില്ലാതെ നിഘണ്ഡുവിൽ കാണുകമാത്രം കൊണ്ട് അതാതു ഭാഷയാണെന്നു തീൎച്ചപ്പെടുത്തുന്നതു എന്തു ന്യായമാണ്? കൎണ്ണാടഭാഷയോ തെലുങ്കുഭാഷയോ അതിലേ നിഘണ്ഡുകൊണ്ടാണോ നിശ്ചയിക്കുന്നത്? അതിലും നിഘണ്ഡുവി

ല്ലല്ലൊ. ആ ഭാഷകളും വ്യവഹാരം വഴിയായിത്തന്നെ അറിയുന്നു. വ്യവഹാരം സാധാരണമോ വിശേഷമോ ഏതെങ്കിലുമാവട്ടെ. അതിൽ കണ്ടാൽ ആ ഭാഷയെന്നു നിശ്ചയിക്കാം. ഇരിക്കട്ടേ! എന്നാലും ക്രുന്തൽശബ്ദം ചോളഭാഷയിൽ വ്യവഹരിച്ചുകാണുന്നതുകൊണ്ടു ചോളഭാഷയെന്നും പറയാമല്ലോ എന്നാണെങ്കിൽ കേരളഭാഷയിൽ വ്യവഹരിച്ചുകാണുന്നതുകൊണ്ടു കേരളഭാഷയെന്നും പറയാമല്ലോ. അപ്പോൾ സാഹചര്യം കൊണ്ടാണു തീർച്ചയാക്കേണ്ടതു് എന്നുവരുന്നു. എങ്ങനെയെന്നാൽ—

'കുളിച്ചു ക്രുന്തൽപ്പുറയും തുവത്തിക്കുളുക്ക നോക്കിപ്പുനരെമ്മളാരെ
ഒരുത്തിപോനാളധുനാമണന്മേലവൾക്കുപോലങ്ങിനിയെങ്ങൾചേതഃ'

ഇവിടെ 'അങ്കിനിയെങ്കൾചേതഃ' എന്നായാൽ ക്രുന്തൽശബ്ദം ചോളഭാഷയെന്നും 'അങ്ങിനിയെങ്ങൾ ചേതഃ' എന്നായാൽ അതു് കേരളഭാഷയെന്നും നിശ്ചയിക്കാം. സാഹചര്യമില്ലെങ്കിലും ഇതറിയാവുന്നതാണ്.

"അതല്ലറിഞ്ഞേനണിവാനനംഗൻ മടിഞ്ഞുവെച്ചോരുകുറുഞ്ഞിമാല"

എന്ന മണിപ്രവാളം "അതല്ലറിന്തേനണിവാനനങ്കൻ മടിഞ്ചു വൈത്തോരു കുറിഞ്ചിമാലൈ" എന്നു ചൊല്ലുന്നപക്ഷം പ്രകൃതശ്ലോകത്തിലേ ക്രുന്തൽശബ്ദം ചോളഭാഷയാണെന്നും മണിപ്രവാളത്തിൽ ചോളഭാഷയുണ്ടെന്നും തീർച്ചപ്പെടുത്താം. മറിച്ചാണെങ്കിൽ അതു കേരളഭാഷയേ ആവുള്ളൂ. താനോ തന്നേപ്പോലെയുള്ള മററൊരുവനോ ഉണ്ടാക്കിയ ഒരു ശ്ലോകത്തിൽ രണ്ടും ഉണ്ടെന്നു കാണിക്കുകയാണെങ്കിൽ അതു് 'അപ്പം തുപ്പം പതവിയപഴം' എന്നെല്ലാം ഉള്ളതുപോലെ രണ്ടുംകൂടിയ ഒരു മിശ്രശ്ലോകമല്ലാതെ മണിപ്രവാളമാവില്ല. മണിപ്രവാളത്തിൽ കേരളഭാഷാസംസ്കൃതങ്ങൾ മാത്രമേയുള്ളൂ. മറിച്ചായാൽ മണിപ്രവാളമെന്നു തോന്നാത്ത പലതും മണിപ്രവാളത്തിലുൾപ്പെടേണ്ടിവരും. വരട്ടെ! ചോളഭാഷയും സംസ്കൃതവും കൂടിച്ചേർന്നിട്ടും മണിപ്രവാളമുണ്ടാകാം. കണ്ണാടഭാഷയും സംസ്കൃതവും ചേർന്നിട്ടുമുണ്ടാകാം. ഇങ്ങനെ ഏതു ഭാഷയോടും സംസ്കൃതം ചേർന്നു മണിപ്രവാളമുണ്ടാകാമെന്നിരിക്കെ മണിപ്രവാളത്തിൽ ചോളഭാഷയില്ലെന്നു പറഞ്ഞതെങ്ങനെ? ശരിതന്നെ. പറയാം. ചോളാദിഭാഷകളോടു സംസ്കൃതം ചേരുന്നുണ്ടു്. അപ്രകാരമുള്ള ഭാഷാകാവ്യം, മുക്തകം, പ്രബന്ധം മുതലായതു് അതാതു നാട്ടിൽ നടപ്പുമുണ്ടു്. പക്ഷേ അവയ്ക്കു 'പത്തുപ്പാട്ടു്' എന്നും 'പദം' എന്നും മററുമാണ് പേർ. മണിപ്രവാളമെന്നല്ല. ആ പേരിന്നു് കേരളഭാഷാസംസ്കൃതയോഗത്തിൽ നി

രൂഢലക്ഷണയാണ്. ചോളപാണ്ഡ്യപ്രബന്ധങ്ങൾക്കു പദമെന്ന പേരും കണ്ണാടാദി പ്രബന്ധങ്ങൾക്കു 'വേന്നവാവ്, കലിത്തൊകൈ' മുതലായ പേരും ഇല്ലാത്തതുപോലെ ചോളകണ്ണാടാദി പ്രബന്ധങ്ങൾക്കു മണിപ്രവാളമെന്ന പേരും വരുന്നതല്ല എന്നുതാൽപര്യം. ഭാഷാസംസ്കൃതയോഗം ഉണ്ടായിരിക്കെ എന്തുകൊണ്ട് ആ പ്രബന്ധങ്ങൾക്കു മണിപ്രവാളസംജ്ഞയില്ല? എന്നാണെങ്കിൽ നാലുകാലുണ്ടായിരിക്കെ എന്തുകൊണ്ടു കുതിരക്കു പശുസംജ്ഞയില്ല? കുതിരക്കു താടയില്ല അതുകൊണ്ടാണ് പശുസംജ്ഞയില്ലാത്തത് എന്നു പറയാമെങ്കിൽ ചോളാദിപ്രബന്ധങ്ങളിൽ കേരളഭാഷയില്ല അതുകൊണ്ടാണു മണിപ്രവാളസംജ്ഞയില്ലാത്തതെന്നും പറയാം. ഒരു സമയം ചോളാദിപ്രബന്ധങ്ങൾക്കു മണിപ്രവാളമെന്നു പറയാമെന്നുവെച്ചാൽ തന്നെ കേരളമണിപ്രവാളത്തിൽ ചോളഭാഷയുണ്ടാകുന്നതല്ല. കണ്ണാടമണിപ്രവാളത്തിലും അതുണ്ടാകയില്ല. നിൽക്കു! ഒരു ദേശഭാഷ അടുത്ത ദേശഭാഷയോട്ടുകൂടി കലന്നിരിക്കും. അതുകൊണ്ടാണ് അഗസ്ത്യന്റെ പാണ്ഡ്യഭാഷാലക്ഷണത്തിൽ "ഇയർച്ചൊററിരിചൊററിചൈച്ചൊൽ വടചൊലെൻറനൈത്തേച്ചെയ്യുളീട്ടച്ചൊല്ലേ" എന്ന സൂത്രത്താൽ ഇരുപത്തുനാലുവിധം ഭാഷയുള്ളതിൽ ചിലതു ദിഗ്ഭാഷയായ പാണ്ഡ്യഭാഷയാണെന്നു പറഞ്ഞിട്ടുള്ളതു്. ആ വഴിക്കു കേരളഭാഷയിലും ദിഗ്ഭാഷയായി ചോളഭാഷയും ഉണ്ടാകാമല്ലോ. പറയാം— ഒരു ഭാഷയിൽ മറെറാരു ഭാഷയുണ്ടാവില്ല. അതു സ്വീകരിക്കുന്ന പക്ഷം വ്യവസ്ഥയില്ലാതായിത്തീരും. പാണ്ഡ്യഭാഷാലക്ഷണത്തിൽ ദിഗ്ഭാഷ എന്നു ദിഗ്ഭാഷാതുല്യഭാഷയെക്കുറിച്ചാണു പറഞ്ഞിട്ടുള്ളതു്. അല്ലാതെ വാസ്തവമായി ആ ദിക്കിൽതന്നെയുള്ള ഭാഷയെക്കുറിച്ചല്ല. ഒരു ഭാഷയിൽ മറെറാരു ഭാഷയോടു തുല്യമായ ഭാഷയുണ്ടായിരിക്കും. അതു് ആ ഭാഷയാണെന്നു പറയുന്നതു സാദൃശ്യംകൊണ്ടു മാത്രമാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഇനി 'തമിഴനാട്ടുമൈവേന്തരും വന്താർ' എന്നുണ്ടാകകൊണ്ടു കേരളരും തമിഴരാണ്. അതിനാൽ ചോളകേരളഭാഷകൾക്കു ഭേദമില്ല എന്നു പറകയാണെങ്കിൽ അതും ശരിയല്ല. ആ പക്ഷത്തിൽ മണിപ്രവാളത്തിൽ ചോളഭാഷയും ഉണ്ട് എന്നല്ല പറയേണ്ടതു്; ചോളഭാഷതന്നെയാണുള്ളതു് എന്നാണ്. കേരളഭാഷതന്നെയാണുള്ളതു് എന്നും പറയാം. ദ്രമിഡവർഗ്ഗത്തിൽ പെട്ടതുകൊണ്ടു കേരളന്മാർക്കും തമിഴർ എന്നു പറയാമെന്നു ഞാൻതന്നെ പറഞ്ഞിട്ടുള്ളതുമാണ്. എന്നാലും ഭാഷക്കു ഭേദമുണ്ട്. ചില വാക്കുകൾ തുല്യങ്ങളാണെന്നേ ഉള്ളു. ആ വാക്കുകൾ ആ ഭാഷ തന്നെയാണെന്നു ഭ്രമിക്കുന്നതു മൂഢത്വമാണ്. ക്ഷന്തൽ മുതലായ ശബ്ദം

ചോളക്കും കേരളക്കും പൊതുവേ ഉള്ളതാണെന്നു വെക്കരുതേ എന്നാണെങ്കിൽ അതുകൊണ്ടു തനിക്കു കിട്ടുന്ന ലാഭമെന്താണ്? ചോളഭാഷയാണെന്നു വരികതന്നെ എന്നാണെങ്കിൽ അതു തരമാവില്ല. സാഹചര്യംകൊണ്ട് ഏതെങ്കിലും ഒന്നു മാത്രമായിട്ടേ വരുള്ളു. ആ സ്ഥിതിക്കു പൊതുവായിട്ടുള്ളതാണെന്നു വെയ്ക്കുന്നതിനേക്കാൾ തുല്യമാണെന്നു വെയ്ക്കുന്നതാണു യുക്തം. ഇതു തന്നെയല്ല. മണിപ്രവാളത്തിൽ ചോളഭാഷയും ഉണ്ട് എന്നു പറയുന്ന തന്റെ പക്ഷത്തിൽ ചോളകേരളഭാഷാസംസ്കൃതയോഗമാണു മണിപ്രവാളം എന്നാണല്ലോ വന്നുകൂടുന്നത്. എന്നാൽ കേരളഭാഷയും സംസ്കൃതവും മാത്രം ചേർന്നതു മണിപ്രവാളമാണെന്നോ അല്ലെന്നോ അഭിപ്രായം? അല്ലെന്നു പറവാൻ തരമില്ല. അനവധി മണിപ്രവാളങ്ങൾ മണിപ്രവാളമല്ലെന്നാകും. ആദ്യത്തെപ്പക്ഷമാണെങ്കിൽ രണ്ടുതരം മണിപ്രവാളങ്ങളിലും പൊതുവായുള്ള ഒരു ലക്ഷണം പറയണം. മണിപ്രവാളത്വം തന്നെയാണു ലക്ഷണമെന്നാണെങ്കിൽ ആ മണിപ്രവാളത്വത്തിന്റെ സ്വരൂപമെന്ത്? മണിപ്രവാളം അറിഞ്ഞാൽ മണിപ്രവാളത്വവും അറിയാം; അതിനാൽ മണിപ്രവാളമാണ് മണിപ്രവാളം എന്നു പറയുന്നതു ശരിയല്ല. ആ ലക്ഷണംകൊണ്ടു മണിപ്രവാളത്തിന്റെ സ്വരൂപം മനസ്സിലാവില്ല. എങ്ങനെയെന്നാൽ മണിപ്രവാളമാണു മണിപ്രവാളം എന്ന വാക്യത്തിൽ ഒരു ഭാഗം ഉദ്ദേശ്യമെന്നും ഒരു ഭാഗം വിധേയമെന്നും സ്വീകരിക്കണം. മണിപ്രവാളം ഇന്നതാണെന്നു നിശ്ചയം വന്നിട്ടുള്ളവരെ ഉദ്ദേശിച്ചാണ് ഈ വാക്യം പ്രയോഗിക്കുന്നതെങ്കിൽ മണിപ്രവാളമാണ് എന്ന വിധേയഭാഗം ശരിയല്ല. ആരെ ഉദ്ദേശിച്ചു പറയുന്നുവോ അവന്നു മുമ്പ് നിശ്ചയം വരാത്ത സംഗതിയായാലേ വിധേയമാകയുള്ളു. മണിപ്രവാളം ഇന്നതെന്നു നിശ്ചയം വന്നിട്ടില്ലാത്താളെ ഉദ്ദേശിച്ചാണെങ്കിൽ മണിപ്രവാളം എന്ന ഉദ്ദേശ്യഭാഗം ശരിയല്ല. നിശ്ചയം വന്ന വിഷയമേ ഉദ്ദേശ്യമാകയുള്ളു. ഉദ്ദേശ്യ വിധേയഭാഗങ്ങൾ രണ്ടും ഇല്ലാതെ ഒന്നു മാത്രമായിട്ട് ഒരു വാക്യവും ഉണ്ടാകയുമില്ല. വരട്ടെ! പൃഥിവീത്വസമവായം പൃഥിവീലക്ഷണം എന്നു കാണുന്നുണ്ട്. അവിടെ പൃഥിവിയാണ് പൃഥിവി എന്ന ലക്ഷണവാക്യവും പ്രയോഗിച്ചിരിക്കുന്നു. അതു ശരിയല്ലെന്നാണോ പറയുന്നത്? അല്ല, അങ്ങനെയല്ല. പൃഥിവീത്വസംബന്ധം പൃഥിവീലക്ഷണമെന്നു പറഞ്ഞിട്ടുള്ളത് അന്യവ്യാവൃത്തിയോ പൃഥിവി എന്നുള്ള വ്യവഹാരമോ മാത്രം ഉദ്ദേശിച്ചു പറഞ്ഞ ലക്ഷണമാണ്. അതു സ്വരൂപസിദ്ധിക്കുള്ള ലക്ഷണമാകയില്ല. സ്വരൂപം മനസ്സിലാക്കുന്നതിന് ഇങ്ങനെ ലക്ഷണം പറകയുമില്ല. അതിനു വേറെത്തന്നെ

പറഞ്ഞിട്ടുണ്ട്. അതാണ് 'പൃഥിവി ഗന്ധവത്താണ്' എന്ന ലക്ഷ്യ ണം പറഞ്ഞിട്ടുള്ളതു്. സ്വരൂപം മനസ്സിലായാൽ പിന്നെ അനുഗത പ്രതീതികൊണ്ടു കിട്ടുന്ന പൃഥിവീത്വം മുതലായതു വ്യാവഹാരികല ക്ഷണമായിത്തീരുന്നതുമാണ്. അതുകൊണ്ടു സ്വരൂപസിദ്ധിക്കുള്ള പൊതുവായ ലക്ഷണം മണിപ്രവാളത്വമാണെന്നു പറവാൻ തരമി ല്ല. ഒന്നു പറയുക വേണംതാനും. വാക്യത്വമെന്നോ കവികർമ്മത്വ മെന്നോ പറയുന്നതായാൽ 'അസ്ത്യുത്തരസ്യാംദിശി' എന്നു മുതലാ യ സംസ്കൃതകാവ്യങ്ങളും മററും മണിപ്രവാളമാണെന്നു വരും. മഹാ പണ്ഡിതരേ! ഇനിയും ചിലതു ചോദിപ്പാനുണ്ട്. സത്യം പറയണം. പഴയതോ പുതിയതോ നിങ്ങൾതന്നെ ഉണ്ടാക്കിയതോ ഉണ്ടാക്കു ന്നതോ ആയ മണിപ്രവാളത്തിൽ ഏതിലെങ്കിലും വന്താൻ, ഇരുന്താൻ എന്നാണോ കണ്ടിട്ടുള്ളതു്. വന്നാൻ, ഇരുന്നാൻ എന്നല്ലേ? തേ ങ്കാ, മാങ്കാ, കഞ്ചി, പഞ്ചി എന്നൊക്കയോ കണ്ടിരിക്കുന്നതു്, തേങ്ങ, മാങ്ങ, കഞ്ഞി, പഞ്ഞി എന്നൊല്ലാമോ? അതുപോലെ യാൻ, യാ നൈ എന്നോ ഞാൻ, ആന എന്നോ? അതനൈ, ഇതനൈ, അ വറൈറ, ഇവറൈറ എന്നോ അതിനെ, ഇതിനെ, അവററെ, ഇ വററെ എന്നോ? കഴതൈ, കുതിരൈ എന്നോ കഴുത, കുതിര എ ന്നോ? ഉടൈവാൾ, ഇടൈയൻ എന്നോ ഉടവാൾ, ഇടയൻ എന്നോ? നിന്നൈ, എന്നൈ എന്നോ നിന്നെ, എന്നെ എന്നോ? പെയർ, ഉ തൾ എന്നോ പേർ, ഉതട് എന്നോ? ഉണ്ടനർ, നിൻറനർ, ഉണ്ണ വർ എന്നെല്ലാമോ ഉണ്ടാർ, നിന്നാർ, ഉണ്ണുന്നോർ, ഉണ്മർ എന്നെ ല്ലാമോ? വരുവാർ, കൊണ്മാർ എന്നൊക്കയോ വരുവർ, കൊൾവർ എന്നൊക്കയോ? ക്രുയിററു, തായിററു എന്നോ ക്രുവീ, താവീ എ ന്നോ? അഃത്തു, ഇഃത്തു എന്നിങ്ങനെ ആയ്ക്കാക്ഷരത്തോടുകൂടിയോ അതു്, ഇതു് എന്നു മാത്രമോ? കനംകുഴായ് എന്ന വാക്കോ കനം കുഴയമല്ല എന്നോ? അനങ്കൻ, കുതുമം, മുകം, ചന്തിരൻ ഇങ്ങനെ ആരിയച്ചുതവ് എന്നു ചോളർ പറഞ്ഞുവരുന്നതോ അനംഗൻ, കു സുമം, മുഖം, ചന്ദ്രൻ എന്നു തന്നെയോ? മാടത്തിൻകൺ, കൂടത്തിൻ കൺ എന്നോ മാടത്തിന്മേൽ, കൂടത്തിന്മേൽ എന്നോ? ആലിനതു, മാവിനതു എന്നോ ആലിൻെറ, മാവിൻെറ എന്നോ എങ്ങനെയാണു കണ്ടിട്ടുള്ളതു്. എന്തിനധികം പറയുന്നു. മണിപ്രവാളത്തിൽ ഒരേ ടത്തെങ്കിലും ലേശമെങ്കിലും ചോളഭാഷ കാണുന്നില്ല. അങ്ങനെയിരി ക്കെ അതിൽ ചോളഭാഷയും ഉണ്ടെന്നു പറഞ്ഞുംകൊണ്ടു പുറപ്പെട്ട വല്ലോ. ഈ പ്രസംഗം മതിയാക്കുകതന്നെ.

'ചൊൽവതും ഭാഷതൻമട്ടും പദബന്ധക്രമങ്ങളും
അറിയാതുരചെയ്തീടുമജ്ഞരോടെന്തൊരുത്തരം.'

ഇനി ചില കൂട്ടർ പറയുന്നതെന്തെന്നാൽ- മണിപ്രവാളത്തിനു ലക്ഷണമില്ല. ഉണ്ടെങ്കിൽ ഇതിനുമുമ്പിൽ ഒരാൾ പറഞ്ഞിരിക്കും. അങ്ങനെ പറഞ്ഞുകാണുന്നില്ല. കേട്ടിട്ടുമില്ല. പിന്നെ എന്താണി ല്ലാത്തതുണ്ടാക്കാൻ തുടങ്ങുന്നത് എന്നാണ്. അവരുടെ മൂഢത്വം കേമംതന്നെ. മണിപ്രവാളം എന്നൊന്നുണ്ടെങ്കിൽ അതിനു ലക്ഷ ണമില്ലാതിരിക്കുന്നതെങ്ങനെ? ലക്ഷണമെന്നുവെച്ചാൽ സ്വരൂപമാ ണല്ലൊ. ഉള്ള വസ്തുവാണെങ്കിൽ അതിന്നൊരു സ്വരൂപം കൂടാതെ കഴിയില്ല. അവരോടിത്ര പറഞ്ഞാൽ മതി. ഇനി ഈ ലക്ഷണം പറഞ്ഞിട്ടുള്ള ഫലമെന്തെന്നാണ് ആലോചിക്കേണ്ടതു്. മണിപ്ര വാളം ഇന്നതെന്നറികയാണെന്നു പറവാൻ തരമില്ല. അതു് ഇതുകൂ ടാതെതന്നെ എല്ലാവരും അറിഞ്ഞിട്ടുണ്ട്. പറയാം—മണിപ്രവാ ളം ഇന്നതാണെന്നു് എല്ലാവരും നല്ലവണ്ണം മനസ്സിലാക്കിയിട്ടില്ല. കേ ട്ടില്ലേ മണിപ്രവാളത്തിൽ ചോളഭാഷയുമുണ്ടെന്നും മററും ഒരാൾ പ റഞ്ഞതും അതിനെ പിന്തുടൎന്നു പലരും പലമാതിരി വ്യവഹരിക്കുന്ന തും? ശരിയായി ഗ്രഹിച്ചാലേ അറിവുണ്ടെന്നു പറവാൻ പാടുള്ളൂ. വല്ലവിധത്തിലും ഗ്രഹിച്ചാൽ പോരാ. എല്ലാവരും ഇതിൻെറ ഗു ണദോഷങ്ങൾ മുതലായതു ഗ്രഹിച്ചിട്ടുമില്ല. ശരിയായ മണിപ്രവാളം ശരിയല്ലെന്നും ശരിയല്ലാത്തതു ശരിയാണെന്നും ശരിയല്ലാത്തതും ശരി യായിട്ടുള്ളതും രണ്ടും തുല്യമാണെന്നും മററും ചിലർ പറഞ്ഞുകാണു ന്നുണ്ട്. അതുകൊണ്ടു മണിപ്രവാളത്തിൻെറ ശരിയായ ജ്ഞാനംത ന്നെയാണു ലക്ഷണം പറഞ്ഞതിൻെറ പ്രയോജനം. എന്നാൽ നിൽ ക്കു! ഇതു ശരിയായ ലക്ഷണമല്ല. അതിവ്യാപ്തിയും അവ്യാപ്തിയുമു ണ്ട്. എങ്ങനെയെന്നാൽ—

'കറുത്തുമല്ലനിറമെങ്കിലേററം വെളുത്തുമല്ലമ്മുല ചാഞ്ഞുമില്ല
വെറുപ്പുമാകാപ്പടവാൎത്തകേട്ടാലൊരുത്തിപോന്നാളവളാകിലോതാൻ'

എന്നതിലും മററും സംസ്കൃതമില്ല. അതുകൊണ്ടു് അവ്യാപ്തി. ചന്ദ നം കൊണ്ടാ, ശ്ലോകം ചൊല്ലു എന്നവാക്യങ്ങളിൽ അതിവ്യാപ്തി. ആ വാക്യങ്ങൾ മണിപ്രവാളമല്ല. ഭാഷാസംസ്കൃതയോഗമുണ്ടുതാനും. ശരി; സമാധാനം പറയാം— യോഗശബ്ദത്തിൻെറ അൎത്ഥം വിവരി ച്ചിട്ടുള്ളതുകൊണ്ടുതന്നെ അതിവ്യാപ്തിയില്ലെന്നു വന്നിട്ടുണ്ട്. അവ്യാ പ്തിയുമില്ല. 'കറുത്തുമല്ലന്നിറം' എന്നു മുതലായതിൽ മണിപ്രവാളവ്യ വഹാരം സാദൃശ്യമൂലകലക്ഷണകൊണ്ടാണ്. സംസ്കൃതവും ഭാഷയും രണ്ടും ഉള്ളതേ മണിപ്രവാളമാവുള്ളൂ. ഒന്നു മാത്രം ഉള്ളതുകൊണ്ടു മ ണിയെന്നോ പ്രവാളമെന്നോ പറയാവുന്നതുമല്ല. മാണിക്കവും പ വഴവും ആയ രണ്ടു വസ്തുക്കളാണെന്നു് അധ്യവസാനം ചെയ്തിട്ടുള്ള ഭാ

ഷാസംസ്കൃതശബ്ദങ്ങൾ രണ്ടും ചേൎന്നതിൽ മാത്രമാണ് ഈ പേർ മുഖ്യമായിരിക്കുന്നതു്. അതിലേക്ക് ആ പേരിന്റെ സ്വരൂപം തന്നെയാണു പ്രമാണം. ഭാഷമാത്രമായിട്ടുള്ളതിലും ഈ പേർ മുഖ്യമാണെന്നു സ്വീകരിക്കുകയാണെങ്കിൽ ഭാഷാസംസ്കൃതങ്ങൾ ചേൎന്നതു മറ്റൊരു മണിപ്രവാളമാണെന്നു പറയേണ്ടിവരും. അല്ലാത്തപക്ഷം പ്രസിദ്ധമണിപ്രവാളത്തെ വകവെയ്ക്കുന്നില്ലെന്നു വന്നുകൂടുന്നതാണ്. അപ്പോൾ രണ്ടുതരം മണിപ്രവാളങ്ങൾക്കും പൊതുവായൊരു സ്വരൂപം പറയണം. അതു വാക്യത്വം മുതലായതായാൽ മുമ്പു പറഞ്ഞതുപോലെ 'അസ്ത്യുത്തരസ്യാം ദിശി' എന്നതും മററും മണിപ്രവാളമാകേണ്ടിവരികയും ചെയ്യും. അതുകൊണ്ടു് സംസ്കൃതം മാത്രമുള്ളതും, ചോളകേരളഭാഷാസംസ്കൃതങ്ങൾ ചേൎന്നുള്ളതും മണിപ്രവാളമാകാത്തതുപോലെ കേരളഭാഷ മാത്രമുള്ളതും മണിപ്രവാളപദത്തിന്റെ മുഖ്യാൎത്ഥമാകുന്നതല്ല. അതിന്നും മണിപ്രവാളമെന്നു പറയാറുണ്ടെങ്കിൽ ആ പറയുന്നതു ലക്ഷണയെ അടിസ്ഥാനമാക്കീട്ടാണെന്നു ഗ്രഹിച്ചുകൊൾക. ഇനി മറെറാരുവൻ പറയുന്ന—

'ലക്ഷണശാസ്ത്രംതീൎപ്പിതു മണിപ്രവാളസ്യ ഗന്ധമറിയാത്തോൻ
ചിത്രങ്ങളെഴുതിടുന്നു ജാത്യന്ധൻ ദേവശില്പിയെന്നവിധം'

എന്ന ആക്ഷേപത്തിന്നു്

'ഉക്തമാം ലക്ഷണേ തെററു കാണിച്ചന്യമുരക്കിലേ
വിദ്വൻ! ഭവാൻ ചൊല്ലിടുമീ നിന്ദ നന്നായി വന്നിട്ടു്'

എന്നുമാത്രമേ സമാധാനം പറയേണ്ടതുള്ളു. അധികവിസ്താരം ഇപ്പോൾ നില്ക്കട്ടേ.

* തദ്ദത്തമം ഭാഷാരസപ്രാധാന്യേ *

ഭാഷക്കും രസത്തിന്നും പ്രാധാന്യമുണ്ടായാൽ ആ മണിപ്രവാളം ഉത്തമമാണ്. ഭാഷയ്ക്കുള്ള പ്രാധാന്യം സംസ്കൃതത്തെ അപേക്ഷിച്ചും അതു സംഖ്യകൊണ്ടുമായിരിക്കണം. സംസ്കൃതം കുറഞ്ഞും ഭാഷ അധികമായും ഇരിക്കണമെന്നൎത്ഥം. രസത്തിന്നു വാച്യാൎത്ഥത്തെ അപേക്ഷിച്ചാണ് പ്രാധാന്യമുണ്ടായിരിക്കേണ്ടതു്. നിയമേന ഗുണവും ദോഷമില്ലായ്കയും പ്രായേണ അലങ്കാരവും എല്ലാത്തരം മണിപ്രവാളങ്ങളിലും പൊതുവായിത്തന്നെ വേണ്ടതാണ്. അതു മുമ്പിലത്തെ സൂത്രത്തിലേ യോഗശബ്ദംകൊണ്ടു കാണിച്ചിട്ടുമുണ്ടു്. ഉത്തമത്തിന്നുദാഹരണം—

'പുൽകിക്കൊണ്ടാളുറക്കെപ്പുനരപി മണിവാനൽകിനാൾ മെല്ലെമെല്ലെ
ക്കാമക്രീഡത്തിന്നണിഞ്ഞാൾ മദനപരവശാകാന്ത കയ്മെയ്മറന്നാൾ

വീത്താളൊട്ടേവിയത്താം വിവശമരുതെടായെന്നൊവീയെന്നിരന്നാ-
ളെന്മാറിൽപ്പോന്നുവീണ്ണപ്പുരികുഴലകമേ മാംകിനാളുണ്ണിനങ്ങ. '

ഇതിൽ ഭാഷയ്ക്കുള്ള പ്രാധാന്യം സ്പഷ്ടം. അഞ്ചോ ആറോ മാത്രമേ സംസ്കൃതവാക്കുകളുള്ളൂ. സംഭോഗശൃംഗാരമെന്ന രസവും സ്പഷ്ടമായി വ്യഞ്ജിക്കുന്നുണ്ട്. വേറെ ഉദാഹരണം—

' മുംകിണ്ണേൻ ഞാനമൃതജലധൌ മുഗ്ദ്ധചന്ദ്രാങ്കൽ വീണ്ണേൻ
താണ്ണേൻ ജ്യോൽസ്നാസരസിപനിനീർ തന്നിലാണ്ണേനമിണ്ണേൻ
അല്ലല്ലസ്മന്മനസിജദശാവേദനാം കണ്ടിദാനീ-
മമ്പപ്പുൽകീതന്നനവരസസ്നേഹമെന്നോമലെന്നേ.'

* ഭാഷാപ്രാധാന്യേ രസസാമാന്യേ ഉത്തമകല്പം *

ഭാഷയ്ക്കു പ്രാധാന്യമുണ്ടായും രസത്തിനും വാച്യാൎത്ഥത്തിനും പ്രാധാന്യം തുല്യമായും ഇരിക്കുന്ന മണിപ്രവാളം ഉത്തമകല്പമാകുന്നു. ഉത്തമതുല്യമെന്നൎത്ഥം. ഉദാഹരണം—

' ആമ്പൽപ്രിയാഭരണമുങ്കിന കാളക്രൂടം
ക്രൂമ്പും കുരാൽമിഴി തുളുമ്പിന ഗംഗവെള്ളം
ചാമ്പോഴമെന്മനസി ചാമ്പലണിഞ്ഞ കോലം
കാമ്പോടുക്രൂടി മരുവീടുക മന്മഥാരേഃ. '

ഇതിൽ വാച്യാൎത്ഥത്തിനും ഭക്തി എന്ന ഭാവത്തിനും പ്രാധാന്യം തുല്യമാണ്. ഭാവവും രസവും ഒരുപോലെ തന്നെ. രണ്ടും വാച്യമായിത്തീരരുത്. വ്യഞ്ജിക്കുന്ന ക്രമം അറിയാതിരിക്കേണ്ടതുകൊണ്ടു രണ്ടും അസംലക്ഷ്യക്രമവ്യംഗ്യമെന്ന ഇനത്തിൽ പെട്ടതായിരിക്കയും വേണം.

* രസപ്രാധാന്യേ ഭാഷാസാമ്യേ ച *

ഉത്തമകല്പം എന്ന പദം അനുവൎത്തിയ്ക്കുന്നു. രസം പ്രധാനമായും ഭാഷ സമമായും ഇരിയ്ക്കുന്ന മണിപ്രവാളവും ഉത്തമകല്പംതന്നെ. ഉദാഹരണം—

' അത്യാതാമ്രേ മലർവിതൊരരക്കാമ്പമേലന്തിനേരം
മന്ദം മന്ദം മരുവിന നിലാവെൻറു തോൻറും പ്രകാരം
കാന്തം ദന്തച്ഛദരുചി കലന്നോമൽ മന്ദസ്മിതാർദ്രം
നാളെക്കാണാം തവ നയനമേ! നങ്ങവക്ത്രാരവിന്ദം. '

* സാമ്യേ മദ്ധ്യം *

ഭാഷാരസയോഃ എന്നു പ്രകൃതമനുസരിച്ചു ചേൎക്കണം. ഭാഷയും സംസ്കൃതവും സമമായിട്ടും രസവും വാച്യാൎത്ഥവും സമപ്രധാനമായിട്ടും ഇരിക്കുന്ന മണിപ്രവാളം മദ്ധ്യമമാണ്. ഉദാ—

'പൊന്നോലയും വളയുമാരവുമെൻറിതെല്ലാ-
മല്ലാകയില്ല കളഭാഷിണി ഭൂഷണാനി
എല്ലാക്കുമേ രസകരം സതതം നിബദ്ധം
സൌജന്യമെന്നിതു വിഭൂഷണമംഗനാനാം.'

* ഭാഷാസാമ്യേ രസന്യൂനതേ ച മദ്ധ്യമകല്പം *

ഭാഷ സമമായും രസം വാച്യാൎത്ഥത്തേക്കാൾ ന്യൂനമായും ഇരിക്കുന്നതു മദ്ധ്യമകല്പമാണ്. ഉദാ—

'നട്ടുച്ചനേരത്തു ദിവാകരോയമത്യന്തമാഹന്ത കരോതിതാപം
മദ്ധ്യസ്ഥരായ് നില്ക്കിലുമുന്നതാനാംമററൊന്നു കാലംപിഴയാതകോലം'

* രസസാമ്യേ ഭാഷാന്യൂനതേ ച *

മദ്ധ്യമകല്പം എന്നനുവൎത്തിക്കുന്നു. രസം സമമായും ഭാഷ ന്യൂനമായും ഇരിക്കുന്നതും മദ്ധ്യമകല്പം തന്നെ. ഉദാ—

'അംഗം തുംഗസ്തനഭരനതം പുൽകുവാനോനനാവിൽ
പോരാ പുണ്യപ്രസരമൊരുനാളെന്നുടേ വല്ലഭായാഃ
നിന്നെക്കൊണ്ടെന്നഭിമതമെനിക്കെയ്യലാമെൻറിരിന്നേറൻ
നിദ്രേ ഭദ്രേ ത്വമപിവിധിനാ ദുല്ലഭാ വല്ലഭേവ.'

ഇതിൽ വാച്യാൎത്ഥത്തിന്നും രസത്തിന്നും പ്രാധാന്യം സമമാണ് എന്നതിലേക്കു സഹൃദയന്മാർ തന്നെ സാക്ഷികൾ.

* ഭാഷാപ്രാധാന്യേ രസന്യൂനതേ ച *

മദ്ധ്യമകല്പം എന്നനുവൎത്തിക്കുന്നു. ഭാഷ പ്രധാനമായും രസം ന്യൂനമായും ഇരിക്കുന്നതും മദ്ധ്യമകല്പം തന്നെ. ഉദാ—

'മുരണേ കഴൽകാന്തിയും മുകത്തിൻ പരിചും പാടവമും പരന്നമാത്തും
മരുവിൻറതു മന്ദമന്ദമല്ലേ ചരതം ചാരുചകോരലോചനായാഃ.'

* രസപ്രാധാന്യേ ഭാഷാന്യൂനതേ ച *

മദ്ധ്യമകല്പം എന്ന് ഇതിലും അനുവൎത്തിക്കുന്നു. രസം പ്രധാനമായും ഭാഷ ന്യൂനമായും ഇരിക്കുന്നതും മദ്ധ്യമകല്പം. ഉദാ—

'ആതാമ്രൈ രസ്രപൂണ്ണൈരയുഗശരനുടേ ബാണഭ്രൈരപാംഗൈ-
രവ്യാജപ്രേമഗൎഭൈരമലതരമഷീരൂഷിതൈരാൎദ്രപാതൈഃ
പ്രാപ്താനുജ്ഞം പ്രയാന്തം ജനമിമമനുരാഗോത്സുകം നോക്കി നോക്കി-
ത്തിഷ്ഠന്തീം നാരണീതൻ ദുഹിതരമിത ഞാൻ നഷ്ടധൈൎയ്യം സ്മരാമി.'

* ന്യൂനതേ ധമം *

ഭാഷാരസയോഃ എന്നു പ്രകൃതം കൊണ്ടു ചേൎക്കണം. ഭാഷയും രസവും ന്യൂനമായിട്ടുള്ള മണിപ്രവാളം അധമമാണ്. ഉദാ—

'ആളീജനൈരറയകം നിശിനീയമാനാ-
മാവിർഭവൽപുളകഭ്രൂഷണഭൂഷിതാംഗീം
അങ്കേ നിവേശ്യസുദൃഢം തരസാ നവോഢാം
മാൻപോലധീരനയനാം തഴകിൻറു ധന്യഃ.'

ഇതിൽ ധന്യഃ എന്നതു പൊതുവായി മാത്രം വിവക്ഷിച്ചുകൊണ്ടു പ്രയോഗിച്ചതായാലും ഒരാളെ പ്രത്യേകം വിവക്ഷിച്ചു തന്നെയായാലും രസത്തിന്നു ന്യൂനതയുണ്ട്. ആദ്യത്തെ പക്ഷത്തിൽ വക്താവു ധന്യന്മാരിൽ ഉൾപ്പെടാത്തതുകൊണ്ടു രാഗരൂപമായ ശൃംഗാരത്തിനു ഹാനി വരുന്നു. രണ്ടാമത്തെ പക്ഷത്തിൽ പരപുരുഷനെക്കുറിച്ചായിത്തീരുന്നതുകൊണ്ടും രസഹാനി വന്നുപോകുന്നു. ഒന്നാംപക്ഷത്തിൽ, വക്താവുൾപ്പെട്ടാലും ഉൾപ്പെടുന്നതു പൊതുവായി മാത്രമല്ലാതെ പ്രത്യേകസ്ഥിതിയിൽ തോന്നുന്നതല്ല. അപ്പോഴും രസഭംഗം തന്നെ. തഴകുന്നതുകൊണ്ടു ഞാൻ ധന്യനാണ് എന്നാണർത്ഥം വിവക്ഷിച്ചിരിക്കുന്നതെങ്കിൽ അതു് അതിക്ലിഷ്ടമാകയാൽ രസഭംഗത്തിന്നുള്ള കാരണം ഒന്നു മാറി എന്നു മാത്രമേ വ്യത്യാസമുള്ളു.

ഇങ്ങനെ മണിപ്രവാളം ഒമ്പതു വിധം. ഈ മണിപ്രവാളത്തിൽ പൂർവാർദ്ധമോ ഉത്തരാർദ്ധമോ രണ്ടിലൊന്നു മുഴവനും സംസ്കൃതമായാലും നാലാം പാദം മുഴവൻ സംസ്കൃതമായാലും ഭാഷയ്ക്കു ന്യൂനത തോന്നുന്നതാണ്. ഉദാ—

'വില്ലൊത്ത ചില്ലിലതികേ വിട നൽകുകെന്നു
പാദാംബുജം തൊഴുതു സമ്പ്രതി നിന്നവാറേ
മംഗല്യഗാത്രലതികാ മദനാതുരം സാ
മന്മാനസം നയനശൃംഖലയാ ബബന്ധ.'

രണ്ടാമത്തേതിന്നുദാഹരണം—

'ഇപ്പാടിതിന്നിദമിതിന്നിതു ചൊല്ലിവേണ്ടാ
പോരാട്ടമിമ്മുലയിണയ്ക്കിതി മന്മഥേന
ഭൃംഗാവലീരചിതഞാൺകൊടികൊണ്ടുമന്യേ
സീമാകൃതേവ തവരാജതി രോമരാജിഃ.'

ഇനി മണിപ്രവാളങ്ങളിലല്ലാതെ പാട്ടിലും ഭാഷാസംസ്കൃതയോഗമുണ്ടല്ലോ എന്നു ശങ്കിക്കുകയാണെങ്കിൽ പാട്ടിന്റെ ലക്ഷണം ഇതാണ്—

*ദ്രമിഡസംഘാതാക്ഷരനിബദ്ധമേതുകാമോനവൃത്തവിശേഷയുക്തം പാട്ട് *

ദ്രമിഡമാതൃകാക്ഷരങ്ങൾ മാത്രമായിട്ടുള്ളതും എതുക,മോനം ഇവയോടും മണിപ്രവാളങ്ങളുടെ വൃത്തങ്ങളായ വസന്തതിലകാദികളു

ല്ലാത്ത ഒരു മാതിരി വൃത്തത്തോടും കൂടിയിരിക്കുന്നതാണു പാട്ട്. എല്ലാ പാദങ്ങളിലേയും രണ്ടാമത്തെ അക്ഷരം തുല്യമായിരിക്കുന്നതിനാണ് എതുകയെന്നു പേർ. പാദാനുപ്രാസമെന്നു പറഞ്ഞുവരുന്നതു് ഇതിനെത്തന്നെയാണ്. പാദങ്ങളിലെ ആദ്യത്തെ അക്ഷരവും പാദങ്ങളുടെ രണ്ടാംഭാഗത്തിൻെറ ആദ്യത്തെ അക്ഷരവും തുല്യമായിരിക്കുന്നതിന്നാണു മോനമെന്നു പേർ പറഞ്ഞുവരുന്നതു്. ഉദാഹരണം—

‘തരതലന്താനളന്തവിളന്തപൊന്നൻതനകചെന്താർ വിരിന്തമൽബാണൻതന്നെ
കരമരിന്ത പൊരുന്താനവന്മാരുടെ കരളരിന്ത പൂരാനേ മുരാരീ കണാ
ഒരു വരന്താ പരന്താമമേ നീ കനിന്തുരകചായീപിണിപ്പാപ്പ്നിന്തവണ്ണം
ചിരതരം താൾ പണിന്തേനയ്യോ താങ്കെന്നെത്തിരുവനന്താപുരം തങ്കുമാനന്തനേ.’

ഒ, ഉ എന്നതു രണ്ടും ഓഷ്ഠ്യമാകകൊണ്ട് അവയ്ക്കു സാമ്യമുണ്ട്. ചി, തി ഇതുകൾക്കു സാമ്യം അനുഭവസിദ്ധമാണ്. തര, താനവ, താമ, ഉരക, ചായീ, ആനന്ത ഇവ പാണ്ഡ്യസംസർഗ്ഗംകൊണ്ടു ദുഷിച്ച സംസ്കൃതശബ്ദങ്ങളാണ്. ഈ വകയ്ക്കാണ് പാണ്ഡ്യഭാഷാലക്ഷണത്തിൽ ‘ആരിയച്ചുതവെ’ന്നു പറഞ്ഞിട്ടുള്ളതു്. ചിരതരം എന്നതു സ്വതേതന്നെ ദ്രമിഡമാതൃകാക്ഷരങ്ങൾ മാത്രമായ സംസ്കൃതമാണ്. തര, അനന്താപുര ഇവയിൽ ദീർഘവും ഹ്രസ്വവും വ്യത്യാസപ്പെട്ടു കാണുന്നതു ഭാഷാദോഷംകൊണ്ടുമാണ്. ഈവക മാററങ്ങളെക്കുറിച്ചാണു പാണ്ഡ്യഭാഷാലക്ഷണത്തിൽ ഒമ്പതുവിധം മാററങ്ങൾ വരുമെന്നു പറഞ്ഞിട്ടുള്ളതും. ദീർഘം ഹ്രസ്വമായും ചിലേടത്തു ഹ്രസ്വം ദീർഘമായും വരുമെന്നും ആ പ്രകൃതത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. ഈ കാണിച്ച പാട്ടിൽ മിക്കതും സംസർഗ്ഗംകൊണ്ടു പാണ്ഡ്യഭാഷയോടു തുല്യമായിത്തീൎന്ന കേരളഭാഷയാണ്. അതാണ് അളന്ന, വിളഞ്ഞ എന്നല്ലാതെ അളന്ത, വിളന്ത എന്നൊക്കെ കാണുന്നതു്.

അതുകൊണ്ട് മണിപ്രവാളലക്ഷണം പാട്ടല്ലാത്ത ഭാഷാസംസ്കൃതയോഗം എന്നാണെന്നു താൽപര്യം ഗ്രഹിച്ചുകൊൾക.

ലീലാതിലകം മണിപ്രവാളലക്ഷണമെന്ന ഒന്നാംശില്പം കഴിഞ്ഞു.

---

## രണ്ടാംശില്പം

മണിപ്രവാളത്തിന്നു ശരീരം, ദോഷങ്ങൾ, ഗുണങ്ങൾ, അലങ്കാരങ്ങൾ, ആത്മാവ് ഇവയെല്ലാമുണ്ട്. അതിൽ ഭാഷാസംസ്കൃതസ്വരൂപമായ ശബ്ദം ശരീരം, അപശബ്ദം മുതലായതു ദോഷം, മാധുര്യം മുതലായതു ഗുണം, അനുപ്രാസം, ഉപമ മുതലായതു് അലങ്കാരം, ശൃംഗാരാദിരസം ആത്മാവ്. ഇങ്ങനെയുള്ള മണിപ്രവാളത്തിൻെറ സാമാന്യ

സ്വരൂപവും വകഭേദങ്ങളും ഒന്നാംശില്പത്തിൽ കാണിച്ചു. ഇനി ശരീരത്തെപ്പററിയാണു പറവാൻ തുടങ്ങുന്നതു്.

* ഭാഷാത്രിധാ—ദേശീ, സംസ്കൃതഭവാ, സംസ്കൃതരൂപാ ച *

ദേശി, സംസ്കൃതഭവം, സംസ്കൃതരൂപം ഇങ്ങനെ ഭാഷ മൂന്നുവിധത്തിലുണ്ടു്. ഭാഷയുടെ സ്വരൂപം എല്ലാവക്കും അറിയാവുന്നതാണെങ്കിലും അതിനെ മൂന്നായിത്തരം തിരിക്കാമെന്നുള്ള വിശേഷം കാണിപ്പാനാണു് ഈ സൂത്രം നിമ്മിച്ചിരിക്കുന്നതു്.

* തത്ര ദേശീ രൂഢാ *

അതിൽ ദേശി എന്നു പറയുന്നതു രൂഢശബ്ദത്തെയാണു്. മറെറാന്നിൻെറ അപേക്ഷക്കൂടാതെയും കാരണത്തെ ആശ്രയിക്കാതെയും, സംസാരിക്കുന്നതിന്നുവേണ്ടി നിശ്ചയിച്ചിട്ടുള്ള പദങ്ങളാണു് രൂഢശബ്ദങ്ങളെന്നു പറയുന്നതു്.

* സാ ച ത്രിധാ-ശുദ്ധാ, ഭാഷാന്തരഭവാ, ഭാഷാന്തരസമാ ച *

അതു ശുദ്ധം, ഭാഷാന്തരഭവം, ഭാഷാന്തരസമം ഇങ്ങനെ മൂന്നുവിധത്തിലുണ്ടു്. കൊച്ച്, മുഴം, ഞൊടി മുതലായതാണു ശുദ്ധദേശിക്കുദാഹരണം. വന്താൻ, നമുക്ക്, വേണ്ടാ മുതലായതു ഭാഷാന്തരഭവം. വന്ദനു, നമ്മഗ്ഗു, വേഢാ എന്ന കൎണ്ണാടഭാഷയുടെ അപഭ്രംശമാണു് ആ ശബ്ദങ്ങൾ. വരട്ടേ! വന്നാൻ എന്നു മുതലായ കേരളഭാഷയുടെ അപഭ്രംശമാണു വന്ദനു മുതലായ കൎണ്ണാടഭാഷ എന്നു വരരുതേ? കൎണ്ണാടദേശം മുമ്പുള്ളതാണു്. കേരളം പരശുരാമൻ പിന്നെയുണ്ടാക്കിയതാണു്. അതുകൊണ്ടു കേരളഭാഷാപഭ്രംശമാണു കൎണ്ണാടഭാഷാശബ്ദമെന്നു വരില്ലെന്നു വെക്കുക. ഭാഷാന്തരഭവം കേരളഭാഷയിലും ഉണ്ടാകാമെന്നു കാണിക്കുകമാത്രമാണിവിടെ ചെയ്തിട്ടുള്ളതു്. അല്ലാതെ വന്താൻ എന്നതു വന്ദനു എന്നതിൻെറ അപഭ്രംശം തന്നെയായിക്കൊള്ളണം എന്നുക്കൂടി താൽപൎയ്യമില്ല. അതുകൊണ്ടു വന്നാനെന്നതു വന്താൻ എന്ന ചോളഭാഷയുടെയോ വന്ദനു എന്ന കൎണ്ണാടഭാഷയുടെയോ മറെറാന്നിൻെറയോ അപഭ്രംശമായാലും വേണ്ടില്ല മറിച്ചായാലും വേണ്ടില്ല. ആ മാതിരി ഭാഷാന്തരഭവശബ്ദങ്ങൾ കേരളഭാഷയിലുണ്ടെന്നു തീച്ചതന്നെ. ഇനി വന്താൻ, ഇരുന്താൻ, തേങ്ക, മാങ്ക എന്നെല്ലാം കേരളത്തിലും താണജാതിക്കാർ പറയാറുണ്ടല്ലോ എന്നു ശങ്കിക്കുന്നുവെങ്കിൽ ആ ശങ്ക ശരിതന്നെ. പക്ഷെ അതു ചോളഭാഷാസമമല്ലാതെ ചോളഭാഷയല്ല. അല്ലെങ്കിൽ ഭാഷകൾക്കു വ്യവസ്ഥയില്ലെന്നു വരും. ചുരുക്കിപ്പറകയാണെങ്കിൽ വന്ദനു, വന്നാൻ, വന്താൻ ഈ വക ശബ്ദങ്ങളുടെ കാൎയ്യത്തിൽ കൎണ്ണാട കേരള ചോളഭാ

ഷകളിൽ ഒന്ന പ്രകൃതിയും മററതു് അപഭ്രംശവുമാണെന്നുള്ളതിന്ന വാ ദമില്ലെന്ന പറയാം. മററു പല ശബ്ദങ്ങളിലും ഇതുപോലെ തന്നെ ഊഹിച്ചുകൊൾക. പൊൻ, നാളെ, ഉടൽ മുതലായതു ഭാഷാന്തര സമത്തിന്നുദാഹരണം.

* ഊഹനീയ സംസ്കൃതപ്രകൃതിസ്സംസ്കൃതഭവാ *

സംസ്കൃതപ്രകൃതി ഊഹിക്കാവുന്ന പദമാണ് സംസ്കൃതഭവമെന്ന പറയുന്നതു്. എല്ലാററിലും മുമ്പുള്ള ഭാഷയാണ് സംസ്കൃതം. മററു ഭാഷകൾ പിന്നെയുണ്ടായതാണ്. അവയ്ക്കെല്ലാം മൂലമായ ഭാഷ സം സ്കൃതമായിരിക്കണം. അതിൽ ചില ശബ്ദങ്ങളിൽ പ്രകൃതിയായ സം സ്കൃതം ഊഹിക്കാവുന്നതായിരിക്കും. ചിലതു മാറിമാറി പ്രകൃതി ഊ ഹിപ്പാൻ സാധിക്കാത്ത മട്ടിലായിത്തീന്നിരിക്കും. ഈ രണ്ടാമത്തെത്ത രത്തിലുള്ളതാണ് രൂഢം. ആദ്യത്തേതു സംസ്കൃതഭവം. തേവർ, വ ക്കം, ചങ്ങാത, പലക, പിച്ച, താലി, കമുക, കാട്, ചുരിക, കുതിര മു തലായതു സംസ്കൃതഭവത്തിന്നുദാഹരണം. ദേവ, വൎഗ്ഗ, സംഹിതാ, ഫലക, ഭിക്ഷാ, സ്ഥാലീ, ക്രമുക, കാടികാ, ഛുരികാ, കുദുരശബ്ദങ്ങൾ ഇവയുടെ പ്രകൃതികളാണ്. ഇവിടെ ഒരു സംശയം: എല്ലാ പദങ്ങ ളുടേയും പ്രകൃതി ഊഹിപ്പാൻ കഴിയും. എങ്ങനെയെന്നാൽ വയറു് എന്നതിന്ന വൈരി എന്ന പ്രകൃതി. വയറു ശത്രുവാണ്. വിശപ്പു കൊണ്ടാണല്ലൊ അന്യന്റെ മുതൽ കക്കുന്നതിന്നും അതുനിമിത്തം ത ടവിൽ പെടുന്നതിന്നും ചാവുന്നതിന്ന തന്നെയും ഇടയാകുന്നതു്. പാ മ്പു് എന്നതിന്ന പാപഃ എന്നതു പ്രകൃതി. സപ്പം ജീവികളെ കടി ച്ചു കൊല്ലുന്നു. അതെങ്ങനെ പാപനല്ലാതിരിക്കും. ചോറു് എന്ന തിന്റെ പ്രകൃതി ചോരഃ എന്നുള്ളതാണ്. 'ചോൎയ്യതേ ഇതിചോരഃ' എന്ന വിഗ്രഹത്താൽ കക്കപ്പെടുന്നതു് എന്നൎത്ഥം വരും. ഇങ്ങനെ മററു പദങ്ങളുടെയും പ്രകൃതി മനസ്സിലാക്കാം. നല്ലവഴി! ഈ വിധ ത്തിലാണെങ്കിൽ നാക്കിന്നും വയറു് എന്ന പറയേണ്ടി വരും. കഠി നവാക്കുപറഞ്ഞു് ആളുകൾക്കു ദ്വേഷമുണ്ടാക്കിത്തീക്കുന്നതു നാക്കല്ലേ? അതെങ്ങനെ വൈരിയല്ലാതിരിക്കും. അതുപോലെ കയ്യും വയറു ത ന്നെ. അന്യന്റെ മുതൽ കടന്നെടുത്തു് ഉപദ്രവം വരുത്തിക്കൂട്ടുന്നതു കയ്യാണല്ലൊ. എന്നുതന്നെയല്ല വയറു ബന്ധുവാണ്. ശരീരരക്ഷക്കു വേണ്ട അന്നപാനാദികൾക്കു് അതാണല്ലൊ ആധാരം. അങ്ങനെ ശരീരം രക്ഷിച്ചു നില നിറുത്തുന്ന വയറു ബന്ധുവല്ലാതിരിക്കുന്നതെങ്ങ നെ? ഇനി ആ ബന്ധുത്വം വിവക്ഷിച്ചിട്ടില്ല; ശത്രുത്വമാണ് വിവ ക്ഷിച്ചിരിക്കുന്നതു്. നാക്കു മുതലായതിലും ആ വിധത്തിലുള്ള ശത്രുത്വം ഇല്ല. അവയെ വയറെന്നു പറയാറുമില്ല. വ്യവഹാരമനുസരിച്ചാണു

പ്രകൃതിയെപ്പററി നിരൂപണംചെയ്യുന്നതു്; എന്നാണെങ്കിൽ നില്ക്കൂ ! ചോദിക്കട്ടേ ! നാക്കിനെ വയറെന്നു പറയാതിരിക്കുന്നതെന്തുകൊണ്ടു്? ശത്രുത്വ വിവക്ഷിച്ചിട്ടില്ല അതുകൊണ്ടു തന്നെ എന്നു പറയുന്ന പക്ഷം നാക്കു് എന്നു പറഞ്ഞുവരുന്നതിനുള്ള നിമിത്തമെന്തു്? ബന്ധുതയോ മദ്ധ്യസ്ഥതയോ മററതെങ്കിലുമോ അതും കൂടിപ്പറയൂ. അതിന്നു മററൊരു സംഗതിതന്നെയാണു നിമിത്തം. 'നൃകസ്യേദം' എന്ന വിഗ്രഹത്താൽ 'നാക്കം' എന്നതിന്നു മനുഷ്യന്നുള്ളതു് എന്നൎത്ഥം. 'നൃക' എന്നശബ്ദം സ്വാൎത്ഥത്തിൽ 'ക' പ്രത്യയം ചേൎന്നിട്ടുണ്ടായതാണു്. നാക്കം എന്നതിന്റെ അപഭ്രംശമാണു നാക്കു്. ശരി. എന്നാൽ വയറിന്നും നാക്കെന്നു പറയാം. വയറും മനുഷ്യന്നുള്ളതാണു്. അവിടെ മനുഷ്യന്നുള്ളതു് എന്ന അൎത്ഥം വിവക്ഷിച്ചിട്ടില്ല എന്നാണെങ്കിൽ എന്തുകൊണ്ടു വിവക്ഷിച്ചില്ല ? വിവക്ഷിക്കുന്ന കാൎയ്യത്തിൽ സ്വേച്ഛതന്നെയാണു പ്രമാണം എന്നു പറയുന്നപക്ഷം വയറു് എന്നതിലും ബന്ധുത്വമുണ്ടെങ്കിലും അതു നോക്കാതെ ശത്രുത്വം വിവക്ഷിക്കുന്നതിന്നും നിമിത്തം സ്വേച്ഛയാണെന്നു വരുന്നതിനാൽ സ്വേച്ഛക്കുതന്നെയാണു പ്രാബല്യമെന്നു വന്നുകൂടുന്നു. ആ സ്വേച്ഛ നിമിത്തസ്ഥിതി നോക്കാതെ വ്യവഹാരത്തിന്നാസ്പദമായിത്തീരുന്നതു രൂഢി കൊണ്ടാണെന്നും സിദ്ധിക്കുന്നു. ഇതിന്നു പുറമേ കാററു്, പുററു്, നൻറു് ഇത്യാദി ശബ്ദങ്ങളുടെ പ്രകൃതിയായിട്ടു് ഏതൊന്നാണു പറവാനുള്ളതു് എന്നും ഇവിടെ ആലോചിക്കേണ്ടതുണ്ടു്. എന്നാൽ തേവർ, വക്കം മുതലായതും രൂഢിതന്നെയായിക്കോട്ടേ എന്നാണെങ്കിൽ പറയാം—ദേവവൎഗ്ഗാദിപ്രകൃതികൾ അതേ അൎത്ഥത്തിൽ രൂഢങ്ങളായിട്ടുണ്ടു്. വയറു്, പാമ്പു്, ചോറു് മുതലായതിന്റെ അൎത്ഥത്തിൽ വൈരി, പാപ, ചോരാദിശബ്ദങ്ങൾ പ്രസിദ്ധങ്ങളല്ല. അതുകൊണ്ടു് തേവർ മുതലായതു സംസ്കൃതഭാഷയിൽനിന്നുണ്ടായതാണു്. വയറു മുതലായതു രൂഢങ്ങളുമാണു്. ഇവിടെ സംസ്കൃതഭവം എന്നു പറഞ്ഞതു് ആധിക്യം നോക്കീട്ടുമാത്രമാകുന്നു. അതിനാൽ പളിങ്ങു്, ആണ, വക്കാണം, ചിരിതേവി മുതലായി പ്രാകൃതാദിഭവങ്ങളായ ശബ്ദങ്ങളും ഉണ്ടെന്നു ഗ്രഹിച്ചുകൊൾക.

* അന്തേ വികൃതം സംസ്കൃതം സംസ്കൃതരൂപാ *

അവസാനത്തിൽമാത്രം മാററംവന്ന സംസ്കൃതപദമാണു് സംസ്കൃതരൂപമെന്നു പറയുന്നതു്. ഉദാഹരണം—കുടം, വല്ലി, കീരി, കുടി, മാലിക, മല്ലിക, മാല മുതലായതു്. കുങ്കുമം, കാരണം, കുലം, ബലം മുതലായതിൽ അവസാനത്തിലുള്ള മകാരവും പിതാവു്, രാജാവു് മുതലായതിലേ വകാരം പോലെ ഭാഷാസ്ഥിതികൊണ്ടു വന്നിട്ടുള്ളതാണു്; അല്ലാതെ സംസ്കൃതത്തിന്റെ സ്ഥിതിയിൽത്തന്നെയുള്ള മകാര

മല്ല. അവസാനത്തിലും മാററമില്ലാതെ കാണുന്ന മാലയാ, മാലാം, മല്ലികയാ, മല്ലികാനാം ഇത്യാദികൾ സംസ്കൃതംതന്നെയാകുന്നു. മാണിക്കം മുതലായിട്ടുള്ള പ്രാകൃതരൂപപദങ്ങളേയും സംസ്കൃതരൂപം എന്ന എന്നതിൽത്തന്നെ ഉൾപ്പെടുത്തിക്കൊൾക. ഭാഷാന്തരഭവം, ഭാഷാന്തരസമം എന്നതിൽ ദേശഭാഷകളായ തെലുങ്ക്, കർണ്ണാടകം മുതലായതു മാത്രമേ ഭാഷാശബ്ദംകൊണ്ടു വിവക്ഷിച്ചിട്ടുള്ളു; സംസ്കൃതത്തെപ്പോലെതന്നെ പ്രാകൃതത്തെയും വിവക്ഷിച്ചിട്ടില്ല. എന്നാൽ പ്രാകൃതവും മണിപ്രവാളത്തിൽ ഉണ്ടു് എന്നുവരുമല്ലോ എന്നു സംശയിക്കേണ്ട. സംസ്കൃതവിഭക്ത്യന്തമായ സംസ്കൃതപദം കാണുന്നതുപോലെ പ്രാകൃതവിഭക്ത്യന്തമായ ഒരു പ്രാകൃതപദവും മണിപ്രവാളത്തിൽ കാണുന്നില്ല. മാണിക്കം മുതലായതെല്ലാം പ്രാകൃതസമം മാത്രമാണ്. പളിങ്ങ് മുതലായതു പ്രാകൃതൈകദേശസമം മാത്രവുമാണ്. പ്രാകൃതരൂപ പദങ്ങൾ എന്നു പറഞ്ഞതിന്നു പ്രാകൃതസമപദങ്ങൾ എന്നേ അർത്ഥമുള്ളു. സാമ്യം പ്രകൃതിഭാഗംകൊണ്ടുമാത്രമാണെന്നും അറിഞ്ഞുകൊൾക.

* സേയം ദ്വിധാ—അപകൃഷ്ടോൽകൃഷ്ടാ ച *

ഈ ഭാഷ അപകൃഷ്ടമെന്നും ഉൽകൃഷ്ടമെന്നും രണ്ടു തരമായിട്ടുണ്ടു്. നീചന്മാർമാത്രം സംസാരിക്കുന്നതാണ് അപകൃഷ്ടം. ഉയർന്ന ജാതിക്കാർ സംസാരിക്കുന്നതു് ഉൽകൃഷ്ടം.

*സന്ദർഭേ സംസ്കൃതീകൃതാ ച *

കാവ്യാദിസന്ദർഭത്തിൽ സംസ്കൃതീകൃതമായിട്ടുള്ളതും ഉണ്ടു്. സംസ്കൃതമാക്കിത്തീർക്കുന്നതു പ്രത്യയാംശത്തിലാണ്. സാധാരണ സംഭാഷണങ്ങളിൽ സംസ്കൃതീകൃതം ഉണ്ടാകുന്നതല്ല. സന്ദർഭത്തിൽ ശുദ്ധ ഭാഷയും ഉണ്ടാകുമെന്നു കാണിപ്പാനാണ് സൂത്രത്തിൽ 'ച' എന്നു പറഞ്ഞിട്ടുള്ളതു്. ഉദാ—

'കണ്ണൊകൊണ്ടിന്ദീവരാണാം കുറിയശിരസിജൈശ്ശൈവലാനാം മുഖംകൊ-
ണ്ടംഭോജാനാമളീനാമളകരചനയാ കൊങ്കയാ കോരകാണാം
ഏതേഷാം കാന്തിമേതൈഗ്ഗ്രതിമപി ഭവതാംകൾപ്പിതെന്നിന്നളിന്യാ-
മായാന്തീം നാരണീതൻ ദേഹിതരമരയന്നാങ്ങളേ കണ്ടിതുണ്ടോ ?'

ഇതിൽ കൊങ്കയാ എന്നതു സംസ്കൃതീകൃതം. വേറെ ഉദാ—

'നീരാടമ്മേ നിവസനമിദം ചാത്തുദേവാച്ഛനായാ-
മെപ്പോഴും നീ കൃതമതിരതും മുട്ടമാറായിതല്ലോ
എന്നിവണ്ണം നിജപരിജനപ്രാർത്ഥനംകർത്തുകാമാ
കേഴന്തീവാ രഹസി വിരഹവ്യാകുലാ വല്ലഭാ മേ.'

'ആറമർ നീലീ വിരഹവിധുരോ മാണിരത്ത്യന്തകാമീ
മാത്തൂർ ജാതോ മദനവിവശസ്തൃക്തവാന്തുണറക്കൈ.'

ഇതെല്ലാം സംസ്കൃതീകൃതനാമങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. സംസ്കൃതീകൃതക്രിയാപദങ്ങൾക്കുദാഹരണം—

'സ്വപ്നേ പൂർവ്വം മഹിതനൃപതേർവിക്രമാദിത്യനാമ്നഃ
പോക്കാംചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ
ത്വം ക്രുത്തസ്ത്രീ വട്ടരതിജള്ളോ ദൃഷ്ടവിശ്വാഹമിത്ഥം
മത്വാത്മാനം തവ ഖലു മയാ പ്രേഷിതഃ കാകഘ്ട്വവ.'

വേറെ ഉദാഹരണം—

'പൂപൂകിരേ പന്തലകത്തു ചൂകരാ-
ശ്ശൂചൂടിരേ മാലപറിച്ചൊരോത്തരേ
തതല്ലിരേ തമ്മിലതീവഘോരമായ്
മമണ്ടിരേ കൊണ്ടു മണാട്ടിതന്നെയും.'

ഈ വിഷയത്തിൽ ഒരു സംശയം—ഭാഷയും സംസ്കൃതവും ചേന്നു സമാസിച്ചിട്ടും ഒരുതരം പദങ്ങൾ ഉണ്ടാകാം. അതു സംസ്കൃതം ആദ്യത്തിലായിട്ടും നടുവിലായിട്ടും ഒടുവിലായിട്ടും മൂന്നു വിധത്തിൽ വരുന്നതാണ്. നയനത്തെല്ല്, നീലക്കൺ, പൂച്ചദന്തച്ചുവട്, ആമ്പൽപ്രിയാഭരണം ഇവ ഉദാഹരണങ്ങൾ. ആ തരം പദങ്ങളെ എന്തുകൊണ്ടു പറഞ്ഞില്ല? പറയാം——ഈ സമാസത്തിൽ ഭാഷാസംസ്കൃതങ്ങൾ ചേന്നുകൊണ്ടുള്ള ഭംഗിയുണ്ടെന്നല്ലാതെ അവ വിജാതീയ പദങ്ങളായിത്തീരുന്നില്ല. അതിനാൽ അവയെ വേറെപ്പറയേണ്ടതുമില്ല. സംസ്കൃതത്തിലില്ലാത്ത ൻറ,ററ, റ, ഴ ഈ നാലക്ഷരങ്ങൾ ഭാഷയിൽ കാണാം.

'കാറേററററാട്ടേ ഗളിതതെളിതേൻ കണ്ണുനീരുദ്വഹന്തീ
മാദ്ധ്വീമാന്ദ്യന്മധുപവിരുതം കൊണ്ടു വാമോക്തിനിൻറ്
എന്നൊക്കണ്ടിട്ടതികരുണയാ ഹന്ത പൂന്തൊത്തുപോലും
കോടീ കാണാ കുവലയദളാപാംഗി! കേഴിൻറവാറ്.'

ഇതിൽ കാററ്, ഏററ്, നിൻറ്, കേഴിൻറ, വാററ് എന്ന പദങ്ങളിൽ ആ അക്ഷരങ്ങൾ കാണുന്നുണ്ടല്ലൊ. അതുപോലെ കൊണ്ട്, ഒട്ടേ, എന്നൊ എന്ന പദങ്ങളിൽ ഹ്രസ്വമായ ഒ, എ ഇവയും കാണുന്നു. വരട്ടേ! ഷകാരത്തിൻെറ അപഭ്രംശമാണു ഴകാരം. പുരുഷൻ എന്നതിന്നു പുരുഴൻ, എന്നും വിഷം എന്നതിന്നു വിഴം എന്നും പറയാറുണ്ടല്ലൊ. ര, റ ഇവയ്ക്കു ഭേദവുമില്ല. വക്രം, മുദ്ര, മദിര എന്ന വാക്കുകളിൽ രണ്ടുവിധം ഉച്ചാരണവും കാണുന്നുണ്ട്. ൻറ, ന്ദ

എന്നതിൻെറ അപഭ്രംശമാണ്. കുന്ദ എന്നും കുൻറ എന്നും പറയാറുണ്ട്. ഹ്രസ്വങ്ങളായ എ, ഒ എന്ന രണ്ടും പ്രാകൃതമനുസരിച്ചു വന്നതുമാണ്. എന്നിരിക്കേ ഭാഷയിൽ അധികം അക്ഷരങ്ങൾ എങ്ങനെ? പറയാം—ഴകാരം ഷകാരാപഭ്രംശമല്ല. നിഴൽ, അഴൽ മുതലായ വാക്കുകളിൽ ഷകാരം പ്രകൃതിയെന്നു തോന്നുന്നില്ല. ര, റ എന്ന രണ്ടും ഒന്നായാൽ ഉരിയും, ഉറിയും, കരിയും, കറിയും ഒന്നായിപ്പോകും. മൃദ്ര എന്നതിൽ മൃദുവ്യഞ്ജനം ചേർന്നുകൊണ്ടു വക്രം എന്നതിൽ നിന്നു വ്യത്യസ്തമായി രേഫം കേൾക്കുന്നു എന്നേ ഉള്ളു. അല്ലാതെ സംസ്കൃതത്തിൽ റകാരമില്ല. ഉണ്ടെങ്കിൽ സ്വരം മാത്രം ചേരുമ്പോഴും റ, റി എന്നുള്ള ഉച്ചാരണവും ഉണ്ടാകേണ്ടതാണ്. ഒൻറ്, ഇൻറ് ഇത്യാദിയിൽ ന്ദ എന്നതിൻെറ പ്രതീതിയില്ലാത്തതുകൊണ്ട് ൻറയ്ക്കു ന്ദ പ്രകൃതിയാവില്ല. ഒന്ദു, ഇന്ദു എന്ന കർണ്ണാടകത്തിൻെറ അപഭ്രംശമാണ് ആ വാക്കുകളെന്നാണെങ്കിൽ കർണ്ണാടകത്തിലേക്ക് അതെവിടുന്നു കിട്ടി? സംസ്കൃതത്തിൽ നിന്നാണെന്നുള്ളതിന്നു തെളിവില്ല. അങ്ങനെയൊരു പ്രകൃതി സംസ്കൃതത്തിലില്ല. കർണ്ണാടകത്തിൽ തന്നെത്താൻ ഉണ്ടായതാണെന്നാണെങ്കിൽ കേരളഭാഷയിലും ഒൻറ്, ഇൻറ് എന്നെല്ലാം തന്നെത്താൻ ഉണ്ടായതാണ്. ഇതു സമ്മതിക്കുന്നതായാൽ തന്നെ വെൻറാൻ, കൊൻറാൻ, എൻെറ ഇത്യാദികളിൽ ശരിയാകയുമില്ല. ഈ വാക്കുകളിൽ കർണ്ണാടകത്തിലെ ന്ദ വരുന്നതല്ലല്ലൊ. ഇനി ഹ്രസ്വങ്ങളായ എകാരോകാരങ്ങളുടെ സംഗതിയാണ് നോക്കേണ്ടതു്. പ്രാകൃതത്തിൽ അവ ആദ്യത്തിൽ എങ്ങനെ ഉണ്ടായി? തന്നെത്താനുണ്ടായതാണെങ്കിൽ കേരളഭാഷയിലും എന്തുകൊണ്ട് തന്നെത്താനുണ്ടാകവയ്യ? ററ എന്നതിൻെറ പ്രകൃതിയായിട്ട് ഒന്നും തോന്നില്ലെന്നുണ്ടോ? രണ്ടു രേഫം ചേർന്നതാണെന്നു പറയാമായിരുന്നല്ലൊ. അതെന്തേ പറയാഞ്ഞതു്? അല്ലെങ്കിൽ ഈ പറഞ്ഞ അക്ഷരങ്ങളെല്ലാം ഓരോന്നിൻെറ അപഭ്രംശം തന്നെയായിരിക്കട്ടെ! എന്നാലും രണ്ടും ഒരക്ഷരമാണെന്നു വരുന്നതല്ലാത്തതുകൊണ്ട് വേറെ അക്ഷരങ്ങളാണെന്നുള്ളതിന്നു സംശയമില്ല. ഴ എന്ന അക്ഷരം ഒന്നുണ്ടെങ്കിലല്ലാതെ അതു ഷ എന്നതിൻെറ അപഭ്രംശമാണെന്നു വരുന്നതല്ലല്ലൊ. അതുകൊണ്ട് മേൽപ്പറഞ്ഞ ആറക്ഷരങ്ങളും അതിൻെറ മൂലഭൂതങ്ങളായ അഞ്ചു വർണ്ണങ്ങളും ഭാഷയിൽ അധികമുണ്ട്. ഩ എന്ന് ഏഴാമതൊരക്ഷരവുമുണ്ട്. അഗസ്ത്യസൂത്രത്തിൽ ഈ സംഗതിയെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—"എകര, ഒകര, ആയ്ത, ഴകര, റകര, ഩകരന്തമിഴപോതുമററെ." ഇവിടെ മററെ എന്നതുകൊണ്ട് ററ എന്നതും ദ്രമിഡാക്ഷരമാണെന്നു മഹർഷി കാണിച്ചിട്ടുണ്ട്. ആയ്താക്ഷരം കേരളഭാഷയിലില്ല. ഇവിടെ ഩകാരം ദ്രമിഡഭാഷ മാത്രമാകുന്നതെങ്ങനെ?

അതു സംസ്കൃതത്തിലും ഉണ്ടല്ലോ എന്നു സംശയിക്കുന്നുവെങ്കിൽ ശരിതന്നെ. പക്ഷെ സംസ്കൃതത്തിൽ ന, ണ എന്നതിലെ ഉച്ചാരണഭേദം കൊണ്ടു് അർത്ഥഭേദം വരില്ല. അവനാമം എന്നതിന്നും അവണാമം എന്നതിന്നും അർത്ഥം ശരിതന്നെ. ഉപണ്യാസം എന്നായാലും ഉപന്യാസം എന്നായാലും അർത്ഥം ഒന്നുതന്നെ. ഭാഷയിൽ അങ്ങനെയല്ല. കാൺകനാവിൽ കാൺകണാവിൽ എന്നു രണ്ടിലും ഭേദം വരുന്നതു നോക്കുക. വരട്ടേ! സംസ്കൃതത്തിലും ഇവയ്ക്കു് അർത്ഥഭേദം കാണുന്നുണ്ടു്. നാനാ എന്നതിന്നു ചിലപ്പോൾ പുരുഷൻ. പുരുഷൻ എന്നും നാണാ അനേകമെന്നും അർത്ഥമാവുന്നുണ്ടല്ലൊ. പറയാം— ആ അർത്ഥവ്യത്യാസം പ്രകരണഭേദംകൊണ്ടാണു വരുന്നതു്; അല്ലാതെ ഉച്ചാരണഭേദംകൊണ്ടല്ല. മറിച്ചാണെങ്കിൽ കരണം, ഹരണം ഇത്യാദി പദങ്ങളിൽ "യുവോരനാകൌ" എന്ന പാണിനിസൂത്രംകൊണ്ടു വിധിച്ചിട്ടുള്ള അന് അണ് എന്നാവില്ലെന്നു വരും. "രഷാഭ്യാം നോണഃ" എന്ന സൂത്രംകൊണ്ടു് നകാരത്തിന്നു ണകാരം പറഞ്ഞിട്ടുള്ളവല്ലൊ. ഉച്ചാരണം സംസ്കൃതത്തിലും രണ്ടുവിധം കാണുന്നതു കാകതാളീയമായി വന്നു ചേർന്നതാണ്. ഈ വിഷയത്തിൽ—

'നകാരസ്യണകാരത്വം നകാരേണയുതസ്യ ച
ഹലാന്ത്യേനയുതം തദ്വൽ പാദാദൌ ച സ്ഥിതം വിനാ.'

എന്നൊരു പദ്യവും പ്രസിദ്ധമായിട്ടുണ്ടു്. എന്നാൽ ചോളപാണ്ഡ്യഭാഷകളിൽ ഈ വ്യവസ്ഥ ശരിയാകുന്നതല്ല. ഇനി ഭാഷയിലും ചൊന്നാൻ എന്ന വാക്കിൽ ദേശഭേദത്താൽ ഉച്ചാരണഭേദം ഉണ്ടെങ്കിലും അർത്ഥഭേദം കാണുന്നില്ലെന്നാണ് ഒന്നു പറവാനുള്ളതു്. അതു സാരമില്ല. വന്നാൻ, ചൊന്നാൻ ഇത്യാദികളിൽ ഉച്ചാരണം മാറിയാൽ അർത്ഥം മനസ്സിലാവുന്നതല്ല. അതിനാൽ ഭാഷയിൽ ഈ അക്ഷരവ്യത്യാസം അർത്ഥഭേദത്തിന്നു കാരണം തന്നെയാണ്. ഇവയ്ക്കു സ്ഥാനഭേദവുമുണ്ടു്. നകാരത്തിന്നു ദന്തമാണ് സ്ഥാനം. അതുച്ചരിപ്പാൻ നാവു വളയേണ്ടതുമില്ല. ഩകാരത്തിന്നു സ്ഥാനം മൂർദ്ധാവാണ്. അതുച്ചരിക്കേണമെങ്കിൽ നാവിന്റെ തല മേൽപ്പോട്ടൊന്നു വളയുകയും വേണം. സംസ്കൃതത്തിൽ ഈ വ്യത്യാസം വകവെക്കാതെയാണു ദന്തവും നാസികയും സ്ഥാനമെന്നു നകാരത്തെ അടിസ്ഥാനപ്പെടുത്തി മാത്രം പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് അർത്ഥഭേദം നിമിത്തം ലകാരളകാരങ്ങൾക്കെന്നപോലെ നകാരഩകാരങ്ങൾക്കും ഭാഷയിൽ വ്യത്യാസമുണ്ടെന്നു തീർച്ചയാണ്.

* സംസ്കൃതന്തു സൎവ്വത്ര *

ഭാഷീകൃതമായ സംസ്കൃതം എല്ലാററിലും ഉണ്ട്. ഭാഷയെപ്പററി പറയേണ്ടതു പറഞ്ഞു കഴിഞ്ഞു. സംസ്കൃതം, ശുദ്ധമെന്നും ഭാഷീകൃതമെന്നും രണ്ടുവിധമുണ്ട്. അതിൽ ശുദ്ധസംസ്കൃതം നിഷ്ഠുരവും ഗംഭീരവുമല്ലാതേയും ലളിതവും പ്രസന്നവുമായിട്ടും ഇരിക്കണമെന്ന മുമ്പു തന്നെ പറഞ്ഞിട്ടുണ്ടല്ലൊ. ഭാഷീകൃതസംസ്കൃതത്തെപ്പററിയാണ് ഈ സൂത്രം കൊണ്ടു പറഞ്ഞിരിക്കുന്നത്. 'തു' എന്നതുകൊണ്ടു സംസ്കൃതീകൃതഭാഷയെപ്പോലെ സന്ദൎഭത്തിൽ മാത്രം വരുന്നതല്ല ഭാഷീകൃതസംസ്കൃതം എന്നുള്ള വ്യത്യാസം സൂചിപ്പിച്ചിരിക്കുന്നു. അതു സന്ദൎഭത്തിലും സാധാരണ സംസാരത്തിലും ഉണ്ട്. അതിൽ ഭാഷീകരണം പല വിധത്തിലുമാകാം. വിഭക്തിപ്രത്യയഭാഗംകൊണ്ടു ഭാഷയാക്കിട്ടുള്ളതിന്നു 'മാധ്വീമാദ്ധ്വന്മധുപവിരുതംകൊണ്ടു' ഇത്യാദികൾ ഉദാഹരണം. ലിംഗപ്രത്യയഭാഗം കൊണ്ടുള്ളതിന്നു 'കാന്ത കയ്മെയ്മറന്നാൾ' ഇത്യാദികൾ ഉദാഹരണം.

'മേഘം വണ്ടിണ്ട ചന്ദ്രക്കല മദനധനുർബ്ബാണ മെൾപ്പൂവു പാശം
ആദൎശം വീണ വെണ്മുത്തഴകിയ പവിഴം പങ്കജം ശംഖുമാല
പത്മം മീൻ[1] പാമ്പു നീരിൻചെറുതിരയരയാൽപത്രമാവൎത്ത ചക്രം
തുമ്പിക്കയ്യൊപ്പികൂൎമ്മം നളിനമവയവം നാരണീനന്ദനായാഃ.'

ഇതിൽ മേഘം, ബാണം, പാശം, ആദൎശം, കൂൎമ്മം, അവയവം ഇവയിൽ പുല്ലിംഗപ്രത്യയം ഉപേക്ഷിച്ചു ഭാഷയാക്കിയിരിക്കുന്നു. അവസാനത്തെ മകാരം ഭാഷാപ്രത്യയമാണ്. ശംഖ് എന്നതിൽ സംവൃതം ചേൎന്നിട്ടാണു ഭാഷീകരണം. എൾപ്പൂ എന്നതിലെ പകാരംപോലെ ചന്ദ്രക്കല എന്നതിൽ കകാരം ഇരട്ടിച്ചിട്ടാണ്. അതുപോലെ മനമേ എന്നതിൽ സകാരം കളഞ്ഞിട്ട്. ഇങ്ങനെ ഇതിന്റെ സമ്പ്രദായം അറിഞ്ഞുകൊൾക. മുൻ സൂത്രത്തിലെ ചകാരം ഈ സൂത്രത്തിലും അനുവൎത്തിക്കുന്നതിനാൽ ഭാഷീകൃതമല്ലാത്ത ശുദ്ധസംസ്കൃതവും സന്ദൎഭത്തിൽ വരുമെന്ന സിദ്ധിക്കുന്നു. സാധാരണ സംസാരത്തിൽ ശുദ്ധസംസ്കൃതം വരില്ല. ഭാഷ സമാസത്തിൽ ആദ്യമോ നടുവിലോ ഒടുവിലോ ചേൎന്നുകൊണ്ടു രണ്ടുതരം പദങ്ങളും യോജിച്ചിരിക്കുന്നുവെന്നല്ലാതെ പറയത്തക്ക വിശേഷമൊന്നും വരാനില്ലെന്നും ഗ്രഹിച്ചുകൊൾക.

ഇനി വിഭക്തിപ്രത്യയം മുതലായതു നിരൂപണം ചെയ്യുന്നു:—

* അൎത്ഥവിശേഷേസ്യാഃ പരഭാഗവിശേഷഃ *

പരഭാഗം=പ്രത്യയം. അൎത്ഥവിശേഷം അനുസരിച്ചു ഭാഷയിൽ ഓരോ തരം പ്രത്യയവും വരുന്നതാണ്. അൎത്ഥവിശേഷം എന്നതു

1 പൊൽക്കുംഭം എന്നു പാഠാന്തരം.

കൊണ്ടു പ്രകൃത്യത്ഥം മാത്രമായിട്ടുള്ളതു്, ലിംഗം, വചനം മുതലായ താണു കാണിച്ചിട്ടുള്ളതു്.

* സോഷ്ടധാ ത്രിധാ ദ്വിധാ ച *

ആ പ്രത്യയം എട്ടു്, മൂന്നു്, രണ്ടു് ഇങ്ങനെ മൂന്നുവകയായിട്ടും ഉണ്ടു്. എട്ടു വിഭക്തികൾ, മൂന്നു ലിംഗം, രണ്ടു വചനം. ചുരുക്കത്തിൽ വിഭക്തി, ലിംഗം, വചനം എന്ന മൂന്നു തരത്തിൽ ഉൾപ്പെട്ട പല പ്രത്യയങ്ങളും ഉണ്ടെന്നു സാരം. 'ച' എന്നതുകൊണ്ടു കൃൽപ്രത്യയം തദ്ധിതപ്രത്യയം മുതലായതു സമുച്ചയിച്ചിരിക്കുന്നു.

* പേരെയോട്ക്ക്നിൻറുടെയിൽ വിളീത്യഷ്ടകം *

പേർ, എ, ഓട്, ക്ക്, നിൻറ്, ഉടെ, ഇൽ, വിളി ഇങ്ങനെയാണു് എട്ടുള്ളതു്. ഇതിൽ ആദ്യത്തേതും ഒടുവിലത്തേതും അത്ഥത്തെയാണു കാണിച്ചിരിക്കുന്നതു്. മറ്റെല്ലാം ശബ്ദത്തെത്തന്നെ. ആദ്യത്തേതിന്നുദാഹരണം:—കണ്ടൻ, ആന, മരം മുതലായതു്. ഈ വിഭക്തിക്കു പ്രാതിപദികം മാത്രമാണത്ഥം. പേർ എന്നും നാമമെന്നും പറയുന്നതും പ്രാതിപദികത്തെയാണു്. രണ്ടാമത്തേതിന്നുദാഹരണം— അവനെ, അവളെ, അതിനെ, അവരെ, അവററ, ആനയെ, മരത്തെ, മരത്തിനെ. ഇതിലെ എകാരം ഹ്രസ്വമാണു്. ഐ എന്ന പ്രത്യയം കേരളഭാഷയിലുള്ളതല്ല പാണ്ഡ്യഭാഷയിലുള്ളതാണു്. 'വേററുമൈ' എന്ന സൂത്രത്താൽ വിധിച്ചിട്ടുള്ളതും ചോളപാണ്ഡ്യഭാഷകളിലാണു്. ഇവിടെ ത്ത്, ഇൻ, യ് മുതലായ വൎണ്ണങ്ങൾ ആദേശമായും ആഗമമായും വന്നു ചേൎന്നു സന്ധിക്കുപകരിക്കുന്നു. 'ചാരിയൈ' എന്നു പേരായി പാണ്ഡ്യഭാഷയിലും ഇതുപോലെ ചില വൎണ്ണങ്ങൾ വരുന്നുണ്ടു്. എ എന്ന ദ്വിതീയാവിഭക്തിപ്രത്യയത്തിന്നു നിവ്ൎത്ത്യകൎമ്മമോ, വികാൎയ്യകൎമ്മമോ, പ്രാപ്യകൎമ്മമോ അത്ഥമാകുന്നു. അല്ലാതെ സംസ്കൃതത്തിലെപ്പോലെ കാലാത്യന്തസംബന്ധം, ദേശാത്യന്തസംബന്ധം മുതലായതു് അത്ഥമാവില്ല. ഉപപദത്തിൻെറ അപേക്ഷയുമില്ല. ദിവസത്തെ നിന്നാൻ, ഗ്രാമത്തെ ആവസിക്കുന്നു, നേത്രത്തെ കുരുളെയും നടുവേ ചില്ലി എന്ന പ്രയോഗങ്ങളും ശരിയല്ല. മൂന്നാമത്തേതിന്നുദാഹരണം—അവനോടു്, അവരോടു്, നമ്പിയോടു്, മരത്തോടു്. ഇവിടെയും കാന്തനോടുത്സുകം എന്ന പ്രയോഗം ശരിയല്ല. ഇതിലും സന്ധായകങ്ങളായിച്ചേരുന്ന വൎണ്ണങ്ങൾ ഗ്രഹിച്ചുകൊൾക. ഓടു് എന്നതുപലക്ഷണമാണു്. ആൽ, കൊണ്ടു് ഇങ്ങനെ രണ്ടു പ്രത്യയങ്ങളും തൃതീയയ്ക്കുണ്ടു്. അവനാൽ, അതിനാൽ, അവനെക്കൊണ്ടു്, അവററെക്കൊണ്ടു്, മരത്തെക്കൊണ്ടു് എന്നെല്ലാം ഉദാഹരണങ്ങൾ. ഇതിൽ കാണുന്ന എകാരം സന്ധായക

മായി വരുന്നതാണ്. അല്ലാതെ ദ്വിതീയാവിഭക്തിപ്രത്യയമല്ല. ചതുൎത്ഥിക്കുദാഹരണം—അവൎക്കു്, ആനയ്ക്കു്. ഇവിടെയും അന്നു്, ഇന്നു് എന്ന രണ്ടു പ്രത്യയങ്ങളുമുണ്ടു്. അവന്നു്, ഇവററിന്നു്, അതിന്നു് ഈ മൂന്നു പ്രത്യയങ്ങളും ചിലേടത്തു് ആയിക്കൊണ്ടു് എന്ന പദത്തോടു ചേൎന്നു വരും. അവന്നായിക്കൊണ്ടു്, അതിന്നായിക്കൊണ്ടു്. ഇതിലും സന്ധ്യായകവൎണ്ണങ്ങൾ ചേരുന്നതു കണ്ടുകൊൾക. കാന്തനു കോപിക്കിൻററിതു കാന്ത എന്നും മററും സംസ്കൃതമനുസരിച്ചു പ്രയോഗിക്കുന്നതു ശരിയല്ല. പഞ്ചമിക്കുദാഹരണം—മരത്തിൽനിൻറു്, മരത്തിന്മേൽനിൻറു്, മരത്തേൽ നിൻറു്, അവൻ പക്കൽ നിൻറു്, അവൾ പക്കൽ നിൻറു്. ഇവിടെയും ഉൽകൎഷാപകൎഷങ്ങൾ വിവക്ഷിക്കുമ്പോൾ 'കാട്ടിൽ' എന്നൊരു പ്രത്യയവും വരുന്നതാണു്. ഉദാഹരണം—കമലത്തേക്കാട്ടിൽ മുഖമഴകിയതു്. ഇതിലും സന്ധ്യായകവൎണ്ണങ്ങളെ ഗ്രഹിച്ചുകൊൾക. അവങ്കൽ നിൻറു പായററി, പുലിയിങ്കൽനിൻറു പേടിച്ചു എന്നും മററും പറയുന്നതു ശരിയല്ല. ഷഷ്ഠിക്കുദാഹരണം—അവനുടെ, അവളുടെ, ഇലയുടെ. ഇവിടെയും ഇടെ, റെ, ന്നു് എന്ന മൂന്നു പ്രത്യയങ്ങളും കൂടിയുണ്ടു്. അവളിടെ, അവരിടെ, അവൻെറ, മാവിൻെറ, അവന്നു്, രാമന്നു്. സന്ധ്യായകങ്ങൾ കണ്ടുകൊൾക. കാൺകെക്കുപോയി, മരങ്ങളുടെ, മാവിൻെറ എന്നു തുടങ്ങിയ പ്രയോഗങ്ങൾ ശരിയല്ല. വിവക്ഷിച്ച അൎത്ഥം അതുകൊണ്ടു മനസ്സിലാകയുമില്ല. സപ്തമിക്കുദാഹരണം—അവനിൽ, അവളിൽ, അതിൽ. ഇവിടെയും ഇലെ, മേൽ, കൽ എന്ന മൂന്നു പ്രത്യയങ്ങളും കൂടിയുണ്ടു്. അവനിലെ സ്നേഹം, മരത്തിന്മേൽ, ഓകിങ്കൽ. ഉദിക്കിൻറ ആദിത്യനിൽ പിറൻറാൻ എന്ന പ്രയോഗം ശരിയല്ല. എട്ടാമത്തേതിൻെറ പ്രത്യയങ്ങൾ ആ, ഈ, ഊ, ഏ ഇവയാണു്. ഉദാഹരണം—മാധവാ, കേശവാ, നമ്പീ, കണ്ണീ, ചാത്തൂ, ചിത്രഭാനൂ, മരമേ, വഴിയേ. ഇതിൽ ഏകാരം ദീൎഘമായിട്ടുള്ളതല്ലാതെ വരികയുമില്ല.

* ഷഷ്ഠ്യം സമാസേ വാ ലുപ്യതേ *

ഷഷ്ഠീവിഭക്തിപ്രത്യയം സമാസത്തിൽ പക്ഷെ ലോപിച്ചുവരും. ഉദാ—പുലിവാൽ, മാൻതോൽ.

* സപ്തമ്യാ *

സപ്തമിയും സമാസത്തിൽ ലോപിക്കാം. ഉദാ—കടലാന, മലയിഞ്ചി.

* ദ്വിതീയമസമാസേ വാ *

ദ്വിതീയാപ്രത്യയം സമാസമില്ലാത്തിടത്തും പക്ഷെ ലോപിക്കാം. ഉദാ—മാലകണ്ടു, മാലയെക്കണ്ടു; പുലികൊൻറു, പുലിയെക്കൊൻറു.

ഈ ലോപം അചേതനവസ്തുക്കളെയോ, പക്ഷിമൃഗാദിതിര്യക്കുകളെയോ കാണിക്കുന്ന വാക്കുകളിലേ വരുള്ളു. മററുള്ളേടത്തു ലോപിക്കില്ല. അമാത്യനെക്കണ്ടു.

* സ്ത്രീപുന്നപുംസകം ത്രികം *

മൂന്നു ലിംഗങ്ങൾ സ്ത്രീലിംഗം, പുല്ലിംഗം, നപുംസകലിംഗം ഇവയാണ്.

* സ്ത്രിയാമനാമ്നി ളോന്തേ *

സ്ത്രീലിംഗത്തിൽ നാമപദമല്ലാത്ത പദങ്ങളിൽ അവസാനത്തിൽ ള് എന്നു ലിംഗപ്രത്യയം. ഉദാ—അവൾ, വന്നാൾ. നാമപദമായാൽ ഈ പ്രത്യയമില്ല. നങ്ങ, കോത, നാരണി, ഇതൾ, കവിൾ മുതലായതു ളകാരാന്തനാമങ്ങളാണ്. ലൌകികമായ സ്ത്രീത്വാദികളെ അനുസരിച്ചു തന്നെയാണു ഭാഷയിൽ സ്ത്രീലിംഗാദി വ്യവസ്ഥയുള്ളതു്. സംസ്കൃതത്തിലേപ്പോലെ ഇന്ന പദം ഇന്ന ലിംഗം എന്നിങ്ങനെ പരിഭാഷകൊണ്ടു തീർച്ചപ്പെടുത്തേണ്ടതില്ല.

* ഇശ്ച ജാതിപുംയോഗയോഃ *

ജാതിയോ പുരുഷബന്ധമോ കാണിക്കുന്ന പദങ്ങളിൽ അവസാനത്തിൽ 'ഇ' എന്നും ഒരു സ്ത്രീലിംഗപ്രത്യയം വരും. ഉദാ—ചെട്ടിച്ചി, ശൂദ്രത്തി. ഇവിടെ കാണുന്ന ച്ച്, ത്ത് എന്ന അംശങ്ങൾ സന്ധാ[illegible]ന്ന[illegible]ണ്

* [illegible] *

[illegible] എന്ന പ്രത്യ[illegible] ശ[illegible], [illegible]ന്നാൻ. തേനൻ, പുളയൻ മുതലായതു പുംസ്ത്വം ആരോപിച്ചുണ്ടായതാണ്. ഈ ലിംഗപ്രത്യയങ്ങൾ പ്രായികങ്ങൾ മാത്രവുമാണ്. ആന, കാള, കല മുതലായി ലിംഗപ്രത്യയമില്ലാത്ത പദങ്ങളുമുണ്ട്.

* നപുംസകേ മോദന്തേ *

'അന്തേ' എന്നനുവർത്തിക്കുന്നു. നപുംസകത്തിൽ അകാരാന്ത ശബ്ദത്തിൽ 'മ്' എന്ന പ്രത്യയം വരും. മരമ്, പാലമ്, കോലമ്. ഈ മകാരപ്രത്യയത്തെത്തന്നെയാണ് അനുസ്വാരമാക്കി മരം, പാലം എന്നെല്ലാം എഴുതുന്നതു്. അകാരാന്തമെന്നു പറകയാൽ പാൽ, തോൾ, വള മുതലായതിൽ ലിംഗപ്രത്യയമില്ല.

* അഇഎഭ്യസ്തു ച *

അ, ഇ, എ എന്നീ കേവലങ്ങളിൽ ത് എന്ന പ്രത്യയം വരും. അത്, ഇത്, ഏത്.

* ഏകാനേകം ദ്വികം *

ഏകം, അനേകം ഇങ്ങനെയാണു രണ്ടുതരം വചനമുള്ളതു്. ഏകവചനം, അനേകവചനം എന്നു രണ്ടു വിധമെന്നു സാരം.

* ഏകസ്മിൻ യഥാലിംഗം *

ഏകവചനത്തിൽ അതാതുലിംഗപ്രത്യയം മാത്രമേ ഉള്ളു. വചനത്തിന്നു വേറെ പ്രത്യയമില്ല. അവൾ, അവൻ, അതു്, നമ്പി, കവി, മരം, വാൾ.

* അനേകസ്മിൻ ർ, കൾ, മാർ, മർ, വർ പ്രായേണ *

'അന്തേ' എന്നനുവൎത്തിക്കുന്നു. അനേകവചനത്തിൽ അവസാനത്തിൽ ർ, കൾ, മാർ, മർ, വർ ഇവ തരം പോലെ വരും. ബ്രാഹ്മണർ, കവികൾ, നമ്പിമാർ, കാണ്മർ, കളവർ, വരുവർ, അവർ. പ്രായേണ എന്നു പറഞ്ഞതിനാൽ 'മറന്നോം' എന്നു മുതലായ ശബ്ദങ്ങളാൽ വക്താവിൻ അനേകത്വം തോന്നുന്നുണ്ടെങ്കിലും അവിടെ ഈ പറഞ്ഞ പ്രത്യയങ്ങളിലൊന്നുമില്ലെങ്കിലും അസംഗതിയില്ല. മരങ്ങൾ എന്നതിലും മററും കൾപ്രത്യയത്തിലേ ക കാരം ങ കാരമായി മാറിയിരിക്കയാണു്.

* ക്രിയായാം കാലത്രയേ പ്രായോ ഗദിതം *

ക്രിയാപദത്തിൽ മൂന്നു കാലത്തിലും മുൻപറഞ്ഞ പ്രത്യയങ്ങൾ തന്നെ അതാത്തു ലിംഗങ്ങളിൽ പ്രായേണ വരുന്നതാണു്. ഉണ്ടാൻ, ഉണ്ണുന്റാൻ പ്രായേണ എന്നു പറഞ്ഞിരിക്കുന്നതിനാൽ ഉണ്ണും, ഉണ്ടു, വരുന്നു മുതലായതും.

* വിധിപ്രാൎത്ഥനയോഃ സ്വാഭിമുഖപരേഷു ച യഥാദൎശനം
ക്രിയാ വൎത്തതേ *

വിധി, പ്രാൎത്ഥന എന്നൎത്ഥഭേദമനുസരിച്ചും താൻ, അഭിമുഖൻ (സംബോദ്ധ്യൻ), അന്ന്യൻ എന്നു മൂന്നുതരം പുരുഷഭേദമനുസരിച്ചും തരംപോലെ ക്രിയാപദങ്ങൾ വരുന്നു. ഉദാഹരണങ്ങൾ—ചെൽവുതാവൂ, പോവുതാവൂ, ചെൽവിൻ, ചെല്ലുവിൻ, തരുവിൻ, ചെല്ലേണം, തരേണം, ചെൽവോനാക, ചെല്ലുവേണ്ടും, തരേണ്ടും. ഉത്തമപുരുഷനിൽ—വന്റേൻ, വന്നോം, വന്നോം. സ്ത്രീലിംഗത്തിലും ഈ ക്രിയാപദത്തിന്നു രൂപഭേദമില്ല. സ്ത്രീയും ഞാൻ എന്നു രൂപഭേദം കൂടാതെ തന്നെ പറയുന്നപോലെ വന്നോൻ, വന്നോം, വന്റേം എന്നും പറയാറുണ്ടു്. ഭാവികാലത്തിലും സ്ത്രീലിംഗത്തിൽ വ്യത്യാസമൊന്നും വരുന്നതല്ല. വന്നാ, വന്നീർ, വന്നോ, വന്റാ, കാണിന്റോ, കാണിന്റാ, കാണുന്നീർ. വൎത്തമാനഭാവികാലങ്ങളിൽ രൂപഭേദമില്ലാതെയും വരും.

അതുതന്നെ സ്ത്രീപുല്ലിംഗങ്ങളിൽ രൂപഭേദം കൂടാതെയും ഇരിക്കും. പ്രഥമപുരുഷനിൽ—വന്നാൻ, വന്നാൾ ഇങ്ങനെ രൂപഭേദവുമുണ്ട്. വന്നോ, വരിന്റോ ഇങ്ങനെ രൂപഭേദമില്ലാതെയുമുണ്ട്. അതിലും ഭാവിവർത്തമാനരൂപങ്ങൾ തുല്യമായിട്ടും വരും. നപുംസകത്തിൽ വന്നു, പോയി എന്നിങ്ങനെ ലിംഗപ്രത്യയം കൂടാതെതന്നെയാണ് അധികവും. ഈ ക്രിയ ഏകവചനത്തിലും അനേകവചനത്തിലും വരും. വന്നന, പോയിന, വന്ന, വരിന്റ മുതലായതിൽ ഭാവിവർത്തമാനങ്ങളിൽ രൂപം ഒരുപോലെ വരും. സൂത്രത്തിലെ 'ച' എന്നതു 'ക്രിയാച' എന്നു യോജിപ്പിക്കണം. ആ ച ശബ്ദത്താൽ ഉം, പോലെ, ആകിലും, കിൽ, ഓ മുതലായി സംസ്കൃതത്തിലെ ച, ഇവ, അപി, ചേൽ, വാ തുടങ്ങിയ ശബ്ദങ്ങളോടു തുല്യാർത്ഥങ്ങളായ അവ്യയങ്ങളും ഭാഷയിലുണ്ടെന്നു സൂചിപ്പിക്കുന്നു. അതും പ്രയോഗവിശേഷം നോക്കി അറിഞ്ഞുകൊൾക.

ലീലാതിലകം ശരീരനിരൂപണമെന്ന രണ്ടാംശില്പം കഴിഞ്ഞു.

---

## മൂന്നാംശില്പം

### * സന്ധാവചോമ്മദ്ധ്യേയഃ *

ഇനി സന്ധിയെക്കുറിച്ചു പറയുന്നു. അതു ഭാഷാസന്ധിയെപ്പററി മാത്രമാണ്. മണിപ്രവാളത്തിൽ കാണുന്ന സംസ്കൃതസന്ധി സംസ്കൃതനിയമപ്രകാരം തന്നെ. ആ നിയമം സംസ്കൃതവ്യാകരണംകൊണ്ടു സിദ്ധമാകയാലും ഇവിടെ അപ്രകൃതമാകയാലും പറയേണ്ടതുമില്ല. ഭാഷാസന്ധിയിൽ ആദ്യം സ്വരസന്ധിയെപ്പററിയാണു പറയുന്നതു്. ആകെ പന്ത്രണ്ടു സ്വരങ്ങൾ ഭാഷയിലുണ്ട്. അവ–അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ ഇവയാണ്. ഇവയിൽ ഔകാരം ഒഴികെ ശേഷമെല്ലാം പദത്തിന്റെ ആദ്യത്തിൽ വരും. പദാവസാനത്തിൽ ഒ, ഐ, ഔ എന്ന മൂന്നും വരില്ല. ശേഷം ഒമ്പതിൽ ഏതും വരാം. ഔകാരം വ്യഞ്ജനത്തോടു ചേർന്നല്ലാതെ പ്രയോഗത്തിൽ വരില്ല. അതുതന്നെ 'പൌവം' എന്നോ മറേറാ ചില വാക്കുകളിൽ മാത്രമാകയാൽ അതിദുർല്ലഭവുമാണ്. ആനൈ, പൈ എന്നും മററും ഐകാരാന്തമായ പദം പാണ്ഡ്യഭാഷയാണ്; അതു കേരളഭാഷയല്ല. പോ, അയ്യോ എന്ന വാക്കുകളെ പൊ, അയ്യൊ എന്നു ഹ്രസ്വമായ ഒകാരമാക്കി പ്രയോഗിക്കുന്നതും ശരിയല്ല. പരിഭ്രമംകൊണ്ടും മററും ലോകത്തിൽ ചിലപ്പോൾ അങ്ങനെ ഹ്രസ്വമായി പുറപ്പെട്ടുപോകാറുണ്ടെന്നു മാത്രമേയുള്ളൂ. സാഹിത്യത്തിൽ അതു ശരിയല്ലെന്നു ചുരുക്കം. ഇനി സൂത്രാർത്ഥം കാണിക്കാം—മേൽപ്രകാരമുള്ള സ്വരങ്ങൾ തമ്മിൽ ചേരുമ്പോൾ

രണ്ടിൻേറയും നടുവിൽ ഒരു യകാരം വന്നുചേരും. സ്വരവ്യഞ്ജനങ്ങൾക്ക് അച്, ഹല് എന്നും മററുമുള്ള സംജ്ഞകളും 'തസ്മിന്നിതി നിർദ്ദിഷ്ടേപൂർവ്വസ്യ, തസ്മാദിത്യുത്തരസ്യ' എന്ന സംസ്കൃതവ്യാകരണസൂത്രങ്ങളാൽ സപ്തമ്യന്തപദംകൊണ്ടു നിർദ്ദേശിക്കുന്നേടത്തു വിധിയിൽ ഉദ്ദേശ്യമായി ഗ്രഹിക്കേണ്ടതു് അതിന്നുമുമ്പിൽ പറഞ്ഞതിനെയാണെന്നും പഞ്ചമ്യന്തംകൊണ്ടാണെങ്കിൽ പിന്നെപ്പറഞ്ഞതിനെയാണെന്നും മററും നിയമിച്ചിട്ടുള്ള പരിഭാഷകളും പാണിനിമഹർഷി പറഞ്ഞിട്ടുള്ളതു തന്നെയാണ് ഈ ഭാഷാവ്യാകരണസൂത്രങ്ങളിലും അനുസരിച്ചിരിക്കുന്നതു്. ഇനി പ്രകൃതസൂത്രവിധിയെ ഉദാഹരിക്കാം—ആന, അതു് എന്ന പദങ്ങൾ രണ്ടും തമ്മിൽ ചേരുമ്പോൾ രണ്ട് അകാരങ്ങളുടേയും നടുവിൽ ഒരു യകാരം ആഗമമായി വന്ന് ആനയതു് എന്നാകും. ഇതുപോലെ മാലയതു്, വാടായതു്, കിളിയതു്, പിന്നെയതു്. ഈ യകാരാഗമംവരുന്നതു വിസന്ധിദോഷം പരിഹരിപ്പാനാണ്. അതു വന്നില്ലെങ്കിൽ ഉച്ചാരണം ദുശ്ശ്ലിഷ്ടമായിരിക്കും. പ്രാകൃതഭാഷയിൽ 'സോഅം' എന്നതിനേയും മററും 'സോയം' എന്നു യകാരച്ഛായചേർത്തുച്ചരിക്കുന്നതിന്നും കാരണം ഇതു തന്നെ. സംസ്കൃതത്തിൽ ദധി, അന്നം എന്നേടത്തുംമററും യകാരച്ഛായയല്ല യകാരംതന്നെ വരുന്നുണ്ടു്. പക്ഷേ ആഗമമായിട്ടല്ല ആദേശമായിട്ടാണ് എന്നു മാത്രം ഭേദം.

* അദിതോഃ കേവലയോർവ്വഃ *

ഈ സൂത്രത്തിൽ 'അചി പരതഃ' എന്നു രണ്ടുപദങ്ങൾ അർത്ഥസിദ്ധങ്ങളാണ്. സംസ്കൃതത്തിലെ തച്ഛബ്ദത്തിൻെറ അർത്ഥം കാണിക്കുന്ന 'അ' എന്ന ഭാഷാശബ്ദവും ഇദംശബ്ദത്തിനോടു തുല്യാർത്ഥമായ 'ഇ' എന്ന ഭാഷാശബ്ദവുമാണു കേവലങ്ങളെന്നു പറയുന്നതു്. ആവക അ, ഇ എന്ന ശബ്ദങ്ങളിൽ നിന്നു സ്വരം പരമായാൽ മദ്ധ്യത്തിൽ വകാരമാണ് ആഗമമായി വരുന്നതു്. യകാരമല്ല. ഉദാ— അ അഴക് അവഴക്, അവാറ്, ഇവാറ്, ഇവഴക്, അയഴക് എന്നും കാണുന്നുണ്ടു്.

*തസ്യ ദ്വിത്വം വാ*

ആ വകാരം ഇരട്ടിച്ചും വരാം. അവ്വഴക്, അവഴക്, ഇവ്വഴക്, ഇവഴക്. അവ എന്നതു് അ എന്ന കേവലത്തിൻെറ അനേകവചനമല്ല. അനേകാർത്ഥം കാണിക്കുന്ന ഒരു ശബ്ദാന്തരമാണ്.

* ഓന്നിത്യം *

ഉവർണ്ണത്തിൽ നിന്നു സ്വരം പരമായാൽ നിയമേന വകാരമേ വരുള്ളൂ. മറു ഉണ്ടു് മറുവുണ്ടു്; വടുവുണ്ടു്, കാൺമൂവതു്. പോവുതോവൈ

ൻറവാറേ എന്നു് ഓകാരപരത്തിലും. വരട്ടെ! മറുവ്, വടുവ് എന്നിങ്ങനെ വകാരാന്തങ്ങളായ ശബ്ദങ്ങളാണ മറുവുണ്ട്, വടുവുണ്ട് എന്നതിൽ ചേൎന്നിട്ടുള്ളതെന്നു വരരുതേ? അങ്ങനെയല്ല. അവ്, ഇവ്, തെവ് ഇങ്ങനെ മൂന്നേ വകാരാന്തശബ്ദങ്ങളായിട്ടുള്ളു. 'വകരക്കിളവിനാന്മൊഴിയീററതു' എന്ന എഴുത്തധികാരസൂത്രത്തിൽ അവ മാത്രമേ കാണിച്ചിട്ടുള്ളു. അതിൽ ഉവ് എന്നതു പാണ്ഡ്യഭാഷ മാത്രമാണ്; പൊതുവായിട്ടുള്ളതല്ല. അല്ലെങ്കിൽ, പാണ്ഡ്യഭാഷയ്ക്കും കേരളഭാഷയ്ക്കും തമ്മിൽ ചില വ്യത്യാസങ്ങളുള്ളതുകൊണ്ടു് മറുവ്, വടുവ് എന്നും മററും പല വകാരാന്തശബ്ദങ്ങളും കേരളഭാഷയിൽ ഉണ്ടെന്നുതന്നെ വെക്കുക. എന്നാലും മറു, വടു എന്നിങ്ങനെ ഉകാരാന്തശബ്ദങ്ങളും ഇല്ലായ്കയില്ലല്ലോ.

* ലോപോസ്യ ച *

സംവൃതമായ ഉകാരത്തിന്നു സ്വരം പരമായാൽ ലോപം വരും. അതു് ഇല്ല അതില്ല; വരിക് ഇല്ല വരികില്ല. നിൽക്കൂ! വരിക, അതു് എന്ന ശബ്ദങ്ങൾ ഹലന്തങ്ങളല്ലേ? അല്ല സംവൃതാന്തങ്ങളാണ്. പക്ഷേ ആ സ്വരം അൎദ്ധമാത്രികമാണെന്നേയുള്ളു. പാണ്ഡ്യന്മാർ 'കുററിയലുകര' എന്നു പറയുന്നതും ഈ സംവൃതത്തെയാണ്. അൎദ്ധമാത്രികമായതുകൊണ്ടാണ സ്പഷ്ടമായിക്കേൾക്കാത്തതും ശബ്ദം ഹലന്തമാണെന്നു ഭ്രമിക്കുന്നതിന്നിടവരുന്നതും. അല്ലെങ്കിൽ

'അതുചൊല്ലുവിനുണ്ണിയച്ചിയാരേ തുടരോ പാടകമോ മണിപ്രവാളം'

എന്നും മററും ഉള്ള പദ്യങ്ങളിൽ വൃത്തഭംഗമുണ്ടെന്നു വരും. ഈ വൃത്തത്തിൽ എല്ലാ പാദങ്ങളിലേയും രണ്ടാമത്തെ അക്ഷരം ലഘുവായിരിക്കേണ്ടതാണല്ലൊ. അൎദ്ധമാത്രമാത്രമുള്ളതു് എങ്ങനെയാണ ലഘുവാകുന്നതു് എന്നു ചോദിക്കുന്നുവെങ്കിൽ അതു പറയാം. വ്യഞ്ജനത്തോടു ചേൎന്നുകൊണ്ടുതന്നെ. മറു, വടു മുതലായ വാക്കുകൾ ഉകാരാന്തമാണെന്നുള്ള പക്ഷത്തിൽ അതു ലോപിക്കാത്തതു് ആ ഉകാരം ഏകമാത്രികം എന്നാൽ-ഒരു മാത്ര തികച്ചും ഉള്ളതു് ആകയാലാണ്. ഇതിലേക്കു് ഉച്ചാരണവിശേഷംതന്നെയാണ് പ്രമാണം. മറു എന്നു പറയുമ്പോൾ ഉകാരം നല്ലവണ്ണം തെളിഞ്ഞു കേൾക്കുന്നതുമുണ്ട്. അതു് എന്ന വാക്കിൽ അപ്രകാരം കേൾക്കുന്നില്ല (1).

* റടോർദ്വിത്വം ച *

റ്, ട് ഈ അക്ഷരങ്ങളിലെ ഉകാരത്തിന്നുശേഷം സ്വരം വന്നാൽ ആ റ കാര ട കാരങ്ങൾക്കു സന്ധിയിൽ ഇരട്ടിപ്പു വരും. ആറ്അകം=ആററകം; നാട്അകം=നാട്ടകം.

(1) ഈ അഭിപ്രായത്തിൽ കുറെ നോട്ടക്കുറവു തോന്നുന്നു.

* ഹലി ന വിശേഷഃ *

ഇനി സ്വരവ്യഞ്ജനസന്ധിയെപ്പററി പറയുന്നു. ഭാഷയിൽ ങ, ട, ണ, ര, ല, ഴ, ള, റ, ഩ ഈ ഒമ്പതു വ്യഞ്ജനങ്ങൾ പദത്തിന്റെ ആദ്യത്തിൽ വരില്ല രായരൻ, ലാക്ക് മുതലായ ശബ്ദങ്ങൾ സംസ്കൃതാപഭ്രംശങ്ങളാണ്. ശുദ്ധഭാഷയല്ല. 'രണ്ടാല്യമൊൻറുണ്ടു നമുക്കിദാനീം' എന്നതിലെ രണ്ട് എന്നതും ശരിയല്ല (1). ഭാഷയിലും ചില വ്യവസ്ഥ വേണം. തോന്നിയതുപോലെ പ്രയോഗിക്കരുത്. ആന എന്നു പറയേണ്ടതിനു പകരം പൂന എന്നു പറഞ്ഞാൽ പോര. വരുത്തി എന്നതിനോ ഒരുത്തി എന്നതിനോ പകരം രുത്തി എന്നു പറഞ്ഞാലും മതിയാകുന്നതല്ല. അർത്ഥം മനസ്സിലാകാത്തതുതന്നെ അതിനു കാരണം. അല്ലെങ്കിൽ ഭാഷയിൽ അപശബ്ദാതന്നെയില്ലെന്നു വരും. അതുകൊണ്ടു ക, ച, ഞ, ത, ന, പ, മ, യ, വ ഈ ഒൻപതു വ്യഞ്ജനങ്ങൾ മാത്രമേ പദാദിയിൽ വരുള്ളൂ. ആ വ്യഞ്ജനങ്ങളെ മാത്രമാണ് ഇവിടെ 'ഹലി' എന്നതുകൊണ്ടു വിവക്ഷിച്ചിട്ടുള്ളത്. 'അചഃ' എന്ന പദം അർത്ഥസിദ്ധമാണ്. അതിനാൽ സ്വരങ്ങൾക്കുമേൽ 'ക' മുതലായ വ്യഞ്ജനങ്ങൾ വരുമ്പോൾ തമ്മിൽ ചേർന്നിരിക്കുക മാത്രമല്ലാതെ വിശേഷം ഒന്നും വരുന്നതല്ല എന്നു സൂത്രാർത്ഥം. ഉദാ—ആന കാൺക=ആന കാണ്ക. ഇതു സാമാന്യവിധിയാണ്. വിശേഷവിധികൾ താഴെ പറയുന്നു.

* ഹ്രസ്വാദെതഃ കചതപാനാം ദ്വിത്വം *

ഹ്രസ്വമായ എകാരത്തിനു ശേഷം വരുന്ന കചതപങ്ങൾ ഇരട്ടിക്കും. അതിനെക്കണ്ടു, അതിനെത്താങ്ങി ഇവ ഉദാഹരണങ്ങൾ. ദീർഘമായ ഏകാരമാണെങ്കിൽ ഇരട്ടിക്കില്ല. അതേ കണ്ടു.

* കേവലാഞ്ഞനമവാനാം ച *

സംസ്കൃതത്തിലെ കിം ശബ്ദത്തിനോടു തുല്യാർത്ഥങ്ങളായ എ, ഏ എന്ന ശബ്ദങ്ങളെയാണ് ഇവിടെ കേവലം എന്നു പറഞ്ഞിട്ടുള്ളത്. അതിൽ ഹ്രസ്വമായ കേവലത്തിനുശേഷം വരുന്ന ഞനമവങ്ങളും ഇരട്ടിക്കും. സൂത്രത്തിലെ ച ശബ്ദം കചതപങ്ങളും ഇരട്ടിക്കുമെന്നതിനെ സമുച്ചയിച്ചിരിക്കുന്നു. ഉദാ—എഞ്ഞാൻ, എന്നൂൽ, എമ്മരം, എക്കാൽ, എച്ചൂത്.

* ഏഭ്യാം ച *

'ഞനമവാനാംച' എന്നും 'ദ്വിത്വം' എന്നും ഉള്ള അംശങ്ങൾ അനുവർത്തിക്കണം. 'കേവലാൽ' എന്ന പദം അനുവർത്തിച്ചു ദ്വിവചനമാക്കി അന്വയിക്കണം. എന്നാൽ കേവലങ്ങളായ അ, ഇ എന്നിവയിൽനിന്നു പരങ്ങളായ കചതപങ്ങളും ഞനമവങ്ങളും ഇരട്ടിക്കും

(1) ഇതും ശരിയല്ലെന്നു തോന്നുന്നു.

എന്നു സൂത്രാൎത്ഥം പൎയ്യവസിക്കും. ഉദാ— അഞ്ഞാൻ, ഇന്നൂൽ, അക്കുടം, ഇച്ചില, അപ്പുഴ.

* സമാസേ ചാഞാദീനാം *

സമാസത്തിൽ കേവലമല്ലാത്ത സ്വരങ്ങൾക്കു ശേഷമായാലും ഞനമവങ്ങളല്ലാത്ത സ്വരങ്ങൾ ഇരട്ടിക്കും. ഉദാ— ആനക്കാട്ട്, വാഴാപ്പാടം. ഞനമവങ്ങളാണെങ്കിൽ ഇരട്ടിക്കില്ല. മുറിഞ്ഞാൺ, ആനമണി, കിളിനിര, കിളിവാൽ.

* കചഛിദദാദിഭ്യഃ പഞ്ചമഃ *

ഛിലേടത്തു് അ, ആ, ഇ, ഊ ഇവയ്ക്കുശേഷം കാദികൾ വന്നാൽ മദ്ധ്യത്തിൽ ആ കാദികളുടെ അഞ്ചാമത്തെ വൎണ്ണങ്ങളായ ങ, ഞ, ണ, ന, മ ഇവ യുക്തംപോലെ ആഗമമായി വരും. ഉദാ—മുളങ്ങ്കൊമ്പു്, മാങ്ങ്കൊമ്പു്, മാന്തോൽ, മാംപൂ, ഉതിങ്ങ്കൊമ്പു്, ഉതിന്തോൽ, ഉതിംപൂ, പുളിങ്ങ്കൊമ്പു്, പുളിന്തോൽ, പൂങ്ങ്കോഴി, പൂങ്ങ്കുല, പൂങ്ങ്കണ, പൂഞ്ചാൽ, പൂന്തേൻ, പൂന്തോട്ടം, പൂമ്പൊയ്ക, പൂമ്പൊഴിച്ചിൽ. മാ, പൂ എന്ന ശബ്ദങ്ങൾ മാവിന്റേയും പൂവിന്റേയും വാചകങ്ങളാണു്. മാവു്, പൂവു് എന്നു വേറേയും ശബ്ദങ്ങളുണ്ടല്ലൊ എന്നാണെങ്കിൽ അതും കേരളഭാഷയിൽ അവയുടെ മറെറാരുപൎയ്യായപദമാണെന്നേ ഉള്ളൂ.

* ണണയോഃ കചഞപമയവേഷു ന വികൃതിഃ *

വ്യഞ്ജനസന്ധി തുടങ്ങുന്നു. ഞ, മ, യ, ര, ല, വ, ഴ, ള, ണ ഇങ്ങനെ ഒമ്പതു വ്യഞ്ജനങ്ങളാണു പദാവസാനത്തിൽ വരുന്നതു്. ഇരിഞ്ഞ്, പൊരിന് എന്നിങ്ങനെ ഞകാരാന്തവും നകാരാന്തവുമായ പദങ്ങൾ പാണ്ഡ്യഭാഷയിലല്ലാതെ കേരളഭാഷയിലില്ല. വാറ്, കയറ്, മാറ് എന്നതെല്ലാം സംവൃതസ്വരാന്തങ്ങളാണു്. റാന്തങ്ങളല്ല. ക, ച, ഞ, ത, ന, പ, മ, യ, വ എന്ന ഒമ്പതു വ്യഞ്ജനങ്ങളാണു് പദാദിയിൽ വരുന്നതെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. അതിൽ ണകാര ണകാരങ്ങൾക്കുശേഷം ക ച ഞ പ മ യ വങ്ങൾ വരുമ്പോൾ തമ്മിൽ ചേൎന്നിരിക്കുമെന്നല്ലാതെ വിശേഷമൊന്നും വരില്ല. ഉദാ—മൺകുടം, ചാൺതുകിൽ, പൊൻമല, കൺപാർ, കൺമലർ, പൊൻയാതൊൻറു്, പൊൻവില. മട്ക്കുടം, മട്ത്തുത, മട്പാനി എന്നതെല്ലാം പാണ്ഡ്യഭാഷയാണു്.

* ണസ്തസ്യ ടഃ*

ണകാരത്തിൽനിന്നുപരമായ തകാരം ടകാരമാകും. ഉദാ— മൺ, തീതു് എന്ന പദങ്ങൾ ചേരുമ്പോൾ മണ്ടീതു്. അതുപോലെ കൺതീതു്=കണ്ടീതു്.

* ളോ ണോ നേ *

ളകാരത്തിന്നു നകാരം പരമായാൽ ണകാരം ആദേശമായി വരും

* ണോ നോ ണഃ *

ണകാരത്തിൽ നിന്നു പരമായ നകാരത്തിന്നും ണകാരാദേശം വരും. ഉദാ—മുൾനൻറു് എന്നതിൽ മുൻ സൂത്രത്താൽ ള കാരം ണകാരമായി മാറി മുൺനൻറു് എന്നാകുന്നു. പിന്നെ പ്രകൃതവിധിയാൽ മുണ്ണൻറു്. വാണ്മേൽ, തോണ്മേൽ മുതലായതും ഗ്രഹിച്ചുകൊൾക.

* മസ്യ യഥായോഗം കാദിഷു പഞ്ചമഃ *

മകാരത്തിന്നു കാദികൾ പരങ്ങളായാൽ യുക്തംപോലെ അഞ്ചാം വർണ്ണം വരും. എന്നാൽ പരമായ വർണ്ണത്തിന്റെ സവർണ്ണപഞ്ചമം വരുമെന്നൎത്ഥം. ഉദാ—മരമ് കുറുത്=മരങ്കുറുത്, മരഞ്ചെറുത്, മരന്തെറും. യകാരവകാരങ്ങൾ പരങ്ങളായാൽ അനുസ്വാരം യുക്തം. മരംയാതൊൻറു്, മരം വലുത്.

* നേ നഃ *

മകാരത്തിന്നു നകാരം പരമായാൽ നകാരം ആദേശം. ഉദാ—മരന്നൻറു്.

* ക്വചില്ലോപഃ *

ചിലേടത്തു മകാരം ലോപിക്കയും ചെയ്യും. വട്ടം പലക=വട്ടപ്പലക. ഇവിടെ 'സമാസേ ചാഞ്ഞാദീനാം' എന്ന സൂത്രത്താൽ പകാരം ഇരട്ടിച്ചിരിക്കുന്നു. ഇതുപോലെ ചതുരക്കിണറു്, കലച്ചുക്കു്, ആയിരക്കലം, കുരുപ്പുവില്ലൻ, (പിരപ്പുകാരൻ) മുതലായതും.

* യരലഴളേഭ്യഃ കചതപാനാം ദ്വിത്വം *

യരലഴളങ്ങളിൽ നിന്നു പരങ്ങളായ കചതപങ്ങൾ ഇരട്ടിക്കും. ഉദാ—പൊയ്ക്കുതിര, നീൎക്കോഴി, പാൽക്കിണ്ടി, പാൾക്കൺ, മുൾക്കൊമ്പു്, നാഴ്പ്പട്ടു്, തോൽപ്പെട്ടി, തോൾപ്പലക. കാദികൾ എന്നു പറഞ്ഞിരിക്കയാൽ ഞാദികൾ ഇരട്ടിക്കില്ല. മെയ്നൻറു്, പൊൻനൻറു്, വാൾമറ, വാൾനൻറു, വാൾ നൻറു് എന്ന പദങ്ങൾ ചേരുമ്പോൾ 'ളോ ണോ നേ' എന്ന വിധിയാൽ വാൺനൻറു് എന്നും 'ണോ നോ ണഃ' എന്നതിനാൽ വാണ്ണൻറു് എന്നുമാകുന്നു. പിന്നെ

* ദീൎഘാണ്ണോ ണേലോപഃ *

ദീൎഘത്തിന്നു ശേഷമുള്ള ണകാരത്തിന്നു ണകാരം പരമായാൽ ലോപം വരും. ഈ വിധിയാൽ വാണ്ണൻറു് എന്നതിലെ ആദ്യത്തെ ണകാരം ലോപിച്ചു വാണൻറു് എന്നായിത്തീരുന്നു. ഇതുപോലെ നീ

ണാം മുതലായതിലും ഗ്രഹിച്ചുകൊൾക. സൂത്രത്തിൽ ണകാരം പര മാകുമ്പോൾ എന്നു പറഞ്ഞിരിക്കയാൽ പാൾനിലം എന്നേടത്തു ലോപമില്ല. ചിലേടത്തു ഹ്രസ്വത്തിന്നു ശേഷമുള്ള ണകാരവും ലോപിച്ചു കാണുന്നുണ്ട്. അവൾ നില=അവണില,വേദങ്ങണാലും. വരട്ടേ! പാൾനിലം, വാൾനാൾ മുതലായ പദങ്ങൾ പാണിലം, വാണാൾ എന്നെല്ലാമാകാത്തതെന്തുകൊണ്ട്? ണകാരം പരമാകാത്തതിനാൽ എന്നുപറഞ്ഞതു ശരിയല്ല. വാൾ നാൾ എന്നതിലെ ഴകാരത്തിനുശേഷം ന കാരം വന്നിരിക്കയാൽ ആ ഴകാരം ണകാരമാകാം. പിന്നെ'ണോനോണഃ' എന്ന വിധിയാൽ നകാരവും ണകാരമാകാമല്ലോ. അപ്പോൾ ണകാരം പരമായില്ലേ? പ്രകൃതസൂത്രത്താൽ ആദ്യ ണകാരം ലോപിക്കയും ചെയ്തില്ലേ? 'വാരാവാണാൾക്കുവാട്ടം വരതന്നു നറുനഞ്ചുൺകിലും നന്മയെൻറി' എന്നും മററും പ്രയോഗവും കാണുന്നുണ്ട്. അതിനാൽ വാൾനാൾ എന്നതു വാണാൾ എന്നാകില്ലെന്നു പറഞ്ഞതു ശരിയല്ല. പറയാം—'ളോ ണോ നേ' എന്ന സൂത്രത്താൽ ളകാരത്തിനല്ലാതെ ഴകാരത്തിനു നകാരം പരമാകുമ്പോൾ ണകാരം വിധിച്ചിട്ടില്ല. അതിനാൽ വാൺനാൾ എന്നുതന്നെ സിദ്ധിക്കുന്നതുമല്ല. പിന്നെ നകാരം ണകാരമായി മാറുന്നതുമല്ലല്ലൊ. അല്ലെങ്കിൽ കേരളഭാഷാസ്വഭാവത്താൽ വാണാൾ എന്നും വരുമെന്നു വെക്കാനും വിരോധമില്ലെന്നും പറയാവുന്നതാണ്. പ്രയോഗമാണല്ലൊ പ്രമാണം.

* വാദൽമാത്രോകാരഃ *

'കാദിഷു' എന്നനുവൎത്തിക്കണം. വകാരത്തിനു ശേഷം കാദികൾ പരങ്ങളായാൽ സംവൃതം ചേരും. ഉദാ—തേവ്, കാവ്. ചവ്വ്, തവ്വ്, മവ്വ് എന്നെല്ലാം ചകാരാദ്യക്ഷരങ്ങളെപ്പററിപ്പറഞ്ഞുവരുന്നതു കാകതാളീയമായിസ്സംഭവിച്ചതു മാത്രമാണ്.

* അന്യേഭ്യശ്ച *

വകാരമല്ലാത്ത വ്യഞ്ജനങ്ങൾക്കു ശേഷവും സംവൃതം ചേരും. തോല്, നൻറ്, അതു്, കൊണ്ടു്.

* ഹ്രസ്വാല്ലളനണാനാം ദ്വിത്വം ച *

ഹ്രസ്വസ്വരത്തിൽ നിന്നു പരമായ ലളനണങ്ങൾക്കും സംവൃതം പരമായി വരും. അപ്പോൾ ആ ലളനണങ്ങൾ ഇരട്ടിക്കയും ചെയ്യും. ഉദാ—കല്ല്നാല്, വില്ല്കൊണ്ടു്,പൊന്ന്കണ്ടു, മുള്ള്നൻറ്. ഹ്രസ്വമെന്നു പറഞ്ഞതിനാൽ വാല്നീളം എന്നതിൽ ഇരട്ടിപ്പില്ല.

* ഏഴശബ്ദസ്യാദേൎഹ്രസ്വശ്ച *

ഏഴ് എന്ന ശബ്ദത്തിനു കാദികൾ പരങ്ങളായാൽ ഏകാരം ഹ്രസ്വമാകും. എഴ്കഴഞ്ച്, എഴ്നാഴി.

* ലണയോഃ കചപേഷു റഃ *

ല, ണ ഇവയ്ക്കു ക ച പ ങ്ങൾ പരങ്ങളായാൽ റകാരാദേശം വരും. ഉദാ—കക്കുളം, പൊക്കണ്ണാടി, കച്ചിറ, പൊച്ചില, കപ്പടി, പൊപ്പൂ, പൊപ്പന. ഇവിടെ ലകാരച്ഛായയിൽ ഉച്ചരിക്കുന്നതു കേരളഭാഷയ്ക്കു നല്ലവണ്ണം യോജിച്ചതല്ല.

* തേ ന്യ ച *

ല, ണങ്ങൾക്കു തകാരം പരമായാൽ ആ തകാരവും ലണങ്ങളും റകാരമാകും. കൽ തളം=കററളം, ദകാറേറൻ, പൊൻ താർ=പൊററാർ, പൊററാമര.

* ലോണഃ പഞ്ചമേഷു *

ലകാരത്തിന്നു ഞ ന മങ്ങൾ പരങ്ങളായാൽ ണകാരാദേശം വരും. കൽഞെറി, കന്നെറി, വിന്നീളം, നെന്മുള.

* ശേഷം പ്രയോഗാൽ ജ്ഞേയം *

മററു ശബ്ദങ്ങളുടെ സന്ധികാൎയ്യവും മററും പ്രയോഗം നോക്കി അറിഞ്ഞുകൊൾക. അതിന്നു ചിലതുദാഹരിക്കാം—പുതിയചൂത്=പുതിച്ചൂത്, പുൽതരി=പുത്തരി, ചെറിയഓളം=ചിറേറാളം, കറുത്തകുവള=കരിങ്കുവള, കരിമുകിൽ, മുടന്തുതേങ്ങ=മുടന്തേങ്ങ, കുറിയകോല്=കുറുങ്കോല്, നെടിയകമുക്=നെട്ടക്കമുക്, നെട്ടങ്കമുക്, വലിയമല=വന്മല, വമ്പുള്ളമല=വന്മല, ഇരട്ടപത്ത്=ഇരുപത്, മൂൻറ് ആറ്=മൂവാറ്, മൂക്കടം, മൂന്നാറ്, പെരിയതെരുവ്=പെരിന്തെരുവ്, പരുത്തപുടവ=പരുമ്പുടവ, കൊടിയപാമ്പ്=കൊടുമ്പാമ്പ്, അഞ്ച്പത്ത്=അയ്മ്പത്, പത്തുംരണ്ടും=പന്തിരണ്ട്, പന്തീരടി, മുപ്പത്അടി=മുപ്പതീററടി, ക്രൂരായുള്ളവാഴയ്ക്കു=ക്രൂററുവാഴയ്ക്കു, കന്നിൻെറവാണിയം=കററുവാണിയം. ഇങ്ങനെ എത്രത്തോളം പറവാൻ സാധിക്കും. എല്ലാം പ്രയോഗം നോക്കി അറിഞ്ഞുകൊൾക എന്നു സാരം. ഇനി ഈ സന്ധികാൎയ്യസംഗതിയിൽ ഒരു സംശയം—ഭാഷയും സംസ്കൃതവും ചേൎന്നിട്ടും സന്ധിയുണ്ടാകാം. അതിൽതന്നെ ഭാഷയോ സംസ്കൃതമോ ആദിയിലും അവസാനത്തിലും വരുന്നതനുസരിച്ചു രണ്ടുവിധത്തിൽ സന്ധികാൎയ്യങ്ങൾക്കിടവരികയും ചെയ്യും. ആവക സന്ധികളിലേ നിയമമെന്ത്? പറയാം—അതു് ഭാഷാസന്ധി തന്നെയാണ്. സംസ്കൃതം ഭാഷീകൃതമായിരിക്കയും ചെയ്യും. എങ്ങനെയെന്നാൽ—ചന്ദ്രക്കല എന്നതിലെ ചന്ദ്രശബ്ദം ഭാഷീകൃതമായതിനാൽ കല എന്നതിലെ കകാരം പടിക്കതക് എന്നതിലെപ്പോലെ ഭാഷാസന്ധിനിയമപ്രകാരം ഇരട്ടിച്ചിരിക്കുന്നു. ഇന്ദുകല എന്നതിലാകട്ടെ ഇന്ദുശബ്ദം ഭാഷീകൃതമായിട്ടില്ല. ഭാഷാശബ്ദ

ത്തിൽനിന്നു പരമായ കാദികൾക്കു ഭാഷാശാസ്ത്രത്താൽ ദ്വിത്വം വിധിച്ചിട്ടുമുള്ളു. ആടിക്കാലം, അന്തിക്കാലം, ആനസ്ശാസ്ത്രം, കുടസ്ശാന്തി, പെരികസ്സാരം എന്നിവയിലും കാലശാസ്ത്രശാന്തിസാര ശബ്ദങ്ങൾ ഭാഷീകൃതങ്ങളാണ്. അതാണു ശകാരസകാരങ്ങൾക്കും ദ്വിത്വംവന്നിരിക്കുന്നതു്. ഭാഷയിൽ ശകാരസകാരങ്ങൾക്കു ദ്വിത്വംവിധിച്ചിട്ടില്ല എന്നതന്നെയല്ല ശ, സഎന്ന വർണ്ണങ്ങൾതന്നെയില്ലല്ലൊ. പിന്നെയെങ്ങനെയാണ് അവ ഭാഷീകൃതങ്ങളാക്കിയാൽ ദ്വിത്വം വരുന്നതു്? എന്നു സംശയിക്കുന്നുവെങ്കിൽ പറയാം. പതിനെട്ടു വ്യഞ്ജനങ്ങളാണു ഭാഷയിലുള്ളതു് എന്നു കാണിച്ചിട്ടുള്ളതു പാണ്ഡ്യമാർഗ്ഗം അനുസരിച്ചുമാത്രമാണ്. ഉത്തമഭാഷയിൽ സംസ്കൃതാക്ഷരങ്ങളുടെ കലപ്പും പലപ്പോഴും കാണുന്നുണ്ടു്. 'സഗ്ഗിസ്രൊളിച്ചു ധടിയൻ' എന്ന ഹാസ്യപ്രധാനത്തിലും മററും അതാവശ്യവുമാണ്. അതിന്നും പുറമെ ഉയൎന്നജാതിക്കാർ ഉപവാസം, സരസൻ, ദീക്ഷ, ദൈവം, ശംഖ്, പൂജ എന്നിങ്ങനെ സംസ്കൃതാക്ഷരങ്ങളെത്തന്നെയാണ് ഉച്ചരിച്ചുവരുന്നതും. ശാസ്ത്രാദിശബ്ദങ്ങളും അതുപോലെതന്നെ. എന്നാലും ആ ഭാഷാശകാരസകാരങ്ങൾക്കു ദ്വിത്വം എങ്ങനെ വരുന്നു എന്നാണെങ്കിൽ അതും പറയാം—'സമാസേ ചാഞ്ഞാദീനാം' എന്ന സൂത്രത്താൽ സമാസത്തിൽ ഉത്തരപദാദിയായ ചകാരതകാരങ്ങൾക്കു ദ്വിത്വം വിധിച്ചിട്ടുണ്ടല്ലൊ. ചകാരതകാരങ്ങളോടു സ്ഥാനസാമ്യം നിമിത്തം സവർണ്ണങ്ങളായ ശകാരസകാരങ്ങൾക്കും അതുകൊണ്ടുതന്നെ ദ്വിത്വം വരുമെന്നു ഗ്രഹിക്കേണ്ടതാകുന്നു.

ലീലാതിലകം സന്ധിവിവരണമെന്ന മൂന്നാം ശില്പം കഴിഞ്ഞു.

---

## നാലാംശില്പം

* അപശബ്ദോവാചകവൽ കഷ്ടം വ്യൎത്ഥം തഥാനിഷ്ടം
ഗ്രാമ്യം സഹപുനരുക്തം പരുഷം ഭ്രയോ വിസന്ധിരീതിച്യുതം
ന്യൂനാസ്ഥാനപദം ക്രമയതി വൃത്തഭംഗംസദുർവൃത്തം
സാമാന്യം ശുഷ്കാൎത്ഥം സാ സംഗതമഥ വികാൎയ്യനപ്രാസഃ

ഇത്ഥം പദാദിദോഷാഃ *

ദോഷപ്രകരണം ആരംഭിക്കുന്നു—അപശബ്ദം, അവാചകം, കഷ്ടം, വ്യൎത്ഥം, അനിഷ്ടം, ഗ്രാമ്യം, പുനരുക്തം, പരുഷം, വിസന്ധി, രീതിച്യുതം, ന്യൂനപദം, അസ്ഥാനപദം, ക്രമഭംഗം, യതിഭംഗം, വൃത്തഭംഗം, ദുർവൃത്തം, സാമാന്യം, ശുഷ്കാൎത്ഥം, അസംഗതം, വികാരാനുപ്രാസം ഇങ്ങനെ പദദോഷം മുതലായതു പലതുമുണ്ടു്. ഇവിടെ അപശബ്ദം മുതലായ വാ

ക്കുകളെല്ലാം അനപാൎത്ഥങ്ങളാണ്. അതിനാൽ താഴെക്കാണിക്കുന്ന ലക്ഷണസൂത്രങ്ങൾ അനപാൎത്ഥതയെ വിവരിക്കുകമാത്രമാണു ചെയ്യുന്നതു്. വിവരിക്കാത്തപക്ഷം അതിൻെറ സ്വരൂപം നല്ലവണ്ണം അറിവാൻ വേറെ ഗ്രന്ഥത്തെ ആശ്രയിക്കേണ്ടിവരുന്നതാണല്ലോ.

* തത്ര ലക്ഷ്യലക്ഷണസ്ഥിതിവികലോപശബ്ദഃ *

അവയിൽ വെച്ച് അപശബ്ദമെന്നതു് ലക്ഷ്യത്തിൻെറയും ലക്ഷണത്തിൻെറയും സ്ഥിതിക്കു യോജിക്കാത്ത ശബ്ദമാണ്. ഇന്ന അൎത്ഥത്തിൽ ഇന്ന പദം, ആ പദത്തിൽ ഇന്നിന്ന അക്ഷരങ്ങൾ, അവയുടെ ക്രമം ഇന്നത് എന്നെല്ലാം ഒരു വ്യവസ്ഥയുണ്ട്. അതു കാണിക്കുന്ന ലക്ഷണശാസ്ത്രവുമുണ്ട്. അതിന്നു രണ്ടിന്നും യോജിക്കാത്ത ശബ്ദമാണ് അപശബ്ദമെന്നൎത്ഥം. അതിൽ ഭാഷാരൂപമായ ലക്ഷ്യത്തിൻെറ സ്ഥിതിക്കു യോജിക്കാതെ വരുന്നതു രണ്ടുതരമാണ്. അക്ഷരം കുറയുക, കൂടുക. കുറഞ്ഞിട്ടുള്ളതിന്നുദാഹരണം—

'സന്ധ്യാരാഗേ നിലാവോ സരസതുഹിനമോ നല്ലരക്താംബുതന്മേൽ
മാണിക്കംചേൎന്ന മുത്തോ മധുരമധുപുരണ്ടോമലന്നക്കിടാവോ
തങ്കം പാലിൻ നറുങ്ങോ തരളരുചി കിളിച്ചുണ്ടിലത്യന്തതാമ്രേ
പാറക്കാട്ടുണ്ണിനങ്ങേ! പരിമളപവൾവായൺപുമിമ്മന്ദഹാസഃ'

ഇവിടെ പവഴശബ്ദത്തിലെ അന്ത്യമായ അകാരം കളഞ്ഞിരിക്കുന്നു. പവഴ എന്നാണു ശരിയായ ശബ്ദം; പവൾ എന്നല്ല. നോക്കുക—

'പട്ടാങ്ങുതൻ പവഴവായ് പ്രതിബിംബമെന്മേ-
ലൊട്ടേ പകൎന്നൊളികിളൎന്നതു കണ്ടവാറേ
എങ്ങേനുമുള്ള പടുമഞ്ഞളിതെൻറു കോപാൽ
ചെങ്ങീകടാക്ഷമിഹ നാരണിനന്ദനായാഃ'

വരട്ടേ!

'പൂവല്ലീമൃയലാട്ടിപ്പൂതുമലരിലകം പൂക്കു പൂന്തേൻ തൂളുമ്പ-
പ്പോരാട്ടിത്തത്ര ഭൃംഗൈരണികുഴൽ പൊരുതക്കാവണഞ്ഞങ്ങുനിൻറു്
വീയാതോ പോന്നൊരിക്കാലൊരുവിപുലദ്രുഗോമന്മുലപ്പൊന്മുകൾമ്മേ-
ലമ്പും നൽച്ചാന്തുചിന്തിപ്പരിമളവിലസൽഗന്ധവാൻ ഗന്ധവാഹഃ'

എന്നതിൽ മുകുളം എന്നതിന്നു മുകൾ എന്നു വന്നതുപോലെ പവഴം എന്നതിന്നു പവൾ എന്നും വരരുതേ? ശരിതന്നെ. പക്ഷേ—

'മകളിയമിതമാളും മാധവീ കേവലം പൂ-
മകളിയമിതി വാനോർപോലുമെത്തും മനോജ്ഞേ!
മുകളിൽ മധുരവാപാ നിൻറ നിൻ കൊങ്കയാം പൂ-
മുകുളയുഗളകേളീദോഹളീ ഞാനളീവ.'

എന്നതിൽ മുകുളം മുകുളമായിത്തന്നെയിരിക്കുന്നതുപോലെ പവഴം പവഴമായിത്തന്നെയിരിക്കാത്തതു് എന്തുകൊണ്ടു്? എന്നാണിതിനു സമാധാനം. മുകുളശബ്ദം സംസ്കൃതമാണു്. അതിന്റെ തല കളയുന്നതു ശരിയല്ല. മുകുൾ എന്ന ശബ്ദം സംസ്കൃതത്തിലെ അന്ത്യവർണ്ണം ലോപിച്ചു ഭാഷീകൃതമായിട്ടുള്ളതാണു് എന്നു പറകയാണെങ്കിൽ ഏതു നിയമം അനുസരിച്ചുള്ള അന്ത്യവർണ്ണലോപമാണെന്നുകൂടി പറയേണ്ടതുണ്ടു്. 'മുകൈനെ കലികൈ മുകുൾചിനൈ കോരകൈ കണികൈ പോകിലരുമ്പു മൊട്ടൈ' എന്ന ഭാഷാഭിധാനം അനുസരിച്ചാണെങ്കിൽ പ്രകൃതത്തിലും അതനുസരിച്ചതന്നെയാണു വേണ്ടതു്. അതാകട്ടെ 'വിത്തുരുമംതുകിൽ പേയരത്തമോത്തവിറവാളന്തുവരിവൈ പവഴം' എന്നിങ്ങനെ അകാരത്തോടുകൂടിത്തന്നെയാണു കാണുന്നതു്. പ്രകൃതത്തിലാകട്ടെ ഒമ്പതുവിധം വികാരങ്ങൾ വരുന്നതിൽ അന്ത്യലോപം എന്നവികാരം വരുന്നു. ആലം, നീലം മുതലായതിൽ അന്ത്യമായ മകാരം ലോപിച്ചു് ആല, നീല എന്നാകുന്നതുപോലെ പ്രകൃതത്തിൽ അന്ത്യമായ അകാരം ലോപിക്കുന്നു എന്നു താൽപര്യം എന്നാണെങ്കിൽ അതും ശരിയല്ല. ആ ഒമ്പതു വികാരങ്ങളും പാണ്ഡ്യഭാഷയിൽ മാത്രമാണു വരുന്നതു് എന്നുമാത്രമല്ല അതിൽതന്നെ 'ചെയ്യുൾ' എന്നു പേരുള്ള വാക്കുകളിലേ വരുള്ളു. 'വഴക്കം' എന്നവയിൽ വരില്ല. വഴക്കം എന്ന എനത്തിലുൾപ്പെട്ടതിൽ ചിലതു മാത്രമേ കേരളഭാഷ മുതലായതിൽ സാധാരണമായി വരികയുമുള്ളു. അങ്ങനെയാണു ഭാഷകളുടെ സ്വഭാവം. പാട്ടിൽമാത്രം പക്ഷെ വികാരമുള്ളതും വന്നേക്കാം. അല്ലാതെ മററുള്ളേടത്തു വികാരം വരുന്നവയും ഉണ്ടാകുമെന്നു പറവാൻ നിവൃത്തിയില്ല. അങ്ങനെ സ്വീകരിക്കുന്നപക്ഷം ഓരോ ഭാഷയിലും അർത്ഥം തന്നെ മാറിപ്പോകും. എങ്ങനെയെന്നാൽ—ആലം എന്നതിലെ അന്ത്യം ലോപിപ്പിച്ചു് ആല എന്നു പറഞ്ഞാൽ കേരളഭാഷയിൽ കരുമാന്റെ പണിസ്ഥലമല്ലാതെ വിഷം എന്ന അർത്ഥം ആർക്കും തോന്നുന്നതല്ല. എന്നുതന്നെയുമല്ല, അപശബ്ദം എന്നൊന്നില്ലെന്നും വന്നുപോകും. 'അപിമാഷം മഷം കുര്യാൽ ഛന്ദോഭംഗോ ഗിരാം വധഃ' എന്നു പറഞ്ഞിട്ടുള്ളതിനു വൃത്തത്തെ വിലവെക്കണമെന്നു മാത്രമല്ലാതെ മാഷം മഷമാക്കാമെന്നു് അഭിപ്രായമില്ല. അല്ലാത്തപക്ഷം വൃത്തംമാത്രം നോക്കണം: മറെറാന്നും നോക്കേണ്ട എന്നായിപ്പോകും. വ്യാകരണം വേണ്ടെന്നും വരും. 'പുരന്ധ്രിഭിശ്ച ക്രമശഃ പ്രയുക്തം' എന്നും മററും ഉള്ളതു മഹാകവിപ്രയോഗം കൊണ്ടു നിലനിൽക്കുന്നതാണു്. സ്വതേ ദോഷമില്ലായ്കകൊണ്ടല്ല. എന്നാൽ വേറെ വിധത്തിലാകാം—അരച്ചൊൽ എന്നൊന്നുണ്ടല്ലോ. എങ്ങനെയെന്നാൽ തിരുമാല എന്നൊരുത്തിയുടെ പേർ.

അവളെ തിരുമാൽ എന്നു പറയാറുണ്ട്. അതുപോലെ തന്നെ, തന്നെ കൊണ്ട്=തന്നെക്കൊണ്ട്, അതിന്ന്=അതിന്, അതുകൊണ്ട്=അതു കൊട്ട്, അതിന്നോട്ട്=അതിനോട്ട്, തന്നകം=തനകം, കാണുമ്മാറ്=കാണുമാറ് ഈവക മാററങ്ങളും കാണുന്നുണ്ട്. ആ ന്യായമാണ് പ്രകൃതത്തിൽ എന്നാണെങ്കിൽ പറയാം—അരച്ചൊല്ലാണെങ്കിൽ തിരു എന്നോ മാല എന്നോ ആണ് പറയേണ്ടതു്; തിരുമാൽ എന്നതു പ്രകൃതിയല്ല. അ എന്നതു മറെറപ്പ്രകൃതിയുമല്ല. അരച്ചൊല്ലെന്നതിന്ന് അല്പം കുറവുള്ളതു് എന്നേ അർത്ഥമുള്ളൂവെന്നു പറയുന്നതു യുക്തിക്കു ചേരുന്നതുമല്ല. അതിനാൽ തിരുമാൽ എന്നതു മറെറാരു പേർ മാത്രമാണ്. തിരുമാല എന്നതിലെ അന്ത്യലോപം കൊണ്ടുണ്ടായതല്ല. മാൽ എന്നു പറഞ്ഞാൽ മാല എന്നു മനസ്സിലാവില്ല. മനസ്സിലാവുമെന്നാണെങ്കിൽ കൽ, കല; പുൽ, പുല മുതലായതു പര്യായങ്ങളാണെന്നു സമ്മതിക്കേണ്ടതുമാവും. അതിന്ന്, അതിന് മുതലായതു വികല്പ വിധിക്കു വിഷയങ്ങളായ ശബ്ദങ്ങളാണ്. രണ്ടുവിധത്തിലായാലും അർത്ഥം മനസ്സിലാവുന്നതുമുണ്ട്. അതുകൊണ്ടു പവൾ എന്നതു് അപശബ്ദം തന്നെ വേറെ ഉദാഹരണം—

',ചെല്ലാകാവൻറളൻറിപ്പെരികമികനിലം തത്ര മൈത്രീനിമിത്തം
തേറാകാ തേടിയുണ്ടും തരുണികളുപചാരാന്തരം മെച്ചമെൻവു്
എപ്പോഴും ചൊല്ലുവൻ ഞാൻ പലപരിചുമിദം പുത്തിയില്ലാത്തനീയേ
കൊണ്ടായല്ലോ കനക്ക പ്രിയസഖ മനമേ! ചെൻറു നിന്ദാകടാക്ഷം.'

ഇവിടെ വന്നാൾ എന്നതു സാധുവല്ല. വന്നാളവ് എന്നു വേണം. കൂടിയതിന്നുദാഹരണം—

'ഇച്ഛാതഃ സ്വയമിങ്ങനേ വിധിവശാദന്യത്ര ദൂരം ഗതഃ
സുഭ്രൂ മഞ്ജരി നിന്നെ വന്നു തുലവും നാളുണ്ടു കാണാതിതു്
ഓമന്മെയ്യുഴകിന്നുദാരനെറിയിൽച്ചേർച്ചുക്കു കണ്ണിന്നുമി-
ന്നാലിന്നും നളിനേക്ഷണേ കുശലമോ നാഥേ സമാവേദയ.'

ഇതിൽ തുലവും എന്നതധികം. തുലോം എന്നാണ് പാകം. വേറെ ഉദാഹരണം—

'വെളുവാ നളിനാക്ഷിനാരണീ നിൻതിരുമുത്തെത്തിനയുംവിളക്കിനാലും
പവഴദ്യുതിപാടലാധരത്തിൻനിഴൽപട്ടാൽ നിതരാം ചൊവക്കയെൻറി'

ഇതിൽ വെളുവാ എന്നതധികം. വെളാ എന്നാണു പാകം. വെളുക്കാ എന്നായാലും കൊള്ളാം. വരട്ടേ! ഇന്നവിധം വേണം ഇന്നവിധം അരുതു് എന്നതിന് എന്താണു നിയമം? എങ്ങനെയെങ്കിലും പറഞ്ഞാൽ മതിയല്ലൊ. അതു തന്നെയാണ് 'ഭാഷായാം ന ഭാഷ്യം'=ഭാഷയ്ക്കു ഭാഷ്യമില്ല, എന്നിങ്ങനെ ഭാഷയിൽ വാക്കുകൾക്കു വ്യവസ്ഥയില്ല

എന്ന അർത്ഥത്തിൽ ഉള്ള പ്രവാദത്തിന്നും കാരണം. പിന്നെയെന്തിനാണു വേണ്ടാതെ വിവാദം ഉണ്ടാക്കുന്നതു്? പറയാം—ശുദ്ധാത്മാവേ! 'ഭാഷായാം ന ഭാഷ്യം' എന്നതിൻെറ ശേഷം കുറച്ചുണ്ടു്. അതു താനറിഞ്ഞിട്ടില്ല. 'ലോകപ്രസിദ്ധം വിഹായാന്യൽ' എന്നാണതു്. ലോകപ്രസിദ്ധിതന്നെയാണു ഭാഷയുടെ വ്യവസ്ഥയ്ക്കു പ്രമാണം എന്നാണു് അതിന്നു താൽപര്യം. അതു് അടിസ്ഥാനമാക്കീട്ടാണു് ഇതെല്ലാം പറയുന്നതും. അതിനാൽ നിയമമുണ്ടു്. ഇങ്ങനെതന്നെ 'മററൊന്നും തോന്നിടാ മന്മനസി ബത ബലാൽകാരഭാവേപി തോഴീ, ഹർഷാശ്രുതാമുപഗതാ വരികിൻറവന്നു്'(1) എന്നു മുതലായതിൽ തോന്നിയില്ല, വരുന്നവന്നു് എന്ന അർത്ഥത്തിൽ പ്രയോഗിച്ച തോന്നിടാ, വരികിൻറവന്നു് മുതലായതും ലക്ഷണം അനുസരിച്ചുതന്നെ സാധുവല്ലാത്ത ശബ്ദങ്ങളാണു് സംസ്കൃതാപശബ്ദത്തിന്നുദാഹരണം—

'ഒട്ടും പൂട്ടേൻമുകവുമണയേൻ തമ്പലിൻ പാലുമെൻറും
താരേൻ കൊള്ളേനദയ ഭവതാ ദത്തമിത്ഥം കനാവിൽ
അന്യാഗോത്രശ്രവണസമയേ കോപനായാസ്സബാഷ്പം
കേൾപ്പോരാർപോൽ കലഹവചനം നാരണീനന്ദനായാഃ'

ഇതിൽ 'അന്യാഗോത്ര' എന്നതു ശരിയല്ല. 'സർവ്വനാമ്നോ വൃത്തിമാത്രേ പുംവദ്ഭാവോ വക്തവ്യഃ' എന്ന ശാസ്ത്രപ്രകാരം സർവ്വനാമങ്ങൾക്കു സമാസം മുതലായതിൽ പുംലിംഗത്വം വരുത്തിയിട്ടില്ല. വേറെ ഉദാ—

'ചെയ്തോരുപുണ്യവഴിമേലൊരുനാളിരാ ഞാൻ
പുക്കേനെറക്കറെയിലുമ്മിണിനന്ദനായാഃ
മൽബാഹുകണ്ണരസനേക്ഷണനാസികാനാം
ഞാൻ ഞാൻ കൃതീതി പിശകൻറു തുടങ്ങിയുണ്ടു്.'

ഇതിൽ 'ദ്വന്ദ്വശ്ച പ്രാണിതൂര്യസേനാംഗാനാം' എന്ന ശാസ്ത്രപ്രകാരം 'ബാഹുകണ്ണരസനേക്ഷണനാസികസ്യ' എന്ന ഏകവചനമാണു വേണ്ടതു്; നാസികാനാം എന്നു ബഹുവചനമല്ല. വേറെ ഉദാ—

'യത്സത്യം തൽ ഭവതു പുണർതംനാൾപിറന്നൊങ്ങൾകാന്തൻ
വന്നിട്ടിൻേറ മമ മനസിജച്ചൂടൊഴിക്കുൻറുതാകിൽ
തോഴീ പൂച്ചൊല്ലെഴവതിതു നൻറഷ്ടമേ ശുക്രചന്ദ്രൌ
ഭാഗ്യേ ജീവ സ്വയമിതി നരുങ്ങാശംസന്തീ സ്ഥിതാവാ'

ഇതിൽ 'ആശംസതീ' എന്നാണു ശരിയായിട്ടു വേണ്ടതു്. നമ് എന്ന ആഗമം വരാത്തതിനാൽ 'ആശംസന്തീ' എന്നു വരില്ല.

---

(1) പോകിൻറവന്നു നിജശോകനിവേദനാർത്ഥം ഹർഷാശ്രുതാമുപഗതാ വരികിൻറവന്നു് ചിന്തിച്ചവണ്ണമുദിതാ മദനാതുരാ വോ രക്ഷന്തു വേശവനിതാനയനാംബുധാരാഃ.

(ആട്ടപ്രകാരം)

'ചൂഴലമരുവാരുടേ ചൊരിതൻപരിമള-
ച്ചൂരിതചൂരികച്ചുടാഘ്രാണനം ചെയ്യയും'

ഇവിടെ ആഘ്രാണം എന്നാണു യുക്തം.

* അസമർത്ഥമവാചകം *

ഏതു് അർത്ഥത്തിൽ പ്രയോഗിക്കുന്നുവോ ആ അർത്ഥത്തിൽ വൃത്തിയില്ലാത്ത പദം അവാചകം. ഉദാ—

'ഈറ്റിക്കൂട്ടിയിരിട്ടുകൊണ്ടു മദനൻ നിർമ്മിച്ച പൂഞ്ചായലും
മാട്ടേക്കാട്ടിലിരട്ടി വിങ്ങിനിതരാം പൊങ്ങിൻറ പോർകൊങ്കയും
കാട്ടിക്കാട്ടിയൊരായതാക്ഷി വടിവിൽ പോനാളതിന്നിൻവുഞാൻ
കാട്ടിക്കൂട്ടിനഗോഷ്ഠി ചൊല്ലരുതെനിക്കെൻറില്ലെടോതോഴരെ!'

ഇവിടെ ചായൽ എന്ന പദം തലമുടി എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. ആ പദത്തിന്നു് ആ അർത്ഥത്തിൽ ശക്തിയോ നിരൂഢലക്ഷണയോ ഇല്ല. അങ്ങനെ പ്രയോഗം ധാരാളമുണ്ടല്ലോ എന്നാണെങ്കിൽ ശരി തന്നെ. പക്ഷെ അങ്ങനെയായാൽ അവാചകമായിട്ടു് ഒരു പദവും ഉണ്ടാവില്ല. അഭിധാനഗ്രന്ഥത്തിൽ പറഞ്ഞിട്ടില്ലാത്തതു് അവാചകമെന്നു പറയാമെന്നാണെങ്കിൽ അഭിധാനത്തിനു പ്രയോഗമാണു് അടിസ്ഥാനമെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. പ്രയോഗമെല്ലാം ശരിയായിട്ടുള്ളതുമാണല്ലൊ. വേറെ ഉദാഹരണം--

'ഉടനുടനലർബാണനസ്ത്രച്ചു പിച്ചേറിനീറാ-
യുരുകിയിരവിലൊട്ടും കണ്ണടപ്പീല ഞാനോ
കളഭമിടയുമോമൽക്കൊങ്ക ചീർത്താടി വാട്ടം
നട്ടവു തുടിയെ വെല്ലും നായികേ നീ പിരിഞ്ഞു്.'

ഇതിൽ ഇടയും എന്നു് ഇഴകും എന്ന അർത്ഥത്തിൽ തെററായിപ്രയോഗിച്ചിരിക്കുന്നു.

* ദുഷ്ടന്യായം കഷ്ടം *

വല്ലവിധത്തിലും ഒരു ചീത്തയുക്തി മാത്രം ഉള്ളതു കഷ്ടം. ഉദാഹരണം—

'പണ്ടത്തപോനിധിപരാശരനാററിൽ വെച്ചി-
ട്ടുണ്ടത്തിയോടവിനയം പ്രഥമം തുടങ്ങി
ആരായ്‌വതില്ല കുലമെൻറുമിതംഗനാനാ-
മാരായ്കിലാരു മറിവീല മഹാത്മർ പോലും.'

ഇതിൽ ജളർ, വിടർ മുതലായതുപോലെ മഹാത്മർ എന്ന ബഹുവചനം പ്രയോഗിച്ചിരിക്കുന്നു. അതു പ്രസിദ്ധമല്ല: കുസൃഷ്ടിയാണു്. ഇതുപോലെ 'ഈഴിൻെറൻ ഞാൻകുളർമുല പിരിഞ്ഞിന്നുമിട്ടായുവാഴ്വാൻ, നീണ്ടിട്ടിരിക്കും നയനദചായത്തീ' ഇവയിലെ ആയു, നയനദചായത്തി മുതലായതും രാജർ, അംഗനർ, സംബുദ്ധിയിൽ ചന്ദ്രനേ, നരേന്ദ്രനേ തുടങ്ങിയതും കഷ്ടം തന്നെ.

* നിഷ്പ്രയോജനം വ്യർത്ഥം *

പ്രയോജനം ഒന്നുമില്ലാത്തതു് വ്യർത്ഥം. ഉദാഹരണം—

'പൊന്നോലും ചാരുപൂന്തേൻനയനജലമഹാധാരമേന്മേലൊഴുക്കി-
ക്കല്ലോലാളീഷുതങ്ങിത്തടവുമനുപമത്തെൻറലാൽ വീത്തുവീത്തു്
നിൻവക്ത്രത്തിന്നു നീലക്കുഴലിനിയതമാഹന്തതോററിട്ടചെമ്മേ
കാന്തേ കോളിക്കൽനങ്ങേ കമലമിതുകണാനിൻവുകേഴിൻറവാറു്.'

ഇതിൽ ചാരു എന്നതു വ്യർത്ഥമാണ്. അനുപമമെന്നതും വ്യ
ർത്ഥം തന്നെ.

* അനനുകൂലമനിഷ്ടം *

അനുകൂലമല്ലാത്ത അർത്ഥത്തോടുകൂടിയതു് അനിഷ്ടം. ഉദാ—

'കാററാളം കൊണ്ടണിമുലയുഗം കാന്തമെയ്പട്ടുന്മേൽ
കോറേറതുള്ളിദ്യുതികൊഴകൊഴക്കൊത്തസീൽകാരനാദം
കാറേറാടാട്ടം നട്ടവുകുലയക്കാണ്മനോ കണ്മനോജ്ഞം
കൂററമ്പിൽച്ചെൻറാളിയിലിളയച്ചീവിലാസോദയംഞാൻ.'

ഇതിൽ ദ്യുതി എന്നതു് വിശേഷ്യത്തിനനുകൂലമല്ല. മൂർത്തവസ്തുക്കൾക്കേ
ദ്യുതിയുള്ളു. അമൂർത്തങ്ങൾക്കില്ല. ദ്യുതി എന്നതിന്നു മാധുര്യത്തിൽ ലക്ഷ
ണയാണെന്നാണെങ്കിൽ അതും ശരിയല്ല. മാധുര്യവും മൂർത്തത്തിലേ ഉ
ള്ളു. ശബ്ദത്തിന്നു മാധുര്യം ഉണ്ടെന്നു പറയുന്നതു് ഉപചാരം അനു
സരിച്ചാണ്. ലാക്ഷണികാർത്ഥത്തിനും മുഖ്യാർത്ഥംപോലെ തന്നെ ബാ
ധയുണ്ടായാൽ പിന്നെ അവിടെ എന്തു ലക്ഷണയാണുള്ളതു്? ലക്ഷ
ണയെ അധികം നീട്ടിയാൽ അനവസ്ഥയും വന്നുപോകും.

*കേവലം ലോകസ്ഥിതം ഗ്രാമ്യം *

വെറും സംഭാഷണത്തിൽ മാത്രം ഉള്ളതു് ഗ്രാമ്യം. ഉദാഹരണം—

'മുത്തെന്മർ മററു ചിലർ മത്തചകോരനേത്രേ
പല്ലേമ്മർ പത്മവദനേ പലരും നിരന്നു്
മുത്തായ്മുടിഞ്ഞിട്ടുകിൽ ഞാനുമിയഞ്ഞിരുന്നോ-
നെന്താകിലോ വരുവതെൻവു മനോഭനോതി.'

ഇതിൽ പല്ലു് എന്നതു ഗ്രാമ്യം. വേറെ ഉദാ—

'പരികുഴലിലായിതേ കിം പല്ലാൽച്ചെലവെന്തുകരതലേ കവിൾതാൻ
വയറെന്തരയാൽക്കൊമ്പത്തഃ സ്വരതനമെവ മുല്ലമലരാദി.'

അസഭ്യാർത്ഥത്തെ കാണിക്കുന്നതും ഗ്രാമ്യം തന്നെ. ഉദാ—

'ആററിൽക്കിടന്നു ചില കന്യകമാർ കളിച്ചു
നീന്തിൻറ നേരമൊരു നീരജലോചനായാഃ
കാണാമിരണ്ടു തുടതൻ നടുവേ കറത്തി-
ട്ടിന്ദീവരത്തിനിതളല്ലൊരു മീനുമല്ല.'

സന്ധിഭേദം കൊണ്ടും അസഭ്യം തോന്നും. അതും ഒരുവക ഗ്രാമ്യമാണ്. ഉദാഹരണം—

'കാരേല്യം നീലവാർമൽപ്പൂരികുഴലൊളികൊണ്ടെങ്ങുമൊക്കൻറിയാക്കി-
ത്താരേശാസ്യാതനിത്തേൻ ചിതറിന വചനാ ചോതിമേവും നതാംഗീ
ഓരോ ഭൂഷാവിശേഷൈഃ കനകമണിമയൈഃ കാമിനീ നായികാസാ
മാരാസ്ത്രം മംഗലാംഗം മഴറിന നയനാ ഭൂഷയാമാസ ഭൂയഃ'

സ്വതേ ഗ്രാമ്യമായ പദം തന്നെ പ്രയോഗിച്ചിട്ടുള്ളതും ഗ്രാമ്യം തന്നെ. ഉദാഹരണം—

'പ്രേമം തമ്മിൽപ്പെരിയതറികിൽ പിന്നെയുണ്ടോ മൃഗാക്ഷ്യഃ
കാകുപ്പുണ്ണാതൊഴിവുതതുകൊണ്ടല്ല കൌതൂഹലം മേ
അസ്മന്നിന്ദാം പ്രകടയിതു മിൻറഞ്ചിതാക്ഷി സ്വകീയം
ചാതുര്യക്കേടപിച സഹതേ തൽപുനമ്മേ വിഷാദഃ'

* പുനർവചനം പുനരുക്തം *

പറഞ്ഞതു വീണ്ടും പറയുക പുനരുക്തം. ഉദാഹരണം—

'കിളികളതെളിവാണി മന്ദമന്ദം തളിരൊളികോമളചാരുണാ കരേണ
വളരിളമുലതാങ്ങി നീ വരുമ്പോളുളകളഭാഷിണി മന്മഥന്നു കൃത്ത്.'

ഇതിൽ തെളിവാണി, കളഭാഷിണി, ഇവയ്ക്കു് അർത്ഥഭേദമില്ല. കള, കള, എന്ന ശബ്ദപൌനരുക്ത്യവും ഉണ്ട്.

* ശ്രുതികടുകം പരുഷം *

കേൾക്കുമ്പോൾ അസഹ്യത തോന്നുന്നതു പരുഷം. ഉദാഹര—

'കണ്ണിൽകോൽകൊണ്ടു കുത്തിൻറവെരെയുമറിയാതോളവും ക്രൂരിരുട്ടിൽ
കാൽകൊണ്ടൊട്ടൊട്ടു തപ്പിക്കഥമപി വഴികണ്ടന്തരാരൂഢമോദം
നീരീട്ടംനീരദാളീ പരിമിളിതകകുപ് ചക്രികായാം നിശായാം
തനപീതാനേ കിടപ്പോരറയിലൊരുകുറിച്ചെന്നാകം പൂവനോഞ്ഞാൻ.'

ഇതിൽ കകുപ് ചക്രികായാം എന്നതു പരുഷം. കൂട്ടക്ഷരങ്ങളായ ഖരാതിഖരങ്ങളും ഊഷ്മാക്കളും അധികമുള്ള പദങ്ങളും പരുഷം തന്നെ. ഉദാഹരണം—

'ചിരിതേവിപുരാപയോധികുക്ഷി-
ക്ഷരിതൈഃക്ഷീരകണൈരണിഞ്ഞപോലെ
കരുതീടുവനായതാക്ഷി നിന്നെ
ചിരിതേവീ സുരതേ വിയപ്പു കണ്ടാൽ.'

ഇതിൽ പയോധികുക്ഷിക്ഷരിതൈഃ ക്ഷീരകണൈഃ എന്നതു പരുഷം.

* അഭാവാചാരുസന്ധിമദ്വിസന്ധി *

സന്ധി ഇല്ലാതിരിക്കുന്നതും ദുസ്സന്ധിയും വിസന്ധിയാണ്. ഒന്നാമത്തേതിന്നുദാഹരണം—

'ചേതോഭിരാമമുഖി കല്പകമാലികേ പാൽ
ചേതിച്ചുതഞ്ചുമൊഴിമാർ തൊഴവോരുദാരേ
ചൂതൊത്തനിൻ കുചയുഗം പിരിയും ദശായാം
ചെതപ്പെട്ടും പെരിക എന്നൊടു ചൂതബാണൻ'

ഇതിൽ പെരിക എന്നൊട് എന്നതു വിസന്ധി. പെരികയെന്നൊട് എന്നായാൽ ദോഷമില്ല. വേറെ ഉദാ—

'ഗരളകിരണനായേ പോയിതെന്തൊൻറുവേണ്ടീ-
ട്ടമൃതകിരണ ഇപ്പോഠം നീ സഖേ മാദൃശാനാം.'

ദുസ്സന്ധി പലവിധത്തിലും വരും. അതിൽ ചിലതുദാഹരിക്കാം—സംസ്കൃതവും ഭാഷയും കൂടിയുള്ള സന്ധിയിൽ സംസ്കൃതവികാരം കൊണ്ടുണ്ടായ ദുസ്സന്ധിക്കുദാഹരണം—

'കമലമലരിലൂറും തേൻകുടിക്കിൻറ വണ്ടും
രഹസി സകൃദിളക്കിച്ചെൻറുതാനസ്തൽ മേവും
സ്ഫുടതരമൊരുദോഷം കണ്ടു പൊൽപ്പുണ്ഡരീകം
കഥയ കളവതുണ്ടോ വല്ലഭേ വല്ലവണ്ണം.'

ഇതിൽ സകൃദിളക്കി എന്നതു ദുസ്സന്ധി. വേറെ ഉദാഹരണം—

'ആടൽച്ചില്ലിക്കൊടിനെറിയൽകെട്ടാനനേന്ദോന്നിറം കെ-
ട്ടേലക്കോലപ്പുരികുഴലുലന്നേകവേണീം ദധാനാ
താനേതന്നൊപ്പൊരുതുടൽമെലിഞ്ഞായിനാളന്യരൂപാ
കാണക്കാണക്കരതലഗതാ ഹന്ത പൂമാലപോലെ.'

ഇതിൽ ഇന്ദോന്നിറം എന്നതു മദനധനർബ്ബാണം എന്നതുപോലെ ചേത്തു ദുസ്സന്ധി. വേറേയും ഉദാ—

'അത്രാനേകോല്പലദൃശിപുരേ നീളനിൻേറൻതുലോംനാ-
ളങ്ങേയാത്രാത്തുറമതികരിച്ചൊൻറുണത്തീതുമില്ല
കഷ്ടം കണ്ണേജപവിലസിതെച്ചുന്നപോകിൻറുതല്ലോ
കോടിചിത്തേ കസുമമൃദുലേ കോപിഭ്രുയാൻപ്രകോപഃ'

വിസർഗ്ഗവും ഭാഷയും ചേന്നാലുണ്ടാകുന്ന ദുസ്സന്ധിക്കുദാഹരണം-

'എണ്ണിക്കൊഠംവാനരിയ ഗുണവാനെണ്മർ ചാമന്തരെന്നും
താരാശ്രേണീനടുവിൽ മറവില്ലാത താരാമണാളഃ
മാററാരെന്നും കഴമിയ പതംഗാനലോഭ്രൽ പുരേസ്മിൻ
കോളംബാംഭോരുഹദിനമണിഃകോതമാത്തണ്ഡ പണ്ട്.'

'ഭ്രാതശ്ചേതസ്തവ പരുഷമാജ്ഞാൻറിലും ചൊല്ലുവൻ ഞാൻ
നീളച്ചെല്ലാ ഭവദഭിമതം നീ നിനക്കിൻറവണ്ണം
പ്രായേണൈതൽപരിഭവഫലം പ്രേമകാണിൻറപാററാൽ
പ്രാണേശായാഃ പരിചുപഴകുന്തോറുമൊട്ടന്യദന്യൽ.'

വിസർഗ്ഗവികാരത്തോടു ഭാഷ ചേൎന്നുണ്ടാകുന്ന ദുസ്സന്ധിക്കുദാഹരണം—

'ആദൌരമ്യാശ്ശിലർ പരിചയേ ചെററരമ്യസ്വഭാവാഃ
പിന്നെപ്പിന്നെപ്പരിചിതരസാഃ കേചിദാദാവരമ്യാഃ
കാലദ്വന്ദ്വേപ്യധികസരസാഃ കേചിദിത്യംഗനാനാ-
മെൻറും ദ്വേഷ്യാശ്ശിലരുളരതിൽ ക്രൂരമിക്കിൻററർവെള്ളി'

'ഒരുകുസുമമറുത്തു മറെറാരുത്തിക്കുദിതരസം ദയിതൻ കൊടുത്തവാറേ
മുലയിണനടുവിൽത്തതോനതാംഗ്യാസ്തരുതറവന്നുപപാതബാഷ്പധാരാ'

ഇങ്ങനെതന്നെ 'അസ്മാംസ്തളന്നാക്കിത്തുതദ്വിലാസം' എന്നും മററുമുള്ളതും ഈവിധം ദുസ്സന്ധിയാണു്. അതുപോലെ 'വാചാപായ്ന്തേനിവമധുരയാ ചൊല്ലിനാംസ്തുത്യചെന്ന്' എന്നുംമററും ഭാഷയുടെ വികാരംകൊണ്ടുണ്ടാക്കുന്ന ദുസ്സന്ധികളെയും ഗ്രഹിച്ചുകൊൾക.

* പ്രക്രമഭംഗോ രീതിധുതം *

തുടങ്ങിയ രീതി തെററുന്നതു രീതിധുതം. ഉദാ—

'ഒരുപരവനിതാ ചഞാനുമെമ്മിൽ
പ്രണയവിരോധമിയഞ്ഞിനോരുനേരം
ചെലുചെലനമുറിഞ്ഞുവീണുചെമ്പൊൽ
ക്കനെവളനണ്ണിനടുങ്ങിയെങ്ങൾചേതഃ'

ഇവിടെ 'ച' എന്നതുകൊണ്ടു സമുച്ചയം തുടങ്ങി 'ഉം' എന്നതുകൊണ്ടവസാനിപ്പിച്ചു. അതു പ്രക്രമഭംഗമാണു്. പരവനിതയും ഞാനും എന്നാണു് ശരി.

* ന്യൂനം പദം യസ്മിംസ്തന്ന്യൂനപദം *

വേണ്ട പദങ്ങൾ മുഴവനുമില്ലാത്തതു് ന്യൂനപദം. ഉദാ—

'ശ്ലോകഃ കിം വേർമരുന്നോ കിമിദമിലമരുന്നോ കറുത്തോ വെളുത്തോ
കിംവാ നീണ്ടിട്ടിരിപ്പോൻറഥ ച കുറിയതൊൻവുഷ്ണമോ ശീതമോ താൻ
ഉണ്മാനാവൊന്നുടുപ്പാനിതിപുനരറിയാപ്രേതയിൽ പ്രേമമോതാൻ
നാണാതേനാട്ടുനായ്യാംപ്രിയസഖ കവിചൊല്ലിൻെറനിക്കേ നമോസ്തു.'

ഇതിൽ ഉണ്മാനാവൊന്നോ ഉടുപ്പാനാവൊന്നോ എന്നു വേണം. വേറെ ഉദാ—

'വിളകൊരുവനിലേററം മാനസത്തിന്നു ചുററം
വെളുവെളരുചിവെള്ളം തിങ്കളും ചൂടുവോനിൽ
കലിതരുചി കളത്രത്തിന്നിരിക്കും വധൂനാ-
മൊളിപുരുഷനിലോടിക്കൂടുവോരമ്പുപോലെ.'

ഇതിൽ വെള്ളവും തിങ്കളും എന്നുവേണം. സംസ്കൃതത്തിലെ ന്യായമെല്ലാം ഭാഷയിൽ ശരിയാവില്ല. സംസ്കൃതത്തിൽ-

'ഏകാതപത്രം ജഗതഃപ്രഭുത്വം നവം വയഃ കാന്തമിദം വപുശ്ച
അല്പസ്യഹേതോർബ്ബഹുഹാതുമിച്ഛൻവിചാരമൂഢഃപ്രതിഭാസിമേത്വം.'

എന്നു മുതലായതിൽ സമുച്ചയത്തെ ദ്യോതിപ്പിക്കുന്ന ച ശബ്ദം ഒന്നേ ഉള്ളുവെങ്കിലും സമുച്ചയിക്കേണ്ട എല്ലാററിനോടും പ്രത്യേകം യോജിക്കും. ഭാഷയിലെ ഉം ശബ്ദം അങ്ങനെ യോജിക്കില്ല.

* അസ്ഥാനന്യസ്തം പദമസ്ഥാനപദം *

വേണ്ട സ്ഥാനത്തല്ലാതെ പ്രയോഗിച്ച പദം അസ്ഥാനപദം. ഉദാ—

'ദൃഷ്ട്വാ താനന്യനാരീകുചതടമിഴകിൻറംഗരാഗാങ്കിതം മാം
ശയ്യാം നൻറാസ്ഥിരിപ്പാനെഴനെലിതിഗിരാ ജാതു ശയ്യോത്ഥിതം മാം
കണ്ടോരെത്തീണ്ടിവന്നാലരിയതൊഴകിലും സ്നാനമാത്രം വിധേയം
ചൊല്ലിട്ടിത്ഥം മൃഗാക്ഷ്യാ മമശിരസി കൃതം ചാരു ഭൃംഗാരവാരി.'

ഇവിടെ ഇത്ഥം ചൊല്ലിട്ട് എന്നാണ് വേണ്ടതു്. വേറെ ഉദാ—

'ഒൻേറകുറഞ്ഞുതു മതിൽപ്പെരുകീതുമൊൻേറ
നിർമ്മാണകർമ്മണി നിസർഗ്ഗമനോഹരാംഗ്യാഃ
മാരാതുരേണ മനസാമിവുകം ജനേസ്മിൻ
പോരാതതും കരുണ പോരുവതും പ്രകോപഃ.'

ഇവിടെ കരുണയും പ്രകോപവും എന്നാണ് വേണ്ടതു്.

'കാർവണ്ടുമെങ്ങൾ മനമും മധുരേ രസാർദ്രേ
തേൻവേണ്ടിയൊൻറു തെളിതേൻമൊഴിവേണ്ടിയൊൻറു
പത്മഭ്രമേണ വദനേ വദനഭ്രമേണ
പത്മേ പരിഭ്രമതി നാരണിനന്ദനായാഃ.'

ഇതിൽ രണ്ടാം പാദത്തിൻെറ അർത്ഥം വേറെത്തന്നെ പറയണം നടുവിലല്ല പറയേണ്ടതു്.

* ക്രമധ്വംസഃക്രമഭംഗഃ *

അർത്ഥത്തിൻെറ ക്രമം തെററിപ്പറയുന്നതു ക്രമഭംഗം. ഉദാ—

'രക്തോത്പലം ച നളിനാകൃതിമാധവീനിൻ
നേത്രോത്പലം ച മമ തന്നരുളിൻറനേരം
ചൂടായിതൊൻറുമനസി പ്രതിബദ്ധരാഗം
ചൂടായിതേകമുടനേ ശിരസാസുഖേന.'

ഇതിലെ ഉത്തരാർദ്ധത്തിൽ പാദങ്ങളുടെ ക്രമം വ്യത്യാസപ്പെട്ടു ത്തേണ്ടതാണ്.

* ശ്ലോകേ നിയതസ്ഥാനപദച്ഛേദഭംഗോയതിഭംഗഃ *

ശ്ലോകത്തിൽ ഇന്നിന്ന വൃത്തത്തിൽ ഇന്നിന്നസ്ഥാനങ്ങളിൽ പദം അവസാനിക്കണമെന്നു നിയമമുണ്ട്. ആ സ്ഥാനങ്ങളിൽ പദം അവസാനിക്കാതിരിക്കുന്നതാണ് യതിഭംഗം. ഉദാ—

'അൽകൽത്തേർ ചീർത്തലസഗമനാ മെല്ലെമെല്ലെക്കരാഭ്യാ-
മൊൽകിൻേറാമൽക്കൊടിനട്ടവുമക്കുറയും താങ്ങിവന്നു
നൽകിത്താമ്രാധരമനുപമം നായികാ മഞ്ജുവാചാ
പുൽകക്കണ്ടേൻ പുനരത്തു നന്നാദവോ കനാവോ നജാനേ.'

ഇതിൽ നന്നാ എന്നസ്ഥാനത്തു പാദം മുറിക്കേണ്ടതാണ്. മന്ദാക്രാന്തയിൽ പാദത്തിന്റെ പത്താം അക്ഷരത്തിൽ യതിവേണമെന്നു വിധിച്ചിട്ടുണ്ട്. വേറെ ഉദാ—

'സ്വൈരാലാപവ്യതികരവിനോദാന്തരേ കൊൾവർമ്മന്നാം
മുഗ്ദ്ധാപാംഗം മുഹുരുപചരിച്ചാർദ്രസംഭാവനേന
ആർദ്രീഭൂതാനധികസുഹൃദോ നിന്ദയാ ചൊന്നൊരിക്കാൽ
നാട്ടാരാക്കിക്കളവരദയോഹന്ത നാരീസ്വഭാവഃ.'

ഇതും മന്ദാക്രാന്തയാണ്. ഒന്നാം പാദത്തിൽ യതിഭംഗം.

* വൃത്തസ്യ ഭംഗോ വൃത്തഭംഗഃ *

വൃത്തം തെററിപ്പോകതന്നെ വൃത്തഭംഗം. ഉദാ—

'വേരും തണ്ടും നിറവുമിലയും കണ്ടു ചേമ്പെൻറു മത്വാ
വാരിക്കോരിപ്പെരികവളമിട്ടാന്നഭാവംകെടാതെ
വേനൽക്കാലേ ജലമപികൊട്ടത്തിങ്ങനേ ഞാൻവളർത്തി-
ട്ടാപൽക്കാലത്തതുമൊരുവെളിയായ് ഞാനുമൊൻറല്ലലായീ

വൃത്തഭംഗം സ്പഷ്ടം. ഇതുപോലെ 'അയ്യമ്പാടിച്ചെന്നാഭിമതസുതനായായനായ് വാണകൃഷ്ണാ' എന്നും മററും അറിഞ്ഞുകൊൾക.

* ദുർവൃത്തമനുചിതവൃത്തം *

യോജിപ്പില്ലാത്തവൃത്തമാണ് ദുർവൃത്തം. ഉദാ.—

'വല്ലഭാഗുണശതങ്ങളെവർണ്ണിച്ചങ്ങുമിങ്ങുമുഴൽവൻ പകലോ ഞാൻ
നക്തമാംനരകമിന്നുകഴിപ്പാൻഞാൻപടിൻറതറിവൻ ബത ഞാനേ.'

ഈ സ്വാഗതാവൃത്തം മണിപ്രവാളത്തിന്നു് അധികം യോജിപ്പുള്ളതല്ല. ഇന്ദ്രമാലയും അതുപോലെതന്നെ. നോക്കുക--

'ആരാഞ്ഞുകൊണ്ടഴകുതേ കളുർകൊങ്കപൂണ്മാൻ
വാരാഞ്ഞവാറുഘടനാ മമ വല്ലഭായാഃ
ഇതിന്നുവേണ്ടായൊരു ഖേദമുണ്ടോ
മരുന്നുദൈവേ പ്രതികൂലഭാവേ.'

ഇങ്ങനെ മററു ചിലതുമുണ്ട്. അവയും യുക്തംപോലെ അറിഞ്ഞുകൊൾക.

* സാധാരണാർത്ഥം സാമാന്യം *

ഒരു വിശേഷവുമില്ലാതെ സാധാരണമായ അർത്ഥം മാത്രമുള്ളതു സാമാന്യം. ഉദാ—

'മുന്നിൽ കുളുത്ത മുഖമണ്ഡപമങ്ങുകാണാം
തൃക്കാപ്പുകൊള്ളുമളവത്തിരുമേനികാണാം
ആനന്ദമായ പുകളേന്തിന തുശപേരൂർ
മാനേന്തുമപ്പനെ മറക്കരുതേതുചെയ്തും.'

ഇതിൽ ഒരു വൈചിത്ര്യവുമില്ല.

* ശുഷ്കാത്ഥവച്ഛുഷ്കാത്ഥം *

ശുഷ്കമായ അത്ഥം ഉള്ളതു ശുഷ്കാത്ഥം. വൈചിത്ര്യം കല്പിച്ചാലും അതു സഹൃദയന്മാക്കു രുചിക്കാത്തതായാൽ ശുഷ്കാത്ഥമാണെന്നു താൽപര്യം. ഉദാ—

'മുഖചന്ദ്രനിലുണ്ടൊരോഷ്ഠസൂര്യൻഗളമോതാനതുനല്ലശൈവലിംഗം
ഉദരാകൃതിയാലിലയ്ക്കുമീതേ ഒരുകുൻറാവതു ഗാത്രമായതാക്ക്യാഃ.'

ഇതിലെ അത്ഥം ചമൽക്കാരമുണ്ടാക്കുന്നില്ലെന്നു സ്പഷ്ടം.

* അസംഗതാത്ഥവദസംഗതം *

അത്ഥം യോജിക്കാതെ വരുന്നതു് അസംഗതം. ഉദാ—

'പറവുംനിവന്നതിപ്പോഴ്പ്രിയസഖികുളർവെന്തിങ്കളേപോററിയേററം
മുററിപ്പോകാത്തതെൻേറ കണിനിലവുകണക്കോണ്ടുനിൻേറകളങ്കം
മററൊൻേറ വാഞ്ഞരചൊല്ലാമതു വിജയമലച്ചേന്നനാലാമതിൻേറ
നെററിത്തെല്ലമ്പിലമ്പും മൃഗമദതിലകം കണ്ടു കയ്ക്കൂപ്പുവാനേ.'

ഇവിടെ കാന്തയുടെ നെററിയിലുള്ള കസ്തൂരിത്തിലകം കണ്ടു തൊഴുവാനാണ് ആഗ്രഹം എന്നാണു പറയുന്നതു്. അല്ലാതെ അതിനോടു സദൃശമായ തിങ്കളിലെ കളങ്കമോ മററൊന്നോ കണ്ടു തൊഴുവാനാണെന്നല്ല. പൂവ്വാദ്ധം കൊണ്ടു വിശിഷ്ടതിലകത്തോടു തുല്യമായ വസ്തുവെ വളരെ ആദരിച്ചാണു പറഞ്ഞിരിക്കുന്നതും. സദൃശത്തെക്കണ്ടതു വളരെ നന്നായി എന്നുപറഞ്ഞു മുഖ്യത്തെ ആഗ്രഹിക്കുന്നു എന്നു പറഞ്ഞാൽ ആ അത്ഥത്തിനു് ഒരുയോജിപ്പുമില്ല. അതിനാൽ ഇതു് അസംഗതം. ഇനി-മുഖ്യത്തിൽ തന്നെയാണാഗ്രഹം. അതു ലഭിക്കുന്നില്ല. അതിനാൽ സദൃശത്തെക്കൊണ്ടെങ്കിലും വിനോദിക്കാമെന്നു കരുതി അതും ആഗ്രഹിക്കുന്നു. അതിപ്പോഴ് ഭാഗ്യവശാൽ ലഭിച്ചു. ആ വഴിക്ക് ഈ സദൃശത്തെ മുഖ്യംപോലെ വിചാരിക്കുകയും ചെയ്യുന്നു എന്നാണു ശ്ലോകാത്ഥം എന്നു പറകയാണെങ്കിൽ, അമ്പോ ! ഈ മണിപ്രവാളം ശാസ്ത്രസൂത്രംപോലെ തന്നെ.

* വിമതാനുപ്രാസോ വികാരാനുപ്രാസഃ *

അനുപ്രാസം വിമതമായിട്ടുള്ളതു് വികാരാനുപ്രാസം. വിമതമെന്നാൽ യോജിപ്പില്ലായ്കയാൽ പ്രാചീനസമ്മതിയില്ലാത്തതു് എന്നത്ഥം. വിഷമാനുപ്രാസമെന്നും പാഠമുണ്ടു്. താൽപര്യം ഒന്നുതന്നെ. ഇവിടെ അനുപ്രാസം പാദാനുപ്രാസമാണ്. ഉദാ—

‘എന്തുചെയ്യൂ വയസ്യ പിന്നെ ഞാനന്തരംഗജന്ന കൂത്തുകൂടിനാൽ
ചാന്തു ചിന്തിന പയോധരാന്തയാ കാന്തയാ പകമറക്കയെൻറിയേ.’

ഇതിൽ എന്ത് എന്നതിന്നു ചാന്ത് എന്നതു യോജിക്കുന്നതല്ല. ‘കട്ടെമ്പതുകുപ്പട്ടെമ്പതല്ലതു പാട്ടെമ്പഃതതുകയിലാകാതു’ എന്നു പാണ്ഡ്യന്മാരും ഇതിനെ നിഷേധിച്ചിട്ടുണ്ടു്. അവർ എതുക എന്നു പറയുന്നതു പാദാദ്യപ്രാസം തന്നെയാണ്. ദണ്ഡിയുടെ കാവ്യാദർശത്തിലും ഈ അഭിപ്രായത്തോടുകൂടിത്തന്നെയാണു പാദാദ്യപ്രാസത്തിൻെറ ഉദാഹരണം

‘ചന്ദ്രേ ശരന്നിഃശോത്തംസേ കുന്ദസ്തബകവിഭ്രമേ
ഇന്ദ്രനീലനിഭം ലക്ഷ്മ സന്ദധാത്യളിനഃ ശ്രിയം’

ഇങ്ങനെ കാണിച്ചിരിക്കുന്നതു്. ഇതുപോലെ—

‘ഏതേതന്നമൊന്നിന്നൊഴുന്നെള്ളിനാൾ പോൽ
മാതമ്മയിന്നാൾ വലിയമ്മ വീട്ടിൽ
ഇതോഴവന്നോരവമാനകർമ്മം
നാമങ്ങതെല്ലാമറിയാഞ്ഞതവാറു്.’

ഇതിൽ പ്രക്രമഭംഗവും കൂടിയുണ്ടു്. അപ്രകാരം തന്നെ—

‘മലയമലയിറങ്ങി വൃന്തപാളീഷു ചെങ്ങി
കുസുമമണമിണങ്ങിച്ചമ്പകാളീഷു തങ്ങി
ഇതകുഴലിലൊതുങ്ങി കേളിയിൽ കേരളീനാം
പ്രസരതി ചെറുവന്നോ പശ്ചപശ്ചേമവായുഃ.’

ഇങ്ങനെ പാദാദ്യപ്രാസത്തിന്നു ക്രമത്തിൽ കുറവു വരുത്തുന്നതും നന്നല്ല. ഇങ്ങനെ തന്നെ—

‘മാരൻ മാനിച്ചുണ്ണിയുമുടവാൾവല്ലരിമുണ്ണിയാടീ-
മോരോവിദ്യാകുശലരമിതംകൊണ്ടു കൊണ്ടാടുമേടം’

ഇത്യാദിയിൽ ഉടവാളിനോടു സാദൃശ്യവും മററും അപ്രസിദ്ധിദോഷത്തിന്നുദാഹരണങ്ങളാണ്. ഇവിടെ ഒരു ദോഷത്തിന്നു കാണിച്ച ഉദാഹരണത്തിൽ മററു ദോഷങ്ങളും ഉണ്ടാവില്ലെന്നില്ല. നോക്കുക— ‘കാററാളുംകൊണ്ടു’ എന്ന ശ്ലോകത്തിൽ പട്ടുനൂന്മേൽ സീൽകാരനാദം എന്നതു് അപ്രസിദ്ധമാണ്. പട്ടുനൂന്മേൽ നാദം തന്നെ ഉണ്ടാവില്ല. പിന്നെ സീൽകാരത്തിൻെറ കാര്യം പറയണമോ? കമ്പിയാക്കിക്കെട്ടിയ പട്ടുനൂന്മേൽ നാദമുണ്ടെന്നാണെങ്കിൽ അപ്രതീതം എന്ന ഒരു ദോഷംകൂടി കൂടി എന്നേ ഉള്ളു. അതിലും സീൽകാരനാദം അപ്രസിദ്ധം തന്നെ. കമ്പിയുടെ യാതൊരു പ്രസംഗവുമില്ലാത്ത ദിക്കിൽ പട്ടുനൂന്മേൽ എന്നതുകൊണ്ടു കമ്പി തോന്നണമെന്നു പറയുന്നതു ക്ലിഷ്ടത്തിന്നും അതുതന്നെ ഉദാഹരണമാക്കിത്തീർക്കുകയാണ്. പട്ടുനൂലി

ൻെറ സാദൃശ്യമാണു മെയ്യിനു വിവക്ഷിച്ചിരിക്കുന്നതെങ്കിൽ പട്ടുനൂ ന്മേൽപോലെ എന്നു തന്നെ പറയണം. മെയ്പട്ടുനൂന്മേൽ എന്നു രൂപ കമായാൽ സീൽകാരം ശരിയാകാത്തതുതന്നെ. എങ്ങനെയെന്നാൽ— പട്ടുനൂൽക്കമ്പിയുടെ ശബ്ദത്തിനു സീൽകാരസാദൃശ്യമില്ല. അതു 'ഘ ണ ഘണ' എന്നാണിരിക്ക. സീൽകാരനാദം എന്നതിലെ നാദശബ്ദം വ്യത്ഥമാകയാൽ വ്യത്ഥത്തിനും ഇതുദാഹരണമാണ്. സീൽകാരം എ ന്നു പറഞ്ഞാൽ തന്നെ നാദമാണെന്നു കിട്ടും. നാദമല്ലാത്തൊരു സീൽ കാരമില്ല. അതുപോലെ ഉദയം എന്നതും ഒളിയിൽ എന്നതും വ്യ ത്ഥം തന്നെയാണ്. ഈവക സംഗതികൾ ഒളിയിലാണെന്നു പറഞ്ഞ റിയിക്കേണ്ടതില്ല; അതത്ഥസിദ്ധമാണ്. നോക്കുക—

'ആടിൻെറതാടകമഴിഞ്ഞു വീഴും
കാർക്കുന്തലാകുഞ്ചിത ചില്ലിവല്ലി
മാൾകിൻെറ മാൻകൺ മദിരേക്ഷണേ! നിൻ
പോർകൊങ്ക തുള്ളിൻെറമ കാണ്മനോ ഞാൻ.'

ഇവിടെ പ്രാത്ഥനക്കാരൻ ജാരനായിട്ടും ഒളിയിൽ എന്നു കൂടി പ്രാത്ഥനയിൽ കൂട്ടീട്ടില്ല. പ്രകൃതനായിക വേശ്യയാകയാൽ പ്രമാദം വന്നുപോകയും ഇല്ല. വേശ്യയല്ല, കാന്തതന്നെയാണെന്നു പറകയാ ണെങ്കിൽ ആ അത്ഥം ആക്കും തോന്നാത്തതും അഭിമതമല്ലാത്തതുമാ ണ്. അതിനാൽ ഈ ഒളിശബ്ദം നിഷ്പ്രപ്രതീക്ഷതയെ സൂചിപ്പിക്കു ന്നതുകൊണ്ട് അനുചിതാത്ഥത്തിൽ പയ്യവസാനിക്കുന്നു. ഇതുപോലെ മററുദാഹരണങ്ങളിലും കണ്ടുകൊൾക.

* ഏഷാംകചചിൽ ഗുണഭാവഃ *

ഈ ദോഷങ്ങൾ ചിലേടത്തു ഗുണങ്ങളാകും. എങ്ങനെയെന്നാൽ അപശബ്ദം പരിഹാസത്തിൽ ദോഷമല്ല; ഗുണമാണ്. ഉദാ—

'ഉചയബലികൊട്ടത്തും നീലപേത്തും ചവിച്ചും
കരുമണി തെളിയിച്ചും തീക്കുരുതെൻറു ചൊല്ലി
ധനപതികുലമന്യം നീലതൻ ദ്രോഹമൊഴിപ്പാൻ
വടമനകരയച്ചൻ വാങ്ങിനാൻ മെല്ലെനിൻറു്.'

അനുകരണമായാൽ ഒന്നും ദോഷമാവില്ല. അതിൽ അവാചക ത്തിനുദാഹരണം—

'മുള്ളിയും ചന്ദ്രനും തോൽക്കും മുഖേന സുതനോരിതി
കവിപാടീട്ടു കയ്യ്ക്കൊണ്ടാൻ കവിരേഷ യശോധനം.'

ഇവിടെ മുള്ളി എന്നതിനു താമര അത്ഥമാവില്ലെങ്കിലും ആ അ ത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. അതു് അനുകരണമാകയാൽ ദോഷമ ല്ല. ഇതുപോലെ മററുള്ളവയും കണ്ടുകൊൾക. ഔത്സുക്യം കാണിക്കു മ്പോൾ വ്യത്ഥം ദോഷമല്ല; ഗുണമാണ്. ഉദാ—

'ഗാഢാശ്ലേഷം പെറുമതരുതേ പുണ്യമില്ലാതപുംസാം
സൈ്വരാലാപവ്യതികരമൊഴിഞ്ഞെത്തറാക്കാലമുണ്ട്
ഒന്നോ ഖേദം കുളുർമതിമുഖം പിന്നെയക്കോമളാംഗം
കണ്ണാൽക്കാണുംസുകൃതവുമെനിക്കില്ലയായ്പ്പോനവാറു്.'

ഇവിടെ കണ്ണാൽ കാണും എന്ന് ഔത്സുക്യത്താൽ പറഞ്ഞതാണ്, 'എന്തുചെയ്യുതു വയസ്യ പിന്നെ ഞാൻ' എന്നതിൽ 'പിന്നെ' എന്നതു വാക്യാലങ്കാരമാണ്. അതിനാൽ വ്യൎത്ഥമല്ല. ദോഷങ്ങൾക്കു കാണിച്ച ഉദാഹരണങ്ങളിൽതന്നെ ഈവക ഗുണങ്ങളുള്ളതും ഉണ്ട്. ആർ പോൽ, മുഴത്തുതോതാൻ, ഉദിച്ചിതല്ലോ മുതലായതിൽ പോൽ, താൻ, അല്ലോ എന്നിവയും വാക്യാലങ്കാരമാകുന്നു. ആവൎത്തിച്ചുപറയുമ്പോൾ പുനരുക്തം ഗുണമാണ്. സംസ്കൃതത്തിലെപ്പോലെ ഭാഷയിലും സംഭ്രമം മുതലായതിൽ വാക്കിന്ന് ആവൃത്തിവരും. ഉദാ—

'നില്ലുനില്ലു മദനാപുരാസഖേനിന്നെയെന്തു പുരവൈരിചെയ്യതു്
എന്നെയാകിലെളുതെൻവുതോൻറിയോമന്മഥാവിരഹമില്ലപോയിട്ടു.'

'ചുട്ടുചുടനെട്ടുതാഴ്ത്തീക്ഷ്മുണ്ണാളുറങ്ങാൾ, വെളുവെള, പതുപതു' മുതലായതിൽപ്രകാരത്തിൽവരുന്ന ദ്വിതപമാണ്. ആധിക്യം അൎത്ഥം. ചെലചെലന, പടപട മുതലായതിൽ അനുകരണത്തിൽ വരുന്നതു്.

'പുല്കിക്കൊൾകെന്നിരന്നാൾ പെരികഴകിതുനീയെന്നെയേവംചതിപ്പാ
നന്നിച്ചീടിൻറതെന്തെന്തിതിവിവശഗിരാചെങ്ങുമാസ്രാവിലാക്ഷ
ചൊല്ലിച്ചൊല്ലിക്കഥഞ്ചിൽ ചില ചിലവചനംതന്നിലേ വിങ്ങി വിങ്ങി-
പ്പുല്ലെൾക്കണ്ണാളൊരംഭോരുഹദളനയനാഹന്ത ഞാൻ പോൻറനേരം.'

ഇതിലെ ദ്വിതപം നിത്യതയിൽ വരുന്നതാണ്. ഇങ്ങനെതന്നെ ലാടാനുപ്രാസത്തിലും പുനരുക്തം ഗുണമാകും. ഉദാ—

'കാറെറൻറാൽ കാററുകാററല്ലതുമിതു മുടനാങ്ങയ്യനാട്ടിന്നടുത്തോ-
രാററിത്തെറെറാൻ റുനീന്തിക്കുളുർമയിൽവളരുംതെങ്ങിലെങ്ങുംകഴ
ഏററാലെന്മെയ്യുകൾക്കുംപരിചു കരുണയാരോഹണീ നായികാ തൻ
മാററില്ലാക്കാന്തിചേൎന്നോരുടൽ തടവിവരും കാററു കാററാകിലിൻറു്.'

വേറെ ഉദാഹരണം—

'എന്നോവാമതപമെന്നോ കഠിനഗതി മനോദോഷമെന്നോ നിനച്ചാ-
ലെന്നോ വൈരപ്രകാരം മയിബതവിധിയെന്തിന്നുമെന്നോ ദുരാസ്ഥാ
മന്നിൽത്തേനപാംഗിമാരെത്തരുണരിലഴിയും മാറുകല്ലച്ചവൻ താ-
നെന്നിൽപൂൎണ്ണാനുരാഗാലൊരുനളിനദൃശംനൎമ്മണാനിൎമ്മിയാഞ്ഞാൻ'

വേറെയും ഉദാഹരണം—

'പൊന്നിന്മാലയണിഞ്ഞപോർമുലയിണക്കന്നിങ്കലൊൻറീടുവാൻ
പൊന്നില്ലായുകയോ പകുത്തുടൽ മലപ്പെണ്ണിന്നു നൽകിൻറതു്

പൊന്നിൻമാമല വില്ലുമാക്കിന വിഭോ ! തീക്കെങ്ങൾ പാപങ്ങളെ
പൊന്നിൻമാളിക വിണ്ണുളാപുരിതൊട്ടും തൃക്കാരിയൂരണ്ണരേ.'

രണ്ടു സ്വരങ്ങൾ ചേരുന്നിടത്തു നടുവിൽ യകാരമോ വകാരമോ ചേക്കുന്നതായാൽ വിസന്ധിദോഷം വരുന്നതല്ലെന്ന മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഉദാ—'ചേതപ്പെട്ടും പെരികയെന്നൊട്ടു ചൂതബാണൻ.' വേറെ ഉദാഹരണം—

'അച്ഛാനീലം നിറമടിതൊട്ടും കുന്തൽപൂന്തേൻപൊരുഞ്ചൊ-
ല്ലത്യാഭാസം കൊടിയിട തുടദ്വന്ദ്വമത്യന്തരമ്യം
അസ്മദ്ഭാത്താ ലവമപി സഖേ ! ചൊല്ലിനാലുല്ലസിക്കം
വക്ത്രം നേത്രേ ചില സലിലവും ചെങ്ങമെൻവല്ലഭായാഃ.'

ഇവിടെ കൊടി ഇട എന്നതു കൊടിയിടയെന്നാക്കീട്ടുണ്ട്. വിധിയില്ലെങ്കിൽ തന്നെയും ഇങ്ങനെയാണു ചേരിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ പ്രാകൃതത്തിൽ 'വഅം' മുതലായസ്ഥലങ്ങളിൽ സ്വരമദ്ധ്യത്തിൽ യകാരവിധിയില്ലെങ്കിലും സുഖോച്ചാരണത്തിന്നായി യകാരം ചേക്കുന്നു. ഇനി ഈ വിഷയത്തിൽ മററുള്ളതെല്ലാം തന്നെത്താൻ ഊഹിച്ചറിഞ്ഞുകൊൾക.

*സ്ത്രീണാമപ്രേമാദയോ രസേ ദോഷാഃ *

ഇനി രസദോഷങ്ങളെ പറയുന്നു. സ്ത്രീകളുടെ അപ്രേമം മുതലായതാണു രസത്തെപ്പററിയേടത്തോളം വരാവുന്ന ദോഷങ്ങൾ. രസം ശൃംഗാരം മുതലായി ഒമ്പതാണെന്നു മേലിൽ പറയും. അവയുടെ കാരണങ്ങളും സഹകാരികളുമായി വിഭാവമെന്നും അനുഭാവമെന്നും വ്യഭിചാരിഭാവമെന്നും പറഞ്ഞുവരുന്ന ചിലതുണ്ട്. അതുപോലെ ചില രസങ്ങൾക്കു തമ്മിൽ വിരോധമുണ്ട്. ചിലതിന്നു വിരോധമില്ല. ഈ വഴിക്കു രസദോഷങ്ങൾ പലതുമുണ്ടാവാം. അതിൽ വിരുദ്ധരസസ്പശം മുതലായ ദോഷങ്ങൾ ലോകസ്വഭാവത്തിൽ നിന്നു തന്നെ ഗ്രഹിക്കേണ്ടതാണ്. സ്ത്രീകൾക്കു പ്രേമമില്ലാതെവരിക മുതലായതുമാത്രമാണിവിടെപ്പറവാൻ തുടങ്ങുന്നതു് എന്നഭിപ്രായം. അപ്രേമാദയഃ എന്ന ആദിശബ്ദം കൊണ്ട് അന്യപ്രേമം, അന്യമാത്രപ്രേമം, നികൃഷ്ടസംഗം, പ്രബലതാനികൃഷ്ടത മുതലായതു ഗ്രഹിച്ചുകൊൾക. അപ്രേമത്തിന്നുദാഹരണം.

'അസ്മാനമ്പിശക്രുടലിട്ടവൾതുയക്കേത്തും പെടാതേപൊരും
മാരേസ്മിൻ പിഴകേൾ നിനക്കു മനമേ ചിന്തിക്കവേണ്ടാ തുലോം
എന്നുണ്ണിച്ചിരിതേവിയോമൽ മനമാം കല്ലോടു തട്ടിത്തക-
ന്നമ്പിൽ കൃമ്മകെട്ടും മുനയ്ക്കുതു നിനച്ചങ്ങെങ്ങുമെയ്യാതിതു്.'

ഇതു ശൃംഗാരരസത്തിലെ ദോഷമാണ്. സ്ത്രീപുരുഷന്മാക്കു പരസ്പരം അനുരാഗമുണ്ടായാലേ ശൃംഗാരം ആസ്വാദ്യമായിത്തീരുള്ളു.

ഒരാൾക്കു മാത്രമായാൽ പോരാ. അതിൽതന്നെ സ്ത്രീക്കു രാഗമില്ലാതെ വരുന്നതാണ് അധികം കഷ്ടം. മുമ്പുണ്ടായിരുന്ന രാഗം നശിച്ചാലും അപ്രേമം തന്നെ. ഉദാഹരണം—

'പണ്ടെല്ലാം പറവനിതാ കഥാന്തരം ഞാൻ
മിണ്ടൊല്ലാ വിരഹഭയേന കാന്തയോട്
ഇന്റെല്ലാം പരിമളഗാത്രമഞ്ഞാൾ കണ്ടാൽ
മിണ്ടാളെന്റിത്തു മമ ചേതസോ വിഷാദഃ.'

നായികയ്ക്കു പ്രേമമില്ലായ്ക നിമിത്തം നായകനും പ്രേമമില്ലാതായിത്തീരുന്നതും ഈ ഏനത്തിൽതന്നെ പെടുന്നതാണ്. അതിന്നുദാ--

'ഇനിഞാൻവിടകൊൾവനിന്ദുവക്ത്രേ കനിവില്ലാമകുറച്ചറിഞ്ഞുതാനാ
ഭവതീമധികൃത്യ ചെയ്കജാലം വിധിനാ സമ്പ്രതി വിഷ്ണുപൂജയാക.' [ൽ

* അന്യസ്മിന്നപിപ്രേമ ച *

അന്യനിലും പ്രേമവും രസദോഷമാണ്. ഉദാ—

'അന്തിക്കാതളനാട്ടനന്യശരണഃ പ്രേമാതുരോഹം പ്രിയേ
വന്റിട്ടന്റു വിഷണ്ണനായതറിവൻ മറ്റൊന്റു ഖേദം മമ
നാമെല്ലാമിനമല്ല നാരണിമകൾക്കൊസ്ത്രാമിദം ജാല്മമെ-
ന്റന്നെപ്പണ്ടു വിലക്കിനോർ ചിലരെ ഞാനേണാക്ഷിനാണിന്റിത്തു്.'

വേറെ ഉദാ--

'മാത്രാവതീ തിലകമേ തിരുവുള്ള മെന്നിൽ
പുണ്യേതരേണ പുലവിട്ടതിലല്ല ഖേദം
അന്നന്നു കണ്ടു വരുമെന്റു മിയഞ്ഞ ഞാനും
നിൻ കണ്ണിലൊത്തതിലൊരുത്തിനി ഖേദമുണ്ട്.'

* പ്രൗഢതാപനികൃഷ്ടതാ ച *

നായികക്കു പ്രൗഢത്വം നിമിത്തം ഉണ്ടാകുന്ന രാഗക്കുറവും രസദോഷമാണ്. ഉദാ--

'ചെൽവാനേതോഴചെമ്മേപണിപെട്ടമൊരുനാൾചെൽകിലക്കോമ-
കാണാവൊന്നല്ലകണ്ടാലയിമദനതുരാൽചൊല്ലുവാനില്ലകാലം [ളാങ്ങും
ചൊന്നാലും ചൊല്ലുവില്ലാതത്തു ഫലമുടനേവെന്തിരുന്നാറുവോമാ-
റെല്ലാ നാളും ചമഞ്ഞാറഴകിത്തു പെരിയേടത്തു മക്കാമതന്ത്രം.'

* നികൃഷ്ടപ്രസംഗശ്ച *

നായികയ്ക്കു നികൃഷ്ടസംഗവും രസദോഷം തന്നെ. ഉദാഹരണം--

'തന്വംഗി നിന്നെയൊരു സംശയമുണ്ടു കേൾപ്പാ-
നാരാഞ്ഞറിഞ്ഞു പരമാൎത്ഥമുരയ്ക്കവേണ്ടും
തേനാമതിന്ദുവദനേ കമലത്തിലെങ്ങും
വണ്ടെന്റിയേ കഥയ കാകനമുണ്മതുണ്ടോ.'

* അന്യസ്മിന്നേവ പ്രേമ ച *

അന്യനിൽ തന്നെ പ്രേമവും രസദോഷം. ഉദാഹരണം--

'അധികവിവശമന്തിയാമളഞ്ചെൻറധിഗതഭാവമൊരന്യസക്തതന്നിൽ
അഴകിതുവിധിയൻ ചമച്ചവാറിൻറിഹ വരശൂന്യമിരന്നപോരുമാറ്.'

വരട്ടേ! ഈ പറഞ്ഞതെല്ലാം വേശ്യയെപ്പററിയല്ലേ? പതിവ്രതയെക്കുറിച്ചല്ലല്ലൊ. ശരിതന്നെ. പക്ഷെ വേശ്യയായാലും വിരക്തയാണെങ്കിൽ ഈവക രസദോഷമുണ്ടാവാതിരിക്കില്ല. വേശ്യയിൽ അനുരാഗമുണ്ടായിപ്പോയാൽ എന്തുചെയ്യാം എന്നാണെങ്കിൽ വിരക്തയായ വേശ്യയെക്കൊണ്ടെന്തുഫലമാണു സിദ്ധിക്കുന്നതെന്നറിയുന്നില്ല. വിരക്തയായാലും ദ്രവ്യത്തിനുവേണ്ടി അനുരക്തയെപ്പോലെ ഇരിക്കും എന്നാണെങ്കിൽ അനുരക്തയെപ്പോലെ എന്നതിന്നെന്തു താൽപര്യമെന്നു കൂടിപ്പറഞ്ഞാൽ നന്ന്. വൈമുഖ്യം നടിക്കാതെ സ്വാധീനയായിരിക്കും എന്നാണെങ്കിൽ കാമുകന് അതു ധാരാളം മതി· രാഗമുള്ളവളിലെന്നപോലെ രാഗമുണ്ടെന്നു തോന്നിക്കുന്നവളിലും മനസ്സു രമിച്ചുകൊള്ളും. പിന്നെ എങ്ങനെയാണു വിരക്തയെന്നു വിചാരിക്കുന്നതു്? ദ്രവ്യം കൊടുത്താലും വൈമുഖ്യം കാണിക്കുന്നുവെങ്കിൽ എന്തുചെയ്യാം? ആ വക വേശ്യയെപ്പററിയാണു പറയേണ്ടിവരുന്നതു് എന്നാണെങ്കിൽ ഇങ്ങനെയെല്ലാം പറവാനിടവരുത്താതെ അവളെ ആഗ്രഹിക്കാതിരിക്കുകയാണു വേണ്ടതു്.

'ഗണികാ ച പരസ്ത്രീ ച വിമുഖീനാഭിലഷ്യതാം
സ്വസ്ത്രീ ന തു പരിത്യാജ്യാ ന രതാ ന വിരാഗിണീ'

വിമുഖിയായ വേശ്യയെയാകട്ടേ പരസ്ത്രീയെയാകട്ടേ ആഗ്രഹിക്കരുതു്. സ്വഭാര്യ രാഗമില്ലാത്തവളായാലും രമ്യയല്ലെങ്കിലും അവളെ ഉപേക്ഷിക്കയുമരുതു് എന്നാണു് പ്രമാണം. എന്നാൽ വേശ്യയെ ഒരേടത്തും വർണ്ണിക്കാൻ പാടില്ല. വേശ്യയ്ക്കു് ഒരാളിലും രാഗമുണ്ടാകുന്നതല്ലായ്കയാൽ വിരക്തയായിട്ടേ ഇരിക്കുള്ളു എന്നു സംശയിക്കുന്നുവെങ്കിൽ അതു ശരിയല്ല. നോക്കുക--

സുഖദുഃഖങ്ങൾ ശീതോഷ്ണമിവയ്യൊക്കുന്ന കാമവും
മററുള്ളവരിലെന്നോണം പററീടും വേശ്യമാരിലും
രൂപയൌവനമാധുര്യ്യ സൌഭാഗ്യങ്ങളെഴും നരേ
സദാ രമിച്ചുവാഴുന്നു ധനംനോക്കാതെ വേശ്യയും
അത്തരം പുരുഷന്മാരിങ്ങേററം ദുർല്ലഭമാകയാൽ
മററുള്ളവരിൽനിന്നർത്ഥം പററാൻ നോക്കുന്നു വേശ്യമാർ
സുഖമോ ധനമോ നേടാൻ കഴിയേണം പ്രവൃത്തിയാൽ
സുഖാഭാവേ ധനംവേണമിതാണവർ മനീഷിതം

ഗുണാത്ഥഹീനൻ വേശ്യക്ക കനിവില്ലെന്നുരച്ചിട്ടും
അതിനാൽ ദോഷമവനുള്ളതാണു തെളിയുന്നതും
സ്വഭാവ്യാസവിധേ മാഞ്ഞ നരവൈഗുണ്യമാകവെ
തെളിഞ്ഞുകാണും ഗണികാമണിദപ്പണമായതിൽ
പിതൃസോദരമുഖ്യക്കും ഗുണഹീന ദരിദ്രരിൽ
വെറുപ്പുവന്നുപോമെന്നാൽ വേശ്യയ്ക്കെന്തൊരുതെററഹോ

അതിനാൽ വേശ്യയ്ക്കു് ഒരാളിലും സ്നേഹമുണ്ടാവില്ലെന്നു പറയുന്നതു ശരിയല്ല. എന്നുതന്നെയല്ല വേശ്യയ്ക്കു് അനുരാഗമില്ലെന്നോ അന്യനിലാണു് അനുരാഗമെന്നോ തന്നെയിരുന്നാലും അതു കാവ്യത്തിൽവണ്ണിക്കുന്നതു ശരിയല്ല. രസാസ്വാദത്തിന്നുവേണ്ടി വണ്ണിക്കുകയാണെങ്കിൽ അനുരാഗംതന്നെ വണ്ണിക്കണം. നോക്കുക—

'ഞാനങ്ങു ചെൻറളവിലേ പരിമുച്യ ഗോഷ്ഠീം
നിദ്രാച്ഛലേന നിജവാസഗൃഹം വ്രജന്ത്യാഃ
എന്മേലുമങ്ങറയിലും കുളർകൊങ്കമേലും
ഗൂഢസ്മിതാൎദ്രമുടനേ പതിതഃ കടാക്ഷഃ.'

വേറെ ഉദാഹരണങ്ങൾ—

'നീരാടമ്മേ നിവസനമിദം ചാത്തുദേവാച്ചനായാ-
മെപ്പോഴും നീ കൃതമതിരതും മുട്ടമാറായിതല്ലോ
എന്നീവണ്ണം നിജപരിജനപ്രാത്ഥനം കത്തു കാമാ
കേഴന്തീവാ രഹസി വിരഹവ്യാകുലാ വല്ലഭാ മേ'

'എൻറും തോൻറുമെനിക്കിരിട്ടിലിടിയോടൻറമ്മഴക്കോടയിൽ
ചെൻറാഹ്ലാപടിക്കൽ നിൻറസമയേ നിദ്രാതി ചേടീജനേ
വന്നേൻറനെൻറഴനേററുവൻറു സഹസാ പള്ളിക്കലെമ്പീട്ടമാ-
മൂൻറാം മാനിനിതാൻ തുറൻറുതഴക്കിത്തന്നേൻറാരു താമ്രാധരം.'

ഗൂഢപ്രവൃത്തിയിൽ അങ്ങനെയാണു് സംഭവിക്കുക. വേറെയും ഉദാ—

'ആമോ തോഴാ മറപ്പാനഴകരികിൽ മറഞ്ഞന്തിനേരത്തു താൻവ-
ന്നസ്മാനാരാഞ്ഞു കാണാഞ്ഞഭിമതദയിതാഹന്ത സഞ്ചിന്തയന്തീ
അപ്പോഴേപിന്തുടന്നിട്ടതിചകിതമനംഗാത്തനായ് നിൽക്കുമെന്നൊ-
ക്കപ്പൂരാമോദസാരം തടവിന നെടുവീപ്പോടുനോക്കും പ്രകാരം.'

അതിനാൽ—

സാരസ്യമേറിടുന്നോരു ചാരുകാവ്യനിബന്ധനേ
സാരസാക്ഷീജനം പ്രേമസാരമുള്ളവരാകണം

എന്നു ചുരുക്കം. ഇതിന്നുപുറമെ—

'നെൽകുത്തുമാറുമരികേയൊരു കോലൊടിച്ചു
പൽകുത്തുമാറുമതുകൊണ്ടിട്ടമാറു മെന്മേൽ

നൻറും നമുക്കുമനമേ ചരതം നിനച്ചാ-
ലെൻറും മറക്കരുതുരൽപ്പിര നാരിമാരേ'

ഇങ്ങനെ ബീഭത്സസ്പർശം മുതലായ ദോഷങ്ങൾ വരുന്നതു തന്നെത്താൻ ഗ്രഹിച്ചുകൊൾക. അതുപോലെ വീരാദിരസങ്ങളിൽ ഭയാനകാദിവിരുദ്ധരസസ്പർശവും അറിയേണ്ടതാണ്. ഈ രസദോഷങ്ങളും മുൻപറഞ്ഞതുപോലെ ചിലപ്പോൾ ഗുണങ്ങളായിത്തീരും. എങ്ങനെയെന്നാൽ പരിഹാസത്തിന്നായി വർണ്ണിക്കുന്ന അനുരാഗാഭാവം ദോഷമല്ല. ഉദാ—

'മുയലിൻമൂർദ്ധ്നി കൊമ്പുകണക്കേനിന്നിൽ പ്രേമം കാന്ത തനിക്കേ.'

വേറെഉദാ—

'തുള്ള വാസു തൊട്ടപ്പൊഴുതെങ്ങനെയും
തുളിയാൾ തുളിയാൾ തുളിയാൾ തുളിയാൾ'

ഇതുപോലെ മററുള്ളവയും കണ്ടുകൊൾക. ഇനി രസഭംഗത്തിന്നു വേറെയും ചിലതു കാണുന്നുണ്ട്. ഇവിടെ സ്ത്രീകൾക്കു മല, പുഴ, കുളം മുതലായ പേരുകൾ ഇട്ടുകാണുന്നതു് അവൾക്കുചിതമായിട്ടുള്ളതല്ല. കുലപ്പേരായിട്ടാണു നിർമ്മിച്ചിരിക്കുന്നതെങ്കിൽ അതുകൊണ്ടൊരു ഫലവുമില്ല. ഈ സംഗതി കുറെക്കൂടി വിശദമാക്കാം—ഈ മണിപ്രവാളത്തിൽ സ്ത്രീകളെപ്പററിപ്പറയുമ്പോൾ വിജയമല, അഞ്ചിതമല, നളിനപ്പുഴ, ഇളമാൻകുളം, പൂന്തേൻകുളം, ചെൽവഞ്ചിറ എന്നെല്ലാം പേരിട്ടുകാണുന്നു. ആ പേരുകൾ സ്ത്രീകളുടെ പേരോ അവരുടെ കുലപ്പേരോ ദേശപ്പേരോ എല്ലാററിനും ഉള്ള പേരോ? എന്താണീസ്സംശയത്തിന്നുകാരണം എന്നുചോദിക്കുന്നുവെങ്കിൽ പറയാം--

മണ്ടാതേ മാൻകിടാവേ വരുവിതണയെ നീ നല്ലപായ് വ്യുല്ലിതല്ലോ
വേണ്ടാ പേടിക്ക നായും വലയുമിവിടെ വൻറില്ല കാട്ടാളരും താൻ
എന്നേ കാണട്ടെ നിൻനോക്കതിചതുരതരംനോക്കി ഞാനൊട്ടവപ്പോ-
ഴെന്നോമല്ക്കാന്തനാലാംവിജയമലതെളിഞ്ഞോൻറുനോക്കിൻറപോലേ

'മമ്മാ ചെമ്മേചൊവന്നിട്ടതിചതുരതരംനിൻറതാർ തൊണ്ടിയോനീ-
യമ്മേ നിൻമേനി നാലാംവിജയമലയുടേ തൊണ്ടിവാ കണ്ടപോലെ
ഇമ്മാരോന്മാദമൊട്ടേ തവിരുമള കുടിക്കട്ടുകണ്ണും മയക്കി-
ത്തന്നെക്കൊണ്ടിന്നുമെന്നൊപ്പിരികിലുരുകുമാറാന ചേതോഹരാംഗ്യാഃ'

എന്നെല്ലാം കാണുന്നതുകൊണ്ടു സ്ത്രീയുടെ പേരാണെന്നു തോന്നുന്നു.

'കള്ളിപ്പൂവിന്നു കള്ളക്കുഴിയിൽ മുഴകുമക്കണ്ടിനീകിന്നവേണ്ടാ
വെള്ളത്തിൽപ്പോയിടാതേ തിരുവുരുവണയക്കാട്ടെടോ കൂർമ്മമേ നീ
തുള്ളിത്തുള്ള ററമാനേൽമിഴി വിജയമലച്ചേർന്ന നാലാമതെന്നാ-
മുള്ളിത്താർമാല്യതൻേറ പുറവടിവടിവിന്നോട്ടു നീ തുല്യമല്ലോ.'

'കുമ്പിട്ടമ്പൊട്ട ചെൻറുനിൻറതുമിതുംവൈഹാസികക്രീഡയാ
മുമ്പിൽച്ചെൻറിളമാൻ കുലം നിലതകും മൂന്നാം ചകോരീദൃശഃ
തുമ്പപ്പൂമലരൊത്തവെണ്മറുവലോട്ടംച്ചെന്നോരോപൊങ്ങുമേൽ
പൊൻപെറേറാചിലനോക്കുമേററളവിവക്കേയ്യാവതെയ്യീടിനേൻ.'

എന്നെല്ലാം കാണുന്നതുകൊണ്ടു സ്ത്രീയുടെ കുലപ്പേരാണെന്നും തോന്നുന്നു. അവളുടെ ദേശപ്പേരാണെന്നും വിചാരിക്കാം. ഗൃഹപ്പേരാണെന്നുമാവാം. അപ്പോൾ എല്ലാററിൻെറ പേരാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. ഏതിൻെറ പേരെങ്കിലുമായിക്കോട്ടേ എന്നാണെങ്കിൽ അല്പം പറയാം—സ്ത്രീയുടെ പേരായാൽ കൊള്ളില്ല. അനുചിതമാണെതു്. മല എന്നു പറഞ്ഞാൽ സ്ത്രീത്വം തോന്നില്ല. ശൃംഗാരരസത്തിനു വിരുദ്ധവുമാണു്. മുമ്പു നാമകരണക്രിയകൊണ്ടു സിദ്ധിച്ചതും സ്ത്രീത്വം വ്യക്തമാകുന്നതും ആളുകൾ പറഞ്ഞുവരുന്നതുമായ പേർകളഞ്ഞു് ഒരു നപുംസകത്തിൻെറ പേരിടുന്നതു വലിയ സാഹസം തന്നെ. പേരിടുകയാണെങ്കിൽ മുമ്പുള്ള പേരിനേക്കാൾ അധികം ലളിതവും രസാനുഗുണവുമായ പേരായിരിക്കണം. പേരിടുന്ന കാര്യം പറയുന്ന അവസരത്തിൽ 'യസ്യാന്നാമാനുസദൃശം കർമ്മതേഷാം ഭവിഷ്യതി' എന്നു മഹർഷി പറയുവാൻ കാരണവും ഈ സംഗതി തന്നെയാണു്. കുലപ്പേരോ ദേശപ്പേരോ ഗൃഹപ്പേരോ ആയാലും ഇങ്ങനെ പേരിടുന്നതു വ്യർത്ഥമാകയാൽ അയുക്തം തന്നെ. സ്ത്രീയെ വർണ്ണിപ്പാൻ അവളുടെ കുലത്തിന്നു പേരിടുകയൊ? എന്താണിതു്? ഈ യുക്തികൊണ്ടു തന്നെ എല്ലാററിൻേറയും പേരാണെന്നു പറയുന്നതും ശരിയല്ലെന്നു വന്നുവല്ലൊ. അതിനാൽ മല മുതലായ പേർ വളരെ അനുചിതമാണെന്നും തീർച്ചപ്പെട്ടു. പൂമേനക, നവമാലിക, പൂമാലിക മുതലായ പേരിടുന്നതു യുക്തമാണു്. ശൃംഗാരത്തിന്നനുഗുണവുമാണു്. എന്നു മാത്രമല്ല ഒരു സ്ത്രീയേക്കുറിച്ചു ശ്ലോകമുണ്ടാക്കണമെങ്കിൽ അവൾക്കു പുതുതായൊരു പേരു കൊടുത്തിട്ടു വേണമെന്നു വല്ല നിയമവുമുണ്ടോ? എന്താണു് ഈ കവികളെല്ലാം ആദ്യം പേരിടാൻ തുടങ്ങുന്നതു്? അമ്പ! ദുർബ്ബോധത്തിൻെറ ഒരു ശക്തി! സ്വതേയുള്ള പേരായ ചിരിതേവി, നങ്ങ, നാരണി തുടങ്ങിയവകൊണ്ടു തന്നേയും ശ്ലോകം ഉണ്ടാക്കിക്കാണുന്നതുമുണ്ടു്. ഈ കവികൾക്കു മാത്രം പുതിയ പേരിട്ടിട്ടു വേണം ശ്ലോകം തുടങ്ങാൻ. ശ്ലോകങ്ങളിലെല്ലാം പാദാന്തപ്രാസം ഉണ്ടായിരിക്കയും വേണം. എന്നാലേ ശ്ലോകമാവുള്ളു. വലിയ സാരഗ്രാഹികൾ തന്നെ.

**ലീലാതിലകം ദോഷപ്രകരണമെന്ന നാലാംശില്പം കഴിഞ്ഞു.**

## അഞ്ചാംശില്പം

ദോഷനിരൂപണത്തിന്നു ശേഷം ഗുണനിരൂപണം ആരംഭിക്കുന്നു.

* ശ്ലേഷമാധുര്യ്യപ്രസാദസമതാ ഗുണാഃ *

ശ്ലേഷം, മാധുര്യ്യം, പ്രസാദം, സമത ഇവയാണു ഗുണങ്ങൾ. വരട്ടേ! ദോഷങ്ങളുടെ വിപരീതങ്ങളാണല്ലൊ ഗുണങ്ങൾ. ദോഷങ്ങൾ അപശബ്ദം മുതലായതുമാണ്. അവയെ വർജ്ജിക്കേണ്ടതായി കാണിക്കുകയും ചെയ്തു. ദോഷങ്ങളെ വർജ്ജിച്ചാൽ അവയുടെ വിപരീതങ്ങളായ ഗുണങ്ങൾ ഉണ്ടായിക്കൊള്ളും. അപശബ്ദാദികളാണു ദോഷങ്ങളെന്നു വന്നാൽ അതിൻെറ വിപരീതങ്ങൾ സുശബ്ദാദികളാണെന്നു പറയാതെ തന്നെ അറിയാവുന്നതാണ്. പിന്നെ എന്തിനാണു ഗുണനിരൂപണം വേറെ ആരംഭിയ്ക്കുന്നതു്. ആ വക ഗുണങ്ങൾ നാലല്ല ഇരുപതുണ്ടുതാനും. എന്നു മാത്രമല്ല ശ്ലേഷം, പ്രസാദം, സമത ഇവ ഏതേതു ദോഷത്തിൻെറ വിപരീതമാണ്? ശൈഥില്യം, അപ്രതീതം, വൈഷമ്യം ഇവ ദോഷങ്ങളായിട്ടു പറഞ്ഞിട്ടില്ല. ‘ഇത്ഥം പദാദിദോഷാഃ’ എന്നതിലെ ഇത്ഥം എന്നതുകൊണ്ടു സൂചിപ്പിച്ചിട്ടുണ്ടെന്നു പറയുന്നതു് അത്ര ഭംഗിയല്ല. അതു കുറെ കടന്ന കയ്യാണ്. മാധുര്യ്യം മാത്രം ശ്രുതിദുഷ്ടാർത്ഥത്തിൻെറയോ പരുഷത്തിൻെറയോ വിപരീതമായിട്ടു വരാം. നില്ക്കൂ! പറയാം—ദോഷത്തിൻെറ വിപരീതമായതുകൊണ്ടു മാത്രം ഗുണമാവണമെന്നില്ല. ഗുണത്തിൻെറ വിപരീതമായാൽ ദോഷമാവുമെന്നുമില്ല. നോക്കുക—അപശബ്ദമില്ലെങ്കിൽ ശബ്ദമുണ്ടെന്നു മാത്രമേ വരുന്നുള്ളു. അതു മണിപ്രവാളത്തിൻെറ ശരീരമായിട്ടുള്ളതാണ്. ഗുണമായിട്ടുള്ളതല്ല. അപശബ്ദമില്ലെങ്കിൽ സുശബ്ദമുണ്ടെന്നു വന്നുവെന്നും അതു ഗുണമാണെന്നും പറകയാണെങ്കിൽ ഒന്നു ചോദിക്കട്ടേ! ഏതാണപശബ്ദം ഏതാണു സുശബ്ദം? പവൾ എന്നതു് അപശബ്ദം പവഴമെന്നതു സുശബ്ദം എന്നാണെങ്കിൽ പവഴം എന്ന ശബ്ദത്തിലെ സുഷ്ഠുത്വം എന്ത്? ഏററക്കുറവില്ലാതിരിക്ക എന്നു പറകയാണെങ്കിൽ അതു് അതിൻെറ സ്വരൂപം മാത്രമേ ആവുള്ളു. സുഷ്ഠുത്വമാവില്ല.

‘പവഴദ്യുതിപാടലാധരത്തിൻനിഴൽപട്ടാൽ നിതരാംചൊവക്കയെൻറി’

എന്നും മററുമുള്ളതിലെ പവഴം മുതലായ ശബ്ദങ്ങൾക്കു് ഏററക്കുറച്ചിൽ ഇല്ലാത്തതുകൊണ്ടു് അപശബ്ദങ്ങളല്ലാത്തതിനാൽ ശബ്ദമാണെന്നു വരുന്നതല്ലാതെ സുശബ്ദമാണെന്നുകൂടി വരുന്നില്ല. ഉണ്ടു് എന്നു പറകയാണെങ്കിൽ ഏററക്കുറവില്ലാത്ത ശബ്ദങ്ങളുണ്ടായിരിക്കലാണു ഗുണമെന്നും പറയേണ്ടിവരുന്നു. അപ്പോൾ ഗുണി ഏതാണ്? ആധാരമായ ഗുണിയെക്കൂടാതെ ഗുണം മാത്രം ഒരിടത്തും ഇരിക്കയില്ല. ആധാരം ആധേയത്തെക്കൂടാതെ ചിലേടത്തുണ്ടായേക്കാമെന്നല്ലാതെ

വിപരീതം അസംഭവിയാണ്. ഏററക്കുറവില്ലാത്ത ശബ്ദം ഗുണം; ഗുണിയും അതുതന്നെ എന്നു പറയുന്നതു സാഹസംതന്നെ. അതിനാൽ അപശബ്ദമല്ലാത്തതു സുശബ്ദമായി വന്നുകൊള്ളുമെന്നില്ല. വ്യാകരണത്തിലെ വിധിയനുസരിച്ചു സുബന്തമോ തിങന്തമോ ആക്കാൻ തക്കതായിരിക്കയാണു സുഷ്ഠുത്വമെന്നു പറയുന്നതു മണിപ്രവാളത്തിനു യോജിച്ചതല്ല. ആ വഴി കുറെ ഗംഭീരമാണ്. അതുകൊണ്ടു് അപശബ്ദമല്ലാത്തതു ശബ്ദം മാത്രമാണെന്നും അതു മണിപ്രവാളത്തിന്റെ ശരീരമാണെന്നും ഗുണമല്ലെന്നും അറിഞ്ഞുകൊൾക. ഇതുപോലെ അവാചകം മുതലായതിന്റെ വിപരീതങ്ങൾ വാചകം, സാൎത്ഥകം, ഇഷ്ടം, സക്രമം, പൂൎണ്ണം, സ്ഥാനപദം, യതിമത്ത്, അഭഗ്നവൃത്തം, സംഗതം മുതലായതാണെന്നും അവ മണിപ്രവാളത്തിന്റെ സ്വരൂപം മാത്രം തന്നെയാണെന്നും അറിയേണ്ടതാകുന്നു. അവയില്ലാതെ വരുമ്പോൾ മണിപ്രവാളം ഇല്ലാതെ വരികയോ ഛിത്തയായിത്തീരുകയോ ആണു ചെയ്യുന്നതു്. കഷ്ടം മുതലായവയുടെ വിപരീതങ്ങളായ ശിഷ്ടം, അഗ്രാമ്യം, സത്സന്ധി, പ്രക്രമവത്ത്, സുവൃത്തം, വിശേഷാൎത്ഥം ഇവ ഗുണങ്ങൾതന്നെയാണ്. എങ്കിലും അതൊന്നും അത്ര പ്രധാനങ്ങളല്ലായ്കയാൽ അധികം പുകൾത്തത്തക്കതല്ല. അതാണിവിടെ ചേൎക്കാഞ്ഞതു്. പരുഷത്തിന്റെയും ത്രുഷ്കാൎത്ഥത്തിന്റെയും വിപരീതമാകയാൽ സുകുമാരരസാൎത്ഥകതയെന്നു പറയാവുന്ന മാധുൎയ്യം വലിയ ഗുണമാണ്. അതിവിടെ പറഞ്ഞിട്ടുമുണ്ടു്. വികാരാനുപ്രാസത്തിന്റെ വിപരീതമായ സദനുപ്രാസം ശബ്ദാലങ്കാരമാണ്. ഇത്ഥംപദം കൊണ്ടു ഗ്രഹിക്കേണ്ട ദോഷമായ അപ്രതീതത്തിന്റെ വിപരീതമാണു പ്രസാദം. അതും വലിയ ഗുണമാണ്. പിന്നെ ശ്ലേഷവും സമതയുമാണ് പ്രധാനഗുണങ്ങളായിട്ടുള്ളതു്. അതിൽ ശ്ലേഷത്തിന്റെ വിപരീതമായ ശൈഥില്യം ദോഷവുമല്ല ഗുണവുമല്ല. സമതയുടെ വിപരീതമായ വൈഷമ്യവും അങ്ങനെതന്നെ. ഈ ഗുണങ്ങൾക്കു പ്രാധാന്യമുണ്ടെന്നുള്ളതിന്നു സഹൃദയന്മാർ തന്നെയാണ് പ്രമാണം. പ്രാധാന്യം അനുസരിച്ചു മാത്രമാണിവിടെപ്പറയുന്നതു്. പ്രധാനങ്ങൾ ഇവ നാലാണുതാനും. അതുകൊണ്ടു പ്രകൃതത്തിൽ യാതൊരു യുക്തിഭംഗവുമില്ല. ഇനി ശ്ലേഷലക്ഷണം പറയുന്നു:—

* ശ്ലേഷോമസൃണതാ ശ്ലേഷോമസൃണത്വം *

ശ്ലേഷമെന്നാൽ മസൃണത്വം. എന്നാൽ കൊഴുപ്പ്. ഏതൊരു ഗുണം ഉണ്ടായാലാണോ അനേകം പദങ്ങൾ ഒരു പദംപോലെ തോന്നുന്നതു് അതാണു ശ്ലേഷമെന്നു താൽപൎയ്യം. ഒരു പദംപോലെ തോന്നണമെങ്കിൽ സന്ധികൾ നല്ലവണ്ണം യോജിച്ചും ശൈഥില്യമില്ലാ

ത്തേയും ഇരിക്കണം. ശൈഥില്യം എന്നതു് അല്പപ്രാണങ്ങളായ അക്ഷരങ്ങൾ ഏറിയിരിക്കുകയാണ്. ഇവിടെ അല്പപ്രാണാക്ഷരങ്ങൾ ഹ്രസ്വങ്ങൾ, ദീൎഘങ്ങൾ, പഞ്ചമങ്ങൾ, യ, വ, ല ഇവയാകുന്നു. വൎഗ്ഗത്തിലെ ഒന്നും മൂന്നും അക്ഷരങ്ങളെയും രേഫത്തേയും അല്പപ്രാണങ്ങളായി ഗ്രഹിച്ചിട്ടില്ല. അതു ഭാഷയുടെ സ്വഭാവഭേദംകൊണ്ടു വന്നതാണ്. മസൃണത്വം എന്നതു് ഒരുതരം സ്പൎശമാണ്. ആ ഗുണം സ്ഥിരവസ്തുക്കളിൽ മാത്രമേ ഉണ്ടാകയുള്ളൂ. അക്ഷരങ്ങളിൽ സ്പൎശംതന്നെയില്ല. അവ സ്ഥിരങ്ങളുമല്ല. പിന്നെ എങ്ങനെയാണു മസൃണത്വം കാവ്യഗുണമാകുന്നതു് എന്നു സംശയിക്കുകയാണെങ്കിൽ പറയാം—ഇവിടെ മസൃണത്വമെന്നു പറയുന്നതു് ഔപചാരികമാണ്. മസൃണവും സ്ഥിരവുമായ വസ്തുവിന്റെ സാദൃശ്യം തോന്നുന്ന കാവ്യത്തെ മസൃണമെന്നു പറഞ്ഞുവരുന്നു എന്നു താൽപൎയ്യം. ഉദാ—

'ചിതറിനപുരികുന്തൽ ചിത്തരമ്യംവിതറിന ചാരുവിയൎപ്പുവിഫലാംഗേ
രതിചരിതമെടോമറപ്പനോ ഞാനതി സുകുമാരമൊരായതേക്ഷണായാഃ'

ഇതിൽ ശൈഥില്യകാരണമായ നകാരം മുതലായതുണ്ടല്ലൊ. പിന്നെ എങ്ങനെ ഉദാഹരണമാകും എന്നു സംശയിക്കുന്നുവെങ്കിൽ പറയാം—നകാരാദികളുണ്ടെങ്കിലും 'നൂനം ലീലാനിയമനിലയം നാരണീനന്ദനായാഃ' എന്നതിലേപ്പോലെ അടുത്തടുത്തില്ല. വേറെ പല അക്ഷരങ്ങളും ഇടയ്ക്കുണ്ടാകയാൽ അകന്നിട്ടാണ് അവ ഇതിലുള്ളതു്. അകന്നാൽ ഇല്ലാത്തതുപോലെ തോന്നുകയും ചെയ്യും. മകാരം യകാരത്തോടോ യകാരം മകാരത്തോടോ ചേൎന്നു വരുമ്പോൾ ശൈഥില്യം തോന്നുന്നതല്ല. അതിനാൽ ശ്ലേഷഗുണത്തിന്നിതുദാഹരണമാകാം. ഈ ഗുണം ഓജസ്സ് എന്ന ഗുണത്തിൽ പെടുന്നുവെങ്കിൽ ആയിക്കോട്ടേ; ഇല്ലെങ്കിൽ വേണ്ട. എങ്ങനെയായാലും ശ്ലേഷം വലിയ ബന്ധഗുണമാണെന്നു തീൎച്ചതന്നെ. ഓജസ്സിനെ ഇവിടെ ഗുണമായി സ്വീകരിക്കുന്നില്ല. അതിന്നു പഞ്ചമങ്ങൾ ഒഴികെയുള്ള വൎഗ്ഗാക്ഷരങ്ങളും രേഫവും അവ ചേൎന്ന കൂട്ടക്ഷരങ്ങളും ദീൎഘസമാസവും രചനക്കു് ഔദ്ധത്യവും ഉണ്ടായിരിക്കേണ്ടതാണല്ലൊ. അങ്ങനെ വരുമ്പോൾ ഭാഷ വളരെ ചുരുങ്ങിപ്പോകയും ചെയ്യും. ഘടനയുടെ വിശേഷമെന്നു പറയാവുന്ന അൎത്ഥശ്ലേഷം ഒരു വൈചിത്ര്യമെന്നല്ലാതെ ഗുണമല്ല.

### * ആഹ്ലാദകത്വം മാധുൎയ്യം *

മാധുൎയ്യമെന്നാൽ ആഹ്ലാദകത്വമാണ്. സഹൃദയന്മാൎക്കു് ആഹ്ലാദമുണ്ടാക്കുന്ന ഗുണത്തിനാണ് മാധുൎയ്യമെന്നു പറയുന്നതു് എന്നൎത്ഥം. മാധുൎയ്യം എന്നതും ഔപചാരികമാണ്. ആ വാക്കിന്റെ ശക്യാൎത്ഥം രസവിശേഷവും അതു രസനേന്ദ്രിയംകൊണ്ടുമാത്രം അറിയാവുന്നതുമാ

ണല്ലൊ. ആഹ്ലാദകത്വം നിമിത്തം തേനുപോലെ തോന്നുന്ന പദബന്ധത്തെ മധുരപദബന്ധമെന്നു പറഞ്ഞുവരുന്നു. ആ ആഹ്ലാദകത്വം ഉണ്ടാകുന്നതു വൎഗ്ഗങ്ങളിലെ ഒന്നും മൂന്നും അക്ഷരങ്ങൾ മൂൎദ്ധന്യങ്ങളും പഞ്ചമങ്ങളും ചേൎന്നുവന്നാലും ലഘുക്കളായ ണ, ര, ല, സ ഇവ ഉണ്ടായാലും 'ട' മുതൽ നാലക്ഷരങ്ങൾ ഇല്ലാതെ വന്നാലുമാണു്. ഉദാ—

'അത്ത്യാതാമ്രേ മലർവിതൊരരക്കാമ്പമേലന്തിനേരം
മന്ദമ്മന്ദം മരുവിന നിലാവെൻറ തോൻറും പ്രകാരം
കാന്തം ദന്തച്ഛദരുചി കലൎന്നോമൽ മന്ദസ്മിതാർദ്രം
നാളെക്കാണാം തവ നയനമേ നങ്ങവക്ത്രാരവിന്ദം.'

ഇതിൽ ഇരട്ടിപ്പുള്ള തകാരകകാരങ്ങളും മകാരനകാരങ്ങളോടു ചേൎന്ന രേഫവും മകാരത്തോടുചേൎന്ന പ്ര എന്നതും ഒരു ച്ഛ, ഒരു ദ്ര, ഒരു ക്ത്ര ഇവയും കാണുന്നതു മാധുൎയ്യത്തിന്നു പ്രതികൂലമല്ല. അനുകൂലം തന്നെയാണു്. പ്രതികൂലങ്ങളായ ഘ്ര മുതലായതു് ഇതിലില്ലതാനും. അതിനാൽ മാധുൎയ്യം പ്രകാശിക്കുന്നു. ചിലരുടെ പക്ഷത്തിൽ ശ്രാവ്യത തന്നെയാണു മാധുൎയ്യം. അതു ശരിയല്ല. ശ്രാവ്യത മററുഗുണങ്ങളുണ്ടായാലും വരുന്നതാണു്. സമാസം കുറഞ്ഞിരിക്കുകയാണു മാധുൎയ്യമെന്നൊരു പക്ഷം. അതു വൈദൎഭീരീതിയാണെന്നു പക്ഷാന്തരം. പദാനുപ്രാസവും പാദാനുപ്രാസവും ഉണ്ടാകയാണു് മാധുൎയ്യമെന്നു മററാരു പക്ഷം. അതിൽ പദാനുപ്രാസം ഒരു ഗുണമാണെന്നു സമ്മതിക്കാം. പാദാനുപ്രാസം ശബ്ദാലങ്കാരംതന്നെയാണു്. അൎത്ഥത്തിനും മാധുൎയ്യഗുണമുണ്ടു്. അതു് അൎത്ഥത്തിന്റെ അഗ്രാമ്യതയാണെന്നു ചിലർ. പറയുന്നതിന്റെ വൈചിത്ര്യമാണെന്നു മററു ചിലർ. രണ്ടും ആണെന്നു് എന്റെ പക്ഷം. കോപം മുതലായ വികാരങ്ങളിലും തീവ്രതയില്ലാതിരിക്കുകയാണു് അൎത്ഥമാധുൎയ്യമെന്നും ഒരു പക്ഷമുണ്ടു്. 'ദ്രഷ്ടാതാനന്യനാരീകുചതടമിഴുകിൻറംഗരാഗാങ്കിതംമാം' എന്ന പദ്യം ആ പക്ഷത്തിൽ അൎത്ഥമാധുൎയ്യത്തിന്നുദാഹരണമാണു്.

* ഝടിത്യൎത്ഥസമൎപ്പണം പ്രസാദഃ *

വേഗത്തിൽ അൎത്ഥംതോന്നിക്കുന്ന ഗുണമാണു പ്രസാദം. ശബ്ദം കേൾക്കുന്ന ക്ഷണത്തിൽതന്നെ അൎത്ഥം മനസ്സിലാകുന്നതു പ്രസാദഗുണത്തിന്റെ ഫലമാണു്. ഉദാ—

'മരതകമണികമ്രേ കുങ്കുമത്തിൻകുഴമ്പാ-
ലിഴുകിന തിരുമാറിൽ കോമളേ ശാൎങ്ഗപാണേഃ
പതിതമൊരു കടക്കൺ പാൽക്കടൽക്കന്യകായാഃ
കുളുർകുവലയമാലാവിഭ്രമം വെൽവുതാക.'

നേയാൎത്ഥശബ്ദമോ കഷ്ടശബ്ദമോ ഇല്ലാതെ വരികയാണു പ്രസാദമെന്നു ചിലർ. അതിൽ നേയാൎത്ഥത്വം എന്ന ദോഷം, ന്യൂനപ

ദത്തെ ദോഷമായി ഗണിച്ചതുകൊണ്ടുതന്നെ ഉപേക്ഷിക്കേണ്ടതാണെന്നു വന്നിട്ടുണ്ട്. കഷ്ടശബ്ദം അരുതെന്നല്ലതു കഷ്ടം, പരുഷം, അപ്രതീതാത്ഥം ഇവയിൽ ഏതെങ്കിലും ഒന്ന് അരുതെന്നു വന്നാൽ തന്നെ സിദ്ധിക്കുന്നതുമാണ്. ഓജസ്സിനോടു കലൻ ശൈഥില്യമാണു പ്രസാദമെന്നും ഒരു പക്ഷമുണ്ട്. വാസ്തവത്തിൽ അതു ശ്ലേഷഗുണത്തിൽ പെട്ടതാണ്. അത്ഥത്തിലും പ്രസാദഗുണമുണ്ട്. അതു് അത്ഥത്തിന്നു വ്യത്ഥതയില്ലാതെ വരികയാണെന്നു ചിലർ പറയുന്നു. എന്നാൽ വ്യത്ഥതയില്ലാതെ വരുന്നതു ദോഷമില്ലായ്കമാത്രമേ ആവുള്ളു. അത്ഥത്തിൻെറ തെളിവാണ് അത്ഥപ്രസാദമെന്നു ചിലർ. അതും അപ്രതീതത്വദോഷം ഇല്ലാതിരിക്കുക മാത്രമേ ആവുന്നുള്ളു.

* ബന്ധാവൈഷമ്യം സമതാ *

ബന്ധത്തിന്നു വൈഷമ്യമില്ലാതിരിക്കയാണു സമത. ഇവിടെ വർണ്ണങ്ങൾ മൃദുക്കൾ, സ്ഫുടങ്ങൾ, മിശ്രങ്ങൾ ഇങ്ങനെ മൂന്നു തരത്തിലുണ്ട്. അതിൽ മൃദുക്കളെന്നതു് അല്പപ്രാണാക്ഷരങ്ങളാണ്. മററുള്ളതു സ്ഫുടങ്ങൾ. രണ്ടും കലൎന്നതു മിശ്രങ്ങൾ. അതിൽവെച്ചു മൃദുക്കളുടെ ബന്ധത്തിൽ ഉണ്ടാകുന്ന ശൈഥില്യം ദോഷവുമല്ല ഗുണവുമല്ല. സ്ഫുടങ്ങളുടെ ബന്ധത്തിൽ വരുന്ന ശൈഥില്യം മാധുൎയ്യഗുണമില്ലായ്കയാണ്. മിശ്രങ്ങളുടെ ബന്ധമാണ് സമതയെന്ന ഗുണം. ഉദാ– -

‘ തെളിഞ്ഞ തേൻകുപ്പി കടഞ്ഞശംഖെ–
ന്നിവററിലൊന്നോ ചിരിതേവികണ്ഠം
അതല്ലറിഞ്ഞേനണിവാനനംഗൻ
മടിഞ്ഞുവെച്ചോരു കുറുഞ്ഞിമാല.’

ഇങ്ങനെ ഗുണങ്ങൾ ഇന്നിന്നതെന്നു പറഞ്ഞു കഴിഞ്ഞു. ഇവിടെ മണിപ്രവാളത്തെപ്പററി പറയുമ്പോൾ മെഴപ്പുണ്ട്, പതമുണ്ട്, പരിപാകമുണ്ട്, പ്രൌഢിയുണ്ട്, പരിമളമുണ്ട് എന്നൊക്കെ അതിനെപ്പുകൾത്താറുണ്ട്. മെഴപ്പു് എന്നതു ശ്ലേഷമായിരിക്കാം. അതു പറഞ്ഞിട്ടുണ്ട്. പതമെന്നാൽ മൃദുത്വം. അതായതു സൌകുമാൎയ്യം. അതിന്നു പരുഷാക്ഷരങ്ങളില്ലാതിരിക്കണം. അപ്പോൾ മാധുൎയ്യം എന്ന ഗുണം തന്നെയാണതു്. പരിപാകമെന്നാൽ ശബ്ദാത്ഥങ്ങൾക്കുള്ള വിശേഷം നിമിത്തം ഉണ്ടാകുന്ന ആസ്വാദ്യതയാണ്. അതും മാധുൎയ്യത്തെ വിട്ടു നിൽക്കില്ല. പ്രൌഢിയും അങ്ങനെതന്നെ. പരിമളമെന്നു പറയുന്നതെന്താണ് ? മണിപ്രവാളത്തിൽ ഗന്ധമുണ്ടാകുന്നതു പ്രയാസം തന്നെ. ഉപചാരംകൊണ്ടു് ഏതിനെപ്പറയുന്നു ? ഹൃദ്യതയെയാണെങ്കിൽ ഏതുകൊണ്ടുണ്ടാകുന്ന ഹൃദ്യതയെയാണ്? ശ്ലേഷം മുതലായതിൽ ഏതെങ്കിലും ഒന്നുകൊണ്ടുണ്ടാകുന്നതിനെയാണെങ്കിൽ ആ പേർ തന്നെ പറയുന്നതാണ് നല്ലതു്. ഗുണസാമാന്യത്തെപ്പറയുന്ന പദം

കൊണ്ടും വ്യവഹരിക്കാൻ എന്തു വിരോധം എന്നാണെങ്കിൽ അതിന്നു ഹൃദ്യത എന്നു പറയണം; പരിമളമെന്നല്ല. പരിമളമെന്നതു സാമാന്യവാചകമല്ല. സൌഭാഗ്യത്തെയാണു പരിമളശബ്ദം കാണിക്കുന്നതെന്നു പറഞ്ഞാലും മുൻപറഞ്ഞതിനേക്കാൾ വ്യത്യാസമൊന്നും വരുന്നില്ല. ആസ്വാദ്യതയെയാണ് എന്നായാലും അങ്ങനെ തന്നെ. മാധുര്യത്തെയാണെങ്കിൽ ആ പേർ തന്നെ പറകയാണു നല്ലത്. പരിമളം എന്നൊരു ബന്ധഗുണം ഒരു കാവ്യലക്ഷണകാരനും ഇതിനു മുമ്പു പറഞ്ഞിട്ടില്ല. അതുകൊണ്ടു 'മല്ലിമതല്ലികാ പരിമളമുചാവാചാ' എന്നതുപോലെ 'മണിപ്രവാളസ്യ പരിമളമജാനൻ' എന്നുള്ളതും സാഹസവാക്കാണ് (1).

ലീലാതിലകം ഗുണനിരൂപണമെന്ന അഞ്ചാംശില്പം കഴിഞ്ഞു.

---

## ആറാംശില്പം

ഇനി അലങ്കാരങ്ങളെപ്പറയുന്നു:—

* ഹാരാദിവച്ഛോഭാതിശയഹേതുരലങ്കാരഃ *

ശരീരത്തിന്നു മുത്തുമാല മുതലായ അലങ്കാരങ്ങൾ ഏതുവിധം ശോഭാതിശയം ഉണ്ടാക്കുന്നുവോ മണിപ്രവാളത്തിന്ന് അതേവിധം ശോഭാതിശയം ഉണ്ടാക്കുന്നതാണ് അലങ്കാരമെന്നു പറയുന്നത് എന്നു സൂത്രാർത്ഥം. ആ അലങ്കാരം അനുപ്രാസം മുതലായതുമാണ്. മുത്തുമാലയുടെ സാദൃശ്യം കാണിച്ചിരിക്കുന്നതുകൊണ്ട് അലങ്കാരങ്ങൾ മണിപ്രവാളത്തിൽ നിയമേന ഉണ്ടായിരിക്കണമെന്നില്ല എന്ന സംഗതി സൂചിപ്പിച്ചിരിക്കുന്നു. ഗുണങ്ങൾ നിയമേന ഉണ്ടായിരിക്കേണ്ടതും ശോഭക്കു കാരണവുമാണ്. ശോഭാതിശയത്തിന്നല്ല ഗുണം കാരണമാകുന്നത് എന്നു ഭേദം.

* തത്ര സദൃശാക്ഷരവിന്യാസോനുപ്രാസഃ *

ആ അലങ്കാരങ്ങളിൽവെച്ച് അനുപ്രാസമെന്നതു സദൃശാക്ഷരങ്ങളുടെ വിന്യാസമാണ്. അക്ഷരങ്ങൾ എന്നതുകൊണ്ടു വ്യഞ്ജനങ്ങളെ മാത്രമാണു വിവക്ഷിച്ചിരിക്കുന്നത്. സ്വരങ്ങൾ സദൃശങ്ങളായാലും വേണ്ടില്ല ഇല്ലെങ്കിലും വേണ്ടില്ല. സാദൃശ്യമുണ്ടാകുന്നത് അധികം അകന്ന വർണ്ണങ്ങൾക്കായാൽ പോരാ; അടുത്ത വർണ്ണങ്ങൾക്കുതന്നെയായിരിക്കണം. അല്ലെങ്കിൽ ആ സാദൃശ്യം തോന്നുന്നതല്ല. ഉദാ—

---

(1) ഇതാണു സാഹസവാക്ക് എന്നു തോന്നുന്നു. മാധുര്യഗുണത്തിന്നു പരിമളമെന്നും പറയാവുണ്ടെങ്കിൽ കാവ്യലക്ഷണകാരന്മാർ പറഞ്ഞിട്ടില്ലെന്നുള്ള സംഗതി അതിന്നു ബാധകമായിത്തീരുന്നതല്ല. മണിപ്രവാളകാവ്യത്തിലെ മാധുര്യഗുണത്തിന്നുമാത്രമേ 'പരിമളം' എന്നു പറയാവുള്ളു. സംസ്കൃതകാവ്യത്തിലെ മാധുര്യഗുണത്തിന്നു പറയാറില്ലഎന്നു യുക്തിപറയാവുന്നതുമാണ്.

'വീയാതോ പോന്നുമാലെപ്പൊഴുതമനസിജോന്മാദമൂടേ ശമിപ്പി-
ച്ചുസ്സദ്ഗാത്രം കളപ്പിച്ചഫലതരമൊഴിച്ചന്യശീതോപചാരം
കോടീചൂടിൻറമുല്ലപ്പൂമലരിതളിൽപുക്കുതേന്നുണ്ടുറങ്ങും
ഭൃംഗാളീപക്ഷപാളീ പരിചലനപടുമ്മാലയോ ഗന്ധവാഹഃ.'

ഇതിൽ ച്ച്, ച്ച് എന്നും ടീ, ടി എന്നും ളീ, ളീ എന്നും ഉള്ള അക്ഷരങ്ങൾ അധികം ദൂരത്തല്ലാതെ വിന്യസിച്ചിട്ടുണ്ടല്ലോ.

* പദാദൌ വൎണ്ണസാമ്യം മുഖാനുപ്രാസഃ

പദങ്ങളുടെ ആദ്യത്തെ വൎണ്ണങ്ങൾക്കുള്ള സാമ്യം മുഖാനുപ്രാസം. ഉദാ-

'നല്ലോരുമാന്തളിർനിറം നവയൌവനാഢ്യം
നാണിത്തളന്നമഴവും നയനാഭിരാമം
നാനാവിലാസമൊരു നായരുടേ കളത്രം
നാരായണായനമ നല്ലുയിർ തീക്കുമെന്നെ.'

* പാദാദൌ ച *

'മുഖാനുപ്രാസഃ' എന്നനുവൎത്തിക്കുക. പാദങ്ങളുടെ ആദ്യത്തെ വൎണ്ണങ്ങൾക്കുള്ള സാമ്യവും മുഖാനുപ്രാസം തന്നെ. ഉദാ—

'സൌഭാഗ്യം തലയിൽച്ചുമന്നു തരമല്ലാക്കിത്തമക്കാരെയും
സൌമുഖ്യേന വിനാ ചമഞ്ഞു വിലസിപ്പോരും മഹായോഷിതാം
സൌഹാൎദ്ദത്തിനുപോവിതൊല്ല മനമേ നാമങ്ങു മററില്ലയോ
സൌജന്യസ്മിത ചാരുവക്ത്രനയനശ്രീമച്ചകോരീദൃശഃ.'

* ദ്വിതീയസാമ്യേ പാദാനുപ്രാസഃ *

പാദങ്ങളുടെ രണ്ടാമത്തെ വൎണ്ണങ്ങൾക്കുള്ള സാമ്യം പാദാനുപ്രാസം. ഇവിടെയും വൎണ്ണങ്ങൾ വ്യഞ്ജനങ്ങൾ മാത്രമാണ്.

'ചിതറിനപുരികുന്തൽചിത്തരമ്യംവിതറിന ചാരുവിയപ്പുവിഹ്വലാംഗേ
രതിചരിതമെടോമറപ്പനോഞ്ഞാനതിസുകുമാരമൊരായതേക്ഷണായാഃ'

* വൎണ്ണാവൃത്തൌ വൎണ്ണാനുപ്രാസഃ *

രണ്ടോ അധികമോ വൎണ്ണങ്ങളുടെ ആവൎത്തനം വൎണ്ണാനുപ്രാസം. ഉദാ-

'അന്യാ സാമഴകില്ലയെൻറുമവർകൾക്കമ്പില്ലയെൻറും തഥാ
പാങ്ങില്ലെൻറുമിതേതുമല്ല കവി ഞാൻ ചൊല്ലാതതിൻ കാരണം
സ്മേരാണി സ്മരമന്ഥരാണി വിലസത്താരാണി വീരാണിതൻ
നീലാപാംഗവിഷാന്തരാണി നിയതക്രൂരാണി ചീറീടലാം.'

ഇതിൽ രണ്ടു വൎണ്ണങ്ങൾക്ക് ആവൎത്തനം.

* അൎത്ഥാഭേദേ പദാവൃത്തില്ലാടാനുപ്രാസഃ *

അൎത്ഥത്തിന്നു വ്യത്യാസമില്ലാതെയുള്ള പദങ്ങളുടെ ആവൎത്തനം ലാടാനുപ്രാസം. ഉദാ—

'അല്ലല്ലല്ലീ പുരികുഴലിദം മന്മഥൻ നമ്മെയെയ്യും
വില്ലല്ലല്ലീ പുരികമബലേ തോൻറുമെങ്ങൾക്കിവണ്ണം
ഇല്ലല്ലല്ലീ കരുണ ദയിതേ നമ്മിലിൻറുണ്ണനീലീ
കല്ലല്ലല്ലീ തവമനമെടോ ചൊല്ലു കല്യാണശീലേ.'

'പൊന്നിന്മാലയണിഞ്ഞപോർമുല' എന്ന മുതലായതും ലാടാനു പ്രാസമാണെന്ന മുമ്പുതന്നെ കാണിച്ചിട്ടുണ്ട്.

* അത്ഥഭേദേ സ്വരവ്യഞ്ജനസാദൃശ്യം യമകം *

അത്ഥത്തിന്നു വ്യത്യാസമുണ്ടായിരിക്കേ സ്വരവ്യഞ്ജനസമുദായത്തിന്നുള്ള സാമ്യം യമകം. രണ്ടായിപ്പറഞ്ഞിരിക്കയും വേണം. ഉദാ--

'ഫില്ലീലതാധന്വരിയം മകരംകടക്കൺ
കുംഭംകുളത്തുവളരും കുചപുണ്ഡരീകം
നഞ്ഞേതവാംഗലതികാം കുളുർത്തിങ്കൾകൊണ്ടേ
കല്പിച്ചിതാനനവുമക്കുളുർത്തിങ്കൾകൊണ്ടേ.'

ഇതിലെ 'കൊണ്ടേ' എന്നതിന്ന് അത്ഥവ്യത്യാസമില്ലെങ്കിലും ആ ഭാഗം ഇവിടെ ഉദാഹരണമായി വിവക്ഷിക്കായ്കയാൽ ദോഷമില്ല. വേറെ ഉദാ—

' അരവിന്ദമെഴുന്ന നാഭിമാനരവിന്മേലിതമോടശേതയഃ
അവനേ നിഖിലാപദാവലേരവനേ നല്ലതസംശയം നൃണാം.'

* സകൃദുക്തൌ നാനാത്ഥത്വം ശ്ലേഷഃ *

'സ്വരവ്യഞ്ജന സമുദായസ്യ' എന്നനുവത്തനം. ഒരിക്കൽ മാത്രം പ്രയോഗിച്ച സ്വരവ്യഞ്ജനസമുദായത്തിന്നു തന്നെ അനേകം അത്ഥം ഉണ്ടാകുന്നതു ശ്ലേഷം. ഉദാ—

'വേശ്യാനാമൊരു വേശ്മകണക്കേ തന്നിലിണങ്ങിന തരളഭുജംഗം
ഭഗണപുരഃസ്ഥിതഫലകകണക്കേ പരൽനിരകൊണ്ടു പരത്തിനഭാഗം.'

ഇതു മധ്യമമായ ശ്ലേഷമാണ്. ഒരിടത്തു സംസ്കൃതത്തിന്നും ഒരിടത്തു ഭാഷയ്ക്കും നാനാത്ഥത്വം കല്പിച്ചിട്ടാണല്ലോ ഐകരൂപ്യം വരുത്തിയിരിക്കുന്നതു്. വേറെ ഉദാ—

'ഗവ്വാന്മിത്രോദയേ പോയ്കിമപി പിറരെയും തമ്മെയും ചിന്തിയാതേ
പാറീടാം പങ്കജാനാം പരിചു തരുണതാബദ്ധരാഗോദയാനാം
പോർതേടിക്കൊണ്ടവാറെന്തധിക പരിണതം പാവ്വണം ചന്ദ്രബിംബം
തുണ്ഡീരാതാമ്രദന്തച്ഛദരുചിസുഹൃദാ തന്വിനിന്നാനനേന.'

ഇതിൽ 'മിത്രോദയേ' എന്ന സംസ്കൃതത്തിന്നുമാത്രം ശ്ലേഷമാകയാൽ അധമശ്ലേഷം. 'കലാവിദ്യകളും കാവും വല്ലിയാലിതമുള്ളതു്.' ഇതു് ഉത്തമമാണ്. 'വല്ലിയാൽ' എന്നതു് ഒരേഭാഷയിൽതന്നെ നാനാത്ഥമായിട്ടുള്ളതാകുന്നു. ഭാഷീകൃതസംസ്കൃതം പ്രകൃതിഭാഗത്തിൽ സം

സ്സ്വതമായിത്തന്നെ ഇരിക്കുമെങ്കിലും ഭാഷാപദമാണെന്നു മുമ്പു തന്നെ കാണിച്ചിട്ടുണ്ട്.

ലീലാതിലകം ശബ്ദാലങ്കാരവിവേചനമെന്ന ആറാംശില്പം കഴിഞ്ഞു.

---

## ഏഴാംശില്പം

അർത്ഥാലങ്കാരങ്ങളെപ്പറയുന്നു—

* സാദൃശ്യമുപമാ *

എല്ലാ അർത്ഥാലങ്കാരങ്ങൾക്കും പ്രായേണ ബീജമാകയാൽ ഉപമയെ ആദ്യം പറയുന്നു. ഉപമ എന്നതു സാദൃശ്യമാണ്. സാദൃശ്യം സാധർമ്മ്യംകൊണ്ടേ ഉണ്ടാകയുള്ളു. സാധർമ്മ്യം എന്നാൽ രണ്ടു വസ്തുക്കളിൽ ഒരേ ധർമ്മമുണ്ടാകയാണ്. ഈ സാധർമ്മ്യം ഉപമാനോപമേയങ്ങൾക്കു തമ്മിൽ മാത്രമാണു വരുന്നത്. കാര്യകാരണങ്ങൾക്കോ ജാതിവ്യക്തികൾക്കോ വിശേഷണവിശേഷ്യങ്ങൾക്കോ തമ്മിൽ വരുന്നതല്ല. അവയുടെ പരസ്പരസംബന്ധം സാജാത്യം, അവിനാഭാവം, സാമാനാധികരണ്യം ഇവയാണ്. അതിനാൽ സാദൃശ്യപദംകൊണ്ടു തന്നെ ഉപമാനോപമേയങ്ങൾക്കുള്ള സംബന്ധമാണെന്ന് അർത്ഥസിദ്ധമായി. ഉപമാനോപമേയങ്ങൾ പ്രസിദ്ധങ്ങളായിട്ടുള്ളതാവണം. അല്ലെങ്കിൽ പ്രസിദ്ധിവിരോധം എന്ന ദോഷമുണ്ട്. പ്രസിദ്ധിവിരോധദോഷം 'ഇത്ഥംപദാദിദോഷാഃ' എന്നേടത്തെ 'ഇത്ഥം' എന്ന പദംകൊണ്ടു സൂചിപ്പിച്ചിട്ടുള്ളതാണ്. ഇങ്ങനെ അർത്ഥസിദ്ധമായ ഉപമാനത്തിന്ന് ഉപമേയത്തേക്കാൾ ഗുണം അധികമുണ്ടായിരിക്കുമെന്നുള്ളതും അർത്ഥസിദ്ധം തന്നെയാകുന്നു. അല്ലെങ്കിൽ ഉപമാനംതന്നെയായിത്തീരില്ല. എല്ലാ അംശങ്ങളെക്കൊണ്ടും ഉള്ള സാദൃശ്യം ഏതു രണ്ടു വസ്തുക്കൾ തമ്മിലും ഉണ്ടാകാത്തതിനാൽ ആ സാദൃശ്യം ചില പ്രത്യേക ഗുണങ്ങൾ വഴിക്കാണെന്നുള്ളതും അർത്ഥസിദ്ധമാണ്. ചിലർ ഒന്നിന്റെ അനേക ധർമ്മങ്ങളും മറ്റൊന്നിലുണ്ടാകുന്നത് ഉപമ എന്നു ലക്ഷണം പറയുന്നുണ്ട്. അനേകധർമ്മങ്ങളുണ്ടായിരിക്കുമെങ്കിൽ സാദൃശ്യവും ഉണ്ടായിരിക്കും. ഒന്നിന്റെ മറ്റൊന്നിൽ എന്ന ഭാഗങ്ങൾകൊണ്ട് ഒരു വസ്തുവിൽ തന്നെ അതിന്റെ ധർമ്മങ്ങളുണ്ടാകുന്നത് ഉപമയല്ലെന്നു സിദ്ധിക്കുന്നുണ്ടെന്ന് ഇതിൽ അധികം ഒരംശം കിട്ടുന്നുണ്ടെന്നാണെങ്കിൽ ഒന്നിന്റെ സാദൃശ്യം അതിൽ തന്നെ വരാത്തതാകയാൽ ആ അർത്ഥം ഈ ലക്ഷണത്തിലും സിദ്ധിക്കുന്നുണ്ട്. അനന്വയോപമ മണിപ്രവാളത്തിൽ സ്വീകരിച്ചിട്ടില്ല. അത് അത്ര ചമൽക്കാരമുള്ളതുമല്ല. വേണമെന്നു നിർബ്ബന്ധമുണ്ടെങ്കിൽ കല്പിതഭേദംകൊണ്ടു നിർവ്വഹിക്കയും ചെയ്യാം. സ്തുതി, നിന്ദ, തത്വാഖ്യാനം ഈ വിഷയങ്ങളായിരിക്കയും കൂടി വേണമെന്ന് ഉപമയുടെ സാമാന്യലക്ഷണത്തിൽ ചേർക്കേ

ണ്ടതില്ല. വേറെ ഒരേടത്തും ഉപമ വരുന്നതല്ല. സാദൃശ്യത്തിന്ന മൂലമായ സാധമ്മ്യം മൂന്നുവിധത്തിലുണ്ട്. ഉപമാനോപമേയങ്ങൾക്കുള്ള വ്യക്തി ഭേദത്തിന്ന പ്രാധാന്യം നൽകിക്കൊണ്ട് ഒന്ന്; അവയ്ക്കു തമ്മിൽ അ ഭേദംനൽകിക്കൊണ്ടൊന്ന്; രണ്ടിന്നും വ്യക്തികളുടെ ഭേദാഭേദാംശങ്ങ ളിൽ ഒരംശത്തേക്കാൾ ഒരംശത്തിന്ന പ്രാധാന്യം കാണിക്കാതെ തുല്യ സ്ഥിതി മാത്രം നൽകിക്കൊണ്ടൊന്ന്. ഇതിൽ ആദ്യത്തേത് വ്യതിരേ കം മുതലായതിലും രണ്ടാമത്തേത് രൂപകം മുതലായതിലും മൂന്നാമ ത്തേത് ഉപമ മുതലായതിലും വരുന്നതാണ്. അതിൽ ഉപമക്ക് ഉപ മാനം, ഉപമേയം, ദ്യോതകശബ്ദം, സാധാരണധമ്മം ഇങ്ങനെ നാലം ഗങ്ങളുണ്ട്. നാലും ഉണ്ടായാൽ പൂണ്ണോപമ. സാധാരണധമ്മമോ ദ്യോതകശബ്ദമോ രണ്ടുംതന്നെയോ ലോപിച്ചാൽ ലുപ്തോപമ. രണ്ടുവി ധം ഉപമയും പദാത്ഥോപമ, വാക്യാത്ഥോപമ ഇങ്ങനെ പ്രത്യേകം രണ്ടു വിധത്തിൽ വരും. അതിൽ പദാത്ഥഗതമായ പൂണ്ണോപമയ്ക്കു ദാഹരണം—

'പാലോലും വാണി പള്ളിപ്പൂഴനിലയമെഴും മാതവീ തന്നിലിന്നും
കാലം വന്നീലയോതാനയി ബത കനിവിങ്ങെന്നിൽ വന്നീടുവാനായ്
വേൽ പോലേ ക്രൂന്ന നീലദ്യുതിമിഴി മുനയേല്പിച്ചു കാണിൻറയ്യനാം
മേന്മേലേ മാനസത്തിൽ കെടമറിവു വരുത്തീടുമവ്യാജരമ്യേ.'

ഇവിടെ വേല് ഉപമാനം, മിഴിമുന ഉപമേയം. അവ തമ്മിലു ള്ള ഭേദം സ്പഷ്ടവുമാണ്. 'ക്രൂന്നനീലദ്യുതി' എന്നതു സാധാരണ ധമ്മം. ആ അംശത്തിൽ രണ്ടിന്നും തമ്മിൽ അഭേദവും. ക്രൂന്നനീലദ്യുതി എ ന്നതു രണ്ടിനേയും കാണിക്കുന്നതാണല്ലോ. ഈ അഭേദം വിവക്ഷകൊ ണ്ടു വരുത്തിയതാണ്; വാസ്തവമല്ല. ആകയാൽ ഇതിന്ന വൈവക്ഷി കാഭേദമെന്ന പറയാം. പോലെ എന്നതു സാദൃശ്യദ്യോതകശബ്ദം. സംസ്കൃതത്തിലെ ഇവ, യഥാ മുതലായതുപോലെ വിധം, തരം, കണ ക്കേ മുതലായതും ദ്യോതകങ്ങളാണെന്നറിഞ്ഞുകൊൾക. ഇങ്ങനെ ഇ തു പൂണ്ണോപമ. വാക്യാത്ഥഗതമായ പൂണ്ണോപമയ്ക്കുദാഹരണം—

'വ്രീളാനമ്രം ഭവത്യാവദനമതിമനോഹാരി മന്ദം മലത്തി-
ച്ചുംബിപ്പൻ വല്ലവണ്ണം കമലമഭിനവം വണ്ടുപോലേ മദാന്ധഃ
മാവ്വാരെപ്പൂണ്ടുകൊൾവൻ കനമുളകണയിൽക്കെട്ടഴിപ്പൻ വലിഞ്ഞോ
കോടീ സങ്കല്പസംഗേ തുനികിലരുതതോൻറില്ല കോ മേ വിഷാദഃ'

ഇതിൽ 'കമലമഭിനവം വണ്ട്' എന്ന വാക്യാത്ഥമാണ് ഉപമാ നം. മുൻ പദ്യത്തിലെ വേൽ എന്നതുപോലെ പദാത്ഥമല്ല. ലുപ്തോപ മകളിൽ സാധാരണധമ്മം ലോപിച്ച പദാത്ഥോപമയ്ക്കുദാഹരണം—

'വിൽപോലെപ്പുരികം വിലാസി ജഘനം തേർത്തട്ടുപോലേ മനം
കൽപോലെക്കനകോജ്ജ്വലം നിറമെടോ പൊൻതൊത്തുപോലേ മുല
വേൽപോലേ നയനങ്ങൾ വെണ്മറുവലോ മുല്ലപ്രസൂനോപമം
പാൽപോലെപ്പടവാർത്ത പങ്കുനിമലേച്ചാരത്തൊരേണീദൃശഃ'

ഇവിടെ 'വളഞ്ഞൊന്നു്' എന്നു മുതലായ സാധാരണധർമ്മം പറഞ്ഞിട്ടില്ല. അതു തോന്നുക മാത്രമാണ്. ദ്യോതകലുപ്തയ്ക്കുദാഹരണം—

'നൽപ്പൊന്നിറം നളിനകോമളമാർദ്രലീലം
ലാവണ്യലാളിതമനംഗശരാനലേന
വേകിൻറ ചേതസിവസിച്ചു നവീനമച്ചോ
.മാറംകിൻറവാറു സതതം വപുരായതാക്ഷ്യാഃ.'

ഇവിടെ പോലെ മുതലായ ദ്യോതകങ്ങൾ പ്രയോഗിച്ചിട്ടില്ല. നിറം എന്നതും സാമാന്യമായിട്ടേ പറഞ്ഞിട്ടുള്ളു. നിറത്തിൻെറ വകഭേദം തോന്നുകമാത്രമാണ്. ധർമ്മദ്യോതകലുപ്തയ്ക്കുദാഹരണം—

'അമൃതദ്രവവാരിയിൽ കുളിപ്പി-
ച്ചമൃതാംശോഃ കിരണൈഃ പൊതിഞ്ഞനാളും
വിരഹേഷു വിയക്കുമെങ്ങളംഗം
ശതപത്രോദരപത്രലോചനായാഃ'

ഇവിടെ ഉപമാനോപമേയങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളു. വാക്യാർത്ഥലുപ്തോപമകൾക്കുദാഹരണങ്ങൾ തന്നെത്താൻ അറിഞ്ഞുകൊൾക.

'പൂത്തു പിനിൻറ പുരുഹൂതപുരാംഗനാനാം
കോററമുടപ്പിറവി കോലിന പാട്ടുകേട്ട്
കാററാളരമ്യരുചി കാളിയ മൂർദ്ധരംഗേ
കൃത്താട്ടമായർകുലദൈവതമാശ്രയാമഃ'

ഇതിൽ 'ഉടപ്പിറവികോലിന' എന്നതു ദ്യോതകം. തരം, കണക്കേ മുതലായതുപോലെ ഉടപ്പിറവി, ചാൎച്ച മുതലായ ബന്ധുശബ്ദങ്ങളും ചുററം, ചേർച്ച, പരിചയം മുതലായ സ്നേഹശബ്ദങ്ങളും ഇയൽ, എഴുക, ഒരുമ, അണവു മുതലായ ബന്ധശബ്ദങ്ങളും പോരു്, ഇടയ്, മറുക്ക മുതലായ വിരോധശബ്ദങ്ങളും പഴിക്ക, ചിരിക്ക മുതലായ നിന്ദാശബ്ദങ്ങളും വെല്ക, താഴ്ത്ത മുതലായ ആധിക്യശബ്ദങ്ങളും തോൽക്ക, നാണുക മുതലായ ന്യൂനതാശബ്ദങ്ങളും സമം, സദൃശം മുതലായതും സാദൃശ്യദ്യോതകങ്ങളാകുന്നു. 'വിരിഞ്ഞകുവളപ്പൂ പോലെയും മറിഞ്ഞ കയൽപോലെയും തളൎന്ന മാൻകൺ പോലെയും കൂൎന്ന വേൽപോലെയും ശോഭിക്കുന്ന ലോചനം.' ഇങ്ങനെയുള്ളതു മാലോപമ. 'ഉദ്യാനത്തിൽ ചൂതലതപോലെയും ചൂതലതയിൽ പൂന്തൊത്തുപോലെയും പൂന്തൊത്തിൽ വണ്ടിൻചാൎത്തുപോലെയും വണ്ടിൻചാൎത്തിൽ മാരഗീ

തിപോലെയും ഇവ്വുത്സവത്തിലതീവരാജത്യേഷാ.' ഇങ്ങനെയുള്ളതു ര ശനോപമ.

'കണ്ണാടിമേലിളയമുത്തു പതിച്ചപോലെ
കണ്ണിന്നതീവ രമണീയതരം കടാന്ന
കാണമങ്കിലോ കരതലോദരി നിൻകപോലേ
ചേതോഹരം ചെറുവിയപ്പു പൊടിക്കുമാറ്'

ഇതു കല്പിതോപമ.

'അംഭോരുഹം പകൽ മനോഹരമന്തി പട്ടാ-
ലത്യന്തരമ്യമിദമംബുജവൈരിബിംബം
ആഭ്യാമിരാപ്പകൽ മനോഹരമെങ്ങനേ ഞാ-
നൊപ്പിപ്പുതോമൽ മുഖമുല്പലലോചനായാഃ'

ഇങ്ങനെയുള്ള പ്രതിഷേധോപമ മുതലായതു വേറെഗ്ഗണിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ഉപമേയത്തിൻെറ ഉൽകർഷംകൊണ്ടാവട്ടേ ഉപമാനത്തിൻെറ അപകർഷം കൊണ്ടാവട്ടേ മുൻപറഞ്ഞ സാധർമ്മ്യം പ്രകാശിക്കുമ്പോൾ ഉപമയായിത്തന്നെ പര്യവസിക്കും. വാക്യത്തിൻെറ വാച്യതാവൃത്തി അതുവരെ നിൽക്കയും ചെയ്യും. പോലെ മുതലായ വാക്കുകളോ സമം മുതലായവാക്കുകളോ ഉള്ളേടത്തു സാദൃശ്യം വാച്യമാണ്. മററു വാക്കുകളാണെങ്കിൽ ഗമ്യം.

'പത്മംതോറും പകലഭിനവേ പാർവ്വണേന്ദൌനിശായാം
കാന്തേ കാന്തം തവ കുളുർമുഖം കണ്ടു ജീവാമി കിഞ്ചിൽ
കുൻേറാടൊക്കും കുചസരസിജദ്വന്ദ്വവിശ്ലേഷഭാജാ-
മൻറൻേറടം കഴിവതുമതിശ്ലാഘ്യമസ്മാദൃശാനാം'

എന്നുംമററും ഉള്ള സ്ഥലങ്ങളിൽ കുചത്തെ പർവ്വതത്തോടുപമിച്ചുകാണുന്നു. സംസ്കൃതത്തിൽ കാവ്യപ്രകാശകാരൻ—

'പാതാളമിവ നാഭിസ്തേ സ്തനൌ ക്ഷിതിധരോപമൌ
വേണീദണ്ഡഃ പുനരയം കാളിന്ദീപാതസന്നിഭഃ'

എന്നുദാഹരണം കാണിച്ച് ഈവക ഉപമയ്ക്ക് ആധിക്യം എന്ന ദോഷമുണ്ടെന്നു പറഞ്ഞു ദൂഷിച്ചിട്ടുണ്ട്. എന്നാൽ—

'മദ്ധ്യേശ്യാമസ്തന ഇവഭുവശ്ശേഷവിസ്താരപാണ്ഡുഃ'
'സ്തനാവിവദിശസ്തസ്യാശ്ശൈലൌമലയദർദ്ദുരൌ'

ഇത്യാദി സ്ഥലങ്ങളിൽ ഭൂമിയുടെ സ്തനമായി പർവ്വതത്തെ ഉൽപ്രേക്ഷിച്ചിട്ടുള്ളതിന്നു ദോഷമില്ല. വലുപ്പം അവിടെ യുക്തംതന്നെയാണ്.

'ചോരക്കുഴമ്പധരമെങ്കിൽ മനോജ്ഞമാകാ
ചൊന്നാൽ വെറുപ്പിഹജപാകുസുമാഭമെന്നാൽ'

ഇങ്ങനെ അധരത്തെ ചോരയോടുപമിക്കുന്നതു നന്നല്ല. ചോര

ജുഗുപ്സയുടെ വിഭാവമാണ്. ഈവക സംഗതികൾ സംസ്കൃതത്തിൽനിന്നറിഞ്ഞുകൊൾക. രക്തചന്ദനത്തെ ചോരയോടുപമിയ്ക്കാറുണ്ട്. പാണ്ഡ്യഗ്രന്ഥത്തിൽ തോൾപ്രദേശത്തെ ആണ്ടാൻമുളയോടുപമിച്ചു കാണുന്നു. 'ആടമൈത്തോളിൽ കുടലുമണംകൈ' എന്നു മുതലായതുദാഹരണം. ഈവകയും അതാതിൽ നിന്നറിഞ്ഞുകൊൾക.

* ഉപമാനസ്യേതരത്വേചോപമേയോപമാ *

ഉപമാനം ഇതരമായാൽ ഉപമേയോപമ. ഇതരം എന്നാൽഉപമേയം. ച ശബ്ദംകൊണ്ടു് ഉപമാനമായാലും എന്നു കാണിക്കുന്നു. അപ്പോൾ ഉപമാനം ഉപമാനമായിട്ടും ഉപമേയമായിട്ടും വരുന്നതു് ഉപമേയോപമ എന്നത്ഥം. അതിനാൽത്തന്നെ വാക്യം രണ്ടായിരിക്കുമെന്നും ക്രമം വേണമെന്നും അത്ഥസിദ്ധവുമാണ്. ഉദാ—

'പൂന്തേൻപോലേ മധുരമരവിന്ദാനനേ നിന്നുടേ ചൊൽ
പൂന്തേൻതാനും മധുരമധികം നിന്നുടേ ചൊല്ലുപോലെ
കാന്തം മല്ലക്കയലൊട്ടുതരം താവകം കാർനെടുംകൺ
കാന്തം മല്ലക്കയലപി ച നിൻ കൺതരം കാന്തവല്ലീ.'

'തന്വീ നിൻവദനം തദീയവദനംപോലേ മനോജ്ഞം തുലോം'

ഇങ്ങനെ അനന്വയം വല്ലേടത്തും ഉണ്ടായേക്കാം. എന്നാൽ മണിപ്രവാളത്തിൽ അതത്ര വേണമെന്നില്ല. ഏതായാലും സാദൃശ്യം രണ്ടിലും വാച്യമായിരിക്കണം.

* സദൃശദശ്നാദന്യചിന്താ സ്മരണം *

സദൃശത്തെക്കണ്ടിട്ടു് അന്യത്തെ ഓക്കുക സ്മരണം. അന്യവും സദൃശമായിരിക്കണം. എന്നാൽ ഏതിൻെറ സാദൃശ്യമുള്ളതു കാണുന്നുവോ അതോക്കുക എന്നത്ഥം. ഉദാ—

'ഉടന്നടനിയൽ ചേരച്ചേന്നു കേകാഭിരാമം
ലളിതവിതതമാടിൻറാണ്മയിൽപ്പീലികണ്ടാൽ
മധുരരുതമിണങ്ങും വല്ലഭായാ വിലാസേ
വിലുളിത കചഭാരം തോൻറുമസ്മാദൃശാനാം.'

ഇവിടെ മയിൽപ്പീലിക്കും തലമുടിക്കും സാദൃശ്യം ഗമ്യമാണ്. സാദൃശ്യമില്ലാതെയുള്ള സ്മരണം (കായ്യകാരണഭാവാദികൾ വഴിക്കുള്ള സ്മരണം) അലങ്കാരമല്ല. അതിനാൽ 'എൻറും തോൻറുമെനിക്കിരിട്ടിൽ' എന്നതിൽ സ്മരണാലങ്കാരം വരുന്നില്ല. ഉപമമുതൽ സ്മരണം വരെപ്പറഞ്ഞതിലെല്ലാം സാധമ്മ്യം ഭേദാഭേദാംശങ്ങൾ തുല്യമായിട്ടുള്ളതാണ്.

* ഉപമേയേ ഉപമാനസ്യാരോപോ രൂപകം *

ഉപമേയത്തിൽ ഉപമാനത്തെ ആരോപിക്കുന്നതു രൂപകം. അധികസാമ്യം വിവക്ഷിക്കുമ്പോഴാണ് ആരോപം. ഉദാ—

'വിജയക്കൊടിവിശദമംഗളാനാംത്രിദിവപ്പൊൽക്കുടതൻപളിങ്കുതണ്ടു്
അമർകെങ്ങളിലംബികാമൃണാളൻ തിരുനട്ടത്തിലെടുത്തദണ്ഡപാദഃ'
വേറെ ഉദാഹരണം—

'വിശ്ലേഷതാപവഴിമേലസവോ മദീയാ
നാഠംകൊണ്ടു കണ്ഠകുഹരേ വിവശാ ലുഠന്തി
വില്ലങ്ങുവെപ്പതിനിയുള്ളതു പൻറിമൂക്കിൽ
കുന്താണിഹന്ത കുസുമായുധ നിൻപ്രയാസഃ'

'പണ്ടില്ലാതോരമൃതു പതിനാറാണ്ടു പുക്കോരുപത്മാ
പൂപ്പാൻ പൊന്നിൻമുകുളമുളവാനോരു ഭ്രുകല്പവല്ലീ
അംഭോജംകൊണ്ടണിമതിനിറം തൂകുവോരിന്ദുലേഖാ
ചിത്രാകാരാ ജയതി ചിരിതേവീതി മേ ചിത്തനാഥാ.'

ഇതും രൂപകമാണെന്നു ചിലർ പറയുന്നു. വിശേഷോക്തിയുമാണെന്നു മററു ചിലർ. ഒരു ഗുണം ഇല്ലെന്നു കാണിച്ചു സാദൃശ്യം ദൃഢമാക്കുന്നതാണല്ലോ വിശേഷോക്തി. ഇവിടെ 'പണ്ടുണ്ടാക' എന്ന ഒരു ഗുണം ഇല്ലെന്നുകാണിച്ചതുകൊണ്ടു ശേഷം ഗുണങ്ങളെക്കൊണ്ടെല്ലാം നായികയ്ക്കു് അമൃതിനോടുള്ള സാദൃശ്യം ദൃഢമാകുന്നു. ഇതുപോലെ മററുസ്ഥലങ്ങളിലും കണ്ടുകൊൾക.

* ഉപമാനേനോപമേയസന്ദേഹസ്സംശയഃ *

ഉപമാനത്താൽ ഉപമേയത്തെസ്സംശയിക്കുന്നതു സംശയാലങ്കാരം. ഉപമേയത്തെ ഉപമാനമോ എന്നും മററും സംശയിക്കുന്നതു് എന്നർത്ഥം. ഉദാ—

'മധുകരമിഥുനം ചേന്നഞ്ചിതം പത്മമോ കിം
ചടുലനയനമേതദ്വക്ത്രമോ കിം തദീയം
ഇതി വിതതവികല്പം കാമിനീ നായികേ കാൺ
മമ ഹൃദയമിദാനീമുയലാടിൻറിതല്ലോ.'

സാദൃശ്യമില്ലാത്ത സംശയം അലങ്കാരമല്ല. ഉദാ—

'താരാനോ തരുമോ തരിൽ പലദിനം വാരായുമോ പാക്കുമോ
പാക്കിൽത്താൻ തരുമത്ഥമെന്തു നെട്ടതോ നന്നോ ചുരുങ്ങീങ്കിലോ
ഇത്ഥം കാന്തനടൻ കിടന്നു നിയതം ചിന്തിക്കുമേണീദൃശാം
തൻ കയ്യിൽ കനകം കൊടുത്തു കളവോരാരേ വിദഗ്ദ്ധാ ജനഃ.'

ഇതിലെ സംശയം സാദൃശ്യം അടിസ്ഥാനമാക്കീട്ടല്ലായ്കയാൽ വെറും സംശയം മാത്രമാണു്.

* സാദൃശ്യാദപസ്തുതാന്തരപ്രതീതിർഭ്രാന്തിഃ *

സാദൃശ്യം നിമിത്തം മറെറാരു വസ്തുവെന്നു തോന്നുന്നതു ഭ്രാന്ത്യലങ്കാരം. ഉദാ—

'കുരളരുള്ള പറഞ്ഞോർ ചാലവും കോപതാമ്രം
മുഖമിതു കൃതമൌനം നൂനമച്ചീസുതായാഃ
ഝടിതിതൊഴുതുവീൾവോം തോഴരേ ഹന്തക്രൾത്തോ-
നരിയരി നവസന്ധ്യാപാടലം ചന്ദ്രബിംബം.'

ചന്ദ്രൻ രണ്ടുണ്ട്, ശംഖ്, മഞ്ഞനിറമാണ് എന്നും മററുമുള്ള വെറും ഭ്രാന്തി അലങ്കാരമല്ല. സാദൃശ്യമല്ലാതെ തിമിരം, പിത്തം തുടങ്ങിയ ദോഷവിശേഷങ്ങൾ നിമിത്തമുണ്ടാകുന്ന ഭ്രമങ്ങളൊന്നും ഭ്രാന്ത്യലങ്കാരമാകുന്നതല്ലെന്നു സാരം.

* സമേന വസ്തുനാന്യാപലാപോപഹ്നുതിഃ *

സദൃശവസ്തുകൊണ്ട് അന്യത്തെ നിഷേധിക്കുന്നതു് അപഹ്നുതി. അന്യം എന്നാൽ ഉപമേയം. ഉദാ—

'തന്വംഗി ചില്ലിലതയല്ലയിതെങ്കിലെന്തെ-
ൻറുന്നിക്കിലിന്ദുവദനേ മലർവില്ലവില്ല്
എല്ലാരെയും മനസിപാഞ്ഞു പിളർന്നു കീറി
വെല്ലിൻറ സായകമിദം തവ നേത്രമല്ല.'

ഇതിൽ പൂർവ്വാർദ്ധത്തിൽ നിഷേധപൂർവ്വമായ ആരോപം. ഉത്തരാർദ്ധത്തിൽആരോപപൂർവ്വമായനിഷേധം. അപഹ്നുതിയിൽ ആരോപം അർത്ഥസിദ്ധമായി വരുന്നതാണ്. രൂപകത്തിൽ അതു ശബ്ദസിദ്ധംതന്നെയാണ്. ഇതു ചില്ലിയല്ല; മലർ വില്ലവില്ലാണ് എന്നു പറഞ്ഞാൽ ചില്ലി മലർവില്ലവില്ലാണ് എന്ന അഭേദാരോപം അർത്ഥവശാൽ കിട്ടുമെന്നല്ലാതെ, ചില്ലിയല്ല എന്ന നിഷേധം ഉണ്ടായിരിക്കുമ്പോൾ ശബ്ദസിദ്ധമായിത്തന്നെ വരുന്നതല്ല എന്നു താൽപര്യം. ഇങ്ങനെ രൂപകത്തിനും അപഹ്നുതിക്കും തമ്മിൽ ഭേദം. അസത്യതയെ കാണിക്കുന്ന ഛലം, വ്യാജം മുതലായ ശബ്ദങ്ങളെക്കൊണ്ടും അപഹ്നുതിയെ പ്രതിപാദിക്കാം. ഉദാ—

'പ്രിയസഖ ചെറിയച്ചീവിപ്രയോഗജ്വരാർത്താം
കുറവുയരപി തീപ്പാൻ നൂനമിന്ദുച്ഛലേന
മദനനുദയശൈലപ്പുള്ളിവില്ലിൽ തൊടുത്താൻ
പഥിക രുധിരധാരാ പാടലം പള്ളിയമ്പ്.'

സാദൃശ്യമില്ലാതേയും ചില അപഹ്നുതിയുണ്ടെന്നു ചിലർ പറയുന്നു. അതിന്നുദാഹരണം—

'അഞ്ചല്ലയ്മ്പതുകോടിയമ്പു മദനന്നാഹന്ത പൂവല്ലതും
ചെഞ്ചെമ്മേ കുലിശങ്ങൾവില്ലപി കരിമ്പെൻറന്തിരുമ്പെൻറിയേ
നഞ്ചല്ലോ കിരണം വിധോരമൃതമെല്ലൊട്ടും മനോജ്ഞാംഗി ഞാ-
നഞ്ചിൻേറനിനി നിന്നുടേ നിനവുമെന്താസ്സൻറിതെൻറിങ്ങനെ.'

രൂപകം മുതൽ പറഞ്ഞ ഈ നാലലങ്കാരങ്ങളിലും സാധർമ്മ്യം അഭേദപ്രധാനമായിട്ടുള്ളതാണ്. ഇനി ഭേദപ്രധാനസാധർമ്മ്യമുള്ള അലങ്കാരങ്ങളെയാണ് പറവാൻ തുടങ്ങുന്നത്.

* ഉപമാനാദുപമേയസ്യാധിക്യം വ്യതിരേകഃ *

ഉപമാനത്തേക്കാൾ ഉപമേയത്തിന്നാധിക്യം പറയുന്നതു വ്യതിരേകം. ഉദാ—

'സൌരഭ്യം ശ്രീവിലാസം തെളിവുവടിവെഴും വർണ്ണമെൻറിപ്രകാരൈ-
രൊക്കും തമ്മിൽ തദീയം വദനവുമസിതാപാംഗി നാളീകവും താൻ
അപ്പോഴും കാൺവിശേഷം കിമപി നിയതമില്ലല്ല പാർത്തീടിൽ മുന്നേ-
തെപ്പോഴും ചാരുശോഭം പുനരപരമിദം കൂമ്പിവാട്ടം നിശായാം.'

വേറെ ഉദാ—

'ചന്ദ്രാണാം പത്തുബിംബം പെരുമിനിയമുഖം ചാരുകൊങ്കയ്ക്കുകൊള്ളാം
നൽപ്പൊന്നിന്മാട്ടനാന്തറയിതവ നയനങ്ങൾക്കു നൂറിന്ദ്രനീലം
അച്ചില്ലിക്കംഗജൻവില്ലറുപതുവിലപോറച്ചിയോരുണ്ണിയച്ചീ
മൂല്യം മുല്ലപ്രസൂനദ്യുതി ഹസിതരുചേോ മുത്തു മുന്നൂറുകോടി.'

ഉപമാനോപമേയങ്ങൾക്കു ചില ധർമ്മംകൊണ്ട് അഭേദമുണ്ടായിട്ടും ഒരുതരം വ്യതിരേകമുണ്ടെന്നു ചിലരുടെ പക്ഷം. ഉദാ—

'കണ്ഠേ വിഷം ഭഗവതോ മമ തോഴിചിത്തേ
ചിന്താവിഷം നിഹിതമെങ്ങളിലേഷ ഭേദഃ
കന്ദർപ്പനോട്ടപകയാം കുളർതിങ്കൾചൂടാ-
മപ്പാച്ചിയെപ്പിരികിൽ ഞാൻ പരമേശതുല്യഃ.'

* ദ്യോതകവിധുരമുപമാനോപമേയയോസ്സാധാരണധർമ്മസ്യസകൃദുക്തിർദ്ദീപകം *

ദ്യോതകംകൂടാതെ ഉപമാനോപമേയങ്ങളിൽ സാധാരണധർമ്മം ഒരിയ്ക്കൽമാത്രം പറയുന്നതു ദീപകം. ദ്യോതകം കൂടാതെ എന്നതു് ഉപമയിൽനിന്നുള്ള ഭേദം കാണിപ്പാനാണ്. ഒരിയ്ക്കൽമാത്രം എന്നതു പ്രതിവസ്തൂപമയിൽനിന്നും ദൃഷ്ടാന്തത്തിൽനിന്നും ഭേദം കാണിപ്പാനും. ആ അംശംകൊണ്ടുതന്നെ വാക്യഭേദം ഉണ്ടായിരിക്കുമെന്നും അർത്ഥാൽ സിദ്ധിക്കുന്നു. ഉദാ—

'കാര്യാർത്ഥമാകിലുമിരാവണയിൻറനേരം
പോവാൻ തുനിഞ്ഞ നിജകാന്തനെ നോക്കിനോക്കി
വാടിത്തളന്ന വദനം മദിരേക്ഷണായാ
ജാതം വിഹീനരുചി പങ്കജവും നളിന്യാഃ.'

സാദൃശ്യമില്ലാതെയും ദീപകമുണ്ടെന്നു ചിലരുടെ പക്ഷം. ഉദാ—

'തനപീകുലാഭരണമേ തരുണാൻ കയത്തും
താനേ നിശാസു നിയമേന കിടക്കലൊകാ
അംഭോരുഹാക്ഷി പുനരാണ്ണണയാത പെണ്ണും
ചേറില്ലയാതമിളിയും ചിരികേട്ട കണ്ടോ.'

ഇതിൽ സ്ത്രീയ്ക്കും പാടത്തിന്നും ശ്രീക്കേട്ടകൊണ്ടല്ലാതെ മററൊരു ധമ്മംകൊണ്ടും സാദൃശ്യമില്ല. പത്മമുഖങ്ങൾക്ക് അങ്ങനെയല്ല. ശോഭക്കുറവുകൊണ്ടെന്നപോലെ സൌരഭ്യം മുതലായ പല ധമ്മങ്ങൾകൊണ്ടും ഉണ്ട്. ഇവിടെ വാക്യഭേദം അത്ഥംകൊണ്ടുവരും. പുരുഷനില്ലാത്ത സ്ത്രീ ശ്രീ കെട്ടവളാണ്. ചളിയില്ലാത്ത പാടവും. എന്നാണല്ലൊ അത്ഥപയ്യവസാനം. അതിൽ രണ്ടാംവാക്യത്തിലും ശ്രീ കെട്ടതാണ് എന്ന ശബ്ദംതന്നെ ഉണ്ടായാൽ ആവൃത്ത്യലങ്കാരമാകുമെന്നു ചിലർ. പ്രകൃതംകൊണ്ടുതന്നെകിട്ടുന്നതു ശബ്ദംകൊണ്ടു പറഞ്ഞാൽ വൈയത്ഥ്യദോഷമാണെന്നു മററു ചിലർ. 'കലാവിദ്യകളും കാവും വല്ലിയാലിതമുള്ളതു്'' എന്ന ദിക്കിൽ ഇതമുള്ളതു് എന്ന ദീപകമല്ല ചമൽക്കാരകാരണം. വല്ലിയാൽ എന്ന ശ്ലേഷംതന്നെയാണ്. വല്ലിയാൽ എന്നതു ദീപകമാകുന്നതുമല്ല. ഈ ദീപകത്തിന്നു സ്ഥാനഭേദം അനുസരിച്ചു ആദിദീപകം, മദ്ധ്യദീപകം, അന്തദീപകം എന്നും മററും വകഭേദം കാണിച്ചിട്ടു വലിയ പ്രയോജനമൊന്നുമില്ല. പ്രകൃതങ്ങൾക്കോ അപ്രകൃതങ്ങൾക്കോ സാധാരണ ധമ്മം ഒന്നായിക്കാണിക്ക എന്ന തുല്യയോഗിത, അധികഗുണത്തോടു ന്യൂനഗുണത്തിന്നു സാമ്യം കാണിപ്പാൻവേണ്ടി രണ്ടിലും ഒരേ ക്രിയ ചേരുന്നതു കാണിക്കുക എന്ന തുല്യയോഗിത, സുഖദുഃഖനിമിത്തങ്ങളായ വസ്തുക്കളുടെ സ്തുതിനിന്ദകളെക്കാണിക്കുന്നവിധം സമാനവൃത്തിയെ പ്രതിപാദിക്കുന്ന തുല്യയോഗിത ഇവയെല്ലാം ദീപകത്തിൻെറ വകഭേദങ്ങളാണ്.

* സാമാന്യസ്യ ശബ്ദമാത്രഭേദേ പ്രതിവസ്തൂപമാ *

'ദ്യോതകവിധുരം' എന്നനുവത്തനം. ദ്യോതകംകൂടാതെ പറയുന്ന സാധാരണധമ്മത്തിന്ന ശബ്ദംകൊണ്ടുമാത്രം ഭേദമുണ്ടാകുന്നതു പ്രതിവസ്തൂപമ. ദ്യോതകമില്ലാതെ ഒരേ സാധാരണധമ്മത്തെത്തന്നെ രണ്ടു ശബ്ദങ്ങളെക്കൊണ്ടു പറയുന്നതു പ്രതിവസ്തൂപമ എന്നത്ഥം. വാക്യഭേദം ഉണ്ടാകുമെന്ന് ഇവിടെയും അത്ഥസിദ്ധമാണ്. ഉദാ—

'ഇഹ ജലനിധിയേ താൻ വിണ്ണിലാൾക്കീപ്സിതാത്ഥം
സകലമപി കൊടുപ്പാനുള്ള ചാതുയ്യശാലീ
ക്ഷിതിസുരനിവഹാനാം വീരമാത്താണ്ഡ നീയേ
പടുരഭിമതമെല്ലാമുററു തോററീടുവാനായ്.'

ഇതു് ഉപമ തന്നെയാണെന്നു ചിലർ. ദ്യോതകം 'ശശിമുഖി'മു

തലായതിലും ഇല്ലാത്തതിനാൽ ആ പക്ഷത്തിന്നും ഉപപത്തിയുണ്ട്.

* പ്രകൃതാൎത്ഥാനാം പ്രതിബിംബനം ദൃഷ്ടാന്തഃ *

'ദ്യോതകവിധുരം' എന്നനുവൎത്തിക്കുന്നുണ്ട്. പ്രകൃതാൎത്ഥങ്ങൾ പ്രതിബിംബിക്കുന്നതു ദൃഷ്ടാന്തം. പ്രകൃതാൎത്ഥങ്ങൾ എന്നാൽ ഉപമേയവും അതിലെ ധൎമ്മങ്ങളും. പ്രതിബിംബിക്ക എന്നതിന്നു ശബ്ദംകൊണ്ടും അൎത്ഥംകൊണ്ടും പകരം നിൽക്ക എന്നൎത്ഥം. ഏതിന്നു പകരമെന്ന ആകാംക്ഷകൊണ്ട് ഉപമാനത്തിന്നും അതിലെ ധൎമ്മങ്ങൾക്കും എന്ന് അൎത്ഥാൽ സിദ്ധിക്കും. ശബ്ദം പകരം നിൽക്ക എന്നതിന്നു വേറെ പ്രയോഗിക്ക എന്നു തന്നേ താൽപൎയ്യം. സാധാരണ ധൎമ്മത്തിന്നു ശബ്ദംകൊണ്ടും അൎത്ഥംകൊണ്ടും കൂടി ഭേദം വരാത്തതുകൊണ്ട് അതിന്നു പ്രതിഫലനം ദുൎഘടമാകയാൽ വേറേ പ്രയോഗം വേണം എന്നു പറഞ്ഞതെങ്ങനെ ശരിയാകും എന്നു സംശയിക്കുന്നുവെങ്കിൽ പറയാം- പ്രകൃതാൎത്ഥത്തിന്നു പകരമായിപ്പറയുന്ന അപ്രകൃതാൎത്ഥം പ്രകൃതാൎത്ഥസദൃശമല്ലാതെ അതു തന്നെയായിരിക്കില്ല. അതുകൊണ്ടുതന്നെയാണു പ്രതിവസ്തൂപമയ്ക്കും ഇതിന്നും തമ്മിൽ ഭേദം. പ്രതിവസ്തൂപമയിൽ ശബ്ദഭേദമേ ഉള്ളു. അൎത്ഥഭേദമില്ല. ഉദാ—

'രാഗാങ്കുരോ ഹൃദയമേ വെടിയും തരുണ്യാ-
മുണ്ടാവിതോ യുവതിമാത്രകുതൂഹലേന
നീരേ തനിക്കു നിയതാശ്രയമെൻറവാറേ
വെന്നീരിലും വിളയുമോ കുവളപ്രസൂനം'

ഇതിൽ രാഗാങ്കുരത്തിന്നു കുവളപ്രസൂനവും വെടിയും തരുണിക്കു വെന്നീരും ഉൽപത്തിക്കു വിളയലും യുവതിമാത്രത്തിന്നു നീരും പ്രതിബിംബം. വേറെ ഉദാ—

'തനയേ തവ സമ്പദൎത്ഥമുച്ചൈരിനിയോരാഢ്യനെനീവശിച്ചുകൊൾക
ധനഹീനരിൽനിൻറുയച്ച്വാരാ പനിനീൎവീണ്ണു കുളം നിറഞ്ഞൂതില്ല'

ചിലരുടെ പക്ഷത്തിൽ ദൃഷ്ടാന്തവും പ്രതിവസ്തൂപമയുടെ വകഭേദം തന്നെയാണ്. നിദൎശനയ്ക്കും ദൃഷ്ടാന്തത്തിന്നും ഭേദം സ്വീകരിച്ചിട്ടാവശ്യമില്ല.

* വിഷയനിഗരണേനാഭേദപ്രതിപത്തൌ വിഷയിണോസത്യതയാപ്രതീതിരുൽപ്രേക്ഷാ *

വിഷയത്തെ മറച്ച് (വകവെക്കാതെ) അഭേദം തോന്നിക്കൊണ്ടു വിഷയി വാസ്തവമായിട്ടുള്ളതല്ലെന്നുകൂടിത്തോന്നുന്നതു് ഉൽപ്രേക്ഷ. വിഷയിയുടെ അഭേദം ആണു തോന്നേണ്ടതു്. വാസ്തവമല്ലെന്നു തോന്നുന്നതും വിഷയിതന്നെയാണ്. ആ തോന്നൽ ഒരംശം ഉൽകടമായ സംശയവുമാണ്. വാസ്തവമല്ലെന്നു തോന്നുന്നതു വിഷയത്തിലെ ധൎമ്മ

ങ്ങളായ ഗുണക്രിയകൾ വിഷയിയിൽ സംഭവിക്കാത്തതുകൊണ്ടാവണം. വിഷയി എന്നാൽ ഉപമാനം, വിഷയം ഉപമേയം. ഇങ്ങനെയുള്ള ഉൽപ്രേക്ഷ, വാച്യമെന്നും വ്യംഗ്യമെന്നും രണ്ടുവിധത്തിലുണ്ട്. അതിൽ വാച്യത്തെ പോലെ, എൻറ പോലെ, എന്നു തോന്നും പ്രകാരം മുതലായ ശബ്ദങ്ങളെക്കൊണ്ടു കാണിക്കുന്നു. ആവക ശബ്ദങ്ങളില്ലാത്തിടത്തു വ്യംഗ്യം. വാച്യത്തിന്നുദാഹരണം—

'ലാവണ്യനിമ്മലജലോജ്ജ്വലപൊയ്കയിൽ പോ-
ന്നുന്നാളുമാന നളിനദ്വയമെൻറപോലെ
ചേതോഹരാംഗി നിതരാമയി കാന്തവല്ലീ
ശോഭാം ദധാതി തവ പോർമുല മൊട്ടിരണ്ടും.'

ഇതിൽ നളിനദ്വയത്തിൻെറ അഭേദം സ്തനദ്വയത്തിൽ തോന്നുന്നതായി വണ്ണിച്ചിരിക്കുന്നു. നളിനത്തിൽ സ്തനത്വമില്ലാത്തതിനാൽ ആ അഭേദം വാസ്തവമല്ലെന്നു കൂടി തോന്നി, ഉൽകടസംശയമായിട്ടു പയ്യവസിക്കുന്നു. സംസ്കൃതത്തിലെ ഇവ ശബ്ദവും ഉപമയെപ്പോലെ ഉൽപ്രേക്ഷയേയും കാണിക്കുന്നതാണ്. ഉദാ—

'ചിരം പ്രവാളജാല്യത്തെൽ ചിരികണ്ടായിതാ തവ
പാദാംഗുലിയുടേ ഹാസപദവീവ നഖാവലീ.'

വ്യംഗ്യോൽപ്രേക്ഷക്കുദാഹരണം—

'രോമരാജിപുണപ്പാമ്പു കാമക്ഷപണകസ്സ്വയം
വെച്ചടൻ പിച്ചകാട്ടിൻറ കയ്ത്തലം നിൻ തന്തുദരം.'

വേറെ ഉദാ—

'നിജമുകുളപുടം കൊണ്ടഞ്ജലിം കല്പയിത്വാ
തൊഴതിഹ ചെറിയച്ചീവക്ത്രചന്ദ്രന്നു തോററ്
കമലമടിമപൂകക്കണ്ടു വിങ്ങിച്ചിരിച്ചി-
ട്ടളികുലകളനാദൈരാത്തിതാമ്പൽപ്രസൂനം.'

സാദൃശ്യമില്ലാതെയും ഉൽപ്രേക്ഷകാണുന്നുണ്ട്. ഉദാ—

'അപ്പാച്ചി സമ്പ്രതി ചവിട്ടുവിതെൻറു കോപാൽ
ചെമ്പഞ്ഞിമേലലസലീലമുയത്തവാറേ
സമ്പീഡ്യമാനമിതു പുൺപടുമെന്നു ഭീത്യാ
ചെമ്പൊൽച്ചിലമ്പുമുറയിട്ടതു കേട്ടുണന്നേൻ.'

വേറെ ഉദാ—

'ഉദയപുരവിലാസോത്തംസമച്ചീസുതായാ
ഭവനമവനിസാരം കാണ്മ,തെൻറാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽ പാദമൊട്ടേറെ വെച്ചി-
ട്ടരിയരി ഗഗനംചേന്നേറിനാനേഷചന്ദ്രഃ'

* സത്യതയാ പ്രതീതിരതിശയോക്തിഃ*

'വിഷയനിഗരണേനാഭേദപ്രതിപത്തൌ വിഷയിണഃ' എന്നതു വരെയുള്ള തനുവൎത്തിക്കുന്നു. വിഷയത്തെ മറച്ച് അഭേദം തോന്നിച്ചു കൊണ്ടു വിഷയി വാസ്തവമാണെന്നു തോന്നിക്കുന്നതു് അതിശയോക്തി. ഇവിടെ അഭേദപ്രതിപത്തി നിശ്ചയസ്വരൂപവും വാസ്തവമെന്നുതോന്നുന്നതു വിഷയവാചകം ഇല്ലാതെയിരിക്കുന്നതുകൊണ്ടുമാവണം. ഉദാ—

'ഒരോദിനം ഞാനൊരുകല്പവല്ലിമേ-
ലുറങ്ങുകിൽ കാണ്മനൊരിന്ദുമണ്ഡലം
അതിന്നൊരെരംപ്പൂവുമിരണ്ടുകൊണ്ടയും
വിഭൂഷണം വില്ലുമൊരൎദ്ധചന്ദ്രനും'

കാൎയ്യകാരണങ്ങളുടെ പൌൎവ്വാപൎയ്യക്രമം മാററിപ്പറയുക മുതലായിട്ടുള്ളവയും സാദൃശ്യം നിമിത്തമല്ലാത്തവയുമായ അതിശയോക്തിവകഭേദങ്ങൾ തന്നെത്താൻ നോക്കി ഗ്രഹിച്ചുകൊൾക. ലോകോത്തര വിശേഷത്തെക്കാണിക്കുന്നതും ഒരുതരം അതിശയോക്തിതന്നെയാണ്. ഈ ഉൽപ്രേക്ഷയും അതിശയോക്തിയും അധ്യവസായമൂലങ്ങളായ അലങ്കാരങ്ങളാണ്.

* ഉപമേയസ്യാനുക്താവന്യാപദേശഃ *

ഉപമേയം പറയാത്തതു് അന്യാപദേശം. പ്രകൃതാൎത്ഥത്തെ മനസ്സിലാക്കാൻവേണ്ടി അപ്രകൃതാൎത്ഥം കാണിക്കുന്നതു് അന്യാപദേശമെന്നൎത്ഥം. പ്രതിവസ്തൂപമയിൽ ഉപമേയം പറഞ്ഞിരിക്കും. അന്യാപദേശത്തിൽ ഉപമാനം പ്രസിദ്ധമാണ്. അതിശയോക്തിയിൽ അന്വയവിശിഷ്ടമായ ഉപമാനം കല്പിതമാണ്; പ്രസിദ്ധമല്ല. ഇങ്ങനെ ഓരോന്നിന്നും വ്യത്യാസം. ഉദാ—

'ഒട്ടേകറക്കുമൊരുനാളൊരുനാൾമുഴങ്ങും
മിന്നീട്ടിളക്കുമൊരുനാളൊരുനാളുദാസ്തേ
വേഴാമ്പലിമ്മഴതനിക്കുതകിൻറു തെൻറു
പേരാററിൽ മററുചിലനീർവിഴകിൻറവാറു്'

ഇതു സമാസോക്തി എന്നു ചിലരും അപ്രസ്തുതപ്രശംസ എന്നു മററു ചിലരും പറയുന്നുണ്ടു്.

* ഉപമാനാനാം ക്രമസംബന്ധഃ ക്രമഃ*

ഉപമാനങ്ങൾ ക്രമേണ ചേരുന്നതു ക്രമം. ഉദാ—

കാന്തം നിൻകൊങ്കയുഗ്മം ദശനവസനമക്കാർനെടും കൺ മുഖാബ്ജം
താനെൻേറതാനി നൽപ്പൂന്തളിർ പതമപതം ചേൎന്ന രമ്യാംഗി കണ്ടു്
പന്തേററം താപമേന്തും പവിഴമഴതിടം കന്നമാഹന്ത ചിന്നും
താരാനാഥനുമച്ചോപെരുകമഴിനിലക്കോഴതീരാ കടാചിൽ

ഉപമയില്ലാതെയും ക്രമാലങ്കാരമുണ്ടു്. ഉദാ—

നാലല്ലോനാരണീ നിൻ തിരുമകളെയെനിക്കെയ്യുവാനാമുപായം
നിഞ്ചൊല്ലൊൻറാൻറുതസ്യാമനുനയവുകനാവൊൻറുസങ്കല്പമൊൻറു
നാലിന്നും നാലുകുററം വലിയ പുളയവുംനാലുമേതെങ്കിൽ വക്ഷ്യേ
വൈമുഖ്യത്തിൻ പെരുപ്പം മനസി കഠിനതാ നിദ്രവാരായ്കമോഹം

* ഉപമാനാക്ഷേപ ആക്ഷേപഃ *

ഉപമാനത്തെ ആവശ്യമില്ലെന്നു കാണിച്ചു നിഷേധിക്കുന്നതു് ആക്ഷേപം. ഉദാ—

'ദാതാഭവാനിരവലക്ഷിവാഞ്ഛിതാനാം
മാൎത്താണ്ഡവൎമ്മ വെറുതേ ബതകല്പവൃക്ഷാഃ
നിൻകീൎത്തിപോന്നിഹ പരന്നിതുമന്നിലെങ്ങു-
മെന്തോൻറുവേണ്ടിയിനി നാഠംമതി വെണ്ണിലാവു്'

ഇതു പ്രതീപാലങ്കാരമാണെന്നു ചിലരുടെ പക്ഷമുണ്ടു്. നിഷേധം മാത്രവും ആക്ഷേപമാണെന്നു ചിലർ പറയുന്നു. ഉദാ—

ഞാനൊട്ടേകണ്ണടച്ചേൻപ്രിയസഖവരവന്നോരു ക്രൂഠം കേഠംക്കവേണ്ടും
നീടാർപാൽചമ്പകത്തിൻനറുമലർനിറമുള്ളോരുനീലേക്ഷണായാഃ
കൊണ്ടേഞ്ചെന്തൊണ്ടിവാച്ചേമ്പടമണിതടമൽക്കൊങ്കമേൽച്ചാന്തഴിച്ചേ-
നാകപ്പാഴെൻറു പോനാലമയുമിനിനമുക്കങ്ങുണത്താവതല്ല.

വരട്ടേ! അതിശയത്തെക്കാണിപ്പാൻ വേണ്ടി, വിവക്ഷിതാൎത്ഥത്തെ നിഷേധിക്കയാണല്ലൊ ആക്ഷേപം. ഈ ഉദാഹരണത്തിൽ ഒരതിശയവും തോന്നുന്നില്ല. അനൌചിത്യം നിമിത്തം വിവക്ഷിതത്തെ പ്പരിഹരിക്ക മാത്രമാണു ചെയ്തിരിക്കുന്നതു്. പറയാം—അങ്ങനെയില്ല. അതിശയമില്ലാത്തിടത്തും ഇതുണ്ടാകും.

* അൎത്ഥാനാം വിനിമയഃ പരിവൃത്തിഃ *

അൎത്ഥങ്ങളുടെ വിനിമയം പരിവൃത്തി. വിനിമയം എന്നാൽ ക്രയവിക്രയം. ഉദാ—

'ഹൃദയമപി കൊടുത്തിട്ടെന്നുടേ വല്ലഭായാ
നെടിയതൊരു കടക്കൺ കൊണ്ടു തീർപോലെകണ്ടേൻ
കുസുമശരനിനക്കോ നിന്നുടേ നിള്ളയാക്കോ
കടവിയതഹമിപ്പോളുമ്മറപ്പാടു പൂകാൻ.'

ഇതിൽ സാദൃശ്യം യദൃച്ഛാസംഗതമാവാം. അലങ്കാരതാപ്രയോജകമല്ല.

* ഏകവാക്യേനേകാൎത്ഥത്വം ശ്ലേഷഃ *

ഒരു വാക്യത്തിൽ അനേകം അൎത്ഥംവരുന്നതു ശ്ലേഷം. ഉദാ—

'തുള്ളവേണ്ടും കിടന്നങ്ങു കൊള്ളവേണ്ടുമതിൻ വില
ഭാവം നടിക്കയും വേണ്ടും കേവലം കൂത്തുവൈശികം.'

ഇതിൽ നാലാംപാദം ഉദാഹരണത്തിൽ പെട്ടതല്ല. അതിൽ രൂപക-മാണ്.

* സൂക്ഷ്മവസ്തുസ്വരൂപകഥനം സ്വഭാവോക്തിഃ *

സൂക്ഷ്മമായ വസ്തുസ്വരൂപംപറയുന്നതു സ്വഭാവോക്തി. വസ്തുസ്വരൂപം പറയുന്നതുമാത്രം അലങ്കാരമായാൽ പറയുന്നതെല്ലാം അലങ്കാരമാണെന്നു വരും. അതിനാൽ സൂക്ഷ്മമെന്ന വിശേഷണം. നിർമ്മിച്ചുണ്ടാക്കിയപോലെ അത്ര സൂക്ഷ്മമായ വസ്തുസ്വഭാവം വർണ്ണിക്കുന്നത് എന്നർത്ഥം. ഉദാ—

'വട്ടംകൊണ്ടു വളന്നുയന്നടിപരന്നഗ്രങ്ങളേന്തിക്കളർ-
ത്തുച്ചൈരുഷ്ണദിനേഷു ശീതസമയേവെച്ചെൻറതെൻറും പുനഃ
കാശ്മീരക്കളിയിൽ പുരണ്ടുവളരും പോർകൊങ്ക മാറത്തണ-
ച്ചാരേപോലൊരു നീലനീരജദൃശം നിദ്രാസു പുൽകിൻറിതു്.'

വേറെ ഉദാ—

'ആടിൻറ കുണ്ഡലമഴിഞ്ഞു കുഴഞ്ഞ കേശം
ചാമ്പിൻറ കണ്ണിണ ചലിച്ചു വരിൻറ ചില്ലി
ഒലിൻറ രാഗരസമോമൽ മുഖാരവിന്ദം
കാണ്മെങ്കിലോ രഹസി കാന്തയുടേ വിലാസം.'

* കാരണം ഹേതുഃ *

കാരണം പറയുന്നതു ഹേത്വലങ്കാരം. ഉദാ—

'വഞ്ചിച്ചിതല്ല വരഗാത്രി വിളിച്ചു വേറേ
മിഞ്ചിച്ചിതല്ല പുലരെപ്പരിഹാസമല്ല
കിഞ്ചിൽപ്പറഞ്ഞു പുറമേ പിരിയിൻറനേരം
ചെഞ്ചെമ്മെ നോക്കിനതു ചേതസി മേ വിഷാദഃ.'

ഇവിടെ നേരെനോക്കിയത് എന്നാൽ—ഉദാസീനനിലയിൽ നോക്കിയതു വിഷാദകാരണം. അതു പദാർത്ഥവുമാണ്.

'ആപത്തിലിഷ്ടഗുണമയ് ബതുന്തറുനേത്തും
താങ്ങീടു നിൻപ്രണയിനം തരുണീമണേ നീ
അന്തഃസ്മരന്നവിരതം വിഷയങ്ങൾതോറും
മുല്ലാടു നിൻറ മുതലുള്ളതു നേക്കമല്ലോ.'

ഇതിൽ വാക്യാർത്ഥം കാരണം.

* പ്രകൃതസമർത്ഥനമർത്ഥാന്തരന്യാസഃ *

പ്രകൃതത്തെ സമർത്ഥിക്കുന്നതു് അർത്ഥാന്തരന്യാസം. പ്രകൃതാർത്ഥത്തെ അപ്രകൃതാർത്ഥം കൊണ്ടു സമർത്ഥിക്കുന്നതു് എന്നു താല്പര്യം. ഹേതുവിലാകട്ടേ കാര്യകാരണങ്ങൾരണ്ടും പ്രകൃതങ്ങളായിരിക്കണം. ഉദാ—

'പെരിയവർ ചാരെയിരുന്നാലെളിയവർതാമെന്നൊരർത്ഥമുണ്ടാകാ
സ്തനജഘനാസന്നമിദം കോടീ നിന്മദ്ധ്യമാരറിവോർ.'

ഇവിടെ വിശേഷംകൊണ്ടു സാമാന്യത്തെസ്സമത്ഥിച്ചിരിക്കുന്നു.

'മേരോരസ്യാഃ കൊട്ടമുടി കൊട്ടക്കാകിലോ നൻറതിൻകീഠം
പററാദാതും പെരിയളിവളെൻറിങ്ങനേ തോൻവുമാറു്
കൃതപാ പിന്നെത്തരുണി തരികിൽ കാണിപോലും വിടാതേ
കാണംനോക്കാതവരഥകഴഞ്ചിന്നുപിൻചെൽവുതില്ല.'

ഇതിൽ സാമാന്യംകൊണ്ടു വിശേഷത്തെ സമത്ഥിച്ചിരിക്കുന്നു.

* അവിരോധേ വിരോധാവഭാസോ വിരോധഃ *

വിരോധമില്ലാത്തേടത്തു വിരോധത്തിൻെറ ഛായ തോന്നുന്നതു വിരോധാലങ്കാരം. ഉദാ—

'നീലോപലതമസാവൃതമാകിലുമരുണമണിച്ചുടരിളവെയിൽ നിചിതം
കയമുണ്ടാകിലുമഖിലനദീനാമൊഴികിവരിൻറ പയാംസി ധയന്തം.'

* കാരണാഭാവേ കാര്യനിഷ്പത്തിർവിഭാവനാ *

കാരണം ഇല്ലാതെ കാര്യം ഉണ്ടാകുന്നതു വിഭാവനാലങ്കാരം. ഉദാ—

'കാതിൽ പൊന്നോലയിട്ടീലതിരുചിതിലകം നെററിമേലങ്കരിച്ചീ-
ലാരാതിച്ചീല മല്ലക്കളുർമിഴിയുഗളം ചാരുകാളാഞ്ജനേന
ആവേശിച്ചീല ദന്തച്ഛദമതിനിൽ മനോഹാരി താംബൂലരാഗം
താനെപ്പോഴും മനോജ്ഞം ഭൃശമയി വദനം താവകം നീലിയമ്മേ.'

* തദ്വ്യത്യാസോ വിശേഷോക്തിഃ *

അതിൻെറ വ്യത്യാസം വിശേഷോക്തി. കാരണം ഉണ്ടായിട്ടും കാര്യം ഇല്ലാതിരിക്കയാണു വ്യത്യാസം. ഉദാ—

'പ്രേമം തുലോം പെരിയതേ കമലാനനേ നിൻ-
കൊങ്കത്തടാന്തമണവാൻകൊതിയില്ലയല്ല
ഉച്ചൈസ്തരാമെളിയരാകിലുമൊൻവുണത്താ-
മെന്നും പിറയ്ക്കു വയമെച്ചിലെടുപ്പതില്ല.'

ഇവിടെ എളിയവരാക എന്ന കാരണമുണ്ടായിട്ടും എച്ചിലെടുക്ക എന്ന കാര്യം ഉണ്ടായിട്ടില്ല.

* തയോരയോഗ്യതായാമസംഗതിഃ *

കാര്യകാരണങ്ങൾക്കു് അയോഗ്യത അസംഗതി. അയോഗ്യത എന്നാൽ അസംഭാവ്യത. അതായതു ചേച്ചയില്ലായ്ക. ഉദാ— [യാഃ തെളിഞ്ഞുമറെറാൻവുനിനക്കിലുംഞാൻവളന്നീലോൽപലലോചനാ
പളിങ്ങുമാടത്തിൽ വിളക്കുപോലെ വിളങ്ങുമക്കോമള മംഗമന്തഃ.
സ്വരൂപത്താൽതന്നെയുള്ള അസംഭാവ്യതയുംഅസംഗതിതന്നെ. ഉദാ—

'എളിയോരുയിരാക്കമിന്ദുമൗച്ചൈരളകാനാഥനെ കയ്യമാക്കവെല്ലും
നളിനാസനമേവ നായരാക്കും വിളയാട്ടല്ല സഖേ വധൂവിലാസം.'

വിഭാവനമുതൽക്കുള്ളതെല്ലാംവിരോധമൂലങ്ങളായ അലങ്കാരങ്ങളാണു്.

* വിഭൂത്യാശയമഹത്വമുദാത്തം *

വിഭൂതിക്കും ആശയത്തിന്നും ഉള്ള മഹത്വം വൎണ്ണിക്കുന്നതു് ഉദാത്തം. വിഭൂതി എന്നാൽ ഐശ്വൎയ്യം. വിഭൂതിമഹത്വോദാത്തത്തിന്നുദാഹരണം—

'പകലായ് പോമിരാവെല്ലാം പവിഴപ്രഭയാകവചിൽ
പരത്രു നീലസമ്പത്ത്യാ പരഭാഗപ്പെട്ടും പകൽ.'

ആശയമഹത്വോദാത്തത്തിന്നുദാഹരണം—

'തസ്മിൻ കാലേ ഭുവി യദുശിരോജ്ജന്മമാകിൻറ മാധ്വീം
പീത്വാ മത്തോ ദ്വിജപരിഷദാമൎത്ഥിനാം ചേതരേഷാം
കയ്നോവോളം കഥമപി ധനംകൊണ്ടു തൃപ്തിച്ചു കാമം
കോരിക്കൊൾകെൻറുടനരുളിനാൻ കോതമാൎത്താണ്ഡവീരഃ'

* പരിസംഖ്യാദയശ്ച *

പരിസംഖ്യമുതലായ അലങ്കാരങ്ങളും ഉണ്ടു്. അവ തന്നെത്താൻ അറിഞ്ഞുകൊൾക എന്നു സൂത്രാൎത്ഥം. അതിൽ അനേകം സ്ഥലങ്ങളിൽ ഒരേ സമയത്തു സംഭവിക്കാവുന്ന വസ്തുവെ മറെറാരേടത്തല്ല ഇവിടെയാണു് എന്നു നിയമിക്കുന്നതു പരിസംഖ്യ. ഉദാ—

'മാതർക്കയ്യല്ല പൊയ്യുകൾ കുവളക്കൂട്ടമുള്ളതു്
കോഴിക്കല്ല വിയോഗിക്കു ചൂട്ടിന്മേൽ വാട്ടമുള്ളതു്.'

'പരിസംഖ്യാദയഃ' എന്നതിലെ ആദിശബ്ദംകൊണ്ടു് അൎത്ഥാപത്തി തുടങ്ങിയ അലങ്കാരങ്ങളെ ഗ്രഹിച്ചുകൊൾക.

* ദണ്ഡാപൂപികയാൎത്ഥാന്തരാപതനമൎത്ഥാപത്തിഃ *

ദണ്ഡാപൂപന്യായമനുസരിച്ചു് ഒരു സംഗതി പറഞ്ഞാൽ അതുകൊണ്ടു തന്നെ മറെറാരു സംഗതി സ്പഷ്ടമാകത്തക്കവിധം വന്നുകൂടുന്നതു് അൎത്ഥാപത്തി. ഉദാ—

'അമ്പന്ന്യസ്മിൻ വരികവഴിമേൽ മുഖ്യർവൈമുഖ്യമാം നാൾ
തേററം ചെയ്യാലമിയുമവിടെത്തേവർ മുൽപ്പുക്കു താനും
ചോരും ബാഷ്പം ചലിതപുരികം ചൂഴവുന്നേരമമ്മേ!
കല്ലും കീറും മദനവിവശം കിംപുനഃ കാമിചേതഃ.'

ഇതിൽ കല്ലുപോലും പിളൎന്നുപോകും. പിന്നെ കാമികളുടെ മനസ്സു പിളരുമെന്നു പറയണോ എന്നു് അൎത്ഥാപത്തി.

* സമാധ്യാദയോപ്യവഗന്തവ്യാഃ *

സമാധി മുതലായതും അറിഞ്ഞുകൊള്ളണം. വരട്ടേ! എങ്ങനെയാണറിയേണ്ടതു്? ലക്ഷ്യം കണ്ടിട്ടോ ലക്ഷണം കണ്ടിട്ടോ? ലക്ഷ്യം കണ്ടാൽ ഇതു സമാധി, ഇതു പരികരം എന്ന വിശേഷം എങ്ങനെയാണറിയുന്നതു്? ലക്ഷണം കാണ്മാനൊട്ടു നിവൃത്തിയുമില്ല. വേറെ ഒരു മണിപ്രവാളലക്ഷണഗ്രന്ഥവും ഇതുവരെ കണ്ടിട്ടില്ല. 'ഇത്ഥംപദാ

ദിദോഷാഃ' എന്നതിലെ ഇത്ഥംപദംകൊണ്ടു ഗ്രഹിക്കേണ്ടതാണു പ്രസിദ്ധിവിരോധം മുതലായതു് എന്നു പറഞ്ഞേടത്തും ഇങ്ങനെ തന്നെ ദുർഘടമുണ്ടു്. എന്നു മാത്രമല്ല ശ്രുവ്യതയാണു മാധുര്യമെന്നു ചിലർ; ഇതു രൂപകമാണെന്നു ചിലർ; സാദൃശ്യമില്ലാതെയും അപഹ്നുതിയുണ്ടെന്നു ചിലരുടെ പക്ഷം എന്നെല്ലാം പറഞ്ഞുവല്ലൊ. അവിടെ ചിലർ എന്ന പദം കൊണ്ടു് എവരെയാണു വിവക്ഷിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. വേറിട്ടൊരു മണിപ്രവാളലക്ഷണകാരനെയാവട്ടെ വ്യാഖ്യാതാക്കന്മാരെയാവട്ടെ ഇതിനു മുമ്പു കണ്ടിട്ടില്ല; കേട്ടിട്ടുമില്ല. കാവ്യപ്രകാശകാരൻ സംസ്കൃതകാവ്യലക്ഷണത്തിൽ സ്തനത്തിനു പർവ്വതസാദൃശ്യം ആധിക്യദോഷം കൊണ്ടു പരിഹരിച്ചിട്ടുണ്ടെന്നു പറഞ്ഞതിന്നു ഭാഷാകാവ്യത്തോടു് എന്തു സംബന്ധമാണുള്ളതു്? ഭാഷ വേറെ; സംസ്കൃതം വേറെ. പാണ്ഡ്യഭാഷയിൽ പറഞ്ഞിട്ടുള്ളതിന്നും ഇവിടെ ഒരു ബന്ധവുമില്ല. പാണ്ഡ്യഭാഷയ്ക്കും കേരളഭാഷയ്ക്കും തമ്മിൽ വലിയ ഭേദമുണ്ടെന്നു മുമ്പുതന്നെ സ്ഥാപിച്ചിട്ടുണ്ടല്ലോ. പറയാം—ഇവിടെ കാണിക്കാത്ത അലങ്കാരങ്ങളെ എങ്ങനെയാണറിയേണ്ടതെന്നല്ലേ ചോദിച്ചതു്? ലക്ഷണം കണ്ടിട്ടുതന്നെ അറിയേണ്ടതാണ്. കാണേണ്ട ലക്ഷണം സംസ്കൃതകാവ്യലക്ഷണം തന്നെ. സംസ്കൃതകാവ്യലക്ഷണം ഭാഷാകാവ്യത്തിലെങ്ങനെവരും എന്നാണെങ്കിൽ ഭാഷാകാവ്യത്തിൽ ഉപമ തന്നെ എങ്ങനെ വരും എന്നങ്ങോട്ടും ചോദിക്കട്ടെ. 'സാദൃശ്യമുപമാ' എന്നു പറഞ്ഞതുകൊണ്ടാണെങ്കിൽ അങ്ങനെ പറവാനെന്തടിസ്ഥാനം? 'വ്രീളാനമ്രം ഭവത്യാവദനം' എന്നു മുതലായ ശ്ലോകങ്ങളിൽ അപ്രകാരം കാണുന്നതുതന്നെ അടിസ്ഥാനമെന്നാണെങ്കിൽ അങ്ങനെയുള്ള ശ്ലോകങ്ങൾ ഭാഷയിൽ എങ്ങനെയുണ്ടായി? വേറെ ഭാഷാശ്ലോകങ്ങൾ കണ്ടിട്ടുണ്ടാക്കി എന്നാണെങ്കിൽ ആ ശ്ലോകങ്ങളോ എന്ന ചോദ്യത്തിന്നും അതു തന്നെ ഉത്തരം പറയണം. ഇങ്ങനെയുണ്ടാകുന്ന ചോദ്യോത്തരമാലയിൽ ആദ്യത്തേതു് എങ്ങനെയുണ്ടായി എന്നു ചോദിക്കുന്നു. അനാദിയാണെന്നു പറയുന്നതു സമാധാനമാവില്ല. എന്തുകൊണ്ടെന്നാൽ ദ്രമിഡഭാഷയ്ക്കു് ആദിയുണ്ടു്. അതിന്റെ ആദി സംസ്കൃതമായിട്ടുവരാനാണു യുക്തിയുള്ളതും. അപ്പോൾ—

'നളിന്യാ ഇവ തന്വംഗ്യാസ്തസ്യാഃ പത്മമിവാനനം
മയാ മധുവ്രതേനേവ പായംപായമരമ്യത'

ഇങ്ങനെയുള്ള ഒരു സംസ്കൃതശ്ലോകമാണ് അതിന്നു മൂലമെന്നു പറയണം. അങ്ങനെ പറയുന്നുവെങ്കിൽ അവിടെ സംസ്കൃതശ്ലോകന്യായം ഭാഷാശ്ലോകത്തിൽ വരുന്നതു് എങ്ങനെയെന്നു ചോദിക്കുന്നു. രണ്ടും ശ്ലോകമാകകൊണ്ടുവരുന്നു എന്നാണെങ്കിൽ ഭാഷ എങ്ങനെ ശ്ലോകമാകും ? ശ്ലോകലക്ഷണം വൃത്തരത്നാകരം മുതലായ സംസ്കൃതച്ഛന്ദശ്ശാസ്ത്ര

ത്തിലാണല്ലോ പറഞ്ഞിട്ടുള്ളതു്. അതെല്ലാം സംസ്കൃതത്തെപ്പററിയാണതാനും. ഭാഷയെക്കുറിച്ചല്ല. വളരെ ശ്രേഷ്ഠമായ സംസ്കൃതത്തെക്കുറിച്ചു പറയുന്ന അവസരത്തിൽ അതിനികൃഷ്ടവും അപഭ്രഷ്ടം, അവാചകം മുതലായതുള്ളതുമായ ദേശഭാഷയുടെ വർത്തമാനം തന്നെ വരുമോ ? ഇങ്ങനെ വലിയ വൈഷമ്യം വരുമ്പോൾ, സംസ്കൃതവും ശബ്ദമാണ് ഭാഷയും ശബ്ദമാണ്. അതുകൊണ്ടു സംസ്കൃതശബ്ദംപോലെ ഭാഷാശബ്ദവും ശ്ലോകമായിത്തീരുന്നതാണെന്നു തീർച്ചയായിട്ടും സ്വീകരിക്കേണ്ടിവരും. അപ്പോൾ ആ ഭാഷാശ്ലോകത്തിൽ സംസ്കൃതശ്ലോകന്യായവും ഉണ്ടാകുമെന്നായി. ആ ന്യായം ഭാമഹൻ മുതലായവരുണ്ടാക്കിട്ടുള്ള സംസ്കൃതകാവ്യലക്ഷണഗ്രന്ഥങ്ങളിൽ കാണിച്ചിട്ടുമുണ്ടു്. ആ വക ഗ്രന്ഥങ്ങളിൽ നിന്നു് ഇവിടെക്കാണിക്കാത്തതു് അറിയുകയും ചെയ്യാം. പിന്നെ എന്തുദോഷടമാണ്? അതിനാൽ സംസ്കൃതകാവ്യലക്ഷണഗ്രന്ഥത്തിൽ പറഞ്ഞതുതന്നെയാണു മണിപ്രവാളകാവ്യലക്ഷണത്തിലും വരുന്നതെന്നും ഭാഷയുംകൂടി ഉണ്ടാകുന്നതുമാത്രമാണു വിശേഷമുള്ളതെന്നും പര്യവസിക്കുന്നതുമാണ്. അപ്പോൾ ചിലർ എന്ന പദംകൊണ്ടു ഭാമഹൻ മുതലായവരെയാണു വിവക്ഷിച്ചിരിക്കുന്നതെന്നും മനസ്സിലാക്കിക്കൊള്ളു. ഭാഷകൾക്കു ഭേദമുണ്ടെങ്കിലും ഉപമാനോപമേയാദികളുടെ സമ്പ്രദായം എല്ലാഭാഷകളിലും ഒരുപോലെ തന്നെ വരുന്നതാണെന്നും വേറെ പറയേണ്ടതില്ല. ഇങ്ങനെ ഈ വിസ്താരം ഇവിടെ നിൽക്കട്ടെ.

* സവ്വേഷാം ച സങ്കരഃ *

എല്ലാററിന്നും സങ്കരവും വരും. എല്ലാ ശബ്ദാലങ്കാരങ്ങളുടേയും അർത്ഥാലങ്കാരങ്ങളുടേയും സങ്കരവും അലങ്കാരാന്തരമാണ് എന്നു താൽപര്യം. ഉദാ—

‘മന്നിൽതെളിഞ്ഞു പൊലിവുററു മലിഞ്ഞ കീർത്തേ-
രന്നത്തെ വെന്ന ഗതി മഞ്ജിതസൌകുമാര്യം
മിന്നൊത്തുലാവുമിട തസ്യ മൃഗാങ്കവക്ത്രാം
കന്യാമയം കിമപി രത്നമഭൂൽ കനീയഃ.’

ഇതിൽ പാദാന്തപ്രാസം, ഉപമ, രൂപകം ഇവയുടെ സങ്കരം. ഇതുപോലെ മററു സങ്കരങ്ങളും കണ്ടുകൊൾക.

ലീലാതിലകം അർത്ഥാലങ്കാരവിവേചനമെന്ന ഏഴാംശില്പം കഴിഞ്ഞു

---

എട്ടാംശില്പം.

* മണിപ്രവാളജീവിതം വ്യംഗ്യം *

മണിപ്രവാളത്തിൻെറ ജീവൻ വ്യംഗ്യമാണ്. പ്രധാനവ്യംഗ്യം രസസ്വരൂപമാകുന്നു. വ്യംഗ്യങ്ങളായ വസ്തുവും അലങ്കാരവും രസത്തിൻെറ അംഗങ്ങളായിട്ടാണിരിക്കുന്നത്.

* തദ്വ്യഞ്ജനവിഷയഃ *

അതു വ്യഞ്ജനത്തിന്നു വിഷയമാണ്. ആ വ്യംഗ്യത്തെ അഭിധ, ലക്ഷണ, താൽപര്യം എന്ന മൂന്നു ശബ്ദവൃത്തികൾക്കു പുറമേയുള്ള ശബ്ദവൃത്തിയായ വ്യഞ്ജന എന്ന വ്യാപാരംകൊണ്ടാണ് അറിയുന്നത്.

* വസ്ത്വലങ്കാരരസഭേദാൽ ത്രിധാ ച *

'തൽ' എന്നനുവൎത്തിക്കുന്നു. ആ വ്യംഗ്യം വസ്തു, അലങ്കാരം, രസം ഇങ്ങനെ മൂന്നു വിധമുണ്ട്. വസ്തു എന്നാൽ കേവലങ്ങളായ ജാതി, ക്രിയ, ഗുണം, ദ്രവ്യം ഇവയാണ്. അലങ്കാരം ഉപമമുതലായത്. ഉപമ, വിഭാവന, അപ്രസ്തുതപ്രശംസ മുതലായ അലങ്കാരങ്ങളുള്ളേടത്തു വസ്തു വ്യംഗ്യമായിത്തീരുന്നു. ഉദാ—

'പരിമളനളിനീനാം നല്ല പൂന്തേൻകുടിപ്പോ-
രളികുലമതിലോലം പണ്ടെനിക്കാത്മബന്ധുഃ
പ്രിയസഖ പുനരിപ്പോൾ ചൂറ്റമെൻറാകിലും വ-
ന്നുദിത ജലദധാരോൽക്കണ്ഠിനാ ചാതകേന.'

ഇവിടെ ആത്മബന്ധു എന്നുമുതലായ ശബ്ദങ്ങളെക്കൊണ്ട് ഉപമയെ കാണിച്ചിട്ടുണ്ട്. അതിൽ പൂൎവ്വാൎദ്ധത്തിൽ മുമ്പു സകല സ്ത്രീകളിലും സൈ്വരവിനോദത്തിന്നു കഴിവുണ്ടായിരുന്നുവെന്നു തോന്നുന്നു. ഉത്തരാൎദ്ധത്തിൽ ഇപ്പോൾ ഒരുത്തിയിൽ മാത്രം; അതുതന്നെ ദുൎല്ലഭമായി എപ്പോഴെങ്കിലും ചില സമയത്തു മാത്രവുമാണ് എന്നും തോന്നുന്നു. ഇങ്ങനെ മററുള്ള സ്ഥലങ്ങളിലും കണ്ടുകൊൾക. രൂപകം, സംശയം, സ്മരണം മുതലായ അലങ്കാരങ്ങളുള്ളേടത്ത് ഉപമ വ്യംഗ്യമാകും. അതു സ്പഷ്ടമാണല്ലൊ. അതുപോലെ വ്യംഗ്യങ്ങളായ ഉൽപ്രേക്ഷ മുതലായതും അതാതു സ്ഥലങ്ങളിൽ കണ്ടുകൊൾക.

* വിഭാവാനുഭാവവ്യഭിചാരിസാത്വികാഭിവ്യക്തഃ സ്ഥായീരസഃ *

വിഭാവം, അനുഭാവം, വ്യഭിചാരിഭാവം, സാത്വികഭാവം ഇവകൊണ്ടു വ്യഞ്ജിക്കുന്ന സ്ഥായിഭാവമാണു രസം. വിഭാവം കാരണം. അനുഭാവസാത്വികങ്ങൾ കാൎയ്യങ്ങൾ. വ്യഭിചാരിഭാവം ഒരുമിച്ചുണ്ടായിരിക്കുന്ന സഹകാരി കാരണം.

* സ നവധാ—ശൃംഗാരഹാസ്യവീരാദ്ഭുതബീഭത്സഭയാനക-
രൌദ്രകരുണശാന്തഭേദേന *

ആ രസം ഒമ്പതു വിധം—ശൃംഗാരം, ഹാസ്യം, വീരം, അദ്ഭുതം, ബീഭത്സം,ഭയാനകം,രൌദ്രം,കരുണം,ശാന്തം. ഇവയുടെ സ്ഥായികൾ രതി, ഹാസം, ഉത്സാഹം, വിസ്മയം, ജുഗുപ്സ, ഭയം, ക്രോധം, ശോകം, നിർവേദം ഇവയാണ്. എല്ലാററിന്നും വിഭാവം രണ്ടു വിധത്തിലുണ്ട്. ആലംബനം, ഉദ്ദീപനം. ഓരോന്നിൻെറയും ആലംബനോദ്ദീപന വിഭാവങ്ങളും അനുഭാവങ്ങളും ഇന്നിന്നതാണെന്ന് അതാതു പ്രകൃതത്തിൽ കാണിക്കും. സാത്വികങ്ങൾ സ്തംഭം, പ്രളയം, രോമാഞ്ചം, സ്വേദം, കമ്പം, വിവർണ്ണത, അശ്രു, സ്വരഭേദം ഇങ്ങനെ എട്ടാണ്. വ്യഭിചാരികൾ നിർവേദം, ഗ്ലാനി, ശങ്ക, ശ്രമം, ധൃതി, ജഡത, ഹർഷം, ദൈന്യം, ഉഗ്രത, ചിന്ത, ത്രാസം, ഈർഷ്യ, അമർഷം, ഗർവം, സ്മരണം, മരണം, മദം, സ്വപ്നം, നിദ്ര, ബോധം, വ്രീള, അപസ്മാരം, മോഹം, മതി, ആലസ്യം, ആവേഗം, തർക്കം, അവഹിത്ഥ, വ്യാധി, ഉന്മാദം, വിഷാദം, ഔത്സുക്യം, ചാപല്യം ഇങ്ങനെ മുപ്പത്തിമൂന്നുണ്ട്. ഈ വാക്കുകൾ അന്വർത്ഥങ്ങളുമാണ്. ഇതിൽ നിർവേദം ശാന്തത്തിൻെറ സ്ഥായിയും, മററുള്ള രസങ്ങളുടെ വ്യഭിചാരിയും ആകുന്നു. സ്ഥായി, സാത്വികം, വ്യഭിചാരി ഇവയെല്ലാം ഭാവങ്ങളെന്നും പേർ പറയാറുണ്ട്. 'ഭാവയതി പ്രകാശയതി രസം' എന്ന വ്യുൽപത്തിയാൽ രസത്തെ പ്രകാശിപ്പിക്കുന്നതു് എന്നു ഭാവപദത്തിൻെറ അർത്ഥം. 'രസ്യത ഇതി രസഃ' എന്നു രസപദത്തിൻെറ വ്യുൽപത്തി. ആസ്വദിക്കപ്പെടുന്നതു് എന്നർത്ഥം. 'വിഭാവ്യതേ അനേനേതിവിഭാവഃ' എന്നു വിഭാവപദവ്യുൽപത്തി. ഒന്നാമതായി പ്രകാശിപ്പിക്കുന്നതു് എന്നർത്ഥം. പ്രകാശിപ്പിച്ചതിനെ വർദ്ധിപ്പിക്കുന്നതു് എന്നും അർത്ഥമാകാം. അതിനാൽ ഉദ്ദീപനവും വിഭാവമാണ്. 'അനു ഭവതീത്യനുഭാവഃ'. പിന്നീടുണ്ടാകുന്നതു് അനുഭാവം. 'സത്വാൽ ഭവതീതിസാത്വികഃ'. രജസ്സും തമസ്സും ഇല്ലാതായിത്തീൎന്ന മനസ്സിൽ നിന്നുണ്ടാകുന്നതു സാത്വികം. 'വിവിധം ആഭിമുഖ്യേന ചരതീതിവ്യഭിചാരീ'. പ്രത്യക്ഷമാക, മറയുക മുതലായി പല തരത്തിലും അഭിമുഖമായിച്ചരിക്കുന്നതു് എന്നാൽ—വന്നും പോയും ഇരിക്കുന്നതു വ്യഭിചാരി. ഇനി ഓരോ രസങ്ങളുടെ സ്വഭാവം വിവരിക്കാം—

* രതിപ്രകർഷഃ ശൃംഗാരഃ *

രതിയുടെ പ്രകർഷം ശൃംഗാരം. സ്ത്രീവിഷയമായ സുഖാനുഭവമാണു രതി. സ്ത്രീക്കു പുരുഷവിഷയമായിട്ടുള്ളതും. ദേവന്മാർ, ഗുരുക്കന്മാർ, രാജാക്കന്മാർ മുതലായവരിൽ ഉണ്ടാകുന്ന സ്നേഹസ്വരൂപമായ സുഖാനുഭവം രസമല്ല; ഭാവം മാത്രമാണ്. പ്രകർഷം എന്നാൽ വിഭാവാദികൾ കൊണ്ടുള്ള പ്രകാശം. പ്രകൃഷ്ടമായ രതി എന്നു താൽപര്യം. അതിൽ നല്ലമോടി, സൌന്ദര്യം, യൌവനം, ചാതുര്യം, ശീലം മുതലാ

യ ഗുണങ്ങളുള്ള സ്ത്രീയും സ്ത്രീകൾക്ക് അങ്ങനെയുള്ള പുരുഷനും ആലംബനവിഭാവം. ചന്ദ്രൻ,മന്ദാനിലൻ മുതലായത് ഉദ്ദീപനവിഭാവങ്ങൾ. കടാക്ഷാദികൾ അനുഭാവങ്ങൾ. രോമാഞ്ചാദികൾ സാത്വികഭാവങ്ങൾ. ഹർഷാദികൾ വ്യഭിചാരിഭാവങ്ങൾ.

* സദ്വിധാ-സംഭോഗവിപ്രലംഭഭേദേന *

ആ ശൃംഗാരം സംഭോഗം, വിപ്രലംഭം ഇങ്ങനെ രണ്ടുവിധം. സ്ത്രീപുരുഷന്മാർക്ക് അനുകൂലമായ വിധത്തിൽ പരസ്പരദർശനം മുതലായതു ലഭിക്കുമ്പോൾ ഉണ്ടാകുന്നതു സംഭോഗശൃംഗാരം. കാര്യാന്തരഗൌരവംകൊണ്ടോ മററാ വിയോഗം വരുമ്പോൾ വിപ്രലംഭം. തെററു കാട്ടിയ പ്രിയന്റെ നേരെ സ്ത്രീക്കുണ്ടാകുന്ന മാനത്തിൽ സംഭവിക്കുന്നതും വിപ്രലംഭത്തിൽ പെട്ടതാണ്. ക്രമത്തിൽ ഉദാ—

'ഞാനങ്ങുചെന്റളവിലേ പരിമുച്യഗോഷ്ഠീം
നിദ്രാച്ഛലേന നിജവാസഗൃഹം വ്രജന്ത്യാഃ
എന്മേലുമങ്ങറയിലും കുളുർ കൊങ്കമേലും
ഗ്രൂഢസ്മിതാർദ്രമുടനേ പതിതഃ കടാക്ഷഃ'.

ഇവിടെ നായികയ്ക്കു, നായകൻ അടുത്തു വന്നപ്പോൾ പുതുതായുണ്ടായപോലെ വ്യഞ്ജിക്കുന്ന രതി, വാസഗൃഹം മുതലായതുകൊണ്ടു് ഉദ്ദീപിതമായും ഗോഷ്ഠീപരിമോചനം, കടാക്ഷപാതം മുതലായ കർമ്മങ്ങൾ കൊണ്ടു് അനുഭാവിതമായും വ്യംഗ്യങ്ങളായ ഹർഷം, സ്തംഭം തുടങ്ങിയ സാത്വികങ്ങൾകൊണ്ടു പ്രകൃഷ്ടമായും തീൎന്നിട്ടു ശൃംഗാരമായിപ്പരിണമിക്കുന്നു.

'അതിശയരമണീയാ രാമതേവീകണാ നിൻ
വദനശശി കളങ്കം കാന്തിനീരിൽ കലങ്ങി
കുളുർമുലയിണമധ്യേ വീണ്ണുദാരശ്രിയാപോ-
ന്നൊഴുകിന വഴിപോലേ രാജതേ രോമരാജിഃ'.

ഈ മാതിരി നായികാനായകന്മാർ അടുത്തു വസിക്കുമ്പോൾ ഉള്ള മയിററലും ചാടുവാക്യങ്ങളും എല്ലാം സംഭോഗശൃംഗാരത്തിൽ പെട്ടതാണ്. അതുപോലെ തന്നെ ഉത്സവക്രീഡ, ഉദ്യാനക്രീഡ, ചതുരംഗക്കളി മുതലായതും അറിഞ്ഞുകൊൾക.

'പലരോടു പറഞ്ഞിരുന്നുമെല്ലാം
പകലോ പോയ്ക്കഴിയും പ്രിയാവിയോഗേ
പെടുമത്തൽ നിശാസു ചൊല്ലവല്ലേൻ
ചിലവാണാളുളവായ്ക്കഴിക്കയെന്റി.'

ഇവിടെ മൂന്നാംപാദംകൊണ്ടു ചിന്ത, വിഷാദം, ഗ്ലാനി, ദൈന്യം, ജഡത, ഔത്സുക്യം, മോഹം മുതലായ വ്യഭിചാരിഭാവങ്ങൾ വ്യഞ്ജിക്കു

ന്നു. കാമാവസ്ഥകളുടെ സ്ഥിതിഭേദം അതിന്നു കാരണം. വിപ്രലംഭത്തിൽ അഭിലാഷം, ചിന്ത, സ്മൃതി, ഗുണപ്രശംസ, ഉദ്വേഗം, പ്രലാപം, ഉന്മാദം, വ്യാധി, ജഡത, മരണം ഇങ്ങനെ പത്തവസ്ഥകളാണല്ലോ ഉണ്ടാകുന്നതു്. അതിൽ—

'ഉന്മാദംപെരുത്തുണ്ടറക്കമറവേ കസ്സിട്ടിതിന്ദുപ്രഭാ
തീയായ്പോയിതു തീണ്ടിടനേടമലരും മുത്തും മലർത്തെന്നലും
ഇത്ഥം മാരശരാതുരാം വിരയവൻറിന്നന്തിയിന്മുന്നമേ
കാണാഞ്ഞാലുയിരോട്ടകണ്ടുമുടിയാ നീ പിന്നെ നിൻകാന്തയെ.'

ഇത്യാദികളിൽ അഞ്ചാമത്തെ അവസ്ഥ. അതിലാണല്ലോ രമ്യവസ്തുക്കൾ രമ്യങ്ങളല്ലാതെയാകുന്നതും ജീവനിൽ അശ്രദ്ധയും മരണത്തിൽ ആഗ്രഹവും ഉണ്ടാകുന്നതും. നോക്കുക—

'കൊല്ലുക്കൊല്ലാനയന്മാം മധുപഹൃതരസപ്പൂശരംകൊണ്ടനംഗൻ
ചന്ദ്രൻ പോലും ചകോരീഗണമുഷിതരുചിഃ കൊല്ലുവല്ലിൻവൃതില്ല
മാലക്കാലത്തു മല്ലീദള ചലനപടോ മൽപ്രിയാവിപ്രയോഗേ
നീതാനുന്നിൻറ ശോകപ്രശമനവിധയേ തന്നെലേ കൊൻറിടെന്നെ.'

ചന്ദ്രിക, മലയമാരുതൻ, മുത്ത് ഇവ അഗ്നിയാകുന്നതെങ്ങനെ? അവയ്ക്കു മാരണശക്തിയും എങ്ങനെ? എന്നെല്ലാം സംശയിക്കുന്നുവെങ്കിൽ പറയാം—അവ ഉദ്ദീപനവിഭാവങ്ങളാകനിമിത്തം ഉൽകണ്ഠയ്ക്കു കാരണമായിത്തീരും. അതിന്നു—

'തളിരിൻപുടം വിടർത്തിക്കുളിരാൻം കുവലയപ്പൊടി കലൻം
വരുമൊരുമലയസമീരൻ കരളിന്നനിമിത്തമായുഴലേകും.'

'കാർകാണുമ്പോൾ സുഖിതമതിയും മട്ടമാറീടുമല്ലാ.'

എന്നിങ്ങനെ പല പ്രമാണങ്ങളുമുണ്ടു്. ആ ഉൽകണ്ഠ പ്രിയജനം സമീപത്തുള്ളപ്പോൾ ദുഃഖമുണ്ടാക്കില്ല. വിയോഗത്തിലാകട്ടെ പ്രതിക്രിയയൊന്നും ഉണ്ടാകാതെ വർദ്ധിച്ചു സന്താപമുണ്ടാക്കിത്തീർക്കുന്നു. ഇങ്ങനെയാണു് അവ സന്താപകാരണമായി അഗ്നിതുല്യമായിത്തീരുന്നതു്. എന്നുതന്നെയുമല്ല ഒരുവസ്തു രമ്യമോ അല്ലാതെയോ ആകുന്നതു് ഇഷ്ടജനത്തിൻെറസന്നിധാനവുംവിയോഗവും അനുസരിച്ചാണു്. നോക്കുക—

'എണാക്ഷിമാക്കു ഹൃദയപ്രിയനൊത്തിരിക്കിൽ
ചേണുററസൌധവുമരണ്യവുമൊന്നുപോലെ.'

'നന്ദിക്കും മൃദുമെത്തയാകിലുമഹോ ദർഭാങ്കുരാസ്തീർണ്ണഭൂ-
വെന്നാലും പതിയിഷ്ടനെങ്കിൽ വനിതയ്ക്കുണ്ടാംസുഖം തുല്യമാം.'

'എങ്ങും പ്രിയാധീനമോത്താൽ നന്മയെന്നതു നിശ്ചയം
പ്രിയാപായേ ദൂഷിച്ചല്ലോ പികഹംസനിനാദവും.'

എന്നെല്ലാം ആപ്തവാക്യങ്ങളുമുണ്ടു്. മനസ്സിന്നു സന്തോഷമില്ലാത്തപ്പോൾ നല്ലവസ്തുക്കളും ഉപദ്രവമുണ്ടാക്കുന്നതായിരിക്കും. അതാണു് 'ദുഃഖിതേ മനസി സർവമസഹ്യം' എന്നു പറവാൻ കാരണം. ഇഷ്ടവിയോ

ഗത്തിൽ ജീവനും കൂടി അനിഷ്ടമായിത്തോന്നും. അതുകൊണ്ടാണ് —

'തദാരമ്യാണ്യരമ്യാണി പ്രിയാശ്ശല്യം തദാസവഃ
തദൈകാകീ സബന്ധുഃ സ്യാദിഷ്ടേന രഹിതോ യദാ'

എന്നുപറഞ്ഞിട്ടുള്ളതു്. ഇങ്ങനെ പ്രിയജനവിരഹംനിമിത്തം ഇണക്കമില്ലാത്തതായ ചന്ദ്രൻ, മന്ദമാരുതൻ മുതലായതു രമ്യമല്ലാതെ ദുസ്സഹമായിത്തീരുമ്പോൾ അഗ്നിത്വം, വിഷത്വം തുടങ്ങിയ ധർമ്മങ്ങളെ ആരോപിച്ചു വ്യവഹരിക്കുന്നു.

'വീയാതോപോന്നു മാലെപ്പൊഴുതമനസിജോന്മാദമൂടേ ശമിപ്പി-
ച്ചസ്സൽ ഗാത്രംകളപ്പിച്ചഫലതരമൊഴിച്ചന്യശീതോപചാരം
കോടീചൂടിൻറമുല്ലപ്പൂതുമലരിതളിൽപ്പൂക്ക തേനുണ്ടുറങ്ങും
ഭൃംഗാളീപക്ഷപാളീപരിചലനപടുമ്മാലയോ ഗന്ധവാഹഃ.'

എന്നും മററും ഇഷ്ടജനത്തെ സ്പർശിച്ചുവരുന്ന കാററിന്നു സുഖകരത്വം പറഞ്ഞിട്ടുണ്ടു്.

'പത്മാതോറും പകലഭിനവേ പാവ്ണേന്ദൌ നിശായാം
കാന്തേ കാന്തം തവ കളുർമുഖം കണ്ടു ജീവാമി കിഞ്ചിൽ
കുൻേറാടൊക്കും കുചസരസിജദ്വന്ദ്വവിശ്ലേഷഭാജാ-
മൻറൻേറടം കഴിവതുമതിശ്ലാഘ്യമസ്മാദൃശാനാം'

എന്നതിലും മററും ഇഷ്ടജനത്തിൻെറ മുഖസാദൃശ്യം കാണുന്നതു നിമിത്തം താമരയും ചന്ദ്രനും ജീവനകാരണമാണെന്നു പറഞ്ഞിരിക്കുന്നു. അതു കൊണ്ടു വിരഹത്തെ ഭാവനചെയ്യാതെകണ്ടുള്ള വിചാരങ്ങളിൽ മന്ദമാരുതനും മററും സുഖകരമാണെന്നു തന്നെയാണു വർണ്ണിക്കാറുള്ളതു്. ഇതും നോക്കുക—

'കണ്ണാനന്ദം പുലത്തും മദകളപികനാദത്തിനാൽമാരമാലി-
ന്നിന്നുണ്ടാ തെല്ലൊരായം തവ പുനരിതിചോദിച്ചുടൻ സാനുകമ്പം
എന്മെയ്യിൽചേത്തു് ചൂതപ്രസവമണമെഴും മാലയത്തെന്നാൽ മന്ദം
മന്ദാ തൻകയ്യുന്നക്കേ കളുർമയൊട്ടു തഴച്ചാട്ടനി താരാൽ വസന്തം.'

'അത്യന്തനിമ്മലതരേ മമ പൂർണ്ണതുന്മ-
ലന്യാംഗസംഗപിശുനം പടുമഞ്ഞൾ കണ്ടു്
കാന്തക്കു തന്മനസി വന്നു നിറഞ്ഞ കോപം
ഭ്രൂമണ്ഡലം ദഹതി കിം പുനരെങ്ങൾചേതഃ'

ഇവിടെ നായിക പ്രണയകലഹംവഴിക്കു വിപരീതമായിരിക്കുന്നതുകൊണ്ടു സമീപസ്ഥിതിയിലും വിപ്രലംഭംതന്നെയാണു്.

* ഹാസസ്യ ഹാസ്യം *

സമാസത്തിൽപെട്ടതായാലും പ്രകഷപദത്തെ പൂവ്സൂത്രത്തിൽ നിന്നനുവത്തിക്കണം. ഹാസത്തിൻെറ പ്രകഷം ഹാസ്യം. പ്രകഷം വിഭാവാദികൾകൊണ്ടുണ്ടാകുന്നു. വികൃതവേഷം, വികൃതചേഷ്ട, വികൃതകൃത്യം, വികൃതപ്രലാപം മുതലായതാണു ഹാസ്യത്തിൻെറ കാരണം. അ

തുകൾ വിഭാവങ്ങൾ. ചുണ്ട്, മൂക്ക്, കവിൾ ഇവയുടെ ഇളക്കം, കണ്ണീർ, വിയപ്പ്, വാരിയിൽ പിടുത്തം, കണ്ണുവിടൎന്നും ചുരുങ്ങിയും ഇരിക്കൽ ഇവ അനുഭാവങ്ങൾ. ഗ്ലാനി, ശ്രമം, ചാപല്യം മുതലായതു വ്യഭിചാരികൾ. ഉദാ—

'കുലധനമിഹ ശാന്തിവിട്ടജസ്രം മിളിയുഴതീട്ടു പൊറുക്കയും മറന്ന്
നടികുലമുടി നങ്ങയെൻറഴയ്ക്കും തുള്ളവനൊളം ജലരിങ്ങുമങ്ങുമില്ല.'

* ഉത്സാഹസ്യ വീരഃ *

'പ്രകൎഷഃ' എന്നനുവൎത്തനം. ഉത്സാഹത്തിൻെറ പ്രകൎഷം വീരരസം. പരിഭ്രമമില്ലായ്ക, വിഷാദമില്ലായ്ക, ത്യാഗം, നയം, പരാക്രമം, ശക്തി, ശൌൎയ്യം മുതലായതാണ് ഉത്സാഹത്തിന്നുകാരണം. അവ വിഭാവങ്ങൾ. സ്ഥൈൎയ്യത്തോടും ധൈൎയ്യത്തോടുംകൂടി ഉൽകൃഷ്ടമായിപ്പറയുന്ന വാക്കുകളും മററും അനുഭാവങ്ങൾ. ഹൎഷം, ആവേഗം, ഗൎവ്വം, അമൎഷം മുതലായതു വ്യഭിചാരികൾ. ഉദാ—

'ദ്രോണായ ദ്രപദം ധനഞ്ജയ ഇവ ക്ഷ്മാപാലബാലാം ബലീ
വേണാട്ടിന്നുടയോരു വീരരവിവൎമ്മാഖ്യോ യദൂനാം പതിഃ
പാണ്ഡ്യം വിക്രമപൂൎവ്വകം പടയിൽവെച്ചാട്ടിപ്പിടിച്ചങ്ങനേ
പാണ്ഡ്യേശായകൊടുത്തു തന്ത്യ തനയാംപത്മാനനാമഗ്രഹീൽ'

* വിസ്മയസ്യാൽഭുതഃ *

പ്രകൎഷപദത്തിൻെറ അനുവൃത്തി മുമ്പിലത്തെപ്പോലെ. വിസ്മയത്തിൻെറ പ്രകൎഷം അത്ഭുതരസം. അതിൻെറ കാരണം ലോകോത്തരവസ്തുവാകയാൽ അതു വിഭാവം. കണ്ണിമയ്ക്കാതെനോക്കൽ, രോമാഞ്ചം, സ്വേദം, സാധുവാദം, വിരൽ ഇളക്ക മുതലായത് അനുഭാവങ്ങൾ. ഗ്ലാനി, ഹൎഷം, ആവേഗം, ജഡത മുതലായതു വ്യഭിചാരികൾ. ഉദാ—

'പൊൻെറനങ്ങൊരിടത്തു പണ്ടു ചിലനാൾ ചെയ്തോരു പുണ്യാശ്രയാൽ
കണ്ടേനങ്ങൊരു പങ്കജം പുനരതിൽ കണ്ടേനപൂൎവ്വം തുലോം
കാരും വൎണ്ണിനൊഴുക്ക മിറുകലയും കണ്ണാടിയും വീണയും
വില്ലും മുല്ലയുമുല്ലസൽകുവളവും മത്തും കിളിപ്പൈതലും.'

* ജുഗുപ്സായാ ബീഭത്സഃ *

ജുഗുപ്സയുടെ പ്രകൎഷം ബീഭത്സരസം. അഹൃദ്യവും അശുദ്ധവുമായ വസ്തുക്കൾ കേൾക്ക, കാണുക, തൊടുക മുതലായതു ജുഗുപ്സയുടെ വിഭാവം. അംഗങ്ങൾക്കെല്ലാം ഒരു കോച്ചൽ, തുപ്പുക, വായ്കോട്ടുക, മനംമറിയുക, പെറുക്കുക മുതലായത് അനുഭാവങ്ങൾ. നിവേദം, ജഡത, വ്യാധി, മോഹം, മരണം മുതലായതു വ്യഭിചാരികൾ. ഉദാ—

'നെൽകുത്തുമാറുമരിക്കയൊരു കോലൊടിച്ചു
പൽകുത്തുമാറുമതുകൊണ്ടിട്ടുമാറുമെന്മേൽ
നന്ദവും നമുക്കു മനമേ ചരതം നിനച്ചാ-
ലെൻറും മറക്കരുതുരൽപ്പിരനാരിമാരെ.'

ഈ രസം നീചപ്രകൃതികളിൽ, അതിൽതന്നെ അധികം സ്ത്രീകളിൽ ആണ് ഉണ്ടാകുന്നതു്. വരട്ടേ! ബീഭത്സം രസമാകുന്നതെങ്ങനെ? രസമെന്നാൽ ലോകോത്തരവും നിരതിശയവുമായ ആനന്ദത്തിൻെറ ആസ്വാദമാണല്ലോ. ബീഭത്സമാകട്ടെ മനസ്സിന്നു വെറുപ്പാണുണ്ടാക്കുന്നതു്. ശരിതന്നെ. പറയാം—ലൌകികബീഭത്സം അങ്ങനെതന്നെയാണ്. കവിതാദർപ്പണത്തിൽ കൂടി പ്രതിഫലിച്ചുകാണുന്ന കാവ്യബീഭത്സം ആനന്ദസ്വരൂപമാണ്. അതിന്നു പ്രമാണം സഹൃദയന്മാർതന്നെ. ഭയാനകം മുതലായതിലും ഇപ്രകാരം അറിഞ്ഞുകൊൾക.

* ഭയസ്യ ഭയാനകഃ *

ഭയത്തിൻെറ പ്രകർഷം ഭയാനകം. പ്രബലശത്രുവിനെയൊ വികൃതസത്വങ്ങളെയൊ കാണുക, ഒഴിഞ്ഞഗൃഹം, കാട്, മല, കൂരിരുട്ട്, മരണദർശനം, വധദർശനം മുതലായതു വിഭാവം. കയ്യും കാലും വിറയ്ക്കു, ശരീരം സ്തംഭിയ്ക്കു, മുഖം നിറംമാറുക, കണ്ണീർ, വിയർപ്പ്, ഒച്ചമാററം, രക്ഷതേടുക മുതലായതു് അനുഭാവങ്ങൾ. ഗ്ലാനിദൈന്യാദികൾ വ്യഭിചാരികൾ. ഉദാ—

'പരമുടനേ പരപ്പിതനാം പാണ്ഡ്യനൃപഃ ഖണ്ഡയാം ചകാര ഗളേ
തുരഗാരൂഢാസ്ത്വരയാ തുരുതുരമണ്ടീ തുരുക്കരെല്ലാരും'

ഇവിടെ തുരുക്കൾക്കു വിക്രമപാണ്ഡ്യനിൽ നിന്നുണ്ടായ ഭയം മണ്ടുക എന്ന അനുഭാവംകൊണ്ടും വ്യംഗ്യങ്ങളായ ഗ്ലാനിദൈന്യാദികൾ കൊണ്ടും പ്രകൃഷ്ടമായിട്ടു ഭയാനകമായിത്തീരുന്നു. പ്രായേണ സ്ത്രീനീചപ്രകൃതികളിലാണ് ഇതു് ഉണ്ടാകുന്നതു്.

* ക്രോധസ്യ രൌദ്രഃ *

ക്രോധത്തിൻെറ പ്രകർഷം രൌദ്രം. ക്രോധത്തിന്നു കാരണം കലഹം, അസത്യവചനം, മത്സരം, അവമാനം, അധിക്ഷേപം മുതലായതാണ്. കണ്ണുരുട്ടുക, മുഖം ചൊവക്കുക, പുരികം ചുളിക്കുക, ചുണ്ടുകടിക്കുക, കയ്യുതിരുമ്മുക, അടിക്കുക, മട്ടിക്കുക, വെട്ടുക, കുത്തുക മുതലായതനുഭാവങ്ങൾ. സ്വേദം, രോമാഞ്ചം, സ്വരഭേദം, അശ്രു, വേപഥു, വിവർണ്ണത ഇവ സാത്വികഭാവങ്ങൾ. അസൂയ, ആവേഗം, ചാപല്യം, ഗർവം, മോഹം, അമർഷം മുതലായതു വ്യഭിചാരികൾ. ഉദാ—

'ഏററം തിമത്തു് തിറമുററണയും നൃപാൻ താൻ
കാററത്തു സംവലിതതൂലസമാൻ വിതേനേ
ചീററത്തിനാൽ മതിമറന്ന മഹാനുഭാവാൻ
ക്രൂററത്തിലും കൊടിയ വിക്രമപാണ്ഡ്യസിംഹഃ'

ഇവിടെ വിക്രമപാണ്ഡ്യന്നു കലഹംനിമിത്തമുണ്ടായ ക്രോധം, ശത്രുരാജാക്കന്മാരെ ഓടിക്കുന്ന ആയുധപ്രയോഗം മുതലായ അനുഭാവങ്ങൾ

കൊണ്ടും വ്യംഗ്യങ്ങളായ അമർഷം, ആവേഗം, ഗർവം തുടങ്ങിയ വ്യഭിചാരികൾകൊണ്ടും പ്രകൃഷ്ടമായിത്തീരുന്നു.

* ശോകസ്യ കരുണഃ *

ശോകത്തിൻെറ പ്രകർഷം കരുണം. വൈവർണ്ണ്യം, മുഖശോഷണം, അംഗസ്രംസനം, അശ്രുപതനം, വിലപനം മുതലായതു് അനുഭാവങ്ങൾ. ഗ്ലാനി, ദൈന്യം, ചിന്ത, വിഷാദം, നിർവേദം, വ്യാധി, ഉന്മാദം, മരണം മുതലായതു വ്യഭിചാരികൾ. ഉദാ—

'കാന്താം ചന്ദ്രകലാം പിരിഞ്ഞഗഗനംപോലേ മഹീമണ്ഡലം
കല്പിച്ചാ ചില കാമികൾക്കഭിമതം കഷ്ടം കനാവാക്കിനാ
നങ്ങേ ഹാ നരലോക കല്പലതികേ നാനാഗുണാലംക്രിയേ
നീ കേട്ടാലമവൊൻറു നീലനയനേ ഞാനിൻറു കേഴിൻറിതു്.'

ഉദാഹരണാന്തരം—

'മരുണ്ടകണ്ണാളെഴനെള്ളിനാൾ പോൽമറിഞ്ഞുവാരാതമഹാപഥേന
എനിക്കുമങ്ങയ്ക്കുയി കററമേകാൻ വിരഞ്ഞു നീയേ വഴികാട്ടവേണ്ടും.'

* നിർവേദസ്യ ശാന്തഃ *

നിർവേദത്തിൻെറ പ്രകർഷം ശാന്തം. ശമത്തിൻെറ പ്രകർഷമാണല്ലോ ശാന്തം. നിർവേദത്തിൻെറയല്ലല്ലോ എന്നു സംശയിക്കുന്നുവെങ്കിൽ ശരിതന്നെ. ശമത്തിനുകാരണം നിർവേദമാകകൊണ്ടാണു് അങ്ങനെ പറഞ്ഞതു്. തത്വജ്ഞാനം, ആപത്തു മുതലായതുകൊണ്ടു തന്നിലും തൻേറതായ സർവത്തിലും വെറുപ്പു് എന്ന നിർവേദം ഉണ്ടാകുന്നു. അതു കൊണ്ടു ശമം ഉണ്ടാകുന്നു. ഈശ്വരധ്യാനം മുതലായതാണു് അതിൻെറ അനുഭാവങ്ങൾ. ഹർഷപ്രബോധാദികൾ വ്യഭിചാരികൾ. ഉദാ—

'കാണക്കാണ മറഞ്ഞുപോയിതു തുലോം ബന്ധുക്കളോരോവശേ
കായസ്യാപി ദശാ ബതാസ്യ ചരമാ ചെമ്മേ ചമഞ്ഞാഗതാ
കാണാവോരു പുമർത്ഥമേതുമതിനും വല്ലീലയെൻറാലിനി-
ക്കാലം കാണയി ചിത്തമേ കലയിതും കാലാരി പാദാംബുജം.'

ഇവിടെ കാണിച്ച ഒമ്പതുരസങ്ങളിൽ ക്രമത്തിൽ ഈരണ്ടു രസങ്ങൾ ജനകജന്യങ്ങളാണു്. ശാന്തത്തിൽനിന്നു ജന്യമായി ഒന്നും ഇല്ല. ദേവന്മാരിൽ മഹേന്ദ്രനെന്നപോലെ ഇവയിൽ വീരമാണു പ്രധാനം. ഭഗവാൻ വിഷ്ണുവെന്നപോലെ ശൃംഗാരം അതിനേക്കാളും പ്രധാനമാകുന്നു.

ലീലാതിലകം രസപ്രകരണമെന്ന എട്ടാംശില്പം കഴിഞ്ഞു.

---

അനാദിനവവര്‍ണ്ണാഢ്യം ചാരുശില്പസമുജ്ജ്വലം
ലീലാതിലകമാഭാതി ഭാരത്യാഃ ഫാലഭൂഷണം.

സമാപ്തം

(A)

# പരസ്യം

**കോപ്പിപ്ലാക്കളരി.** വളരെക്കുറച്ചുപുസ്തകങ്ങളേ ബാക്കിയുള്ളൂ. വില ചക്രം ൧ മാത്രം.

വിദ്യാർത്ഥികൾക്കുള്ള എല്ലാ പാഠപുസ്തകങ്ങളും കോപ്പിപുസ്തകങ്ങളും. നോട്ടുബുക്കുകൾ ഇവയും ഇവിടെ വിൽപ്പാൻ തയ്യാറുണ്ട്.

**സാമ്രാജ്യപാഠാവലി.** മുഖ്യപരീക്ഷക്കു ടെക്സ്റ്റ് വില ക. 2
കണക്കുപുസ്തകം. ടി ടി വില ക. 1
പുരാണപുരുഷന്മാർ. ൨-ാം പാഠത്തിലേക്ക് ടി ച. 6

വില്പനക്കുള്ള മററു ചില പുസ്തകങ്ങൾ.

| | ബ്രി. രൂ. | ച. | കാ. | | ബ്രി. രൂ. | ച. | കാ. |
|---|---|---|---|---|---|---|---|
| വിഷവൃക്ഷം | 1 | ,, | ,, | ശാങ്കരസ്മൃതി | 1 | 14 | 4 |
| വിജയൻശങ്ക | 1 | ,, | ,, | ബാലകൌമുദി | ,, | 9 | ,, |
| കേസരി | 1 | ,, | ,, | കാമസൂത്രം | ,, | 14 | 4 |
| വാല്മീകിരാമായണം (മുഴുവൻ) | 3 | 21 | 8 | ഭഗവൽഗീത (ഭാഗ്യോദയം) | 1 | ,, | ,, |
| ടി പൂർവാർദ്ധം | 2 | 14 | 4 | സുഖസാധകം | 2 | ,, | ,, |
| ടി ഉത്തരാർദ്ധം | 1 | 14 | 4 | പ്രയോഗസമുച്ചയം | 1 | ,, | ,, |
| ഭാഗവതം | 1 | 7 | 2 | സഹസ്രയോഗം ധാരാകല്പം | ,, | 14 | 4 |
| ഭാരതം | ,, | 14 | 4 | വിഷവൈദ്യസാരസംഗ്രഹം | ,, | 14 | 4 |
| രാമായണം | ,, | 9 | ,, | വൈദ്യമാലിക | ,, | 9 | ,, |
| കൃഷ്ണപ്പാട്ട് | ,, | 9 | ,, | ശിവോള്ളികൃതികൾ | 1 | ,, | ,, |
| ദേവീഭാഗവതം (൯ സ്കന്ധം) | 2 | ,, | ,, | വടക്കൻ പാട്ടുകൾ | ,, | 14 | 4 |
| ദശമം കിളിപ്പാട്ട് | 1 | ,, | ,, | പ്രശ്നമാർഗ്ഗം | 3 | ,, | ,, |
| ജ്ഞാനവാസിഷ്ഠം | 1 | 14 | 4 | | | | |
| അമരംപാരമേശ്വരി | | ,, | ,, | | | | |

ചില പുതിയ പുസ്തകങ്ങൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| ഉത്തരരാമചരിതം കാവ്യം | ,, | 10 | 8 | ദയാനന്ദസരസ്വതി | ,, | 7 | 4 |
| അംബരീഷചരിതം ആട്ടക്കഥ (സുദർശനം) | ,, | 10 | 8 | വിവേകാനന്ദസ്വാമികൾ | | 7 | 4 |
| നീതികഥാമാല | ,, | 5 | 8 | അനന്തശയനക്ഷേത്രമാഹാത്മ്യം (സംസ്കൃതം) | ,, | 14 | 4 |
| സുലോചന | ,, | 7 | 4 | പ്രേമാമൃതം | 1 | 10 | 12 |

ഇവ കൂടാതെ അനേകതരം നോവലുകൾ, കഥാപുസ്തകങ്ങൾ, പലവക പാട്ടുകൾ, വൈദ്യം ജ്യോതിഷം, [illegible]തം മുതലായി എല്ലാത്തരം പുസ്തകങ്ങളും വില്പാൻ തയ്യാർ.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മാനേജർ. 'ഭാഷാതിലകം' പുസ്തകശാല
പഴവങ്ങാടി. തിരുവനന്തപുരം.